# പ്രകാശം പരത്തുന്ന പുസ്തകം

# പ്രകാശം പരത്തുന്ന പുസ്തകം

രാധാകൃഷ്ണൻ കെ.എസ്

മാവ്റിക് പബ്ലിഷിങ് ഹൗസ്
തൃശ്ശൂർ



കെ.എസ്. രാധാകൃഷ്ണൻ

മുസിരിസ് തലസ്ഥാനവും വിവിധ മതങ്ങളുടേയും സംസ്കാരത്തിന്റേയും കവാടവുമായ കൊടുങ്ങല്ലൂരിൽ മേത്തലയിൽ ജനനം. കൊടുങ്ങല്ലൂർ ടൗൺ സഹകരണബാങ്കിൽനിന്ന് മാനേജരായി 2011-ൽ റിട്ടയർ ചെയ്തു. ഭാര്യ റിട്ടയർ ചെയ്ത സർക്കാർ ഉദ്യോഗസ്ഥ. രണ്ടു മക്കളും മരുമക്കളും ഐ.ടി. മേഖലയിൽ ജോലിചെയ്യുന്നു.

ഒരു 'മാവ്റിക്' ആയി കഴിഞ്ഞുകൂടുന്നതിനിടെ ഈ പുസ്തകത്തിന്റെ അനിവാര്യത, ഇത്തരം ഒരു സൃഷ്ടിക്ക് വഴി തുറന്നു എന്നുമാത്രം!

# വിശകലനക്കുറിപ്പ്

ഇനിയുള്ള വായനകൾ 'ഇ'വായനയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വായനയുടെ ധൈഷണികമായ നൂതന വഴിത്താരയിലൂടെ നമ്മെ ബഹുദൂരം നടത്തുന്ന ഒരു പഠനഗ്രന്ഥമാണ് ശ്രീ. കെ.എസ്. രാധാകൃഷ്ണന്റെ 'പ്രകാശം പരത്തുന്ന പുസ്തകം.' നിർവ്വചനങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ, പൂർണ്ണമായി വഴങ്ങിക്കൊടുക്കാത്ത ചില അദ്ധ്യാത്മിക സാമൂഹ്യസമസ്യകളെ, ദാർശനികമായും വൈജ്ഞാനികമായും വ്യാഖ്യാനിക്കുകയാണ് ഗ്രന്ഥകർത്താവ്. ഈ ഗ്രന്ഥം യഥാർത്ഥത്തിൽ 'പ്രകാശം പരത്തുന്നത്' നമ്മുടെ ബോധമണ്ഡലത്തിലാണ്. മതം സമുദായം, ആത്മീയത, മൂല്യങ്ങൾ, (values) തുടങ്ങിയ ജടിലസമസ്യകളെ, സമകാലീന രാഷ്ട്രീയ സാമൂഹ്യ സംഭവവികാസങ്ങളുമായി താരതമ്യംചെയ്ത്, പ്രസ്തുത കാലഘട്ടത്തിലെ ഇത്തരം ദർശനങ്ങളുടെ കാലികപ്രസക്തിയാണ് ശ്രീ. കെ.എസ്. രാധാകൃഷ്ണൻ തന്റെ രചനയിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്. തത്ത്വശാസ്ത്രങ്ങളുടെ തികച്ചും സംക്ഷിപ്തവും ലളിതവുമായ വിലയിരുത്തലുകളും ഈ കൃതിയിൽ ദർശിക്കുവാൻ കഴിയുന്നു. ആഗോളദർശനങ്ങളെ ഹൈന്ദവദർശനങ്ങളുമായും ഭാരതത്തിന്റെ ആത്മീയമൂല്യങ്ങളുമായും കൂട്ടിയിണക്കുവാനുള്ള രാധാകൃഷ്ണന്റെ ശ്രമം ഈ രചനയെ കൂടുതൽ മൗലികമാക്കുന്നു. ഈ പുസ്തകത്തിലെ ഓരോവാചകവും ചവച്ചരച്ച് ചർവ്വിതചർവ്വണം ചെയ്ത് പിഷ്ടപേഷണം നടത്തി വായിക്കുമ്പോൾ മാത്രമേ വായനക്കാരന് ശരിയായ അർത്ഥതലത്തിലേയ്ക്ക് പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. തികച്ചും നവ്യമായ ഒരു വായനാനുഭവമാണ് 'പ്രകാശംപരത്തുന്ന പുസ്തകം'. അറിവിന്റെ അക്ഷരമുറ്റത്തേയ്ക്ക് അനേകായിരങ്ങളെ കൈ പിടിച്ചുയർത്തുവാൻ പര്യാപ്തമായ ഈ പുസ്തകം ഓരോ വായനക്കാരന്റെയും മനസ്സിൽ പ്രകാശം പരത്തട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ ജി. ഉദയൻ മാസ്റ്റർ
*എച്ച്. എസ്. എ. മലയാളം*
ഗവ: ഗേൾസ് ഹൈസ്കൂൾ, ചാലക്കുടി.

# ഉള്ളടക്കം


ആമുഖം 11

1. മാർക്സിസവും ദേശരാഷ്ട്രങ്ങൾ നേരിടുന്ന സാമ്പത്തികപ്രതിസന്ധിയും 15

ബോംബേ പ്ലാൻ 29

തൊഴിലാളിവർഗ്ഗത്തിന്റെ ബദൽ 29

2. ഗാന്ധി /ബ്രിട്ടീഷ് ഇന്ത്യ ചരിത്രം/കമ്മ്യൂണൽ അവാർഡ് /പൂനാക്കരാർ/കസ്തൂർബാ 31

ബ്രിട്ടീഷ് ഇന്ത്യ ചരിത്രം 32

കമ്മ്യൂണൽ അവാർഡ് 33

കസ്തൂർബാ 36

പൂനാക്കരാർ 39

3. അംബേദ്കറും അദ്ദേഹത്തിന്റെ രാഷ്ട്രീയവും 41

അംബേദ്കറിന്റെ രാഷ്ട്രീയം 46

4. Meta Physics മെറ്റാഫിസിക്സ് 50

'ബോധം' എന്നാൽ എന്ത്? 56

അത്മാംശംചേർന്ന ആശയവാദം 60

നിങ്ങളുടെ മെറ്റാചിന്തകളാണ് നിങ്ങളുടെ ലോകം 61

മനുഷ്യമൂല്യങ്ങൾ 62

എന്താണ് സ്വാതന്ത്ര്യം? 64

ബോധം, മനസ്സ് 65

Innate Hypothesis 66

Nature & Nurture 69

മരണം—ആത്മാവും, ജീവനും! 70

Energy Mass Equivalence ($E=MC^2$) 71

Tell Tale Brain 73

Eliminative Materialism 76

5. ഇന്ത്യൻ നാഗരികത 77
മതേതരത്വം 82
എന്തുകൊണ്ട് ജാതികൾ ? 87
ഭൂരിപക്ഷ വർഗ്ഗീയത (Majority Communalism) 88
മതമൈത്രി 89
മതവിശ്വാസം വ്യക്തിപരമാണോ? 92
മതങ്ങൾ (Religion) 93
ഇസ്ലാമിൽ സംഭവിക്കുന്നത് എന്താണ്? 95
ഹിന്ദു മതം (Hinduism) 96
മനുസ്മൃതി (Manusmrithi) 97
വൈകാരികതയുടെ സാമൂഹ്യ ഉള്ളടക്കം 97
അധികാരകൈമാറ്റം 98
ക്രിസ്തു മതം (Christianity) 98
ക്രിസ്തുമസ്, ഈസ്റ്റർ, വിഷു (Christmas, Easter, Vishu) 99
ഭഗവത്ഗീതയെക്കുറിച്ച് വീണ്ടും 99
ഭഗവത്ഗീതയും മാർക്സിസവും 100
ഏകദൈവം (Monotheism) 101
ഹിന്ദു എന്ന നാമപദം എങ്ങനെയുണ്ടായി? 101
സെമറ്റിക് ആത്മീയത (Semitic Spirituality) 102
വായനയുടെ മനോഭാവം 102
'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' 103
വ്യക്തിവത്കൃത ബോധം 104
മതനിരപേക്ഷതയെക്കുറിച്ച് ഒന്നുപറഞ്ഞോട്ടെ 104

6. Evolution, Meme, Hereditary, and Speech 105
മീം (Meme) 106
എന്താണ് പാരമ്പര്യം 109
മനുഷ്യബോധം 110
Inner speech- External speech 110
മാറുമറയ്ക്കൽ 111

7. യുക്തിവാദം, ലെനിൻ, സ്റ്റാലിൻ, മനുഷ്യബോധം, പാരമ്പര്യം 112
ദൈവത്തെക്കുറിച്ച് 115
'straw man argument' 117
സമത്വം സാഹോദര്യം 118
ലെനിൻ/സ്റ്റാലിൻ 119
ജനാധിപത്യവും'/ 'കമ്മ്യൂണിസവും' 119
സംസ്കാരം /എത്നിക് രാഷ്ട്രം/ സിവിക്‌രാഷ്ട്രം 120
മാർക്സിസം/മതം 121
ധർമവ്യവസ്ഥ 122
വിദ്യ/അവിദ്യ 122
Where the fault lies? 123

8. തത്ത്വചിന്ത 124
മാർക്സിസം—അതിന്റെ മൂന്ന ചില്ലകൾ 131

9. മാർക്സിസ്റ്റ് വിമർശം 134
എന്താണ് നാം മനസ്സിലാക്കേണ്ടത്? 135
വസ്തുതകളും സത്യവും 139
മാർക്സിസ്റ്റ്ദർശനം എന്നത് കേവലഭൗതികത്തിൽപ്പെടുന്നവോ? 140
എമ്പിരിസിസ്റ്റ് മാർക്സിസം 141
'വൈരുദ്ധ്യാത്മക ഭൗതികവാദം' 141
വിപുലമായ ജനാധിപത്യ സംവിധാനം 142
സാമൂഹ്യ സ്വത്ത് 143
ജിൻഗോയിസം 144
ആത്മബോധം 145
സോഷ്യലിസ്റ്റ് ജനാധിപത്യം 145
'ജനാധിപത്യവും' 'കമ്മ്യൂണിസവും'രണ്ട് പ്രക്രിയകളാണോ? 146
ബോൾഷെവിക് പാർട്ടി/അച്ചടക്കം 146
ഭരണകൂടവും-സമൂഹവും 147
ജനങ്ങൾക്കാണ് പരമാധികാരം വേണ്ടത് 148
മരണമില്ലാത്ത സിദ്ധാന്തം 148

ചരിത്രത്തിന്റെ പൂർവപക്ഷം 148
പ്രകൃതിയും മനുഷ്യനും 149
സോഷ്യൽ ഫാഷിസം 150
പാർട്ടി ഖിലാഫത്ത് 151
ഫാഷിസം 152
പ്രജ, ജനം 153
പ്രത്യയ ശാസ്ത്രപരമായ സമഗ്രത ഇല്ലായ്ക 153
കമ്മ്യൂണിസ്റ്റ്പൗരോഹിത്യം എങ്ങനെ ഇല്ലാതാകും ? 154
മാർക്കറ്റ് 154
സാമൂഹിക രൂപീകരണങ്ങൾ 155
വൈരുദ്ധ്യാത്മക തത്ത്വം 156
ബ്ലാന്ക്കിസം 157
അപമാനവീകരണം 158
മനുഷ്യൻ 159
റാഷനലിസം—അനുഭവികത 161
വിശ്വാസം 162
'മൗലിക വാദം' 162
ആശയവാദം 163
ഭൗതികവാദം 163
ജനാധിപത്യം മാർക്സിസത്തിൽ 164
ചരിത്രപരമായ ഭൗതിക വാദം 164
എന്ത് വേണം ? 165
ബോധം വികസിക്കുന്നത് 166
വിവിധ മനുഷ്യ അറിവുകൾ 167
സാമാന്യവല്ക്കരണത്തിന്റെ ന്യൂനത 168
മനുഷ്യൻ ഒരിസത്തേയും വേൾക്കുന്നില്ല 168
അറിയൽ പ്രക്രിയ/രീതി 169
മാർക്സിസം ശാസ്ത്രമോ ദർശനമോ? 170
Kant and transcendal philosophy 171
മനുഷ്യ ശിശുവിന്റെ വളർച്ച 172

മനുഷ്യ വികാസത്തിന്റെ ചരിത്രം. 174
വൈരുദ്ധ്യാത്മകം—അതിന്റെ നിയമങ്ങൾ 176
പ്രകൃത്യാധിഷ്ഠിത വൈരുദ്ധ്യാത്മക ഭൗതികവാദം 177
ജർമൻ ദർശനം 178
യുക്തിയിലെ വൈരുദ്ധ്യം 179
ജ്ഞാനോദയ വീക്ഷണം 180
ഗോത്രീയ രാഷ്ട്രീയം 180
നേതൃത്വത്തിന്റെ വിവരമില്ലായ്മ 182
മനുഷ്യന്റെ ലക്ഷ്യം 183
ഇടതുപക്ഷം 185
'സ്ഥിരീകരണ'വും 'നിഷേധവും' 186

10. Polemics 188
Dictatorship of the Proletariat- 189
Rakrism 191
Is Lenin or communist partisan a Marxist? 192

ഉപസംഹാരം 195

# ആമുഖം

ഈ പുസ്തകം, 'പ്രകാശം പരത്തുന്ന പുസ്തകം' എന്റെ എഫ് ബി ടൈംലൈൻ ചർച്ചകളുടെ വികസിതരൂപമാണ്. സാമൂഹ്യനിർണ്ണിതം എന്ന മാർക്സിസ്റ്റ് രീതിയിൽ നിന്നും 'സാമൂഹ്യസ്ഥിതം' ആയാണ് സാമൂഹിക അറിവുകൾ വികസിക്കുന്നത് എന്ന ഒരു വൈരുദ്ധ്യവാദരീതിയാണ് ഞാൻ എന്റെ വാദങ്ങളായി നിർമ്മിതിചെയ്തിരിക്കുന്നത്. അതുകൊണ്ട് എന്റെ ചിന്തകളെ 'രാക്രിസം' എന്ന് പേരിടുന്നു. 'സാമൂഹികനിർണ്ണയവാദം' വിധിനിലപാടിലേയ്ക്കുംമറ്റും മാർക്സിസത്തെ പരിമിതപ്പെടുത്തുന്നു. ഇതാണ് ഇന്നത്തെ മാർക്സിസത്തിന്റെ ന്യൂനത എന്ന് 'രാക്രിസം' രേഖപ്പെടുത്തുന്നു.

എന്നാൽ ഇത്തരം ഒരു 'ടൈം ലൈൻ' ചർച്ചയെ പുസ്തകമാക്കുമ്പോഴുള്ള പരിമിതികളും നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. എങ്കിലും വളരെയേറെ വിഷയങ്ങൾ നിങ്ങളുമായി സംവദിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുകരുതുന്നു. എന്താണ് 'ഇന്ത്യൻ മതങ്ങൾ' 'മതേതരത്വം,' 'അദ്ധ്യാത്മികത', 'അംബേദ്കറിസം' തുടങ്ങി 'മാർക്സിസം'വരെ ചർച്ചയിൽ ഇടംപിടിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 51 A(H) ഉപവകുപ്പനുസരിച്ച് ശാസ്ത്രചിന്തയും മാനവികതയും അന്വേഷണത്വരയും പരിഷ്കരണബോധവും വളർത്തുക എന്നത് ഏതൊരു പൗരന്റെയും കടമയാണ്. ഞാൻ ഇവിടെ ഇന്ത്യൻ പൗരാണികതയും ശാസ്ത്രവും തമ്മിൽ ഒരു ഫ്യൂഷൻ നടത്തുകയാണ്.

12-ാം നൂറ്റാണ്ടിലോ മറ്റോ ഇന്ത്യയെ അധിനിവേശ ശക്തികൾ കയ്യേറ്റംചെയ്തു. ആദ്യം മുസ്ലീം രാജാക്കന്മാർ, പിന്നീട് ക്രിസ്ത്യൻ രാഷ്ട്രങ്ങൾ ഇന്ത്യയെ വരിഞ്ഞു മുറുക്കി. ഇന്ന് ഇന്ത്യൻ പാരമ്പര്യത്തെ സെക്യുലർ ആയി പുനരാനയിക്കേണ്ടതുണ്ടെന്നു തോന്നി.

അതാണ് ഈ പുസ്തകത്തിന്റെ ആദ്യഭാഗം. രണ്ടാമത്തെഭാഗം മാർക്സിസത്തെ ഫിലിസ്റ്റിയൻ ധാരയിൽ നിന്നും മോചിപ്പിക്കുക എന്നതുമാണ്. സഹസ്രവർഷം മുൻപുള്ള ശാസ്ത്ര അറിവുകളിൽ കടിച്ചുതൂങ്ങി ഇരിക്കുകയാണ് മതങ്ങൾ. എല്ലാ മതങ്ങളുടേയും വ്യക്തിനിയമത്തെ രാഷ്ട്രം സംരക്ഷിക്കുന്നു.

അതുകൊണ്ട് അവയെല്ലാം ശരി എന്നർത്ഥമില്ല. ആരും മതങ്ങളുടെ/വിശ്വാസങ്ങളുടെ പേരിൽ കലഹിക്കാനും പാടില്ല എന്ന നിയമവും ഇവിടെ ഉണ്ട്. IPC Sec. 295 A, IPC Sec. 153 A അതാണ്. എന്നുവെച്ച് സത്യം പറയാനുള്ള പൗരന്റെ അവകാശം നിഷേധിക്കുന്നുമില്ല. 'മനുഷ്യനെ കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചു' എന്നു തുടങ്ങി, 'വാരിയെല്ലിനും മുതുകെല്ലിനും ഇടയിൽ നിന്നും വരുന്ന ശുക്ലം ആറാമാഴ്ചയിൽ ഭ്രൂണത്തിന്റെ ലിംഗം തീരുമാനമാക്കുന്നു', 'ഭൂമി ഇളകാതിരിക്കാൻ അടിച്ചുവെച്ച ആണിയാണ് പർവ്വതം', 'ദൈവത്തിന്റെ സിംഹാസനത്തിന് അടിയിൽ രാത്രിയിൽ പോയൊളിക്കുന്ന സൂര്യൻ', 'ചെകുത്താനെ എറിയാൻ ഉപയോഗിക്കുന്ന ഉൽക്കകൾ' എന്നിങ്ങനെ, പ്രൈമറി സ്കൂളിൽ ശാസ്ത്രം പഠിച്ചവരെപ്പോലും കളിയാക്കുന്നതരത്തിലുള്ള അധ്യാപനങ്ങൾ വിമർശിക്കപ്പെടേണ്ടതല്ലേ? പക്ഷേ നമുക്ക് ഇത്തരം ഒരു കുൽ ബർഗിയേയോ പൻ സാരയേയോ ലഭിക്കുന്നില്ല എന്നതാണ് വിരോധാഭാസം!

ഇന്ത്യയിൽ ക്രിസ്ത്യൻ/ഇസ്ലാം മതങ്ങൾ പ്രചരിക്കുമ്പോൾ ആധുനിക ദേശീയതകൾ വളർന്നിട്ടില്ലായിരുന്നു. ഇന്ന് 'ദേശീയത' വളർന്നിരിക്കുന്നു. നമ്മൾ ഇന്ത്യക്കാർ, അതിൽ അഭിമാനംകൊള്ളുന്നു. രാഷ്ട്രമാണ് നമുക്ക് ക്ഷേമകാര്യങ്ങൾ ചെയ്തു തരുന്നത്. സുരക്ഷ, സംരക്ഷണം, തൊഴിൽ, ആരോഗ്യം, ജീവിതം എല്ലാം തരുന്നതും നമ്മുടെ രാഷ്ട്രമാണ്. അതായത് മതമല്ല ഇതൊന്നും നമുക്കു തരുന്നത് എന്നുചുരുക്കം. ഇതുകൊണ്ടാണ് ഇന്ത്യ മതേതരമായ ആധുനിക രാഷ്ട്രമെന്ന് നാം ഓരോരുത്തരും മനസ്സിൽ പറയുന്നതും.

പിന്നെ ഇന്ത്യക്കാർ എന്നത് സിന്ധു നദിക്ക് ഇപ്പുറം ജീവിച്ചവരെ വിളിച്ച പേരാണ്. ഗ്രീക്കുകാർ 'ഇന്ദസ്' എന്നും അറബികൾ 'ഹിന്ദ്' എന്നും, ഇന്ത്യയെ ആക്രമിച്ച ആദ്യ മുസ്ലീം രാജാക്കന്മാർ 'ഹിന്ദുസ്ഥാനികൾ' എന്നും നമ്മെ വിളിച്ചു. പിന്നീട് ബ്രിട്ടീഷുകാർ വരുമ്പോൾ ഒരുവിഭാഗം ക്രിസ്ത്യാനികളും വേറൊരു വിഭാഗം മുസ്ലീമുകളുമായിരുന്നു ഇവിടെ. ബ്രിട്ടീഷുകാർ വന്നപ്പോൾ, ശേഷമുള്ളവരെ ഹിന്ദുവെന്നു വിളിച്ചുതുടങ്ങി. അങ്ങനെയാണ് ഹിന്ദുയിസം ഉണ്ടായത്.

ചുരുക്കത്തിൽ 'ഹിന്ദു' എന്ന മതം ഇന്ത്യയിൽ ഉണ്ടാകുന്നത് ബ്രിട്ടീഷ് ഭരണത്തിൽ യാദൃച്ഛികമായ ഈ വിളിപ്പേരിൽ നിന്നാണ്. മുസ്ലീമുകളും ക്രിസ്ത്യാനികളും ചേർന്ന് ഇവിടെ ഉണ്ടായിരുന്ന ആദിമ നിവാസികളെ മാർഗ്ഗംകൂട്ടാൻ ഉപയോഗിച്ച പദ്ധതികളാണ് ഈ ഹിന്ദുമതവും അതിലെ ദുരാചാരങ്ങളും.

അധിനിവേശത്തിന്റെ കാലഘട്ടമായതുകൊണ്ട് ഒരു 'നവോത്ഥാനം' ഇവിടെ നടന്നില്ല. അതുകൊണ്ട് സമൂഹത്തിൽ ജാതിപീഡനങ്ങൾ ഇന്നും തുടരുന്നു. ഇസ്രായേലിനും അറേബ്യൻ ജനതയ്ക്കും ഉള്ളതുപോലെ നമുക്കും 50-നുശേഷം 'ഹിന്ദുസ്ഥാൻ ബോധം' കൂട്ടുകയാണുണ്ടായത്. കാരണം സെക്യൂലർ തന്നെ.

ഇതിനെതിരെ മാർക്സിസം 'സാർവ്വദേശീയത' പ്രചരിപ്പിക്കാൻ ശ്രമിച്ചു; അത് ആധുനികമെന്നു പഠിപ്പിച്ചു. ഇതിലൂടെ കൊളോണിയൽ മതങ്ങൾ വീണ്ടും ഈ നിഴലിൽ വേരുപിടിപ്പിക്കാൻ ശ്രമംതുടർന്നു. കുറെവിജയിക്കാനും ഈ അബ്രാഹാമിക് മതങ്ങൾക്ക് സാധിച്ചു. അതാണ് മാർക്സിസ്റ്റുകൾ അബ്രാഹാമിക് മതങ്ങളുമായി ഒരു ജാരത നിലനിർത്തുന്നത് ഇപ്പോഴും?

ഇപ്പോൾ 'ആഗോളവത്കരണം' നമ്മെ വിഴുങ്ങുമെന്ന് ദേശജനതക്കു തോന്നിയപ്പോൾ ജനം വീണ്ടും 'ദേശീയത'യിലേയ്ക്ക് ഗമനംതുടങ്ങി. ഇവിടെയാണ് ഞാൻ എന്റെ രാഷ്ട്രീയം പുനർവിശകലനം ചെയ്തുതുടങ്ങിയത്. മതത്തിനോടുള്ളതിനേക്കാൾ മാർക്സിസത്തിനോടുള്ള വെറുപ്പാണ് ഈ ചർച്ചകളിൽ എന്ന് നിങ്ങൾ പറയുമായിരിക്കും.

കമ്മ്യൂണിസം വിഭാവനംചെയ്യുന്നത് മതവിഷയമായിരുന്നില്ല. പിന്നെന്താണ് മതത്തെപോലെയുള്ള ഓരോ കമ്മ്യൂണിസ്റ്റ് പാർട്ടികൾ? മനുഷ്യന്റെ 'വേവും നോവു'മാണ് കമ്മ്യൂണിസം ചർച്ച ചെയ്തത് എന്നംഗീകരിച്ചാൽ പോലും മതം മനുഷ്യനിൽ തീർക്കുന്ന ആശ്വാസത്തിന്റെ ബലിഷ്ഠതയെ മാർക്സ് കാണാതിരുന്നിട്ടില്ല. എന്നാൽ മാർക്സ് കണ്ടത് സെമടിക് മതത്തെ മാത്രമാണ്. മനുഷ്യൻ പാപിയായി ജനിച്ചവൻ എന്ന സങ്കൽപനമാണ് മാർക്സിന് ഉണ്ടായിരുന്നത്. അതുകൊണ്ട് മനുഷ്യന്റെ ലിബർട്ടി മാർക്സിന് വിഷയമായിരുന്നില്ല എന്നുകരുതണം. അതാണ് മാർക്സിന്റെ തകരാറും.

ഇഹലോകത്തു മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, എങ്ങനെ തനിക്ക് 'യജമാനനും' അപരനെ 'അടിമയും' ആക്കാൻ

കഴിയുമെന്നതാണെന്നാണ്, ഹേഗൽ കണ്ടെത്തിയത്. ഇതാണ് മനുഷ്യന്റെ എന്നത്തെയും ആഗ്രഹങ്ങൾ. ആദ്യ അർത്ഥത്തിൽ തന്നെ മനുഷ്യർ സഹജീവികളെ അടിമകളാക്കുവാൻ ശ്രമിക്കുന്നു. ഇവിടെ നിന്നുമാണ് മാർക്സ് ചൂഷണത്തിനെതിരെയുള്ള 'ശാസ്ത്രീയ സോഷ്യലിസം' എന്ന രാഷ്ട്രീയം ഉപയോഗിക്കുന്നത്.

ഇതിനെതിരെയുള്ള കലാപം ഇന്ന് ജനങ്ങളിൽ നിന്നും വന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഹേഗലിൽ നിന്നുമാണ് മാർക്സിസം പഠിക്കേണ്ടത് എന്ന് ഈ പുസ്തകം പറയുന്നത്. 'മനുഷ്യൻ ' എന്നാൽ മനസ്സുള്ളവൻ എന്നർത്ഥം. അതായത് സാമൂഹ്യ മനുഷ്യന് ബോധംകൂടി വേണം. ബോധമെന്നാൽ അവൻ രണ്ടാമത് ഒന്നുകൂടി ദർശനമുള്ളവൻ ആകണം, അതായത് ഞാൻ മാത്രമല്ല സഹജീവികളും ചേർന്നതാണ് മനുഷ്യ ലോകമെന്ന് കരുതുന്നവനാകണം. അപ്പോൾ "വ്യക്തിവത്കൃത ബോധം' ഉള്ളവനാകും. അത് ബൈനറി 'ദൈവബോധം' ഉണ്ടാക്കും. അപ്പോളാണ് 'ധർമ്മം' എന്ന വിചാരക്രമം മനുഷ്യനിൽ ഉണ്ടാകുന്നത്. അതിന് 'അദ്ധ്യാത്മികത'' (Metaphysics) വേണം. അവിടെ 'രാക്രിസം' ദൈവത്തെ കുടിയിരുത്തുന്നു. നല്ല ഒരു ബെസ്റ്റ്സെല്ലർ ആകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്, എന്റെ പിതൃക്കൾക്കായി ഈ പുസ്തകം സവിനയം സമർപ്പിക്കുന്നു!

—രാധാകൃഷ്ണൻ

# 1. മാർക്സിസവും ദേശരാഷ്ട്രങ്ങൾ നേരിടുന്ന സാമ്പത്തികപ്രതിസന്ധിയും


മനുഷ്യന്റെ ജീവിതത്തിനുവേണ്ടുന്ന ഒരുസമ്പ്രദായം/ വ്യവസ്ഥ–അതുണ്ടാക്കാനുള്ള ഒരു പടയോട്ടത്തിലാണ് എന്നും മനുഷ്യസമൂഹം. എന്നാൽ ഇത്തരം ഒരു ജീവിതവ്യവസ്ഥിതി എങ്ങനെ ഉണ്ടാക്കാം, എന്നതിന് ഒരു മാതൃകയും ഇതുവരെ നമുക്ക് ലഭ്യമായിട്ടില്ല. 'മാർക്സിസം'വഴി ഇതു ലഭ്യമാവുമെന്ന് ഇതുവരെ നാം വിചാരിച്ചിരുന്നു. എന്നാൽ ഭീകരമായ സേച്ഛാധിപത്യഭരണംകൊണ്ട് ആ ആഗ്രഹവും തകർന്നുമണ്ണടിഞ്ഞു. ബഹുജനത്തിനു പക്വമായ ഒരു ജീവിതം നൽകാൻ അതിന്റെ പാർട്ടിക്കു കഴിയില്ല എന്നുതെളിഞ്ഞു. അത് മാത്രമല്ല ഒരു പാർട്ടി 'പൗരോഹിത്യഭരണ'മാണ് കമ്മ്യൂണിസ്റ്റുകാർ ഇതുവരെ നമ്മെ കാണിച്ചു തരുന്നത്. ആർക്കുവേണം ഇത്തരം ഒരു പൗരോഹിത്യമെന്ന് നമുക്ക് ഇന്ന് തോന്നുന്നതിൽ അത്ഭുതമില്ല. അതുകൊണ്ട് ബുദ്ധിയുള്ളവർ തങ്ങളുടെ ലോകത്തിനായി ഒരു മാതൃകാ പൗരജീവിതത്തിനുവേണ്ടിയുള്ള അന്വേഷണം തുടരുകയാണ് വേണ്ടത്. മനുഷ്യന്റെ ചരിത്രം ഉണ്ടാക്കുന്നത് അവൻ തന്നെയാണ് എന്നു നാം കരുതുന്നു. കാരണം അവന് ചിന്തിക്കാൻ ഒരു തല സൃഷ്ടിയിൽത്തന്നെയുണ്ട്. മനുഷ്യൻ പിറന്നുവീഴുന്നത് ഒരു ചരിത്രത്തിന്റെ പുഴയിലാണെങ്കിലും അവിടെ കിടന്നുകൊണ്ട് തന്റെ ചരിത്രമെന്തായിരിക്കണമെന്ന് ചിന്തിക്കാൻ അവനാകും. അതിനുവേണ്ടിയുള്ള കലാപത്തിന്റെ ചരിത്രമാണ് മനുഷ്യചരിത്രവും. ഈയൊരു വെളിച്ചത്തിലാണ് എന്റെ അന്വേഷണവും ഈ പുസ്തകത്താളുകളിൽ നിങ്ങൾക്ക് കാണാനാവുക.

രണ്ടു പ്രധാനകാര്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് മനുഷ്യന്റെ ചരിത്രമാരംഭിക്കുന്നത്. ഒന്ന് വ്യക്തിയുടെ സത്താഭിമാനം, രണ്ട്

അവന് ജീവിക്കാനുള്ള ഉപാധിയായ തൊഴിൽ ലഭ്യത. ആധുനിക മനുഷ്യന് ജീവിക്കാനുള്ള സൗകര്യം, അവൻ തെരഞ്ഞെടുത്ത സർക്കാർ നൽകിവരുന്നു. സാർത്ഥകമായ വിദ്യാഭ്യാസവും, 'ഫ്രീ'യായ ആരോഗ്യ സംരക്ഷണവും, ഇതാണ് ഒരു സാർത്ഥകമായ സർക്കാർ എന്നതുകൊണ്ട് പൗരൻ ഉദ്ദേശിക്കുന്നതും. ആധുനിക മനുഷ്യൻ ഒരു 'പൊതുസമ്മത'ത്തിൽ, അവൻ വസിക്കുന്ന രാഷ്ട്ര ത്തിനോട് സന്ധിചേരുന്നു. അവൻ ആവുന്നവിധം പ്രകൃതിയെ ചൂഷണംചെയ്യുന്നു, അത് രാഷ്ട്രത്തിന് കൈമാറുന്നു. രാഷ്ട്രം തന്റെ ജനതയെ സാമൂഹ്യപരമായി സെക്യൂരിറ്റി നൽകി നോക്കിക്കൊള ളാമെന്ന് എത്തിച്ചേരുന്നു. അതായത് ഒരു ആധുനിക രാഷ്ട്രത്തിൽ വളരുന്നതിന് ഒരു ഉഭയകക്ഷി ധാരണ, വ്യക്തി സ്വമേധയാ, അവന്റെ സമൂഹവുമായി ഉണ്ടാക്കുന്നു. ആ ജനതയെ കാത്ത് കൊള്ളാമെന്ന് സ്റ്റേറ്റും, അതോടൊപ്പം ഈ സമൂഹഘടനയെ പരിരക്ഷിക്കുമെന്ന് ആ വ്യക്തിയും ദൃഢപ്രതിജ്ഞ എടുക്കുന്നു. ഈ ഉഭയകക്ഷി ധാരണയിൽ, ഇതിനെ കേന്ദ്രീകരിച്ചുകൊണ്ട് അവൻ സാർത്ഥകനായ പൗരനായി വളരുന്നു. അതോടൊപ്പം തന്റെ സമൂഹത്തിൽ നിന്നും മൗലികമായ പൗരാവകാശങ്ങളാ ർജ്ജിച്ചെടുക്കുവാൻ ഒറ്റയ്ക്കും കൂട്ടമായും അദ്ധ്വാനിക്കുന്നു. അതാണ് ആധുനികമായ 'ജനാധിപത്യവ്യവസ്ഥ'.

ഇത് ഏകപക്ഷീയമായ ഒരു പ്രവർത്തനമല്ല. പൗരനും ഇവിടെ കുറെ ബാദ്ധ്യതകളുണ്ട്, തന്റെ ഗവൺമെന്റിനോട്. സർക്കാർ പൗരന്റെ ഉൽപന്നങ്ങൾക്ക്, വരുമാനലഭ്യതക്ക് ഒരു കമ്പോളം ഉണ്ടാക്കി കൊടുക്കുന്നു. ഒരു 'ഫെസിലിറ്റേറ്റർ' എന്ന നിലക്കാണ് രാഷ്ട്രം അവിടെ പ്രവർത്തിക്കുന്നത്. രാഷ്ട്രം അവിടെ ദൈവമല്ല, നാമാഗ്രഹിക്കുന്നത് ഉണ്ടാക്കിത്തരുവാൻ . അവിടെ നാം ഉൽ പാദിപ്പിക്കുന്ന വസ്തുക്കൾ വിൽക്കുകയും അതിനെ പണമായി മാറ്റി എടുക്കുകയും അതുപയോഗിച്ച് അവനവന്റെ ജീവിതം നടത്തുകയു മാണ് ചെയ്യുന്നത്.

ഈ മാർക്കറ്റിനെ (market)സമൂഹനന്മയ്ക്കായി, ഓരോ വ്യക്തിയുടെയും ജീവിതത്തിനുവേണ്ടി എങ്ങനെ വികസിപ്പിച്ചെടു ക്കാമെന്ന, വൈരുദ്ധ്യാത്മകമായ പ്രവർത്തനം, സർക്കാർ വികസി പ്പിക്കുന്നു. അതായത് രാഷ്ട്രത്തോടൊപ്പം ഒരു കമ്പോളവും 'മറുപിള്ള' എന്നപോലെ നിലനിൽക്കുന്നു. മാർക്സിന്റെ കമ്പോളമില്ലാത്ത രാഷ്ട്രം നിലനിൽക്കുമോ എന്നചോദ്യമാണ് നാം ഇപ്പോൾ ഉന്നയി ച്ചത്. സ്വകാര്യ സ്വത്തില്ലാത്ത ഒരു വ്യവസ്ഥയിൽ കമ്പോളം



നിലനിൽക്കുമോ? കമ്പോളം നിലനിൽക്കാതെ ഒരു സമൂഹത്തിൽ രാഷ്ട്രത്തിന് പൗരന്റെ ആവശ്യങ്ങൾ, ജീവിക്കാനുള്ള അവന്റെ അവകാശത്തെ എങ്ങനെ പരിപാലിക്കാൻ (facilitate) കഴിയും? എന്തെങ്കിലും മാജിക്ക് ഉണ്ടോ?

മാർക്സ് 'ശാസ്ത്രീയ സോഷ്യലിസം' എന്തെന്ന് വിശദീകരിച്ചു. മാർക്സിനെകുറിച്ച് കമ്മ്യൂണിസ്റ്റുകൾ എഴുതിയത്, നിങ്ങൾ ധാരാളം പഠിച്ചിട്ടുണ്ടായിരിക്കും. അതുകൊണ്ട് അവ ഒന്നും കൂടുതൽ പരിചയപ്പെടുത്തേണ്ടതില്ലല്ലോ? ചിന്തയുടെയും പ്രയോഗത്തിന്റെയും ചരിത്രകാരൻ, അതായിരുന്നു മാർക്സ് എന്ന് ചുരുക്കിപ്പറയാം. മാർക്സിന്റെ വാദം തികച്ചും 'ഭൗതികവാദപരം' ആണ്. പക്ഷെ 'മെറ്റാചിന്തകൾ', മനോധർമ്മങ്ങൾ മാർക്സിസത്തിൽ ഇല്ലാതെ പോകുന്നു, എന്നു ഞാൻ പരാതിപറയുന്നു.

ഫോയർബാക്കിന് എതിരെയുള്ള തീസ്സിസിനുശേഷം, മാർക്സ് ഫിലോസഫി എന്ന വിഷയം സംസാരിക്കുന്നുപോലുമില്ല. Dialectical materialism—സാമ്പത്തികം, രാഷ്ട്രീയം, ചരിത്രം ഇവയിൽ എങ്ങനെ പ്രയോഗിക്കാമെന്നതിനെക്കുറിച്ചാണ് മാർക്സ്

കൂടുതൽ എഴുതിയത്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, ക്ലാസ്സ്ട്ര ഗ്ഗിൾ ഇൻ ഫ്രാൻസ് (Class Struggle in France), Eighteenth Brumaire of Louis Bonaparte ഇവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. അതിൽ 'Eighteenth Brumaire of Louis Bonaparte' 'ചരിത്രത്തെക്കുറിച്ചുള്ള മാർക്സിന്റെ കാഴ്ചപ്പാടുകൾ സവിസ്തരം വിശദീകരിക്കുന്നു. പിന്നീട് 1858-ൽ 'Grundrisse, A Contribution to Critique of Political Economy'ഇവ എഴുതി. 'German Ideology'തത്ത്വശാസ്ത്ര സംബന്ധി ആയ ഒരു ചെറുകൃതി ആയിരുന്നു. ഇതുകൊണ്ടെല്ലാം വല്ലതും നടക്കുമോ?

സാമൂഹ്യപ്രക്രിയയെ നിശ്ചയിക്കുന്നത് ഉല്പാദനത്തിന്റെ സാമൂഹ്യരീതിയാണ് എന്നാണ് മാർക്സ് ഫലത്തിൽ വെളിവാക്കുന്നത്, ഇതാണ് മാർക്സിന്റെ ഭൗതികത. സമൂഹത്തിൽ ഇരട്ട സ്വഭാവത്തിലൂടെയാണ് 'ഉല്പാദന പ്രക്രിയ' നിലനിൽക്കുന്നത് എന്ന്, അദ്ദേഹം പറയുന്നു. ആദ്യത്തേത് ഉൽപാദനശക്തികളും, രണ്ടാമത്തേത് ഉൽപാദനവും സാമൂഹ്യബന്ധങ്ങളുമാണ്. മാർക്സിന്റെ ചരിത്രത്തിൽ ഉൽപാദനശക്തികൾ വളരുകയും, അവയ്ക്ക് ഇണങ്ങാത്ത ഉൽപാദനബന്ധങ്ങൾ തകരുകയും ചെയ്യുന്നു. ഇതാണ് ചരിത്രമാറ്റത്തിന് 'ഹേതു' ആകുന്നത് എന്നാണ്, മാർക്സ് പഠിപ്പിക്കുന്നത്.

സാമൂഹ്യചരിത്രത്തിൽ മാർക്സ് പറയുന്ന മെറ്റീരിയൽ ഘടകം ഇതാണ്. അദ്ദേഹത്തിന്റെ 'മൂലധന'ത്തിൽ പറയുന്നതുപോലെ തലകുത്തി നിൽക്കുന്ന ഹെഗേല്യൻ യുക്തിയെ അതിന്റെ കാലിൽ ഉയർത്തിനിർത്തി എന്നാണ മാർക്സും അതിന്റെ അന്നത്തെ വക്താക്കളും പറയുന്നത്. ഹെഗേല്യൻ യുക്തി എന്നത് തലതിരിഞ്ഞത് എന്ന അർഥം അല്ല ഞാൻ കൽപിക്കുന്നത്. മാർക്സ് ഭൗതികത്തിൽ ഹെഗേല്യൻ യുക്തി ഉപയോഗിച്ചു എന്നേ, നാം ഇന്ന് അർഥമാക്കേണ്ടു, അങ്ങനെയാണ് മാർക്സ് തല നിവർത്തിച്ചു എന്നു പറയുന്നത്.

ചുരുക്കത്തിൽ ഫോയർബാക്കിന്റെ ഭൗതികതയും ഹേഗലിന്റെ വൈരുദ്ധ്യാത്മകതയുടെയും ഒരു മിശ്രിതമാണ് 'മാർക്സിസം' എന്നു പറയാമെന്ന് തോന്നുന്നു. ഫോയെർബാക്ക് ഭൗതികതയിൽ വിശ്വസിച്ചു, കൂടാതെ ഭൗതികത്തിന്റെ കേവലത്വത്തിൽ (absoluteness) വിശ്വസിച്ചു. എന്നാൽ ഹേഗൽ ആശയവാദി ആയിരുന്നു എന്നത് ശരി, എന്നാലും ആശയങ്ങൾ രൂപമാറ്റത്തിനു സദാ വിധേയമാകുന്നു എന്ന നിഗമനത്തിൽ അദ്ദേഹമെത്തിച്ചേർന്നു.

ഈ ആശയത്തെ പിൻ പറ്റിക്കൊണ്ട് ഭൗതികവും ഇതുപോലെ കേവലമല്ലെന്നും, ഭൗതികവസ്തുവും ആശയംപോലെ ചലനത്തിന് വിധേയമാണ്, മാറിക്കൊണ്ടിരിക്കുന്നു, എന്നും മാർക്സ് മനസ്സിലാക്കി. മനുഷ്യന്റെ സാമൂഹ്യവളർച്ച അവന്റെ സാമ്പത്തിക ബന്ധങ്ങളെമാത്രം കേന്ദ്രീകരിച്ചാണ് എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞു പോകുന്നു, മാർക്സ്. എന്നാൽ മനുഷ്യനിൽ മെറ്റാചിന്തകൾ ഉണ്ടാക്കുന്നത് പരിഗണിക്കാതെപോയി എന്ന്, ഞാൻ മുന്നേ പറഞ്ഞു. സാമ്പത്തികവും രാഷ്ട്രീയവുമെന്നത് കുട്ടിയും 'മറുപിള്ള'യുമെന്നാണ് അദ്ദേഹം കണ്ടത്. ഹേഗലിനെ സംബന്ധിച്ച് ഇത്തരം 'സൂക്ഷ്മമായ' അന്വേഷണമൊന്നും അദ്ദേഹം നടത്തിയില്ല.

ചരിത്രത്തിന്റെ ലക്ഷ്യം 'സ്റ്റേറ്റ്' ആണ് എന്ന് ഹേഗൽ സ്ഥൂലമായി കണ്ടെത്തി, ലോകത്തെ 'നിയമ'ങ്ങളിൽ തളച്ച്, അതിനനുസൃതമായി ജനതയെ നിയമങ്ങളുടെ ഒരു സിസ്റ്റം കൊണ്ട് ഭരിക്കാനാവുമെന്ന് അദ്ദേഹം കണ്ടെത്തി. അതിനാണ് സ്റ്റേറ്റ് എന്ന് പറഞ്ഞത്. 'പ്രഷ്യൻ സ്റ്റേറ്റി'നെക്കുറിച്ചാണ് ഹേഗേൽ പറയുന്നത്. മാർക്സ് പല പുസ്തകമെഴുതിയെങ്കിലും ഹേഗേലിന്റെ സ്റ്റേറ്റിനെ വിമർശിച്ചത് കാണുന്നില്ല. കാരണം മനുഷ്യന് ഒരു നിയമബദ്ധമായ ക്രമീകരണം വേണമെങ്കിൽ സ്റ്റേറ്റ് ആവശ്യമുണ്ട് എന്ന് മാർക്സും കണ്ടിരിക്കണം? ഒരു organized സിസ്റ്റമാണ് ഈ സ്റ്റേറ്റ്. ഒരു രാഷ്ട്രത്തിൽ ബലവാന്മാർ, വയസ്സന്മാർ, കുട്ടികൾ, ദുർബ്ബലർ എല്ലാം ഉണ്ടാകും. അവരെയൊക്കെ ഒരു co-operative society പ്രവർത്തനംപോലെ സ്റ്റേറ്റ് നോക്കേണ്ടതുണ്ട്. സൊസൈറ്റിയ്ക്ക് സ്വന്തം വരുമാനമൊന്നും ഇല്ല. സമൂഹത്തിൽനിന്നുതന്നെയാണ് അത് വെള്ളവും വളവും വലിച്ചെടുക്കുന്നത്. അതോടൊപ്പം ആഭ്യന്തരവും, ബാഹ്യവുമായ സുരക്ഷിതത്ത്വം കാത്ത് സൂക്ഷിക്കുകയും അതിനുള്ള ക്യാപിറ്റൽ ചിലവുകൾ മീറ്റ് ചെയ്യുകയും, പൗരന്മാരുടെ ക്ഷേമം ഉറപ്പിക്കുകയും വേണം, വേണ്ടേ?

എന്നാൽ ഹേഗലിന്റെ സ്റ്റേറ്റ് എന്നത് കേവലം ഒരു ആശയവിഷയമല്ല, ചരിത്ര ഉല്പന്നം തന്നെയായിരുന്നു. സമ്പത്ത്, അധികാരം, ദർശനം ഇവയുടെ ആകത്തുകയാണ് സ്റ്റേറ്റ്. Montesquieu, Voltaire, Rousseau ഇവരുടെ മനുഷ്യനെക്കുറിച്ചുള്ള നിരീക്ഷണവും കൂടി, നിങ്ങൾ മനസ്സിലാക്കിയിരിക്കണം. ഫ്രഞ്ച് ജനാധിപത്യത്തിലെ മൂന്ന് തിളങ്ങുന്ന വ്യക്തികളാണ് ഇവർ. ഇവരെക്കൂടാതെ ജനാധിപത്യത്തിന്റെ ചർച്ച ഒരിക്കലും പൂർണ്ണമാവില്ല. ഇവരെകുറിച്ച് വായനക്കാർ ഗൂഗിൾചെയ്തു പഠിച്ചിരിക്കണം,

എങ്കിലേ ഫ്രഞ്ച് ജനാധിപത്യമെന്തെന്ന് നിങ്ങൾക്ക് മനസ്സിലാകൂ, അതിലൂടെ മാത്രമേ എന്താണ് മാർക്സ് പറയുന്നത് എന്നുകൂടി മനസ്സിലാകൂ. എന്നാൽ പിന്നീട് ആബേലും കായേനും തമ്മിലുണ്ടായപോലെ ചീത്ത വിഷയങ്ങൾ സമൂഹത്തിലുണ്ടായി.

സ്റ്റേറ്റിന് പലപ്പോഴും മൂർച്ചയുള്ള നഖങ്ങൾ പുറത്തെടുക്കേണ്ടിവന്നു, സമൂഹത്തെ ഡ്രൈവ് ചെയ്യുന്ന, ഈ ക്രൂരമായ സ്റ്റേറ്റിനെയാണ് മാർക്സ് 19-ാം നൂറ്റാണ്ടിൽ കണ്ടതും. അന്ന് മുതൽ സ്റ്റേറ്റിന്റെ ക്രൂരമുഖത്തെ എങ്ങനെ ഇല്ലായ്മ ചെയ്യാനാകും, എന്നത് മാർക്സിന്റെ വിഷയമായി എന്നുമാത്രം. അങ്ങനെയാണ് സ്റ്റേറ്റ് ഇല്ലാതെ ഒരു സാമൂഹ്യവ്യവസ്ഥിതിയെപ്പറ്റി, ആ യുവാവ് കുലംകഷമായി ചിന്തിച്ചത്, സാമൂഹ്യക്രൂപീകരണത്തിൽ സ്റ്റേറ്റിനെ ഒഴിവാക്കിക്കൊണ്ട് ചിന്തിക്കുവാൻ തുടങ്ങിയതും. വളരെയേറെ ആശയകുഴപ്പം പിടിച്ച ഒരു ചെറുപ്പക്കാരന്റെ താൽക്കാലിക (adhoc) ചിന്തമാത്രമായിരുന്നു അതെന്ന്, ഇത്രയും വായിക്കുമ്പോൾ തന്നെ നിങ്ങൾക്ക് ബോധ്യമായിട്ടുണ്ടാകുമെന്ന് ഇപ്പോൾതന്നെ ഞാൻ മനസ്സിലാക്കുന്നു.

സ്റ്റേറ്റ് തന്റെ ഉത്തരവാദിത്വം നടപ്പാക്കുമ്പോൾ എന്തുവേണം? ബിസ്സിനസ്സിനുള്ള പണം വേണം, അത് സ്റ്റേറ്റ് ആർജിക്കുന്നത് സമൂഹത്തിൽനിന്നുതന്നെയാണ്. സ്റ്റേറ്റിന്റെ കൈയിൽ മാന്ത്രികവടി ഒന്നും ഇല്ല, പണമാർജ്ജിക്കാൻ . നിങ്ങൾ നൽകുന്ന താങ്ങ് മാത്രമാണ് സ്റ്റേറ്റിനുള്ളത്. അതുപോലെ ക്രമസമാധാനം നിലനിർത്തുന്നതിനും രാജ്യത്ത് അരാജകവാദം ഇല്ലാതിരിക്കുന്നതിനും പോലീസ്, കോടതി, സൈന്യം ഇവയെ സ്റ്റേറ്റ് പോഷിപ്പിച്ചു നിർത്തുന്നു. ബാഹ്യശത്രുക്കൾ, പിന്നെ ആഭ്യന്തരശത്രുക്കൾ ഇവയെ ഒക്കെ നേരിടാൻ, സ്റ്റേറ്റിന് ക്യാപിറ്റൽ ചിലവുകൾ തന്നെ വേണ്ടിവരും. സ്റ്റേറ്റിന് അനധികൃതമായി വരുന്ന ചിലവുകൾ ഓരോ പൗരനും വഹിക്കേണ്ടതായി വരും. ശരീരത്തിൽ പിടിക്കുന്ന വിധം ചിലവ് കൂടിയാൽ, ആ രാഷ്ട്രത്തിന്റെ മുന്നോട്ടുള്ള ഗതിയെതന്നെ ബാധിക്കുകയും ചെയ്യും. ഇതിൽ നിന്നും ആധുനിക നിയമവ്യവസ്ഥവഴി സമൂഹത്തെ രാഷ്ട്രമെങ്ങനെ ഭരിക്കുന്നു എന്ന ഒരറിവ്, നിങ്ങൾ നേടി എന്ന് ഞാൻ വിശ്വസിക്കട്ടെ.

മാർക്സ് അതിന് എന്ത് ചെയ്തു, ഒന്നും ചെയ്തില്ല. യുവാവായ മാർക്സ്, സ്റ്റേറ്റ് മാറ്റി അതിനു പകരം സിവിൽ സമൂഹംതന്നെ ഈ ഉത്തരവാദിത്വം ഏറ്റെടുത്താൽ, സ്റ്റേറ്റിനുണ്ടാകുന്ന ക്യാപിറ്റൽ ചിലവുകൾ കുറച്ചുകൊണ്ട് വന്നുകൂടെ, എന്ന് ചിന്തിച്ചു. പട്ടാളം, കോടതി,

പോലീസ് ഇവ കൈകാര്യം ചെയ്യാനുള്ള ഭാരിച്ച ചിലവ് അതിലൂടെ ലാഭിക്കാം. അങ്ങനെ കുറച്ചുകൂടി നല്ല രീതിയിൽ സാമൂഹ്യ ഉടമസ്ഥതയിൽ കാര്യങ്ങൾ നടത്തിയാൽ, ക്ഷേമഭരണം നടത്താരുതോ എന്ന് കണ്ടെത്തി. അങ്ങനെ സ്റ്റേറ്റ് ഇല്ലാത്ത ഒരു വ്യവസ്ഥിതിയെ സമൂഹത്തിന്, അതായത് സൊസൈറ്റിയ്ക്ക് കൂടുതൽ രാഷ്ട്രീയ അധികാരമുള്ള ഫെഡറൽ സംവിധാനം, മനസ്സിൽ കണ്ടു. അത് കൂടുതൽ 'പൗരാധിപത്യ'വും നൽകുമെന്ന് മാർക്സ് കണ്ടിട്ടുണ്ടാകാം. അങ്ങനെയാണ് മാർക്സ് സ്റ്റേറ്റ് ഇല്ലാത്ത ഒരു ഗവർമെന്റ് രീതി കണ്ടെത്തിയത് എന്ന്, നമുക്ക് അനുമാനിക്കാം. എങ്കിലും മാർക്സ് ഒരു നിയമാധിപത്യത്തെകുറിച്ച് ഹെഗേലിനെ പോലെ കണ്ടിരുന്നു. അതിനെ 'വർഗ്ഗസർവാധിപത്യം' എന്ന് സ്റ്റേറ്റിനു പകരം പേരിട്ടു. അവിടെയാണ് സ്റ്റേറ്റിനെകുറിച്ചുള്ള പല നിർവ്വചനങ്ങൾ മാർക്സിന്റെയും ഏംഗൽസിന്റെയുമൊക്കെ വരുന്നത്.

ഇത് ഒരു പോപ്പുലർ പുസ്തകമായത്കൊണ്ട് കട്ടിയായ നിർവ്വചനങ്ങൾ, ഉദ്ധരണികളൊക്കെ ഞാൻ ഒഴിവാക്കുകയാണ്. എളുപ്പത്തിൽ ഗഹനമായ ഒട്ടേറെ കാര്യങ്ങൾ സാധാരണക്കാരുമായി ഷെയർചെയ്യുകയെന്നതാണ്, നമ്മുടെ ഈ പുസ്തകത്തിന്റെ ലക്ഷ്യം. എന്നാൽ ഗഹനമായ ഏതു മാർക്സിസ്റ്റ് പുസ്തകത്തെക്കാൾ നിങ്ങളെ ചിന്തിപ്പിക്കുക എന്നത് എന്റെ ലക്ഷ്യം കൂടിയാണ്. മാർക്സ് നമ്മോടു സംവദിച്ചത് സോഷ്യലിസമാണ്, അതായത് ആ സോഷ്യലിസമെന്നാൽ സ്റ്റേറ്റ് ഇല്ലാത്ത ഒന്നാണ്, ഹേഗേലിനെ വിഛേദിക്കുന്ന ഒന്നായിരുന്നു. ഹേഗൽ ഒരു നിയമവ്യവസ്ഥയിൽ ജനത്തെ ഉൾച്ചേർത്തു ഭരിക്കാനാകുമെന്നാണ്, കണ്ടെത്തിയത്. കാരണം മനുഷ്യൻ എന്നാൽ കേവലപരമായി സ്വാർത്ഥൻ എന്നാണ് ഫ്രഞ്ച് ജനാധിപത്യത്തിന്റെ പ്രധാന വ്യക്തികൾ നമ്മോടു പറയുന്നത്. മോണ്ടെസ്ക്യൂ, വോൾട്ടെയർ പ്രത്യേകിച്ചും. എന്നാൽ ജനങ്ങളെ അല്ലാതെയും ഭരിക്കാനാകുമെന്നാണ് മാർക്സ് പറഞ്ഞത്. മനുഷ്യന് അതെങ്ങനെ കഴിയുമെന്നതിന് ഒരു പ്രായോഗികകാഴ്ചപ്പാടും അദ്ദേഹം നമുക്ക് തന്നിട്ടില്ല. പിന്നെ എങ്ങനെ ഇത് സാധിക്കും? മനുഷ്യൻ മൃഗസമമാണെന്നും, അവൻ മൃഗതുല്യനാണെന്നും, വളരെ കുറച്ചുപേർ മാത്രമേ സംസ്കൃതർ ഉള്ളൂ എന്നും ബാക്കി ഉള്ളവരെ അനുസരിപ്പിക്കണമെങ്കിൽ ക്രൂരമായ ശിക്ഷ കൊടുത്തുകൊണ്ടേ ആവൂ എന്നാണ് അന്നുണ്ടായിരുന്ന ഒരു നിലപാട് തന്നെ. ഇന്നത്തെപ്പോലെ ആധുനികമായ ഒരു മാനസിക മനോഭാവം മനസ്സിലാക്കാൻ സാധ്യമായിരുന്നില്ല,

അന്ന്. ചരിത്രപരമായി തന്നെയാണ് മനുഷ്യന്റെ സാമൂഹ്യമന സ്സും ഉരുവം കൊള്ളുന്നത്, അവിടെയാണ് സ്റ്റേറ്റ് എന്ന മർദ്ദനോപ കരണം ഇല്ലാതെ, മനുഷ്യനെ വർഗ്ഗാധിപത്യം കൊണ്ട് ഭരിക്കാൻ ആകുമെന്ന് മാർക്സ് പറയുന്നത്.

ബൂർഷ്വാ ഭരണത്തിലാണ് ആദ്യമായി, ഹേഗലിന്റേത് പോലെ ഒരു സ്റ്റേറ്റ് ഉണ്ടാകുന്നത്. അതിന്റെ ആത്മീയാചാര്യൻ ഹേഗൽ ആയിരുന്നു. ഹേഗലിനെ നിവർത്തി പിടിച്ചാണ് മാർക്സ് തന്റെ ഭരണസമ്പ്രദായം കാണുന്നത് എന്ന് പറയുന്നു. എങ്കിലും, മാർക്സിന്റെ അടിയുടുപ്പുകളാണ് തലകുത്തനെ നിൽക്കുന്നത് കൊണ്ട്, ഞാൻ കാണുന്നത്. അതായത് യഥാർത്ഥത്തിൽ തല കുത്തി നിൽക്കുന്നത് മാർക്സ് ആണ് എന്ന് ഞാൻ പറയുന്നു. എന്നാൽ പിന്നീട് 'പാരിഷ് കമ്മ്യൂണിനുശേഷം മാർക്സ് സ്റ്റേറ്റ് എന്ന് തന്നെ പറയുവാൻ തുടങ്ങി, വീണ്ടും. അതായത് കാലിൽ നിർത്തിയ ഹേഗലിനെ പഴയപടിത ന്നെ നിർത്തി എന്ന് ചുരുക്കം. ഏംഗൽസിന്റെ 'Anti Dhruring'ലും ഭരണപരമായ ജോലി ഏറ്റെടുക്കുന്ന സ്റ്റേറ്റ് എന്ന രൂപത്തെപറ്റി പറയുന്നു. അങ്ങനെ മാർക്സിസം ഇത്തരം കാര്യങ്ങളിൽ ഒരു സങ്ക രവാദധാരണകളാണ് പുലർത്തുന്നത്. അടിസ്ഥാന ശാസ്ത്രവികാസം സാങ്കേതികവിദ്യ, കാർഷികവ്യവസായരംഗം അങ്ങനെ ഉല്പാദന രംഗത്തെ മാറ്റം, ഗാർഹികതലത്തിൽ നിന്നും ഉത്പാദനത്തിന്റെ വ്യവസായതലത്തിലേയ്ക്കുള്ള മാറ്റം, ഇതെല്ലാം സ്റ്റേറ്റ് എന്ന സംവി ധാനത്തിലൂടെയാണ് മനുഷ്യൻ ചെയ്യുന്നത്. ഇത് മനുഷ്യബോധ ത്തെതന്നെ മാറ്റി മറിക്കുന്നു. വർഗ്ഗബന്ധങ്ങളിൽ പൊളിച്ചുപണി നടത്തുന്നു, പുതിയ വർഗ്ഗബന്ധങ്ങളുണ്ടാകുന്നു. ഇന്നലെകളിലെ പ്രമാണങ്ങളെ ഇന്ന് തെറ്റാക്കുന്നു. മാർക്സിസ്റ്റ് മുഖ്യധാര ഉടലെ ടുത്തതുതന്നെ അന്നത്തെ സംഘടിതമായ ഡോഗ്മാറ്റിസത്തിന് എതിരെയായിരുന്നു. എന്നാൽ എന്താണ് തങ്ങൾ പറയുന്നത്, എന്നതിനെപറ്റി ഒരു ധാരണകളും മാർക്സ് വികസിപ്പിച്ചിരുന്നില്ല. ഇന്നത്തെ മാർക്സിസ്റ്റുകളും ഒട്ടും തന്നെ അത് മനസ്സിലാക്കുന്നില്ല. കുറച്ച് അമൂർത്ത ചിന്ത മാർക്സിസമെന്ന പേരിൽ എഴുതി വച്ച്, പൊന്ത തല്ലുകയാണ് ഇക്കൂട്ടർ.

1917-ൽ ലെനിൻ ഹേഗലിനെ പിൻപറ്റി സോഷ്യലിസ്റ്റ് സ്റ്റേ റ്റിനെയാണ് ഏറെ വിശദീകരിച്ചതും. ലെനിൻ മാർക്സിനേക്കാൾ ഹേഗലിന്റെ പാതയാണ് തുടർന്നതും. ലെനിനിസ്റ്റ് കമ്യൂണിസ്റ്റുക ളായിരുന്നു, ഹേഗലിനെക്കാൾ hierarchial absolute state കൾ

ആദ്യമായി ലോകത്ത് സ്ഥാപിച്ചത് എന്നും, അറിയണം. ചരിത്രം സൃഷ്ടിക്കുമ്പോൾതന്നെ, മാർക്സിന്റെ മനുഷ്യൻ, അതിനെ ചുമന്നു എന്നതും അത്ഭുതം, അത് ഏറെ വിശദീകരിക്കേണ്ടതില്ലല്ലോ? അതെല്ലാം ഇന്ന് ചരിത്രത്തിന്റെ ഭാഗമല്ലെ? അല്ലെങ്കിൽ ഇന്നത്തെ ലെനിനിസ്റ്റ് രാഷ്ട്രങ്ങളെ പരിശോധിച്ചാൽ മതിയാകുമല്ലോ? അതല്ലെങ്കിൽ അതിന്റെ ഇവിടെയുള്ള പാർട്ടിക്കാരുമായി ചർച്ചചെയ്താൽ തന്നെ സുവ്യക്തമാകുമല്ലോ? അതായത് ഞാൻ മാർക്സിസത്തെ ഇവിടെ പരിശോധിക്കുന്നത് അതിന്റെ നെഗറ്റീവ് വീക്ഷണത്തിലൂടെയാണ്, എന്ന് നിങ്ങൾ മനസ്സിലാക്കണം. ചുരുക്കത്തിൽ, മാർക്സിസത്തെപ്പറ്റി പറഞ്ഞാൽ അങ്ങനെ കുറെ ഏറെയുണ്ട് കാര്യങ്ങൾ. നമ്മൾ മാർക്സിസ്റ്റ് ചരിത്രം ഒന്ന് കണ്ണോടിച്ചു പോകുന്നു എന്ന് മാത്രം.

മാർക്സ് 19-ാം നൂറ്റാണ്ടിലെ തൊഴിലാളി വർഗത്തെ സാമൂഹ്യമാറ്റത്തിനുള്ള ചരിത്ര വർഗമായി കണ്ടെത്തുകയാണുണ്ടായത്. 19-ാം നൂറ്റാണ്ടിൽ മുതലാളിത്ത വ്യവസ്ഥയാണ് നിലനിന്നിരുന്നത്. മാർക്സ് അതിൽ കണ്ടത് ഒരു 'പോസ്റ്റ് മുതലാളിത്തവ്യവസ്ഥ'യാണ്. മുതലാളിത്ത വ്യവസ്ഥ മുന്നോട്ട് പോകുമെന്നും ഒടുവിൽ 'സോഷ്യലിസ'ത്തിലേക്ക് നീങ്ങുമെന്നുമാണ്, അദ്ദേഹം നിരീക്ഷിച്ചത്. ഈ സോഷ്യലിസമെന്നാൽ ഒരു പുതിയവ്യവസ്ഥ അല്ല. മുതലാളിത്തത്തിന്റെ തന്നെ ഒരു എക്സ്റ്റൻഷൻ ആണ്, അതല്ല എന്ന് ലെനിൻ പറയുന്നു എങ്കിലും. അതിനെ ഇന്ന് ഇങ്ങനെ പറയിപ്പിക്കുന്നതിനു കാരണം ലെനിൻ തന്നെയാണ്. ഉത്പാദനശക്തികൾ (productive forces) അവിടെയും തൊഴിലാളികൾ തന്നെ. പക്ഷെ ഉടമസ്ഥത കൂടി സാമൂഹ്യം (social)ആകുന്നു എന്നതാണ് അതിന്റെ പ്രത്യേകത. 'മിച്ചമൂല്യം' (surplus value)തന്നെയാണ് അവിടെയും ലാഭത്തിന്റെ സ്രോതസ്സ്. അതുകൊണ്ട് അടിസ്ഥാനപരമായി അത് മുതലാളിത്ത നിയമങ്ങളിൽ പ്രവർത്തിക്കുന്ന ഒരു 'പോസ്റ്റ് മുതലാളിത്ത വ്യവസ്ഥ' മാത്രമാണ്. അതുകൊണ്ട് ആ വ്യവസ്ഥ നിലനിർത്തണമെങ്കിൽ ഒരു 'ധർമ്മവ്യവസ്ഥ' അനിവാര്യമായിരുന്നു എന്നാണ് ഞാൻ പറയുന്നത്. മാർക്സിലെ യുക്തിവാദി അത് കണ്ടില്ല. ഇവിടെയാണ് 'Dialectical naturalism',ത്തിന്റെ പ്രസക്തി. ഭൗതികത എപ്പോഴും 'പരിമിത'ത്തെയാണ് കാണുക. നാം കാണുന്ന ഭൗതികത 'പരിമിതമായ വസ്തുത'യാണ്. എന്താണ് നാം കാണുന്ന യാഥാർത്ഥ്യം, അതല്ല ശരിയായ യാഥാർത്ഥ്യം. അത് ഒരു അനുസ്യൂതമായ വികാസത്തിലാണ്. അതിന് നല്ല പദം'നാച്ചുറൽ വൈരുദ്ധ്യവാദം' എന്നത് തന്നെയാണ്.

ഇന്ന് വ്യവസായിക മുതലാളിത്ത വ്യവസ്ഥ തന്നെ പടുകുഴിയിലേക്ക് വീണിരിക്കുന്നു. കാലികമായ വർത്തമാന മുതലാളിത്ത പ്രതിസന്ധിയെ പരിഹരിക്കാൻ അതിനു തന്നെ ഇന്ന് ആകുന്നില്ല എന്ന അവസ്ഥയിലേക്ക് മാറിയിരിക്കുന്നു, കാര്യങ്ങൾ. പിന്നെ എങ്ങനെയാണ് ഒരു പോസ്റ്റ് മുതലാളിത്ത വ്യവസ്ഥയിലേക്ക് സമൂഹം നീങ്ങുക? 'ഉൽപാദന ശക്തികളും ഉത്പാദന ബന്ധവും തമ്മിലുള്ള വർഗസമരം' അല്ല മൂർച്ഛിക്കുന്നത്, അല്ലെങ്കിൽ സാമൂഹ്യ ഉൽപാദനവും, സ്വകാര്യ ഉടമസ്ഥതയും തമ്മിലുള്ള വർഗസമരം അല്ല ഉണ്ടാകുന്നത്, പൊതുവെ മുതലാളിത്തവ്യവസ്ഥ മുങ്ങുകയാണ്. അതിൽ തൊഴിലാളിയും, മുതലാളിയും രണ്ടുപേരും ആ വ്യവസ്ഥയിൽ മുങ്ങുകയാണ്. മാർക്സ് പറഞ്ഞിടത്തേക്ക് അല്ല കാര്യങ്ങൾ വരുന്നത്. ജനങ്ങളും വ്യവസ്ഥയുമാണ് വൈരുദ്ധ്യത്തിൽ വരുന്നത്. തൊഴിലാളി വർഗ്ഗത്തിനോ, അവരുടെ ഒരു പാർട്ടിക്കോ പ്രസക്തിയില്ല, ഇന്നു മുതലാളിത്തം ക്ഷയിക്കുന്നത് കൊണ്ട്, സോഷ്യലിസ്റ്റ ലക്ഷ്യവും വിദൂരമാണ്. ആകപ്പാടെ ഒരു മുതലാളിത്ത സമത്വമെങ്ങനെ നിലനിർത്തുവാൻ കഴിയുമെന്നതാണ് ഇന്നത്തെ അജണ്ട. എന്നാൽ ഈ കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ തൊഴിലാളി പാർട്ടിയുമായി വെറുതെ കോഴിയെ നിലാവത്ത് അഴിച്ചിട്ട പോലെ തെക്കോട്ടും വടക്കോട്ടും നടക്കുകയാണ്; ഇത് അപലപനീയമാണ്. ഓരോ രാഷ്ട്രത്തിനും സ്വന്തം കമ്പോളം (market)വികസിപ്പിക്കാനാകുന്നില്ല. അതാണ് അന്തർദേശീയമായി,ബൂർഷ്വാസി തന്നെ നേരിടുന്നത്. അതിന്റെ പ്രശ്നങ്ങൾ ദേശീയമായും അനുഭവിക്കുന്നു. അതുകൊണ്ട് തന്നെ രാഷ്ട്രത്തിന് അതിന്റെ പൗരന്മാരെ ഊട്ടാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുന്നു. അതോടൊപ്പം കമ്മ്യൂണിസ്റ്റ് ശക്തികൾ നടത്തുന്ന വ്യാജ യുദ്ധങ്ങൾ രാഷ്ട്രത്തിന് ഉണ്ടാക്കുന്ന ക്യാപിറ്റൽ ചിലവുകളും, ദേശത്തിന്റെ ദാരിദ്ര്യത്തെ വലുതാക്കിയെടുക്കുന്നു. ഇതാണ് വർത്തമാന ചരിത്രകാലഘട്ടം. ഇതൊക്കെ ആരറിയുന്നു?

മുതലാളിത്ത വ്യവസ്ഥ കേന്ദ്രീകരിക്കുന്നത് ആദാന-പ്രദാന (demand-supply) മെന്ന ദ്വിത്വത്തിലാണ്. മുതലാളിത്തത്തിന്റെതന്നെ ഒരു വ്യതിയാനം മാത്രമാണ് സോഷ്യലിസ്റ്റ് വ്യവസ്ഥ എന്ന്, നാം കണ്ടു. സാമൂഹ്യ ഉൽപാദനത്തിന്(social production)ചേർന്ന സാമൂഹ്യ ഉടമസ്ഥത ഉണ്ടാകുന്നു എന്നല്ലാതെ, മറ്റൊരു അടിസ്ഥാന മാറ്റവും സമൂഹത്തിന്റെ അടിത്തട്ടിൽ ഉണ്ടാവുന്നില്ല. കൂലി അടിമത്വം (wage slavery)മാറ്റിത്തീർക്കാൻ ശ്രമിക്കുന്നതിൽ മാത്രമാണ്,

വിപ്ലവപരമായ എന്തെങ്കിലും കിടക്കുന്നത്. ലെനിനിസ്റ്റ് രാഷ്ട്രങ്ങളിൽ അതിനു ഒരു ശ്രമവും നടത്തിയിരുന്നില്ല, അതുകൊണ്ട് തന്നെ അവയൊന്നും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളേ ആയിരുന്നില്ല. സ്റ്റേറ്റ് മുതലാളിത്തം (state capitalism)കൈകാര്യം ചെയ്യുന്ന'തൊഴിലാളികളുടെ രാഷ്ട്രം' എന്ന് വേണമെങ്കിൽ പറയാം.

മുതലാളിത്തവ്യവസ്ഥയെക്കുറിച്ചാണ് നാം പറഞ്ഞു വന്നത്. അതിനെ കുറിച്ച് തന്നെ തുടരാം ചർച്ച. എന്നാൽ ആദാന-പ്രദാനങ്ങളെ പരിഹരിക്കാൻ ഒരു വ്യവസ്ഥ എന്ന നിലക്ക് മുതലാളിത്തവ്യവസ്ഥക്ക് ദേശീയമായി കഴിയാതായപ്പോൾ, അത് ദേശീയ അതിർത്തികൾ വിട്ടു. അതിന്റെ മേഖല, സാർവ്വദേശീയമാക്കി, സാമ്രാജ്യത്വമാക്കി, ഉത്പാദനവും-വിതര ണവും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചു. ഒരു രാഷ്ട്രത്തിലെ ആഭ്യന്തര കമ്പോള പ്രശ്നങ്ങൾ പരിഹരിക്കുന്ന ബോധപൂർവ്വമായ പ്രക്രിയ ആയിരുന്നു അത്. ഇത് സ്റ്റേറ്റിനു വേണ്ടി ഏറ്റെടുത്തു നടപ്പാക്കുന്നത് ഉത്പാദകർ (enterprenueres)ആയിരുന്നു. ഇതാണ് നാം ഈ കാണുന്ന പുത്തൻ സാമ്രാജ്യത്വലോകം. ഈ ഫിനാൻസ് ക്യാപിറ്റൽ ഉപയോഗിച്ച് നിലവിലുള്ള 'ദേശ കമ്പോളങ്ങൾ' പ്രവർത്തിപ്പിക്കുകയാണ് ഇന്നത്തെ ഏക വഴി. ഈ വഴി കൊണ്ട് എങ്ങനെ ഓരോ രാഷ്ട്രങ്ങൾ പിടിച്ചു നിൽക്കും എന്നത് വേറെ കാര്യം.

നമുക്ക് വിഷയത്തിലേക്ക് തിരിച്ചു വരാം.സമ്പത്ത് ഉൽപാദിപ്പിക്കുകയാണ് മനുഷ്യന്റെ ലക്ഷ്യം. അതിന് ഉപകരണങ്ങൾ വേണം, അവ ഉൽപാദിപ്പിക്കപ്പെടണം. അതിനായാണ് നാം കൂട്ടായ്മ ഉണ്ടാക്കി സ്റ്റേറ്റ് പോലെയുള്ള സ്ഥാപനം ഉണ്ടാക്കുന്നതും. എന്നാൽ ലോകത്തിന്റെ പാരിസ്ഥിതികപ്രശ്നങ്ങളും മറ്റൊരു വശത്ത് ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ ലെനിനിസ്റ്റ് രാഷ്ട്രങ്ങളിൽ തൊഴിലാളി വർഗ സ്വേച്ഛാധിപത്യത്തിന്റെ പേരിൽ യഥാർത്ഥത്തിൽ അധികാരം കയ്യാളിയത് ഒരു വിഭാഗം പെറ്റി -ബൂർഷ്വാ വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു. അവർക്ക് ആർക്കും യഥാർത്ഥമനുഷ്യവീക്ഷണം പുലർത്താനായില്ല എന്ന് നാം ചരിത്രത്തിൽനിന്നും കണ്ടുകഴിഞ്ഞു. അതിൽ മാർക്സിന്റെ മനോധർമ്മം ഇല്ലായ്മ ഒരു വിഷയമായിരുന്നു. രണ്ടാമത് ലെനിൻ അനുകരിച്ചത് 'പ്രഷ്യൻ സ്റ്റേറ്റി'നെയായിരുന്നു, ഹേഗലിനെപ്പോലെ, എന്നതും വിഷയമായിരുന്നു. അതിലൂടെ ചരിത്രമനുഷ്യനെ ഒരു ജന്തു (slave) വാക്കി ലെനിനിസം ന്യൂനീകരിച്ചു.

1917-ലാണ് ആദ്യമായി സോവിയറ്റ് യൂണിയനിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ആദ്യപടി ആരംഭിച്ചു എന്ന് തൊഴിലാളി വർഗ രാഷ്ട്രീയം' പറയുന്നത്. യഥാർത്ഥത്തിൽ 'സാമ്പത്തികമണ്ഡല'ത്തിന്റെ തുടർച്ചയുടെ അടിസ്ഥാനത്തിലാണ് 'സാമൂഹ്യരൂപീകരണം' (social formation) ഉണ്ടാകുന്നത്. എന്നാൽ ലെനിൻ ഇവിടെ ഒരു വ്യതിയാനം വരുത്തി, 'പൊളിറ്റിക്കൽ ഫിലോസഫി'യിലൂടെ തൊഴിലാളി വർഗരാഷ്ട്രീയത്തിലൂടെ, രാഷ്ട്രത്തിന്റെ ഭരണം ഏറ്റെടുത്തു. രണ്ടും രണ്ടായിരുന്നു എന്ന് എന്റെ വായനക്കാരൻ ഗ്രഹിക്കണം. ആദ്യത്തേത് ഭൗതികപരവും രണ്ടാമത്തേത് ആശയപരവുമാണ് എന്ന് ആദ്യം അറിയണം. എന്നാലേ കാര്യങ്ങളുടെ ഗൗരവം സൂക്ഷ്മതലത്തിൽ രാഷ്ട്രീയവിദ്യാർത്ഥികൾ ഗ്രഹിക്കുകയുള്ളൂ. ലെനിൻ അവിടെ ചെയ്തത്, സമ്പത്തിന്റെ നീതിപൂർവമായ വിതരണം ഭരണകൂടം ഉപയോഗിച്ച് നടത്തുകയായിരുന്നില്ല. പകരം ഒരു തൊഴിലാളി വർഗഭരണകൂടം സ്ഥാപിക്കുക, അതിലൂടെ ഈ പൊളിറ്റിക്കൽ ഫിലോസഫിക്ക് അനുസൃതമായി സാമ്പത്തികഘടകങ്ങളെ ആന്തരികേതരമായി കൂട്ടിയിണക്കാൻ ശ്രമിക്കുക എന്നതായിരുന്നു.

എന്നാൽ അടിയിലുണ്ടാകുന്ന തൊഴിലാളികൾ വെറും ഭൗതികവാദികളായി വളരുകയും, മനോധർമ്മം തന്നെ ഇല്ലാത്തവരായി വളർത്തപ്പെടുകയുമാണ് ഉണ്ടായത്. അങ്ങനെ മരത്തിനും, ആശാരിക്കും വളവ് ഉണ്ടാകുകയും ഒരു 'തൊഴിലാളി വർഗ പുരോഹിത രാഷ്ട്രീയ നേതൃത്വം' ആയി ന്യൂനീകരിക്കുകയുമാണ് ഉണ്ടായത്. ഫലത്തിൽ മാർക്സിന്റെ ചിന്തയ്ക്കു വിപരീതമാണ് അവിടെ നടന്നത് എന്ന് പറയാനാണ് ഞാൻ ശ്രമിച്ചത്.

ഇതിനുകാരണം ലെനിൻ എന്ന വ്യക്തിയാണെന്ന് കണക്കാക്കേണ്ടതില്ല. ഒരു കൂട്ടം മാനേജർ വർഗത്തിന്റെ കീഴിൽ ഒരു സ്വേച്ഛാഭരണത്തിൽ ആ രാജ്യം അകപ്പെട്ടു. അതുകൊണ്ട് 1917-ൽ ഉണ്ടാക്കപ്പെട്ടത് ഒരു സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയായിരുന്നില്ല. പകരം കമ്മ്യൂണിസ്റ്റു പാർട്ടിനേതൃത്വത്തിലുള്ള 'സ്റ്റേറ്റ് മുതലാളിത്ത'മായിരുന്നു. മുതലാളിത്തം വികസിപ്പിച്ചതിന് ശേഷമേ ഒരു പോസ്റ്റ് മുതലാളിത്ത സോഷ്യലിസ്റ്റ് വിതരണ വ്യവസ്ഥയിലേക്ക് സമ്പദ് ക്രമം സന്നിവേശിപ്പിക്കാനാകൂ. ഇത്തരം കാര്യങ്ങളിലുള്ള ഗ്രാഹ്യതകുറവുകൾ, സി.പി.എസ്.യു (റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി) വിനെ ബാധിച്ചു. ഈ പാകമാകാത്ത മുതലാളിത്തരൂപം കമ്മ്യൂണിസ്റ്റു പാർട്ടിയെയും ഗ്രസിച്ചു, അതിനെ മുക്കിക്കൊന്നു.

1924-ൽ ലെനിൻ മരിച്ചു, സ്റ്റാലിൻ അധികാരത്തിൽ വന്നു. ലെനിൻ രോഗഗ്രസ്ഥനായി കിടന്നപ്പോൾ തന്നെ ലെനിൻ പാർട്ടിയെ ഊന്നിയല്ല ഭരിച്ചത്; സ്റ്റാലിൻ എന്ന ഉദ്യോഗസ്ഥനെ വെച്ചാണ്. ഒരു പാർട്ടി സെക്രട്ടറി ഭരണകർത്താവ് ആവുന്ന ഒരു ചീത്ത കീഴ്വഴക്കം ആദ്യം മനുഷ്യസമൂഹത്തിന് നൽകിയ പ്രത്യയ ശാസ്ത്രവും മാർക്സിന്റെ പേരിൽ തന്നെയായിരുന്നു, ഇത് ലെനിനി സത്തിന്റെ മറ്റൊരു ന്യൂനതയായിരുന്നു.

1929-ലാണ് ആദ്യത്തെ സാമ്പത്തികമാന്ദ്യം ഉണ്ടാകുന്നത്. ഇത് ഏതാണ്ട് 10 കൊല്ലം തുടർന്നു. എന്നാൽ സ്റ്റേറ്റ് നിയന്ത്രണവും റഷ്യൻ ദേശീയതയും ഉണ്ടായതുകൊണ്ട് സ്റ്റാലിന് പിടിച്ച് നിൽക്കുവാനായി. എന്നാൽ മുതലാളിത്തരാഷ്ട്രങ്ങൾക്ക് പിടിച്ചു നിൽക്കാൻ ശ്രമം വേണ്ടി വന്നു. ഒരു 'സംരക്ഷിത വിപണി' യിലൂടെ, കേയിൻസ് അത് നടത്തി. അതായത് ജനങ്ങളുടെ വാങ്ങൽ ശേഷി (purchasing power)വർധിപ്പിക്കുക എന്നതാണ് കേയിൻസ് ചെയ്ത രീതി. അങ്ങനെ സോവിയറ്റ് രീതിയിൽ, മുതലാളിത്ത സർക്കാരുകളും വിപണിയെ നിയന്ത്രിക്കാൻ തുടങ്ങി, അതായത് രണ്ടു രീതികളും ഏതാണ്ട് ഒന്നായി എന്നർത്ഥം. അങ്ങനെ വരുമ്പോൾ സ്റ്റേറ്റുകളെ സഹായിക്കാൻ പണലഭ്യത വേണ്ടിവരും. അങ്ങനെയാണ് ലോകബാങ്ക് (world bank), നാണയനിധി, GATT (general agreement on tariffs and trade) 50 കളിൽ സ്ഥലം പിടിക്കുന്നത്. ഗാട്ടിന്റെ പുതിയരൂപമാണ് WTO (World Trade Organisation). ഇത് 1995 ൽ പ്രാവർത്തികമായി.

ഇതിലൂടെ രാഷ്ട്രങ്ങളെ എഴുന്നേൽപ്പിച്ചു നിർത്താനും സംരക്ഷിത രാഷ്ട്രങ്ങളായി അവയെ മോണിറ്റർ ചെയ്യാനും മൂലധനത്തിന് കഴിഞ്ഞു. അപ്പോഴേക്കും യഥാർത്ഥ സ്റ്റേറ്റ് മുതലാളിത്തം പ്രയോഗിച്ചിരുന്ന കമ്മ്യൂണിസ്റ്റു പാർട്ടികൾ തന്നെ മുതലാളിത്ത പാർട്ടികളായി മറനീക്കി മുന്നോട്ട് വരികയും ആ രാഷ്ട്രങ്ങളെല്ലാം തകർച്ചയുടെ വക്കിലേക്ക് വീഴുകയും ചെയ്തു. ഇതാണ് നാം നേരിടുന്ന വർത്തമാന കാലം.

ജനങ്ങളുടെ 'aggregated demand' വർധിപ്പിച്ച് 'supply' ക്രമീകരിക്കുക—ഇതാണ് പ്രായോഗിക ഭരണരീതി. എന്നാൽ ഇന്ന് സർക്കാർ ഈ ശ്രമങ്ങൾ ചെയ്തിട്ടും 'demand' ഉണ്ടാകുന്നില്ല, എന്നതാണ്, കാലം നേരിടുന്ന പ്രതിസന്ധി. അതുകൊണ്ട് മാർക്കറ്റ് മാന്ദ്യമാകുന്നു. ഇതാണ് ഇന്ന് സംഭവിക്കുന്നത്. അപ്പോൾ സർക്കാരുകൾ പാപ്പരാകുന്നു. ഈ രാഷ്ട്രങ്ങളെ അന്തർദേശീയ മായി ലോകവ്യാപാരസംഘടനകൾ സംരക്ഷിക്കുന്നു. ഇതാണ്

ഇന്ത്യയിലും നടക്കുന്നത്. ഭൗതികമായി ആദ്യം ചെയ്യേണ്ടത് വിപണിയെ പുനർജീവിപ്പിക്കുകയാണ്. അതിന് എന്ത് ചെയ്യണം, എന്നതാണ് മൂലധനത്തിന്റെ ലക്ഷ്യം. ലോകത്ത് ഒരു ബദൽ ഉണ്ടാകുന്നില്ല എന്നത് മറ്റൊരു പ്രശ്നം. അപ്പോൾ മുതലാളിത്തം തന്നെ അസെറ്റ് മൂലധനത്തെ വികസിപ്പിച്ചു കൊണ്ട് നിലവിലുള്ള പണ ദുർലഭതയെ ഷോക്കപ്പ് ചെയ്യുവാൻ തന്ത്രം മെനഞ്ഞു. 'വ്യവസായ'മൂലധനത്തിൽ മാർക്സ് പറഞ്ഞപോലെ ക്യാപിറ്റൽ അക്യൂമിലേഷൻ ഉണ്ടാകുന്നില്ല. 'വ്യവസായ' മൂലധനത്തിൽ നിന്നും അവർ ഊഹ മൂലധനത്തിലേക്ക് താളം മാറ്റി ചവിട്ടി. ധനമൂലധന വിപണി എങ്ങനെയുണ്ടായി എന്നതിന്റെ സെക്യൂലർ ചിന്തയാണ്, ഞാൻ ഈ പറഞ്ഞത്. ഇതിനു പകരം മാർക്സിസ്റ്റു ചിന്തകരുടെ ആഗ്രഹചിന്തകൊണ്ട് കാര്യമില്ലല്ലോ? 'നവ ലിബറൽ നയം' എന്ന് അപലപിച്ചത് കൊണ്ടും കാര്യമില്ല. വ്യവസായ മൂലധനം മാറിയതിനു തക്കകാരണങ്ങൾ ഉണ്ടായിരുന്നു. അതിലേക്ക് തിരിച്ചുകൊണ്ടു വരുവാൻ എന്ത് മാർഗമാണ് എന്നതാണ് ചർച്ച ചെയ്യേണ്ടത്. രാഷ്ട്രത്തിന്റെ ബഡ്ജറ്റുകൾ ക്രമീകരിച്ചു കൊണ്ടാണ് 'ധനമൂലധനം' ഇന്ന് പ്രവർത്തിക്കുന്നത് എന്നത് സത്യം. ഇതിന് എന്താണ് പോംവഴി? മുതലാളിത്തത്തിന്റെ ഘടനാ പ്രതിസന്ധി വഴി സോഷ്യലിസ്റ്റ് ഘടകങ്ങൾക്കും വളർച്ച മുട്ടിയിരിക്കുന്നു. ഇതെല്ലാം ഭൗതികമാണ്. അതുകൊണ്ടാണ് ഭരണവർഗത്തിന് 'ആന്റി ഇൻക്യൂബൻസി' ഉണ്ടാകുന്നതും, എന്നിട്ടും ഭരണം ലഭിക്കുന്നത് വലത് യാഥാസ്ഥിക കക്ഷികൾക്കുതന്നെ എന്നതാണ് നാം കാണുന്നത്. അതുകൊണ്ട് തന്നെ തൊഴിലാളി വർഗ രാഷ്ട്രീയം വെറും ആശയവാദ തലത്തിലേക്ക് മാറി. അവരുടെ നേതൃത്വത്തെ തന്നെ, ലോകം തള്ളിക്കളഞ്ഞിരിക്കുന്നു. ഇതൊന്നും മനസ്സിലാകാവുന്ന രാഷ്ട്രീയ നേതൃത്വം തൊഴിലാളി വർഗത്തിനും ഇല്ല. പിന്നെ എന്താണ് ഒരു പോംവഴി? കമ്മ്യൂണിസ്റ്റുകൾ വെറുതെ പണ്ടെങ്ങോ ആട്ടിതെളിച്ച വഴിയിലൂടെ ഒരു ആശയവാദസരണിയിലൂടെ നടക്കുന്നു എന്നതാണ് വലിയ തമാശ. തികച്ചും മെറ്റാ ഫിസിക്സ് ആണ്, അവരുടെ എല്ലാ ചിന്തകളും പാർട്ടി പേരുമാറ്റങ്ങളും.

സർക്കാരിന്റെ ചിലവ് കുറച്ചുകൊണ്ടാണ് ബജറ്റിലൂടെ 'ധന ഫിനാൻസ് ശക്തികൾ' ഇടപെടുന്നത്. അങ്ങനെ സർക്കാരിന്റെ ധനകമ്മി കുറയ്ക്കുക. ധനകമ്മി കുറയ്ക്കാൻ വേണ്ടിയുള്ള ഉപകരണം മാത്രമാണ് ഗാട്ട്. അതിനുശേഷം WTO 95-ൽ ആയി എന്നു നാം കണ്ടു.

ബോംബേ പ്ലാൻ

47-ൽ സ്വാതന്ത്ര്യം നേടിയ ശേഷം ഇന്ത്യ സ്വീകരിച്ചത് ലെനിനിസ്റ്റ് സ്റ്റേറ്റിന്റെ മാതൃകയിലുള്ള 'ബോംബെ പ്ലാൻ ' ആണ്. വൻകിട മേഖലകളിൽ പൊതുമേഖലയിൽ മാത്രമേ സംരംഭകർ ഉണ്ടാകൂ. അതിൻ പ്രകാരം 'പ്രൊസസ് പാറ്റെന്റ്' (process patent) 70-ൽ നടപ്പാക്കി. എന്നാൽ വ്യപാരശിഷ്ടം പ്രതികൂലമാകയാൽ സർക്കാരുകൾ ദുർബ്ബലമായി. സർക്കാറുകൾക്ക് സുരക്ഷിത മാർക്കറ്റ് നിലനിർത്താൻ പറ്റാതായി. അങ്ങനെയാണ് മൻ മോഹന്റെ സാമ്പത്തികനയം 91-ൽ ആരംഭിക്കുന്നത്. ഒരു രാജ്യത്തിന്റെ വളർച്ച എന്നത് അതിന്റെ HDI ആണ് (human development index). 2013-ലെ ഒരു റാങ്ക് ലിസ്റ്റ് അനുസരിച്ച് UNDP (United Nations Development Programme) പ്രസിദ്ധീകരിച്ചത് പ്രകാരം, ഇന്ത്യയുടെ റാങ്കിങ്ങ് 136 ആണ്. 2012-ൽ ഇന്ത്യ 119-ാം സ്ഥാനത്തായിരുന്നു. 'poverty index'ലും സ്ഥാനം പിറകിൽ തന്നെ. ഘടനാപരമായ പരിഷ്കരണങ്ങൾ വരുത്തിയാലേ IMF, World Bank കടങ്ങൾ സംഗതരാജ്യത്തിന് ലഭിക്കൂ. അതുകൊണ്ട് ഈ രാജ്യങ്ങളുടെ macro fiscal imbalance റിസോൾവ് ചെയ്തിരിക്കണം, അതാണ് ഘടനാപരമായ പരിഷ്കാരങ്ങളുടെ (SAP) ലക്ഷ്യം, സർക്കാരിന്റെ ചെലവു കുറയ്ക്കുന്നതിനാണ് 'സ്വകാര്യവത്കരണം' തുടങ്ങിയത്. രാഷ്ട്രം കടം പേറാതെ ഇൻവെസ്റ്റ്മെന്റ് (Investment)നെ പ്രോത്സാഹിപ്പിക്കുക, അതായിരുന്നു ലക്ഷ്യം. 91-മുതൽ ഇന്ത്യയിൽ മാത്രമല്ല എല്ലാ രാഷ്ട്രങ്ങളിലും നടത്തുന്നത്, ഏതാണ്ട് ഈ രീതികളാണ്. ഇങ്ങനെ വരുമ്പോൾ രാഷ്ട്രത്തിലെ പട്ടിണി കൂടാൻ സാധ്യതയുണ്ട്. ഇത് ഇല്ലായ്മ ചെയ്യുന്നതിന് poverty reduction strategy ഉണ്ടാക്കി, ലോകമാകെ മുതലാളിത്ത ഭരണകൂടങ്ങൾ. ഈ സംരക്ഷിത മാർക്കറ്റുകളും സ്വതന്ത്ര മാർക്കറ്റുകളും തകർന്നു, 'ഊഹ മൂലധന'വും അങ്ങനെ തന്നെ. പിന്നെ എന്ത് ചെയ്യും? മുതലാളിത്ത വ്യവസ്ഥിതിക്ക് ഒരു വ്യവസ്ഥ എന്നനിലയ്ക്ക് മുന്നോട്ടുനീങ്ങുവാൻ കഴിയാതെ നിൽക്കുന്ന അവസ്ഥ. എന്നാൽ മാർക്സിസം വഴികാട്ടിയായി നിൽക്കുന്നു എന്ന് ക്രൂഗ്മാൻ പറയുന്നത് ശരിയാണോ?

തൊഴിലാളിവർഗ്ഗത്തിന്റെ ബദൽ

ഈ സാമ്പത്തികനയങ്ങൾ സൂക്ഷ്മ-സ്ഥൂലമായി പരസ്പരപൂരകമായി പ്രവർത്തിക്കില്ല എന്നതാണ് വസ്തുത. എന്നാൽ ഭരണവർഗത്തിന് അവരുടെ ഉത്തരവാദിത്തം നിറവേറ്റാൻ എന്തെങ്കിലും ചെയ്തേ പറ്റൂ. എന്നാൽ ജനപക്ഷത്തുനിന്നും ഒരു പ്രത്യയശാസ്ത്രവും

ഒരു ബദലും നിർദ്ദേശിക്കപ്പെടുന്നില്ല. ആഭ്യന്തര സാധ്യതകളെ ഉപയോഗിച്ച് ഇതിനെ എങ്ങനെ നേരിടാൻ കഴിയും? ഇത് ഏകപക്ഷീയമായി നിർവഹിക്കാനുമാകില്ല. കാരണം രാഷ്ട്രത്തിലെ സാമ്പത്തിക ജീവിതം നിലനിൽക്കാൻ തൊഴിലവസരങ്ങൾ (employment opportunities) വേണം. എംപ്ലോയ്മെന്റ് ഉണ്ടാകണമെങ്കിൽ പുതിയ പദ്ധതികൾ വേണം. അതിന് പണം മുടക്കാൻ ദേശരാഷ്ട്രങ്ങൾക്കിന്ന് ആവില്ല, അതിന്ന് മൂലധനശക്തികളുടെ സഹായംകൊണ്ടേ പറ്റൂ. രാജ്യത്തു നിക്ഷേപിക്കപ്പെടുന്ന സമ്പത്ത് പ്രതിവർഷം 80 ലക്ഷം കോടിരൂപ ആണ്. ആണവോർജ്ജത്തിന് വേണ്ട തോറിയവും നമ്മുടെ രാജ്യത്തുണ്ട്. ഇതൊക്കെ ഉണ്ടെങ്കിലുമെങ്ങനെ കാര്യങ്ങൾ മുന്നോട്ട് നീങ്ങും? ഇതിനെ കുറിച്ചും മറ്റും തൊഴിലാളിവർഗ രാഷ്ട്രീയത്തിന് എന്തെങ്കിലും മറുപടികൾ ഉണ്ടോ? ജനാധിപത്യമാതൃകയുണ്ടോ? പിന്നെ എന്തടിസ്ഥാനത്തിലാണ് നിങ്ങൾ മുഷ്ടിയുയർത്തുന്നത്?

# 2. ഗാന്ധി /ബ്രിട്ടീഷ് ഇന്ത്യ ചരിത്രം/ കമ്മ്യൂണൽ അവാർഡ്/പൂനാക്കരാർ/ കസ്തൂർബാ

ഗാന്ധിജിക്ക് സ്വന്തമെന്ന് അവകാശപ്പെടാൻ കഴിയുന്ന, ആയുധങ്ങളായിരുന്നു അഹിംസയും അതിലൂന്നിയ നിയമലംഘന പ്രസ്ഥാനങ്ങളും. ഭാഗിക സ്വരാജ് അംഗീകരിക്കുന്ന കോൺഗ്രസ്സിനു അത്തരം അടവ് നയമേ പ്രീ 47-ൽ സാധ്യമായിരുന്നുള്ളൂ. ഭാഗിക സ്വരാജ്, ബ്രിട്ടീഷ്ഇന്ത്യ ഹോംറൂൾപ്രസ്ഥാനം വഴി നമുക്ക് നൽകിയിരുന്നു. കൂടാതെ പൂർണ സ്വരാജ് തരുവാൻ അവർ പ്രതിജ്ഞബദ്ധരും ആയിരുന്നു. അതുകൊണ്ട് തന്നെയാണ് ഗാന്ധിജി സമാധാന മാർഗത്തിന്റെ പാത മുറുകെ പിടിച്ചതും. അതായിരുന്നു സമരത്തിന്റെ ശേഷിക്കുന്ന സെക്കുലർ രൂപവും. വിജയത്തിന്റെ അടിസ്ഥാനംതന്നെ നേരിട്ട് പങ്കെടുക്കാതിരുന്ന ജനകോടികളെക്കൂടി ആശയപരമായി അണിചേർത്ത സത്യാഗ്രഹങ്ങളായിരുന്നു, മഹാത്മാവിന്റെ എന്നതാണ്. ഒരു റെവല്യൂഷണറി പാർട്ടിയുടെ കേഡർ സ്വഭാവത്തിലെന്ന പോലെ അങ്ങേയറ്റം സമർപ്പിതരായ ചിലരുടെ അസാധാരണങ്ങളായ പ്രകടനങ്ങളായിരുന്നില്ല, അതിൽ കൂടുതലായി, ഏറ്റവും സാധാരണ മനുഷ്യരുടെ, വളരെ സാധാരണക്കാരായ ജനത്തിന്റെ, ശക്തികളെയും ദൗർബല്യങ്ങളെയും കണക്കിലെടുത്തുകൊണ്ടുള്ള ഒന്നായിരുന്നു അത്. ബാക്കി ഈ കമ്മ്യൂണിസ്റ്റുകൾ പറയുന്നതു വെറുതെ അവരുടെ തിരക്കഥകൾ മാത്രം. ബ്രിട്ടീഷ്വിരുദ്ധത മാത്രമാണ് രാജ്യസ്നേഹവും ഇന്ത്യൻ ദേശീയവാദവും എന്ന രീതിയിൽ ആയിരുന്നു കമ്മ്യൂണിസ്റ്റുകളടക്കം മിക്ക ഇന്ത്യൻ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും

നിലപാട് എടുത്തത്, (ഇതിനു വിപരീത നിലപാട് എടുത്തവർ ശ്രമണന്മാർ മാത്രമാണ്. അവർ തങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച സാമൂഹ്യ-അനീതികൾക്കെതിരെയായാണ് സ്വാതന്ത്ര്യ സമരത്തെ കണ്ടത്) അതുകൊണ്ട് കോൺഗ്രസ്സിനു ആയിരുന്നു കമ്മ്യൂണിസ്റ്റുക ളേക്കാൾ മുൻകൈ. ഇവിടെ ഉള്ള കമ്മ്യൂണിസ്റ്റുകൾ കോൺഗ്രസ്സി ന്റെ ദേശീയവാദത്തിന്റെ വാലിൽ തൂങ്ങി കിടന്നു. ഒടുവിൽ വാഴ കുലച്ചു വെട്ടിയപ്പോൾ, തല കോൺഗ്രസ്സിനും, കട കമ്മ്യൂണിസ്റ്റുക ൾക്കും കിട്ടി. ഒരു ബദൽ ഉണ്ടാക്കാമായിരുന്നു അന്ന് കമ്മ്യൂണി സ്റ്റുകൾക്ക്. അവർ അതൊന്നും ചെയ്യാതെ നിലാവത്ത് അഴിച്ചിട്ട കോഴികൾപോലെ പ്രവർത്തിച്ചു. കുറെ പാവപ്പെട്ട കമ്മ്യൂണി സ്റ്റുകളെ രക്തസാക്ഷികളാക്കി എന്നതിൽ കവിഞ്ഞു വേറെ ഒരു സംഭാവനയും അവർക്ക് പറയാനില്ല എന്ന് തോന്നുന്നു. മറിച്ച് അവർക്ക് എന്തെങ്കിലും പറയാൻ ഉണ്ടോയെന്നു ചോദിച്ചാൽ ഇന്നും അവർക്ക് ഒരു ഉത്തരവും ഉണ്ടാകില്ല. അതായത് 90-കൊല്ലം കൊണ്ടെങ്കിലും ഉണ്ടാക്കാവുന്ന ഒരു നണപോലും മറുപടിയായി അവർക്കില്ല ഇന്നുപോലും. 1925-മുതൽ 2015-വരെയാണ് ഈ 90 കൊല്ലം എന്ന് ഞാൻ ഉദ്ദേശിച്ചത്.

ബ്രിട്ടീഷ് ഇന്ത്യ ചരിത്രം

1858-ൽ ബ്രിട്ടീഷ് ഇന്ത്യ ഇവിടെ ഉണ്ടാകുന്നു, 1860-ൽ ബ്രിട്ടീഷ് ഇന്ത്യക്ക് ബാധകമായ IPC (ഇന്ത്യൻ പീനൽ കോഡ്) നിലവിൽ വരുന്നു. IPC വന്നതോടെ ബ്രിട്ടീഷ്പ്രദേശങ്ങളിൽ ഹിന്ദു പ്രാമാണികഗ്രന്ഥം 'മനുസ്മൃതി' അസാധുവായി. ഘട്ടം ഘട്ടമായി, ഇന്ത്യ അവരുടെ 'പുത്രിക രാജ്യ' (dominion) മാക്കപ്പെ ടുന്നു. ഇവിടെ എങ്ങനെ ഭരിക്കണമെന്ന അവരുടെ വീക്ഷണത്തിനു രൂപം ഉണ്ടാകുന്നു. പൊതു ജീവിതം നിരാകരിച്ച, ആട്ടിയോടി ക്കപ്പെട്ട ഈ അധഃസ്ഥിതന് ആദ്യമായി സംവരണ നിയോജക മണ്ഡലം, ഭരിക്കുന്ന ബ്രിട്ടീഷ് അധികാരികൾ വെച്ചുനീട്ടുന്നു. ഇതിനെ അംബേദ്കർ ശരിയായി കണ്ടു, എന്നാൽ മഹാത്മാവ് മറിച്ചും. ഇവിടെ നിന്നാണ് അംബേദ്കർ-ഗാന്ധി സംവാദം ആരംഭിക്കുന്നത്. ഗാന്ധിയും അംബേദ്കറും സ്വാതന്ത്ര്യത്തെ നോക്കി കാണുന്നതു രണ്ടായാണ്. കുമാരൻ ആശാനെപ്പോലെയു ള്ളവർ നിലത്തു കുഴിച്ച കുഴിയിൽ പകർന്ന കഞ്ഞി കുടിച്ചുവെങ്കിൽ, ചിരട്ട ചരടിൽ കെട്ടി ആണ് അംബേദ്കർ സ്കൂളിൽ പോയിരുന്നത്.

കമ്മ്യൂണൽ അവാർഡ്

"അയിത്തജാതിക്കാർ ഹിന്ദുമതത്തിന്റെ ഭാഗമാണ്, അവരുടെ സംരക്ഷണം ഹിന്ദുക്കൾ നിർവ്വഹിക്കും, ആയതിനാൽ പ്രത്യേക നിയമ സംരക്ഷണം അവർക്കാവശ്യമില്ല" എന്ന വാദമാണ് മഹാത്മാവ് രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഉയർത്തിയത്. ബ്രിടിഷുകാർ ഇന്ത്യയെ, ഈസ്റ്റ് ഇന്ത്യ കമ്പനിയിൽ നിന്നും ഏറ്റെടുത്തപ്പോൾ പുത്രിക രാജ്യ പദവി നല്കി, ഇന്ത്യക്കാരുടെ സഹായത്താൽ ഭരിക്കാൻ ആണ് മുതിർന്നത്. അതിനായി 19 പ്രത്യേക നിയോജകമണ്ഡലങ്ങൾ അവർ ഇന്ത്യയിലുറപ്പാക്കി. കൂട്ടതലായി അതിൽ ഒരു മണ്ഡലം അധഃസ്ഥിത സമൂഹത്തിനു നല്കാമെന്നും ബ്രിട്ടീഷുകാർ നിർദ്ദേശിച്ചു. അതിനെ ഗാന്ധിജി കുളമാക്കി. മതാടിസ്ഥാനത്തിലാണ് നിയോജക മണ്ഡലങ്ങൾ ഉണ്ടാക്കിയിരുന്നത്. അന്ന് ഭ്രഷ്ട് കൽപ്പിച്ചിരുന്ന ജാതി ഭ്രഷ്ടർക്ക് അവരുടെതായ പ്രത്യക മണ്ഡലം ലഭിച്ചാൽ, സനാതനികൾക്ക് ആനുപാതിക പാതിനിധ്യം നഷ്ടപ്പെടുമായിരുന്നത് കൊണ്ടാണ് രാഷ്ട്രീയപരമായി ഒരു ഹിന്ദുമതം ഇന്ത്യയിൽ 19-ാം നൂറ്റാണ്ടിൽ സംപ്രത്യയവത്കരിക്കുന്നത്

അതായത് ഹിന്ദു എന്നത് ഗാന്ധിയുടെ നേതൃത്വത്തിൽ 1930-ൽ ഉണ്ടാകുന്നത് വിവിധ ജാതികളുടെ ഒരൈക്യ 'രാഷ്ട്രീയ മുന്നണി' ആയാണ്. ഇതിനെതിരെ, ഗാന്ധിക്ക് എതിരെ വൈദിക മതസ്ഥരുടെ ശത്രുതയും വളർന്നിരുന്നു, അതാണ് അദ്ദേഹത്തിന്റെ കൊലയ്ക്കും കാരണമായത്. സംസ്കാരത്തിൽ ആര്യൻ അധിനിവേശം കടന്നു വരുന്നത് എല്ലാം നിങ്ങൾ ചരിത്രത്തിൽ പഠിച്ചിട്ടുണ്ടല്ലോ? അന്ന് ജനസംഖ്യയിൽ 95ശതമാനത്തോളം വരുന്ന തദ്ദേശീയജാതികളെ ചവിട്ടി മെതിക്കുകയായിരുന്നു മധ്യ ഏഷ്യയിൽ നിന്നും വന്ന ആര്യന്മാർ. ദ്രാവിഡരെ അവരുടെ സാംസ്കാരിക ജീവിതത്തിൽ നിന്നും തന്നെ ആട്ടി ഓടിച്ചു, ഒരു എലിയ്ക്കുള്ള ജീവിതം, വിദ്യാഭ്യാസംവരെ നിഷേധിച്ചു ആര്യന്മാർ. അങ്ങനെ തുടരുമ്പോളാണ് 12-ാം നൂറ്റാണ്ടിൽ സുൽത്താൻ ഭരണം ഇന്ത്യ ആക്രമിച്ചു കീഴടക്കുന്നത്. അവർ 'അമുസ്ലിമുകൾ' ആക്കി മൊത്തം ഹിന്ദുസ്ഥാനികളെ സ്വത്വപരമായി ആക്രമിച്ചു, ജെസ്സിയ നികുതിയും ഏർപ്പെടുത്തി.പിന്നീട് ഈസ്റ്റ്ഇന്ത്യാ കമ്പനി നമ്മെ കയ്യേറുന്നു. 1857-ൽ, അങ്ങനെ 'ഒന്നാം സ്വാതന്ത്ര്യ സമരം' ഉണ്ടാകുന്നു. അങ്ങനെ ആണ് 1858-ൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കീഴിൽ ഒരു 'ബ്രിട്ടീഷ് ഇന്ത്യ' ഉണ്ടാകുന്നതും. ഘട്ടം ഘട്ടമായി

ഇന്ത്യ അവരുടെ പുത്രിക രാജ്യമാക്കി മാറ്റപ്പെട്ടു. ശ്രീ നാരായണ ഗുരുവിനു സന്യാസം നൽകിയത് ബ്രിട്ടീഷുകാരായിരുന്നു എന്ന് ഗുരു തന്നെ നമ്മോടു പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷുകാർ ഭിന്നിപ്പിക്കു ന്നോരെന്ന് പറയുന്നത് തെറ്റാണ് എന്നാണ് എന്റെ വാദം. അത് സനാതനികളുടെ ഭള്ള് പറച്ചിൽ മാത്രമാണ്. ശ്രമണർ അതിൽ വീഴരുത് എന്നേ എനിയ്ക്ക് ഇക്കാര്യത്തിൽ പറയാനുള്ളൂ. 1910-ൽ ക്രിപ്സ് ദൗത്യത്തെ തുടർന്ന് രാഷ്ട്രീയാധികാരം ഇൻഡ്യാക്കാരി ലേക്ക് കൈമാറ്റം ചെയ്യപ്പെടാമെന്ന അവസ്ഥ സംജാതമാകുന്നു.

ഇതിന്റെ ഫലമായി 1932 ആഗസ്റ്റ് 16ന് 'കമ്മ്യൂണൽ അവാർഡ്'' പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അതിൽ അയിത്തജാ തിക്കാരുടെ പരിരക്ഷകൾകൂടി ബ്രിട്ടീഷുകാർ വ്യവസ്ഥചെയ്തു. എന്നാൽ അയിത്തജാതിക്കാർ ഭരണാധികാരത്തിൽ ഇങ്ങനെ പങ്കാളികളായി മാറുന്ന ഇന്ത്യയെക്കുറിച്ച് സങ്കല്പിക്കുവാൻ മഹാത്മാവിനു കഴിഞ്ഞില്ല. തന്റെ മുൻപ്രഖ്യാപനം അനുസരിച്ച് അയിത്തജാതിക്കാരുടെ സാമൂഹ്യ-രാഷ്ട്രീയ പരിരക്ഷകൾക്കെ തിരെ മരണംവരെ നിരാഹാര സത്യാഗ്രഹം അദ്ദേഹം ആരംഭിച്ചു. 1932 സെപ്റ്റംബരിൽ കുപ്രസിദ്ധമായ 'എപിക്ഫാസ്റ്റ്' മഹാത്മാവ് തുടങ്ങുന്നു. തന്റെ ജീവൻ പകരംകൊടുത്തും അത് തടയാൻ മഹാത്മാവ് എന്തുകൊണ്ട് തീരുമാനിച്ചു എന്നത് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ജീവിതത്തിന്റെ എല്ലാ തുറകളിലുംപെട്ട വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തം ലഭിക്കാനുതകുന്ന വ്യവസ്ഥകളുമായാണ് കമ്മ്യൂണൽ അവാർഡ് പ്രഖ്യാപിച്ചത്. നാട്ടുരാജ്യങ്ങളുടെ പ്രാതിനിധ്യപ്രശ്നം കൂടി ഉൾപ്പെ ട്ടിരുന്നതിനാൽ, കേന്ദ്ര നിയമ സഭയെ ഇതിൽനിന്ന് ഒഴിവാക്കി യിരുന്നു താനും. അതായതു സംസ്ഥാന നിയമസഭകളെ മാത്രം ബാധകമാക്കിയാണ് 'കമ്മ്യൂണൽ അവാർഡ്' ഉണ്ടാക്കിയത് എന്നിട്ടാണ് മഹാത്മാവ് ഇങ്ങനെ ഒരു നിലപാട് എടുത്തത്. അധഃസ്ഥിത സമൂഹത്തിനു സംസ്ഥാന നിയമ സഭയിൽ മാത്രമേ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുവാനുള്ള വോട്ടവകാശവും സംവരണസീറ്റുകളും കമ്മ്യൂണൽ അവാർഡിൽ കൂടി കിട്ടുമായി രുന്നുള്ളൂ, അതിനെയാണ് മഹാത്മ എതിർത്തത്(?) സംവരണ സീറ്റിൽ രണ്ട് വോട്ടുകൾചെയ്യാനുള്ള അവകാശം ലഭിക്കുന്നു വെന്നത് കമ്മ്യൂണൽ അവാർഡിന്റെ ഒരു സവിശേഷതയായി രുന്നു. അയിത്തജാതിക്കാർക്കൊപ്പം മുഹമ്മദീയർ, സിക്കുകാർ, മഹാരാഷ്ട്രർ, ഇന്ത്യൻ ക്രിസ്ത്യാനികൾ, ആംഗ്ലോഇന്ത്യൻസ്,



വനിതകൾ, തൊഴിലാളികൾ, വാണിജ്യ-വ്യവസായ-തോട്ട ഉടമകൾ തുടങ്ങിയവർക്കും യൂറോപ്യന്മാർക്കും വരെ കമ്മ്യൂണൽ അവാർഡിൽ പ്രത്യേക നിയോജക മണ്ഡലങ്ങൾ ബ്രിട്ടീഷുകാർ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ ഇന്ത്യക്ക് ബ്രിട്ടന്റെ പുത്രികാ രാജ്യപദവി ലഭിച്ചാൽ മതിയെന്ന അഭിപ്രായ ക്കാരനായിരുന്ന മഹാത്മാവ് എന്നത് ആരെയും അമ്പരപ്പിക്കും. ബംഗാളിൽ, യൂറോപ്യന്മാരുടെ ജനസംഖ്യ വളരെ ന്യൂനം മാത്ര മായിരുന്നെങ്കിലും അവിടെ അവർക്ക് 10% സീറ്റ് സംവരണം കൊടുത്തുകൊണ്ട് അനർഹമായ പങ്കാളിത്തം തട്ടിയെടുത്തതിൽ പ്രതിഷേധിക്കേണ്ട ഒരു കാര്യമായിരുന്നു. എങ്കിലും അതിനെപറ്റി മഹാത്മാവ് വിമർശിച്ചതായി കാണുന്നില്ല. മഹാത്മാവ് ഇവയോട് ഒന്നും പ്രതിഷേധിക്ക പോലും ഉണ്ടായില്ല. പകരം അയിത്തജാ തിക്കാർക്ക് വോട്ടവകാശവും സംവരണ സീറ്റും നൽകിയതിനെ മാത്രമാണ് മഹാത്മാവ് എതിർത്തത്(?!) അതിനു കാരണമായി പറഞ്ഞത് ഹിന്ദുമതം തകരും എന്ന മതമൗലികവാദമാണ്. ഗാന്ധിയുടെ ഈ നിലപാടിനെ എഡ്വേർഡ് തോംസണെ പ്പോലെയുള്ള പടിഞ്ഞാറൻ ബുദ്ധിജീവികൾ വിമർശിച്ചിട്ടുണ്ട് താനും, എഡ്വേർഡ് തോംസൺ അദ്ധ്യാപകൻ എന്ന നിലയിൽ

വളരെക്കാലം ഇന്ത്യയിൽ ജോലിചെയ്തിട്ടുള്ള വ്യക്തിയാണ്. ഇന്ത്യയെക്കുറിച്ച് നിരവധി ചരിത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായി ഉണ്ട്. എഡ്വേർഡ് തോംസൺ ഇന്ത്യയെയും ഇന്ത്യൻ നേതാക്കളെയും അന്ന് വീക്ഷിച്ചത് തികച്ചും സ്വതന്ത്രമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടായിരുന്നുവെന്ന് ശ്രീ ജവഹർലാൽ നെഹ്റു തന്നെ ('ഒരു കൂട്ടം പഴയ കത്തുകൾ') പറയുന്നുണ്ട്. 1936 ഡിസംബറിൽ എഡ്വേർഡ് തോംസൺ, ജവഹർലാൽ നെഹ്റുവിന് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറയുന്നു. 'വട്ടമേശ സമ്മേളനത്തിൽ വെച്ച് തികച്ചും അസംഗതവും ധിക്കാരപരവുമായ നിലപാട് എടുത്ത മഹാത്മാവിന് അവിടെ വരാതിരിക്കാമായിരുന്നു. പക്ഷെ വന്ന സ്ഥിതിക്ക് മറ്റ് ഇന്ത്യക്കാരുടെ നേരെ— പൊതുവായ പ്രതീക്ഷയിലും ഉദ്യമത്തിലും ഏർപ്പെട്ട സുഹൃത്തുക്കളെന്ന നിലക്ക് —അവരുമായി കൂടി ആലോചിക്കാൻ ബാധ്യസ്ഥനാണെന്ന, നില അംഗീകരിക്കാനദ്ദേഹം വിസമ്മതിച്ചതിൽ ഒരു ന്യായീകരണവുമില്ലായിരുന്നു'. അംബേദ്കറും മഹാത്മാവും സുഹൃത്തുക്കളാണെന്ന് തോംസൺ തെറ്റിദ്ധരിച്ചിരുന്നു.

കോൺഗ്രസ്സുകാർ ഗാന്ധിയെ ഇന്ന് മറന്നിരിക്കുന്നു. ഗാന്ധിയെ ഓർക്കുന്നത് നിരാശിതരായ കുറച്ചു ലെനിനിസ്റ്റു -കമ്മ്യൂണിസ്റ്റുകൾ മാത്രമാണ് എന്നുതോന്നുന്നു. എന്നാൽ തരംകിട്ടുമ്പോഴൊക്കെ ഇവർ ഗാന്ധി സ്തുതി നടത്തുന്നത് കാണാവുന്നതാണ്. ഇയ്യിടെ അരുന്ധതി റോയ് ഗാന്ധിയെ വിമർശിച്ചതിനു കൂടുതൽ ആക്രമിച്ചത് സാമൂഹ്യ മീഡിയകളിൽ ഈ ലെനിനിസ്റ്റു-കമ്മ്യൂണിസ്റ്റുകളായിരുന്നു. കോൺഗ്രസ്സ് ഒരു പ്രതിവാദം പോലും വെച്ചില്ല എന്നതാണ് അതിശയം!

കസ്തൂർബാ

ആഗഖാൻ കൊട്ടാരത്തിൽ കിടന്നാണ് കാസ രോഗം മൂലം പ്രിയപ്പെട്ട നമ്മുടെയെല്ലാം അമ്മയായ, ശ്രീമതി ഗാന്ധി, കസ്തൂർബമ്മ മരിക്കുന്നത്. എനിക്ക് കസ്തൂർബായെ, കേട്ടറിവിൽ, നല്ല ഇഷ്ടമായിരുന്നു. കൃത്യമായ മരുന്ന് കിട്ടാഞ്ഞത് കൊണ്ടാണ് ആ പാവം സ്ത്രീ മരിക്കാനിടയായത് എന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഒന്നും അന്ന് ജനിച്ചിട്ടില്ല. വായിച്ച അറിവ് ആണ്. അക്കാലത്ത് വിലയേറിയതും ദുർലഭവുമായ പെൻസിലിൻ മരുന്ന് ഇന്ത്യയിൽ കിട്ടില്ലായിരുന്നു. കസ്തൂർബാമ്മയുടെ കാര്യത്തിൽ ബ്രിട്ടീഷുകാർ അത് എത്തിച്ചു കൊടുത്തിട്ടും, അത് കുത്തിവെക്കുവാൻ ഗാന്ധിജി സമ്മതം കൊടുത്തില്ല എന്നതാണ് എന്നെ ഏറെ ദുഃഖിപ്പിക്കുന്നത്.

"കുത്തിവെയ്പ്പ് ശരീരത്തോട് ചെയ്യുന്ന ഹിംസ"യാണെന്നും, കസ്തൂർബമ്മയുടെ ശരീരത്തോട് അത് ചെയ്യാൻ അനുവദിക്കില്ലെന്നും ഗാന്ധി വാശി പിടിച്ചു (സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ പേജ് 73)എന്നാണ്, നമുക്ക് ഇന്ന് വായിക്കാൻ ആവുന്നത്.

(ജാതി ചിന്ത പോകാൻ ഗാന്ധി വേറൊരു ജന്മം ജനിക്കണം എന്നു ഗുരു പറഞ്ഞതു ഞാൻ ഈ സമയം ഓർക്കുന്നു. ഗാന്ധിജിയെ പോലെയൊരു മഹാവ്യക്തിയ്ക്കുപോലും ജാതി ചിന്തയിൽ നിന്ന് മുക്തനാകാൻ കഴിഞ്ഞില്ലല്ലോ എന്നും കൂടി ഗുരു അന്ന് പറഞ്ഞു)

വളരെ രസമാണ് ഒരർത്ഥത്തിൽ മഹാത്മാവിന്റെ വാദങ്ങൾ കേൾക്കാൻ. വസ്ത്രം ധരിക്കുന്നതുകൊണ്ടാണ് ലജ്ജ ഉണ്ടാകുന്നതെന്ന് ഗാന്ധി വിശ്വസിച്ചിരുന്നു. (സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ പേജ്-79). (പ്രബോധനം- എം.സി. ജോസഫ് പേജ്- 144) അതുപോലെ ദിവസവും മഹാത്മാവിന്റെ ശരീരത്തിൽ ഉഴിച്ചിൽ ഉണ്ടായിരുന്നു. ഉഴിച്ചിൽ നടത്തുമ്പോൾ ഗാന്ധി പരിപൂർണ്ണ നഗ്നനായിരുന്നു. യുവതികളെക്കൊണ്ടാണ് ഉഴിച്ചിൽ നടത്തുക. ആശ്രമത്തിലെ സ്ത്രീകൾക്കും പുരുഷന്മാർക്കും കാണാവുന്ന തരത്തിൽ, പരസ്യമായാണ് മഹാത്മാവിന്റെ കുളി നടന്നിരുന്നത്. വസ്ത്രം ധരിക്കുന്നതിനോട് മഹാത്മാവിനു ഒരു അലർജി തന്നെ ആയിരുന്നു. തന്നെപ്പോലെ നഗ്നരാകാൻ ഗാന്ധി ആശ്രമത്തിലെ സ്ത്രീകളോടും പുരുഷന്മാരോടും ആവശ്യപ്പെട്ടിരുന്നു എന്ന് നമുക്ക് വായിക്കാൻ കഴിയുന്നു. (സ്വാതന്ത്ര്യം അർദ്ധ രാത്രിയിൽ പേജ്-79).

മറ്റൊരു അനുഭവം കേൾക്കുക. ഗാന്ധിക്ക് ഒരിക്കൽ അർശ്ശസ്സ് ബാധിച്ചു. പാൽ കുടിക്കണമെന്നു ഡോക്ടർ നിർദ്ദേശിച്ചു. മഹാത്മാവ് ആണെങ്കിൽ പാൽ കുടിക്കില്ലെന്ന് പ്രഖ്യാപിച്ച സത്യാന്വേഷിയും ആയിരുന്നു. മഹാത്മാവ് അതിനു പരിഹാരം കണ്ടെത്തിയത് എങ്ങനെയെന്നു നോക്കുക. "പശുവിന്റെയും, എരുമയുടെയും പാൽ കുടിക്കില്ലെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ, ആടിന്റെ പാൽ കുടിക്കില്ലെന്ന് പറഞ്ഞിട്ടില്ല" (എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ പേജ്-594). ആട്ടിൻ പാലിന് എന്താ സവിശേഷത? ഗാന്ധിജിയും ഒരു പച്ച മനുഷ്യനായിരുന്നു എന്ന് സൂചിപ്പിച്ചു എന്ന് മാത്രം.

"പാൽ പ്രകൃത്യാ ലഭിച്ച ഭക്ഷണമല്ല" എന്ന കാരണത്താലാണ് മഹാത്മാവ് പാൽ വർജിച്ചിരുന്നത്. മറ്റൊരു കാര്യം മഹാത്മാവിന്റേതായി കാണുന്നത് ഇതാണ്. "തോട്ടിപ്പണി ഒരു പുണ്യകർമ്മം ആണ്" (M.K. Gandhi–Young India–1921 April

27). "ഒരു ക്ഷുരകനോ, ചെരുപ്പുകുത്തിയോ കോളേജ് വിദ്യാഭ്യാസത്തിനു പോയാലും അയാൾ തന്റെ കുലത്തൊഴിൽ ഉപേക്ഷിക്കാൻ പാടില്ല" (M.K. Gandhi - Harijan-1935 june 26 ) (നമ്മുടെ Dr. പല്പുവിനോട് ചെത്താൻ തെങ്ങ് തരാം എന്ന് തിരുവിതാംകൂർ രാജാവ് പറഞ്ഞത് കേരളീയർ മറന്നിട്ടില്ലല്ലോ ?)

ഇതൊക്കെ ആണ് മഹാത്മാവിനെ വായിച്ചാൽ നമുക്ക് മനസ്സിലാകുക. എന്തായാലും നിങ്ങളുമായി മഹാത്മാവിന്റെ ചില വ്യക്തിഗതമായ കാര്യങ്ങൾ ഷെയർ ചെയ്തു എന്നുമാത്രം.

നമ്മൾപറഞ്ഞു വന്നത് മഹാത്മാവിന്റെ നേതൃത്വത്തിൽ ഉള്ള ഇന്ത്യൻ ദേശീയ സമരത്തെപ്പറ്റിയാണ്. കോൺഗ്രസ്സ് ഒരിക്കലും ബ്രിട്ടീഷുകാരോട് സാഹസികമായി ഒരു അഭ്യന്തര യുദ്ധം ചെയ്തിട്ടില്ല. അവർ ക്രമികമായി ബ്രിട്ടീഷുകാരിൽ നിന്നും പൂർണ സ്വരാജ് നേടിയെടുക്കുകയായിരുന്നു, നയപരമായി. കോൺഗ്രസ്സിന്റെ ജനഗണമനയും, കൊടിയും വന്ദേമാതരവുമൊക്കെ തന്നെയാണ് പൂർണ സ്വരാജ് ആയ പോസ്റ്റ് 47ഇൽ ഇന്ത്യ സ്വീകരിച്ചതും. അതിനു ഗാന്ധിജി, കോൺഗ്രസ്സിനെയും, ചതുർവർണ്ണീയരേയും നയിച്ചു. ഇതെല്ലം പൂർണമായും ശരിയും ആണ്.അതോടൊപ്പം മറ്റ് സെമറ്റിക് മതസ്ഥരേയും ഗാന്ധിജിയോടൊപ്പം നിർത്താൻ അദ്ദേഹം ശ്രമിച്ചു, അത് സാധിക്കുകയും ചെയ്തു. അതിനു വേണ്ടി ഖിലാഫത്ത് ലഹളയെ വരെ മഹാത്മാവ് പിന്തുണച്ചു.

AICCയുടെ ത്രിപുര സമ്മേളനത്തിൽ ഏറെ പേരുടെ നിർദ്ദേശ പ്രകാരം സുഭാഷ്ചന്ദ്രബോസിനെ, അദ്ധ്യക്ഷ സ്ഥാനത്തേയ്ക്കുള്ള സ്ഥാനാർഥിയാക്കി. എന്നാൽ ശ്രീ. സുഭാഷിന്റെ സ്ഥാനാർത്ഥിത്വം സ്വീകരിക്കാൻ മഹാത്മാവ് തയ്യാറായില്ല, ഗാന്ധി, അബ്ദുൽ കലാം ആസാദിനെ അദ്ധ്യക്ഷനാക്കാനാണ് ശ്രമിച്ചത്. എന്നാൽ കലാം സ്വയം പിൻവലിഞ്ഞു. ഒടുവിൽ മഹാത്മാവ് പട്ടാഭി സീതാരാമയ്യയെയെ തന്റെ സ്ഥാനാർഥിയാക്കി മത്സരിപ്പിച്ചു, സുഭാഷിന് എതിരെ. അതിൽ മഹാത്മാവിന്റെ കക്ഷി ഭൂരിപക്ഷം വോട്ടിനു തോറ്റു. ഇതാണ് ഇന്നത്തെ ഗാന്ധി-കമ്മ്യൂണിസ്റ്റുകൾ. അന്നത്തെ കമ്മ്യൂണിസ്റ്റുകളും ഏതാണ്ട് ഇത് തന്നെ നിലവാരം. 1942 മുതൽ 1945 വരെ ബ്രിട്ടീഷ് -സിപിഐ ഭായി വിളിച്ച് നടന്നു.1939-ൽ രണ്ടാം ലോകയുദ്ധം ആരംഭിച്ചു. അന്നെല്ലാം കമ്മ്യൂണിസ്റ്റുകൾ കോൺഗ്രസ്സിൽ ഒളിച്ചു കഴിയുകയായിരുന്നു. കോൺഗ്രസ്സ് ഭാഗിക സ്വരാജ് ആർജിച്ചു ഭരണത്തിൽ കേറി. ബ്രിട്ടീഷ് സഖ്യവും

നിലനിർത്തി. ഒറ്റപ്പെട്ട ചില സാഹസസമരങ്ങൾ മാവോയിസ്റ്റ്കൾ ചെയ്യുന്നത് പോലെ നടത്തി സി.പി.ഐ. ഇന്ത്യയിൽ ഒരു കമ്മ്യൂണിസ്റ്റുപാർട്ടി ഉണ്ടെന്നു വരുത്തിയിരുന്നു. ഒരു യഥാർത്ഥ നയമോ, പരിപാടിയോ, ജനങ്ങൾക്ക് ഒരു മിനിമം പരിപാടിയോ അന്നുതൊട്ടേ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇന്ത്യൻ ദേശീയ സമരത്തെപ്പറ്റിയോ, ജനങ്ങളുടെ സാമൂഹ്യനീതിയെ പറ്റിയോ കമ്മ്യൂണിസ്റ്റുകൾക്ക് ഒന്നും പറയാൻ ഉണ്ടാകില്ല, അന്നും ഇന്നും. ശ്രമണരായ, ഭൂരിപക്ഷം മറ്റ് സെക്കുലർ ഹിന്ദുക്കൾ, ഇപ്പോൾ ഇതിനെ പുനർവായന ചെയ്യുന്നു, അത്ര മാത്രം. കമ്മ്യൂണൽ അവാർഡ് മഹാത്മാവിനെ കുറിച്ച് പഠിക്കുവാൻ ഏറ്റവും നല്ല സാക്ഷ്യം ആണ്.

പൂനാക്കരാർ

ഗാന്ധി അന്ന് 21 ദിവസം വരെ നിരാഹാരം ഇരുന്നു. അതോടെ ഗാന്ധിയുടെ ആരോഗ്യസ്ഥിതി അത്യാസന്നമായി. ഡോക്ടർമാർ ഗാന്ധി മരിക്കുമെന്നുതന്നെ വിധിപറഞ്ഞു. അപ്പോൾ അംബെദ്കറിന് ഗാന്ധി നിലപാടിനോട് വഴങ്ങേണ്ടിവന്നു. സ്വജീവൻ നിലനിർത്തുന്നതിനുവേണ്ടി അയിത്തജാതിക്കാരുടെ ചില അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കാൻ ഗാന്ധിയും സമ്മതിച്ചു. സവർണ്ണൻ ന്യൂനപക്ഷമായിരുന്നു എങ്കിലും, സംഘടിതമായി ശക്തൻ ആയിരുന്നു. എല്ലാ ദേശീയ നേതാക്കളും ഗാന്ധിയുടെ കൂടെ സഖ്യപ്പെട്ട് തന്നെ നിന്നു പിന്നെയാണോ അന്നത്തെ വൈഷ്ണവ ഹിന്ദു പ്രമുഖർ? ഇങ്ങനെ എതിർപ്പ് വർദ്ധിച്ചപ്പോൾ പ്രത്യേകിച്ച മരണം വരെ നിരാഹാരം ഇരിക്കുന്ന ഗാന്ധിയുടെ ജീവന് വേണ്ടി, അംബെദ്കർക്ക് ചില കാര്യങ്ങളിൽ വിട്ടു വീഴ്ചക്ക് സമ്മതിക്കേണ്ടിവന്നു. പ്രത്യേക വോട്ടർപട്ടികപ്രകാരം സ്വന്തം സ്ഥാനാർത്ഥിക്ക് നൽകാൻ കഴിയുമായിരുന്ന വോട്ടവകാശം വിട്ടു കൊടുത്തു. രണ്ടു വോട്ടിനുള്ള അവകാശം ഒന്ന് മാത്രമായി കുറച്ചു. പകരമായി സംവരണ സീറ്റുകളുടെ എണ്ണം 197 ആയി വർദ്ധിപ്പിക്കണമെന്ന് അംബേദ്ക്കർ ആവശ്യപ്പെട്ടു. എന്നാൽ അത് 126-ൽ അധികമാക്കാൻ സവർണ്ണൻ മുതിർന്നില്ല. അവരുടെ ആ നിലപാട് അംഗീകരിക്കാൻ അംബേദ്ക്കറും തയ്യാറായില്ല. ഒടുവിൽ സംവരണ സീറ്റുകളുടെ എണ്ണം 126-ൽ നിന്നും 148 ആയി വർദ്ധിപ്പിക്കുവാൻ സവർണ്ണവിഭാഗം സമ്മതിച്ചു. വൈഷ്ണവ ഹിന്ദുകൾ മറ്റൊരു തർക്കം ഉന്നയിച്ചത് റഫറണ്ടത്തെക്കുറിച്ചായിരുന്നു. സംവരണം തുടരണമോ വേണ്ടയോ എന്നത്

സംബന്ധിച്ച് അയിത്തജാതിക്കാരുടെ ഇടയിൽ ഒരു റഫറണ്ടം (ഹിതപരിശോധന) നടത്തിയശേഷം സംവരണനയം പുനപ്പരി ശോധിക്കണമെന്നതായിരുന്നു,അത്. എത്രയും വേഗം അത് നടത്ത ണമെന്ന് വൈദികർ ആവശ്യപ്പെട്ടു. എന്നാൽ അയിത്തജാതിക്കാ രുടെ സാമൂഹ്യനില ഉയരാതെ റഫറണ്ടം നടത്താനാവില്ല എന്ന് അംബേദ്ക്കർ നിർബ്ബന്ധം പിടിച്ചു. ഇതായിരുന്നു ആ തർക്കം. ആയതിനാൽ 15കൊല്ലം കഴിഞ്ഞ് റഫറണ്ടം നടത്താം എന്ന് അംബേദ്ക്കർ വാദിച്ചു, എന്നാൽ ഇതൊരു നീണ്ട കാലയളവാണെ ന്നും അതനുവദിക്കാൻ പറ്റില്ലെന്നും സാക്ഷാൽ ഗാന്ധി തന്നെ വാശി പിടിക്കുകയാണ് ഉണ്ടായത്. എന്തിനാണ് മഹാത്മാവായ ഗാന്ധി വൈഷ്ണവർക്കു വേണ്ടി ഇത്രയും വാശി പിടിച്ചത് ? ഇവിടെയെല്ലാം എന്താണ് ഗാന്ധി എന്ന് നിങ്ങൾക്ക് മനസ്സിലാകും 5 കൊല്ലം അനുവദിക്കാം എന്നാണു മഹാത്മ വാശിപിടിച്ചത്. അല്ലെങ്കിൽ വീണ്ടും മരണം വരെ നിരാഹാരം തുടരും എന്നായിരുന്നു മഹാത്മ പറഞ്ഞത്.

ഇന്ത്യാമഹാരാജ്യം വീണ്ടും കലാപകലുഷിതമായി. ദലിത് ഗ്രാമങ്ങൾചുട്ടെരിക്കപ്പെട്ടു. 'മഹാത്മജി'യുടെ ജീവനപഹരി ക്കാൻ ശ്രമിക്കുന്ന രാജ്യദ്രോഹിയായി അംബേദ്കർ ചിത്രീകരി ക്കപ്പെട്ടു. അംബേദ്ക്കർക്കുവേണ്ടി അന്ന് ഉയർന്ന അനുകൂലമായ ഒരേയൊരു ശബ്ദം, ഇസ്ലാം നേതാവായിരുന്ന മുഹമ്മദാലി ജിന്നയുടേത് ആയിരുന്നു എന്നതാണ് ചരിത്രത്തിൽ നമുക്ക് കാണാനാവുന്നത്. അവിടെയും ഗാന്ധി വിജയിച്ചു. റഫറണ്ട പ്രശ്നം ഉൾപ്പെടുത്താതെ 'പൂനാക്കരാർ' 1932 സെപ്തമ്പർ 24-ാംനു ഉണ്ടാ ക്കപ്പെട്ടു. പൂന-യർവ്വാഡാ ജയിലങ്കണത്തിൽ അയിത്തജാതിക്കാ രുടെ പ്രതിനിധികളും, സവർണ്ണ ഹിന്ദുക്കളുടെ പ്രതിനിധികളും, പൂനക്കരാറിൽ ഒപ്പുവച്ചു. കരാറിൽ നിന്നും ഗാന്ധി രേഖാമൂലം മാറി നില്ക്കുകയാണ് ഉണ്ടായത്. ഇന്ത്യൻ ദേശീയതയുടെ ചരിത്രത്തിലെ ഇരുണ്ട അദ്ധ്യായമായി അങ്ങനെ, പൂന പാക്റ്റ്.

# 3. അംബേദ്കറും അദ്ദേഹത്തിന്റെ രാഷ്ട്രീയവും

ഒരു സാമൂഹികരാഷ്ട്രീയ നേതാവാണ് അംബേദ്കർ. അദ്ദേഹത്തിന്റെ ചിന്തകളും ആശയങ്ങളും പ്രവൃത്തികളും ആണ് അംബേദ്കർ വാദം ആയി രൂപപ്പെട്ടു വന്നത്. 30'കളിലും 40'കളിലുമാണ് അദ്ദേഹത്തിന്റെ ചിന്തകൾ രൂപപ്പെട്ടത്. എന്നാൽ രാഷ്ട്രീയ സാമൂഹികപ്രവർത്തനങ്ങളിൽ കൂടുതൽ ഏർപ്പെട്ടിരുന്നതിനാൽ, അവയൊന്നും എഴുതിവെയ്ക്കുവാൻ സമയം കിട്ടിയിരുന്നില്ല, അദ്ദേഹത്തിന്. അതിനാൽ തന്നെ 50'കളിൽ കേന്ദ്രമന്ത്രി ആയതിനുശേഷം മാത്രമാണ് തന്റെ ആശയങ്ങൾ പുസ്തകരൂപത്തിലാക്കുവാൻ സാധിച്ചത്.

അയിത്തജാതിക്കാർ എന്ന് അറിയപ്പെടുന്നവർക്ക് വേണ്ടി ഒട്ടും വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുകയായിരുന്നു, അദ്ദേഹം ചെയ്തത്. ഈ പ്രവർത്തനത്തിലൂടെ ബ്രാഹ്മണാധിപത്യത്തിന്റെയും ജാതിവ്യവസ്ഥയുടെ പൂർണ്ണനാശം ആയിരുന്നു,അദ്ദേഹം ലക്ഷ്യമാക്കിയത്. ജാതി ഉന്മൂലനാശം ചെയ്യപ്പെടണമെങ്കിൽ ഹൈന്ദവ മതത്തെ തള്ളിപ്പറയുകയും മറ്റൊരു മതം തെരഞ്ഞെടുക്കുകയും വേണം എന്ന നിഗമനത്തിൽ, അദ്ദേഹം യാന്ത്രികമായി എത്തിച്ചേർന്നു. ഗാന്ധിവിദ്വേഷം ആണ് അദ്ദേഹത്തെ അതിൽ എത്തിച്ചത് എന്ന് ഞാൻ അനുമാനിക്കുന്നു. അതിന്നു ബുദ്ധമതത്തെ അദ്ദേഹം തെരഞ്ഞെടുത്തു. ഭാരതത്തിലെ മൊത്തം പിന്നോക്കക്കാർക്ക് പൊതുവായിട്ടാണ്, അദ്ദേഹം ബുദ്ധവിശ്വാസം തെരഞ്ഞെടുത്തത്. പുതിയ ലോകത്ത് അധികാരം, സമ്പത്ത്, പദവി എന്നിവ സാമൂഹ്യമായി വിനിയോഗിക്കാനുള്ള അവകാശമാണ് വേണ്ടത്. ഇതിന് കഴിയണമെങ്കിൽ അധഃസ്ഥിത ജാതികൾ ഓരോസമുദായമായി തന്നെ മാറേണ്ടതുണ്ട്, എന്ന് അദ്ദേഹം പറഞ്ഞു.



ഇന്ന് സാർവ്വദേശീയ രാഷ്ട്രീയ സാഹചര്യങ്ങൾ വളരെ വ്യത്യസ്തമാണ്.മുമ്പൊക്കെ മുതലാളിത്തത്തിനെതിരെ സോഷ്യലിസം തെരഞ്ഞെടുക്കുവാൻ എളുപ്പമായിരുന്നു. എന്നാൽ, സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് പരിഗണിക്കാൻ കഴിയാതിരുന്ന മതപരവും വംശീയവും ഭാഷാപരവുമായ വൈവിധ്യങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥയെ തന്നെ തകർച്ചയിലേക്ക് നയിച്ചു. ഇവിടെ അംബേദ്കർ നിലപാടുകൾ വളരെ പ്രസക്തമാണ്. വ്യക്തിപരമായ വ്യവസായങ്ങൾക്കു പകരം, പൊതുമേഖലാ സ്ഥാപനങ്ങളും, സഹകരണസ്ഥാപനങ്ങളും രൂപീകരിക്കുക, അദ്ദേഹത്തിന്റെ നയം ആയിരുന്നു. യുക്തിവാദത്തിന് കൂടുതൽ ഊന്നൽ കൊടുക്കുക, ബുദ്ധമതത്തിലേയും യുക്തിക്ക് നിരക്കാത്ത വിശ്വാസങ്ങളെ ത്യജിക്കുക, ഇതൊക്കെ ആയിരുന്നു, അംബേദ്കറിസം ചുരുക്കത്തിൽ. സമസ്തചൂഷിത വർഗങ്ങളുടെയും രാഷ്ട്രീയ സഖ്യം, അദ്ദേഹം ലക്ഷ്യമിട്ടു. അത് ബ്രാഹ്മണ്യത്തിനും മുതലാളിത്തത്തിനും എതിരാവണം എന്ന് കൂടി കണ്ടു. അംബേദ്കർവാദം എന്നതിൽ, വിശ്വാസത്തെ കലർത്തിയതാണ്, അദ്ദേഹം ചെയ്ത ഒരു തെറ്റ് എന്ന് എനിക്ക് തോന്നുന്നു.

ഒരു വ്യവസ്ഥിതിയെ നമുക്ക് അകത്തുനിന്നും, പുറത്ത് നിന്നും എതിർക്കാം.അകത്ത് നിന്ന് എതിർക്കുന്നതാണ് നല്ലത്, എന്ന് ഞാൻ കരുതുന്നു.

മഹാത്മാ അയ്യങ്കാളിയും ശ്രീനാരായണഗുരുവും, ഹൈന്ദവമതത്തിൽ നിന്നുകൊണ്ട് എതിർത്തവർ ആണ്. ക്രൈസ്തവമതത്തിനു പുറത്തേക്ക് പോയി, ക്രിസ്തീയതയെ എതിർത്ത വ്യക്തിയാണ് പൊയ്കയിൽ അച്ചൻ അല്ലെങ്കിൽ കുമാരഗുരു. അപ്രകാരം ഹൈന്ദവമതത്തിനു പുറത്തേക്കുവന്ന് എതിർത്ത വ്യക്തിയാണ്, അംബേദ്കർ. അംബേദ്കർ പറഞ്ഞ കാര്യങ്ങൾ അയിത്തവും ഭ്രഷ്ടും ഉണ്ടായിരുന്ന ഹിന്ദുസമൂഹത്തിൽ ഭരണവ്യവസ്ഥ വഴി സാമൂഹ്യനീതി കൊണ്ടുവരുന്നതിനായിരുന്നു; അതിന് അകത്തുനിന്ന് ഹിന്ദുമതത്തെ എതിർത്താൽ, മതിയായിരുന്നു. പ്രത്യേകിച്ചും 50-നു ശേഷം.

17-ാം വയസ്സിൽ അന്നത്തെ മെട്രിക്കുലേഷൻ പാസായി, അദ്ദേഹം ഉന്നതപഠനത്തിന് ന്യൂയോർക്കിലും പിന്നീട് ഇംഗ്ലണ്ടിലേയ്ക്കും പോയി, നിയമബിരുദവും, രാഷ്ട്രതന്ത്രം,നിയമം, സാമ്പത്തികശാസ്ത്രം എന്നീ വിഷയങ്ങളിൽ ഡോക്ടറേറ്റും നേടി. കൂടാതെ, പ്രാചീനഭാരതത്തിലെ വാണിജ്യരീതികളെക്കുറിച്ചുള്ള പഠനത്തിൽ മാസ്റ്റർ ബിരുദവും നേടി. ഇന്ത്യയിലെ ജാതിവ്യവസ്ഥയെക്കുറിച്ച് ആഴത്തിൽ പഠിച്ച അദ്ദേഹത്തിന്, അമേരിക്കയിലെ കൊളംബിയ സർവകലാശാല പിഎച്ച്ഡി നൽകുകയുണ്ടായി. ഇന്ത്യയിൽ മടങ്ങിയെത്തിയ അദ്ദേഹം സാമൂഹിക സമത്വത്തിനായി പൊരുതുകയും 'സമാജ്സമത' എന്ന സംഘടന രൂപീകരിക്കുകയും 'ബഹിഷ്കൃത്ഭാരതം' എന്ന പത്രം തുടങ്ങുകയുംചെയ്തു. 1926-ലാണ് അദ്ദേഹം ബോംബെ നിയമനിർമ്മാണ സഭയിൽ, അംഗമായത്. 1942-46-കാലം ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായി. ഭരണഘടനാനിർമാണസഭയിലെ മികച്ച സേവനത്തിനുശേഷം, ഇന്ത്യയിലെ പ്രഥമ നിയമമന്ത്രിയായി. സ്വാതന്ത്ര്യം നേടുമ്പോൾ 562 നാട്ടുരാജ്യങ്ങളായിക്കിടന്നിരുന്ന ഭാരതത്തിന് വിഭജനാനന്തരം ഒരു ഭരണഘടന ആവശ്യമെന്ന തീരുമാനത്തെത്തുടർന്ന്, ഓഗസ്റ്റിന് അദ്ദേഹത്തിന്റെ നേതൃത്തിൽ ഒരു ഭരണഘടനാ നിയമനിർമാണസഭ രൂപീകൃതമായി. 1930-ലെ വട്ടമേശ സമ്മേളനത്തിൽ തന്നെ എന്തായിരിക്കണം നമ്മുടെ ഭരണഘടന എന്നതിന് പശ്ചാത്തലം

ഒരുക്കിയിരുന്നു എന്ന് നമ്മുടെ ചർച്ചയിൽ കണ്ടല്ലോ. വെറും 141 ദിവസമായിരുന്നു പുതിയ ഭരണഘടനയുടെ കരട് രൂപം തയ്യാറാക്കാനായി അദ്ദേഹം ചിലവഴിച്ചത്. 94 ഭേദഗതികൾ ഇതിൽ നടത്തുകയും ചെയ്തിരുന്നു.

പട്ടിക ജാതി വർഗങ്ങൾക്ക് സ്കൂളുകൾ സ്ഥാപിച്ചും ഗ്രന്ഥങ്ങൾ രചിച്ചും മിശ്രവിവാഹവും മിശ്രഭോജനവും പ്രോത്സാഹിപ്പിച്ചും അനുയായികൾക്കൊപ്പം അദ്ദേഹം ബുദ്ധമതാനുയായിയായി മാറി. 1990-ൽ മരണാനന്തര ബഹുമതിയായി 'ഭാരതരത്ന' ലഭിക്കുകയുണ്ടായി. 1956-ൽ അദ്ദേഹം അന്തരിച്ചു.

ബ്രാഹ്മണിസത്തിനെതിരായ സുപ്രധാന ദേശീയ ശക്തിയായി ദളിതുകളെ, അംബേദ്കർ കണ്ടെത്തി. അതായിരുന്നു അംബേദ്കറിന്റെ സംഭാവന. എന്നാൽ ഈ ഘട്ടത്തിൽ കോൺഗ്രസ്സ് സവർണ്ണതാൽപര്യങ്ങളെ, ദേശീയതാൽപര്യങ്ങളാക്കി സ്ഥാപിച്ച് രാഷ്ട്രീയ വിജയം കൈവരിക്കുവാൻ ഉപയോഗിച്ചു. ഇന്ന് ബി.ജെ.പി അത്, കോൺഗ്രസ്സിൽ നിന്നും തട്ടിപ്പറിച്ചെടുത്തിരിക്കുന്നു, ഇതാണ് ഇന്നത്തെ ഇന്ത്യ. Indian Independance Act 1947 പ്രകാരം, ഒരു ബ്രിട്ടീഷ് ആക്ട് വഴിയാണ് ഇന്ത്യ സ്വതന്ത്ര്യമാകുന്നത് എന്നത് നിങ്ങൾ മനസ്സിലാക്കണം. അത് ഗൂഗിൾ ചെയ്തു പഠിക്കൂ. എന്നിട്ട് ഈ ചർച്ച വായിക്കുക. ബ്രിട്ടീഷ് ക്രൗൺ പാക്കിസ്ഥാനു പകരം, സമാന്തരമായി നമുക്ക് നൽ കിയ സവിശേഷ അവകാശം ആണ് 'ഹിന്ദുസ്ഥാൻ'. ഒരു മതത്തിന്റെയും പേഴ്സണൽ നിയമങ്ങളിൽ കത്തിവെക്കാതെയാണ്, ബ്രിട്ടീഷ് ക്രൗൺ അത് ചെയ്തതും. അപ്പോൾ ക്രിസ്ത്യാനികളുടെയും, കുറച്ചു ദേശീയ മുസ്ലീമുകളുടെയും പ്രശ്നംവന്നു. അതനുസരിച്ച് ഒരു ഭരണഘടന ഉണ്ടാക്കാൻ അവർ പറയുന്നു, അതാണ് ഇന്നത്തെ മതേതര ഭരണഘടന. ഇന്ത്യൻ ഹിന്ദുക്കളുടെ മതാചാരങ്ങളെയും ന്യൂനപക്ഷമതങ്ങളെയും സംരക്ഷിച്ചുകൊണ്ട് ഒരു മതേതര ഭരണഘടന സൃഷ്ടിക്കപ്പെടുന്നു. 1946-ൽ ഒരു ഇടക്കാലസർക്കാർ അതോടൊപ്പം ഉണ്ടാക്കപ്പെടുന്നു. നെഹ്റു പ്രധാനമന്ത്രിയായി.

അതിന് ഹിന്ദുസ്ഥാനു പകരം, ഇന്ത്യ എന്ന നാമം ദേശീയ നേതാക്കൾ ഇടുന്നു. രാജേന്ദ്രപ്രസാദ് തന്റെ ആപ്പീസിൽ മുസ്ലീം ജീവനക്കാരെപ്പോലും ഒഴിവാക്കിയിരുന്നു എന്ന് അറിയുക. അതിന് കാരണം നിങ്ങൾക്ക് പറയാമോ? 1950-ൽ ഭരണഘടന പാസാകുന്നതുവരെ, ഇന്ത്യ ബ്രിട്ടന്റെ ഒരു dominion രാജ്യം

മാത്രം ആയിരുന്നു, നിയമപരമായി. 1935-ലെ ബ്രിട്ടീഷ് ഇന്ത്യ ആക്ട് അനുസരിച്ചാണ് ആഗസ്റ്റ് 15-മുതൽ ജനുവരി 26, 1950 വരെ ഭരിച്ചതും എന്ന് നിങ്ങൾ അറിയുക, പവർ കൈമാറ്റത്തിൽ ബ്രിട്ടീഷുകാർ ചില ഉപാധികളും വെച്ചിട്ടുണ്ട്. 1956-ൽ ഏകീകൃത ഹിന്ദുകോഡ് നെഹ്റു പാസ്സാക്കി എങ്കിലും ധാരാളം ഇളവുകൾ ആ കോഡിൽ നിലവിലുണ്ട്. അതോടെ ഹിന്ദുമതത്തിൽ ചതുർവ ർണീയത പ്രോത്സാഹിതം അല്ലാതായി. ഹിന്ദു എന്നത് ഇന്ന് 2016-ൽ മതത്തെക്കാൾ ദേശീയതയുടെ ഒരു രൂപകം ആയാണ് ഉയർന്നു വന്നിരിക്കുന്നത്. ഹിന്ദു എന്നത് അതുകൊണ്ട് ന്യൂനപ ക്ഷമായ വൈദികരും, ന്യൂനപക്ഷ മതങ്ങളും ഒഴിച്ചുള്ള വിശാല ശ്രമണൻ എന്നാണ്, ഞാൻ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നതും. അല്ലാതെ എനിക്ക് മുമ്പ് ഉണ്ടായിരുന്നവരെ മഹത്വവത്കരിക്കാ നല്ല ഞാൻ ശ്രമിക്കുന്നത്! ശ്രീനാരായണൻ ഹിന്ദു ആയിരുന്നില്ല എന്ന് പറയുന്നത് ശരി ആയിരുന്നു. കാരണം അന്ന് ഈഴവനെ ഹിന്ദു എന്ന് ലീഗലൈസ് ചെയ്തിരുന്നില്ല,പിന്നെ എങ്ങനെ ഹിന്ദു എന്ന് പറയാനാകും? എന്നാൽ ഇന്ന് ഞാൻ ഹിന്ദുവാണ് എന്റെ വേദപ്രകാരം. എന്റെ വേദം എന്ന് പറയുന്നത് ഇന്ത്യൻ ഭരണഘടന ആണ്. അതുകൊണ്ട് ഇന്ന് ന്യൂനപക്ഷനായ വൈദികനും, ന്യൂനപക്ഷ മതസ്ഥനും അവന്റെ രാഷ്ട്രീയം പറയാനുപയോഗി ക്കുന്ന രൂപകത്തെതന്നെ അസാധുവാക്കാനാണ് ഞാൻ ആഗ്രഹി ക്കുന്നത്, ഹിന്ദു എന്നത് അനാര്യ, പേർഷ്യൻ പദം കൂടി ആണ്. അത് തന്നെ എന്റെ വാദത്തെ സ്ഥിരീകരിക്കുന്നു.

അങ്ങനെ ഹിന്ദുമതത്തെക്കുറിച്ചുള്ള അംബേദ്കറിന്റെ വിമർശനം ഫലത്തിൽ 1956-നുശേഷം ഇല്ലാതായിരിക്കുന്നു. എന്നാൽ തദ്ദേശീയജാതികളോട് സാമൂഹ്യപരമായി ഉയർന്നജാ തികൾ ചെയ്ത ചരിത്രപരമായ പീഡനത്തിന്റെ 'അനോമലികൾ' ഇന്നും നിലനിൽക്കുന്നു. അതുകൊണ്ട് ശ്രമണന്റെ, രാഷ്ട്രീയ അധികാരത്തിനുള്ള, അവരുടെ ജനാധിപത്യ അവകാശത്തി ന്റെ മുദ്രാവാക്യം ഇന്നും പ്രസക്തമാണ്. ചോദ്യം ചെയ്യപ്പെടാ ത്തതോ, ഏകാധിപത്യം നിറഞ്ഞതോ ആയ ഒന്നുംതന്നെ സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല. എന്ത് കാര്യവും ആരെങ്കിലും പറയുന്നതോ, എഴുതിവച്ചതോ ആയതുകൊണ്ട് മാത്രം അല്ല, മറിച്ച് സ്വന്തം യുക്തിയുടെയും ബോധത്തിന്റെയും വെളിച്ചത്തിൽ മാത്രമേ പ്രമാണമായി സ്വീകരിക്കാവൂ എന്ന ബുദ്ധ ഉപദേശം തന്നെ, അംബേദ്കറിസവും ഏറ്റുപിടിക്കുന്നു. ഇങ്ങനെയുള്ള ഒരു

സമൂഹത്തിലേക്കുള്ള വിലങ്ങുതടി, ജാതിവ്യവസ്ഥ ആണെന്ന് അംബേദ്കറിസം നിരീക്ഷിക്കുന്നു. ജാതിവ്യവസ്ഥ സാമൂഹികവും രാഷ്ട്രീയവും മറ്റെല്ലാ രീതിയിലുമുള്ള അടിച്ചമർത്തലിനും, അരികുവൽക്കരണത്തിനും കാരണമാകുന്നു. അങ്ങനെയുള്ള ഈ ജാതിവ്യവസ്ഥയുടെ അടിസ്ഥാനം, വൈദിക ഹിന്ദു മതവും അതിന്റെ വേദപ്രമാണങ്ങളുമാണ് എന്ന് അംബേദ്കർ കണ്ടെത്തി. വൈദികമതത്തിന്റെ വേദപ്രമാണങ്ങൾ 'സനാതനം' ആയിരിക്കുന്നത് കൊണ്ടുതന്നെ ഹിന്ദുമത നവീകരണം വഴി ജാതിവ്യവസ്ഥയെ ഇല്ലായ്മചെയ്യാം എന്ന ഗാന്ധിയുടെ വാദത്തെ അംബേദ്കർ അന്ന് തള്ളിക്കളഞ്ഞു, എന്നാൽ ഇന്ന് ഞാൻ ഇക്കാര്യത്തിൽ, 'ഗാന്ധി വാദത്തെ' അംഗീകരിക്കുന്നു. ഹിന്ദു ആദർശങ്ങൾ, 'നിത്യ അനിത്യവസ്തു വിവേക' ത്തിൽ അടിയുറച്ചതാണെന്ന് ഞാൻ പറയുന്നു. അതുകൊണ്ട് ദളിതരും, ജാതിവ്യവസ്ഥയുടെ പീഡനം അനുഭവിക്കുന്നവരും ഹിന്ദുമതം വിട്ടു വെളിയിൽ പോകണം എന്ന് അംബേദ്കറിസം പഠിപ്പിക്കുന്ന വാദത്തിനോട്, ഞാൻ യോജിക്കുന്നില്ല. അംബേദ്കറിസത്തിന്റെ സാമൂഹ്യദർശനം പൂർണ്ണമായും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം അടിസ്ഥാനമാക്കിയ, ധാർമികമായ സമൂഹം ആണ്. ഇതിൽ ഒന്നും ഒരുവിയോജിപ്പും എനിക്കില്ല. അങ്ങനെയുള്ള ഒരു സമൂഹത്തിൽ മാത്രമേ ശരിയായ രീതിയിൽ ഉള്ള 'ജനാധിപത്യം' സംരക്ഷിക്കപ്പെടുകയുള്ളൂ എന്ന് അംബേദ്കറിസം പറയുന്നു. അതിന്‌ഹിന്ദുമതം വിട്ടു പോകണം എന്ന് അംബേദ്കർ പറഞ്ഞത് എന്തുകൊണ്ടെന്ന്, എനിക്കു മനസ്സിലാകുന്നില്ല. സനാതനികളല്ല ഹിന്ദുക്കൾ. ഹിന്ദു എന്ന വിളി പോലും 'സനാതനി' ഇഷ്ടപ്പെട്ടിരുന്നില്ല എന്ന്, അംബേദ്കർ അറിയുന്നതുപോലെ വേറെ ആരും മനസ്സിലാക്കിയിട്ടും ഉണ്ടാകില്ല, എന്ന് എനിക്ക് തോന്നുന്നു. അത് മാത്രമല്ല 56-ൽ അദ്ദേഹം മരിക്കുമ്പോഴേക്കും ഇന്ത്യയിലെ ജാതിഭ്രഷ്ടർ ഏവരും 'സർട്ടിഫൈഡ് ഹിന്ദു' ആയിട്ടുണ്ട് താനും, പിന്നെ എന്തിനാണ് ഹിന്ദുമതം വിട്ടു നടപ്പില്ലാത്ത ബുദ്ധമതം എന്ന് പറഞ്ഞതെന്ന്, എനിക്ക് മനസ്സിലാകുന്നില്ല, ഇപ്പറഞ്ഞതുകൊണ്ട് ബുദ്ധമതം ചീത്ത ആണ് എന്നല്ല അർത്ഥമാക്കേണ്ടതും.

### അംബേദ്കറിന്റെ രാഷ്ട്രീയം

ലോക രാഷ്ട്രീയ ദർശനങ്ങളിൽ രണ്ടു പ്രധാന ധാരകളായ മുതലാളിത്തം (വലതു പക്ഷം), ഇടതുപക്ഷം (കമ്മ്യൂണിസം) ഇവയിൽ നിന്നും വ്യത്യസ്തമായി ഒരു 'സോഷ്യൽ ലിബറലിസം' ആണ് അംബേദ്കറിസത്തിന്റെ രാഷ്ട്രീയം. അംബേദ്കറിസത്തിൽ

രാഷ്ട്രീയവും സാമൂഹികമാനവും പരസ്പരം വളരെയധികം ആശ്രയിച്ചിരിക്കുന്നു. അംബേദ്കറിസത്തിന്റെ പ്രായോഗിക രാഷ്ട്രീയ ദർശനത്തിനു ഉത്തമ ഉദാഹരണമാണ് 'കമ്മ്യൂണൽ അവാർഡിൽ' ദളിതരെ കൂടി ഉൾപ്പെടുത്തുക എന്നത് എന്ന് നാം കണ്ടുവല്ലോ. പക്ഷെ ഗാന്ധിയുടെ ഏറ്റവും ഹിംസാത്മകമായ ഇടപെടൽ മൂലം അത് 'പൂന കരാറി'ൽ ഒതുങ്ങി എന്നത് ചരിത്രം. ജനാധിപത്യ സാമൂഹ്യസമത്വ നിർമാണമാണ് അംബേദ്കറിന്റെ രാഷ്ട്രീയം. ജനാധിപത്യത്തിന്റെ അടിസ്ഥാനം ലിംഗസമത്വം കൂടി ആണ്. അംബേദ്കറിസം സ്ത്രീകളുടെ ശാക്തീകരണം സാമൂഹിക മുന്നേറ്റത്തിന്, അവശ്യം ആണെന്നുനിരീക്ഷിക്കുന്നു. 'മനുസ്മൃതി'യിൽ അടിസ്ഥാനപ്പെടുത്തിയ വൈദിക ഹിന്ദുമതം, എല്ലാരീതിയിലും സ്ത്രീ വിരുദ്ധവും, തദ്വാരാ മാനുഷിക വിരുദ്ധവും ആകുന്നു. 'മനുസ്മൃതി'എന്നത്, ഏതോ പഴയ നൂറ്റാണ്ടിൽ ഇന്ത്യയിൽ തുടർന്നിരുന്നതാണ്. അതിന് ശേഷം ഇന്ത്യ 'ഇസ്ലാമിക ഭരണ'ത്തിൽ ആയി. പിന്നീട് 'ഈസ്റ്റ് ഇന്ത്യ കമ്പനി' വന്നു. പിന്നീട് 1858-ലെ 'ബ്രിട്ടീഷ് ഇന്ത്യ' ആയി. 1860-ൽ ബ്രിട്ടീഷ് ഇന്ത്യ IPC, നടപ്പിലാക്കി. സ്വതന്ത്ര ഇന്ത്യ ഇന്ന് ഏകീകൃത നിയമവ്യവസ്ഥയാണ് പിന്തുടരുന്നത്. ഹിന്ദുക്കളുടെ സിവിൽ കോഡ്, ഏതാണ്ട് ഏകീകരിച്ചു; ക്രിമിനൽ കോഡ് ഏകീകരിച്ചത് ആണുതാനും. ഇന്ത്യ മധ്യകാലയുഗത്തിൽ, നോൺഇൻഡിക്ക് മതങ്ങളുടെ അധിനിവേശത്തിൽ ആയിരുന്നു. അതുകൊണ്ട് മധ്യകാല യുഗത്തിൽ മറ്റിടങ്ങളിലുണ്ടായ മത ധ്രുവീകരണംപോലെയുള്ള വിഷയങ്ങൾ, ഇവിടെ ഉണ്ടായില്ല. ഉണ്ടായത് നോൺ ഇൻഡിക്ക് മതങ്ങളിലേക്കുള്ള 'മതപരിവർത്തനം' മാത്രമായിരുന്നു. ഏറിവന്നാൽ 20% നോൺഇൻഡിക് മതമാണ്, ഇന്ത്യയിൽ ഉണ്ടായിരുന്നത്. ബാക്കി സമൂഹം പൗരാണിക സാമൂഹിക അനാചാരങ്ങൾ നിറഞ്ഞത് ആയിരുന്നു, ജാതി ഉച്ചനീചത്വമാണ് തുടർന്നതും. 50-കളിൽ റിപ്പബ്ലിക് ആയതിലൂടെ, ഭ്രഷ്ടജാതികളെ ഹിന്ദു ആക്കി, ഇന്ത്യ ഗവർമെന്റ് മാറ്റി ആണ് ഒരു ഇൻഡിക്ക് ദേശീയത ഉണ്ടാക്കിയത്, നെഹ്റുവിന്റെ നേതൃത്വത്തിൽ. ഇത്തരം മതപരിവർത്തനം നിരുത്സാഹപ്പെടുത്താൻ ആണ്, ഹിന്ദുക്കളിൽ നിന്നും മാർഗം കൂടിയ ജാതികൾക്ക്, സംവരണം തന്നെ ഇല്ലാതാക്കിയത്. പട്ടികവർഗങ്ങൾക്ക് മാത്രമാണ് എക്സംപ്ഷൻ നൽകിയത്. ഇൻഡിക്ക് ദേശീയത ഉണ്ടാക്കാൻ തന്നെയായിരുന്നു സർക്കാർ അത് ചെയ്തതും. ഹിന്ദു പട്ടിക ജാതികൾക്ക് മാത്രമേ സംവരണം നൽകിയുള്ളൂ എന്ന് ചുരുക്കം. ജാതികളുടെ കേവലമായ ഉച്ചനീചത്വം, ഇന്ന്

ഇന്ത്യ തുടരുന്ന ഹിന്ദു മതത്തിലില്ല, നിയമപരമായി. എന്നാൽ പാർലിമെന്ററി കക്ഷികൾ ഇക്കാര്യത്തിൽ വിപ്ലവപരമായ നിലപാടുകൾ എടുക്കുന്നില്ല, കമ്മ്യൂണിസ്റ്റുകൾ പ്രത്യേകിച്ചും. 'ഹിന്ദുത്വം' എന്നത് indus ദേശീയതയാണ്. ഹിന്ദു മതം കൊണ്ട് ഉദ്ദേശിക്കുന്നതോ, മനുഷ്യൻ എല്ലാം ഏക ബ്രഹ്മത്തിന്റെ സവിശേഷ പ്രത്യേകങ്ങൾ ആണ് എന്ന കാഴ്ചപ്പാട് ആണ്, മരിച്ചു കഴിഞ്ഞാൽ അവർ ബ്രഹ്മത്തിൽ ലയിക്കും, അതിനാൽ ഇനി ജന്മം ഇല്ലാതിരിക്കാൻ സൽപ്രവർത്തികൾ ചെയ്യണം എന്ന് അനുശാസിക്കുന്ന ധർമ്മവ്യവസ്ഥയുടെ ഭാഗമാണ്; ആ ആത്മീയ ധാരയെ ആണ് 'ഹിന്ദു ധർമ്മ'മെന്നു പറയുന്നത്, അതാണ് പോസ്റ്റ് 50-ലെ എന്റെ ഹിന്ദു മതം. എന്നാൽ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കേണ്ടത് ഒരു 'സാമൂഹ്യപ്രശ്നം' ആണെന്ന്, നമ്മുടെ 'ഭരണഘടന' അനുശാസിക്കുന്നു. അല്ലാതെ മത പരിവർത്തനമല്ല അതിനുള്ള വഴി.

ഭരണഘടനയിൽ അംബേദ്കർ അതാണ് എഴുതിയിരിക്കുന്നത്. ഇന്ത്യയുടെ 80%ജനസംഖ്യയിൽ ഹിന്ദുക്കൾ പെടുന്നു. അതിൽ തന്നെ 10% വൈദികമതം കഴിച്ചാൽ ഏതാണ്ട്70% 'ശ്രമണ ഹിന്ദു' ആണ്. അവർ നിയമനിർമാണ സഭയിലേക്ക് അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് അയക്കുക. അതാണ് അംബേദ്കർ പറയുന്നത്. അതിന് നിങ്ങൾ ബുദ്ധമതക്കാരനൊന്നും ആകേണ്ടതില്ല എന്ന്, ഞാൻ പറയുന്നു. അത് അംബേദ്കർക്ക് പറ്റിയ തെറ്റാണ്.

'ഹിന്ദുത്വ ദേശീയത' എന്നതും, 'ചാതുർവർണ്യം' എന്നതും രണ്ടാണ്. ഒരു രാഷ്ട്രമാകുമ്പോൾ ദേശീയത എന്നത് ഒരാഭരണം ആണ്. എന്നാൽ 'ചാതുർവർണ്യം' മനുഷ്യനെ വിഭാഗീകരിക്കുന്നു. 'ചാതുർവർണ്യം' എന്ന സിദ്ധാന്തം 'ഗീത'യിൽ നമ്മുടെ ഭഗവാൻ പറയുന്നു. ഇന്നും പുരോഗമന സമൂഹത്തിലും വർഗങ്ങൾ എല്ലാം പോലെ 'സാമൂഹ്യ വിഭാഗീകരണം' ഉണ്ട്. ഒരർത്ഥത്തിൽ അത് ആവശ്യവും ആണ്. എങ്കിലും ഈ ചതുർവർണനീയതയെ നിക്ഷിപ്ത താൽപര്യക്കാർ പ്രത്യയശാസ്ത്രപരം (ideological) ആക്കി എന്നതാണ്, നാം കാണേണ്ടത്. 'Inequality is the soul of Hinduism," എന്ന് അംബേദ്കർ എഴുതിയെന്ന് ചിലർ, പ്രത്യേകിച്ചു കമ്മ്യൂണിസ്റ്റുകൾ, പറയുന്നു. അസമത്വം എന്ന് അംബേദ്കർ പറയുന്നത്, 'ചാതുർവർണ്യത്തെ'യാണ്; അല്ലാതെ ഹിന്ദുത്വം അല്ല. അംബേദ്കർ കൂടുതൽ കലഹിച്ചത് മഹാത്മയോട്

ആയിരുന്നു എന്നത് സത്യമല്ലേ? ബാഹ്യമായി നോക്കിയാൽ ജാതി നശിച്ചു എന്ന് പറയാം എന്നാൽ ജാതി സ്വത്വം, മത സ്വത്വം ആന്തരികമായി ശക്തമാണ്.

ഓരോ രാഷ്ട്രീയ ശക്തികളും അവരവരുടെ നിലപാടിനായി ദേശീയ മഹത്വ്യക്തികളെ ഉപയോഗിക്കുന്നു. അത് തടയാൻ അവനവന്റെ കാഴ്ചപ്പാടുകളെ തൃപ്തികരമായി അവതരിപ്പിക്കാൻ നമുക്ക് കഴിയണം. അല്ലാതെ പുസ്തകത്തെയും ആരുടെയെങ്കിലും യാന്ത്രിക നിലപാടുകൾ ഉദ്ധരിച്ചതുകൊണ്ട് നേർവിപരീത ഫലമാണ്, ഉണ്ടാകുക. അംബേദ്കർ കമ്മ്യൂണിസത്തെ ഇഷ്ട പ്പെട്ടിരുന്നില്ല, അതാണ് ഓർക്കേണ്ടത്.അതുകൊണ്ട് കമ്മ്യൂ ണിസ്റ്റുകൾ അംബേദ്കറിനെ കൊണ്ട് വരുന്നത്, അദ്ദേഹത്തെ നക്കികൊല്ലാൻ ആണ് താനും. അംബേദ്കറിലൂടെ ജാതിക്കെ തിരെയുള്ള ശക്തമായ സമരം നടന്നു. എത്ര പുരോഗമന വാദി ആയാലും സ്വന്തം കുടുംബത്തിൽ, പ്രത്യേകിച്ച് മധ്യവർഗവിഭാഗ ങ്ങളിൽ യാഥാസ്ഥിതികത ഇന്നും തുടരുന്നു, പുരുഷാധിപത്യം, മതം, ജാതി, അന്ധവിശ്വാസം, അനാചാരം എന്ന പേരിൽ.

From 1950s we have the universal suffrage and people can elect their representatives. So now, the position is most favourable to the lower castes. But they are misguided by the Marxists. Why because lower castes represent 60% more of the vote bank. If they opt to elect their representatives they can fill the parliament with their leaders and can amend even the constitution as they think appropriate. And one more thing, from 1956 onwards all Indians except Islam and Christian are the Hindu accordingly. What we need is administrative reformation to the historically abused communities. That is what Gandhi and Ambedkar made to by 1947 poorna swaraj.

# 4. Meta Physics മെറ്റാഫിസിക്സ്

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. മതനിരപേക്ഷമല്ല എന്ന ർത്ഥമില്ല. അതായത് ഏതാണ്ട് പത്തൊമ്പതോളം മതങ്ങൾ ഇന്ത്യയിലുണ്ട് എന്ന്, ഞാൻ അനുമാനിക്കുന്നു. ഈ മതങ്ങ ൾക്കെല്ലാം ഇവിടെ അവരുടെ വിശ്വാസങ്ങൾ അനുവർത്തിക്കാ വുന്ന ഉദാര സമീപനമാണ്. 'ജനാധിപത്യ ഇന്ത്യ' മതങ്ങളുടെ കാര്യത്തിൽ പുലർത്തുന്നത്. മൂന്ന് സിവിൽ കോഡുകൾ, മത സിവിൽ കോഡുകൾ ഇവിടെ ഉണ്ട്. ഒന്ന് ഇസ്ലാം 'ശരിഅത്' മറ്റൊന്ന് ക്രിസ്റ്റ്യൻ 'കാനോൻ നിയമം', പിന്നെ 'ഹിന്ദു കോഡ്'. അതുകൊണ്ട് ഹിന്ദുക്കളുടേതടക്കം 19 മതങ്ങളുടെയും വിശുദ്ധഗ്ര ന്ഥമെന്നത് 'ഭരണഘടന' തന്നെ. കൂടാതെ ന്യൂനപക്ഷ മതങ്ങൾക്ക് പ്രത്യേക സംരക്ഷണവും ഭരണഘടനാപരമായി നൽകിയിരിക്കു ന്നു. അതുകൊണ്ട് നാം ഈ ന്യൂനപക്ഷമതങ്ങളെ അവരുടെ മത ആചാരങ്ങളെ വിമർശിക്കരുത് എന്ന് ഒരു ക്ലോസ് ഉണ്ട്. ഈ ഭരണഘടനാ സൗകര്യം അവരെ അവരുടെ മതവിശുദ്ധ പ്രമാണ ങ്ങളിലേക്കും പല തീവ്രനിലപാടിലേക്കും നയിക്കുന്നു എന്നത് മറ്റൊരു വിഷയം. അവരെ ആരും പത്രമാധ്യമത്തിലോ, സാമൂ ഹ്യമാധ്യമത്തിലോ വിമർശിക്കാത്തത് കൊണ്ട് അവർ തങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങൾ അച്ചട്ട് ശരിയാണ് എന്ന് തന്നെ ധരിക്കാൻ ഇടവരുന്നു. കൂടാതെ ഹിന്ദുമത ഗ്രന്ഥങ്ങളെയും ആചാരങ്ങളെയും തുറന്ന് എതിർക്കുന്ന മതേതര വിരുദ്ധ കാഴ്ചപ്പാടിലേക്കും കൊണ്ടെ ത്തിക്കുന്നു.

ലോകത്ത് വൈജാത്യമായ കുറെ സ്പീഷിസ് ജീവികൾ ഉണ്ടെങ്കിലും അവയെല്ലാം ഏതെങ്കിലും മുലപ്പാലുകുടിച്ച വളരുന്ന വയാണ്. മനുഷ്യ കുട്ടികൾക്ക് പശുവിൻ പാൽ കുടിച്ചപോലും

വളരാനാകും. അതേപോലെ പൂച്ചക്കുട്ടികൾക്കും എന്തെങ്കിലും പാല് വേണം. കണ്ണ് കൊണ്ട് അവ സംവേദനം നടത്തുന്നു. വളർത്തുമൃഗങ്ങളെ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. എല്ലാവർക്കും ഒരേ രീതി (pattern)യാണ്. ഇവ എല്ലാം ഒരു എൻജിനീയറാണോ സൃഷ്ടിച്ചത് എന്ന് തോന്നിപ്പിക്കുന്നു? നമുക്ക് 'കണ്ണ്' കിട്ടിയത് ഈ ലോകത്തിൽ നിന്നാണ്. അതുപോലെ 'മനസ്സും' കിട്ടിയത് ഈ ലോകത്തിൽ നിന്നു തന്നെയാണ്. ഇന്ദ്രിയ സാന്നിദ്ധ്യം ഇല്ലാതെയും നമുക്ക് ചിന്തിക്കാം. ഈ ഇന്ദ്രിയ സാന്നിദ്ധ്യം ഇല്ലാത്ത ചിന്തകളെയാണ് 'മെറ്റാ ചിന്തകൾ' എന്ന് നാം നിർവ്വചിക്കുന്നത്. എന്നാൽ ഇന്ദ്രിയങ്ങൾക്ക് നമ്മുടെ ചിന്തയിൽ എന്ത് പങ്കാണുള്ളത്? ഡാറ്റകൾ ബ്രെയിനിനു (brain) കൈമാറുന്നു എന്നല്ലാതെ..?


നമുക്ക് ചർച്ച തുടങ്ങാം. നിങ്ങളുടെ അഭിപ്രായം തൽക്കാലം മനസ്സിൽ രൂപീകരിക്കുക. വൈരുദ്ധ്യാത്മകഭൗതികവാദമല്ല 'പ്രകൃത്യാധിഷ്ഠിത വൈരുദ്ധ്യാത്മകഭൗതികവാദം' (Dialectical naturalism) എന്ന പുതിയ ഒരു നിലപാടാണ് ഞാൻ ഇവിടെ വെയ്ക്കുന്നത്. മാർക്സ് നമുക്ക് നൽകിയത് 'വൈരുദ്ധ്യാത്മകഭൗതികവാദം' ആയിരുന്നു. ഭൗതിക തലത്തിലുള്ള കാര്യങ്ങൾക്ക് അത് ഇപ്പോഴും ശരിയാണ്. എന്നാൽ ഈ ലോകം മനുഷ്യന് വേണ്ടിയുള്ളത് ആണ്. മനുഷ്യൻ അറിവ് ആർജിക്കുന്നത് അവനു വേണ്ടിയാണ്. മനുഷ്യന് ഒരു 'ആത്മാവ്' ഉണ്ട്. അല്ലെങ്കിൽ ബോധം ഉണ്ട് അവന്റെ വീക്ഷണങ്ങളിൽ 'ആത്മാംശം' ഉണ്ട്. അതുകൊണ്ട് മനുഷ്യചരിത്രം ഉണ്ടാക്കുന്നത് മനുഷ്യൻ മൂലമാണ് എന്ന് പറയുന്നു. അവിടെ 'മനുഷ്യന്റെ ചരിത്ര'വും 'സാമൂഹ്യ ചരിത്ര'വുമെന്ന ദ്വിത്വതലം ഉണ്ടാകുന്നു. പലപ്പോഴും വ്യക്തി മനുഷ്യന്, സമൂഹത്തിന്റെ നിയത നിയമങ്ങളെ നേരിടേണ്ടിയും, ചില ഒത്തുതീർപ്പുകളും, പ്രതിരോധവും നടത്തേണ്ടതായി വരുന്നു സമൂഹത്തിനോട്. അവിടെ മനുഷ്യന് അത് സാധിക്കണമെങ്കിൽ അവന് ഒരു ധർമ്മ വ്യവസ്ഥ അനിവാര്യമാണ്. 'നീതി' വ്യവസ്ഥയും, 'നിയമ' വ്യവസ്ഥയും രണ്ടെന്ന് നിങ്ങൾ അറിയണം. മനുഷ്യൻ എന്നത് അടിസ്ഥാനപരമായി ഒരു 'സ്പീഷിസ് ബീയിങ്ങ്' ആണ്. എന്നാൽ സാമൂഹ്യ ജീവി/ഹ്യൂമൻ ബീയിങ് ആയാണ് 'ഫിലോസഫി'യെ അവൻ നോക്കി കാണുന്നത്. അവിടെയും അവന് വളരെ പ്രതിസന്ധികൾ കടന്നു പോകേണ്ടി വരുന്നു; 'വ്യഷ്ടി', 'സമഷ്ടി' വൈരുദ്ധ്യം. ഇതിനെ മറികടക്കാൻ 'മൂല്യ ജീവിതം' തന്നെയാണ് ഏക മാർഗം, അതിന് മാർഗം ധർമവും.

ഇനി അത് കഴിഞ്ഞാൽ തന്നെ, വ്യക്തിപരമായ ഏറെ മൗലിക ദുഃഖങ്ങൾ മനുഷ്യനെ വേട്ടയാടുന്നുണ്ട്. അവ സ്ഥിരമാണ്. അവിടെ അവന് അദ്ധ്യാത്മിക തലവും കൂടി കടന്നു പോകേണ്ടതായി വരുന്നു. ഇത്തരം മനുഷ്യൻ അഭിമുഖീകരിക്കുന്ന, പല സ്വകാര്യ തലങ്ങൾ വിളക്കി യോജിപ്പിച്ചുകൊണ്ടാണ് ഈ 'ലേഖന സമാഹാരം' നിങ്ങളുടെ മുന്നിൽ വെയ്ക്കുന്നത്.

ഏവർക്കും ജ്ഞാനത്തിലൂടെ പരമമായ സത്യത്തിൽ എത്തിച്ചേരാനാകില്ല. പുരോഗമന വാദമെന്നത്, മനുഷ്യബോധത്തിന്, കാര്യകാരണങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ, ഈ ബോധത്തിന് പകരം വിശ്വാസികൾ, വിശ്വാസത്തിന് പ്രാമുഖ്യം നൽകുന്നു എന്നതേ വ്യത്യാസമുള്ളൂ. മനുഷ്യന് വിശ്വസിക്കുക എന്നതാണ് എളുപ്പം. ശരിയായ ബോധം ഉണ്ടാക്കാൻ പ്രയാസമാണ്.അത് ഒരു പ്രത്യേക വിഭാഗത്തിനേ കഴിയൂ. മാർക്സിസ്റ്റ് പണ്ഡിതർക്ക് അത് ഉണ്ടാകുന്നില്ല, അവരിൽ നല്ല വിദ്യാഭ്യാസം ഉള്ളവർക്ക് പോലുമെന്നത് നമുക്കറിയാം.

ഒരിടത്ത് ബോധം, മറ്റൊരിടത്തു വിശ്വാസം, ഇതിൽ ഏതെങ്കിലും മനുഷ്യന് ആഭരണമായി വേണം. അല്ലാത്തവൻ വെറും നഗ്നനാണ്. സാമൂഹ്യപ്രവർത്തികളുടെ പ്രക്രിയ-ചക്രത്തിനനുസരിച്ച സമൂഹത്തിൽ നിന്നാണ്, മനുഷ്യന്റെ തലച്ചോറിൽ പല ചിന്തകളും ഉണ്ടാകുന്നത് എന്നവർ കാണുന്നു. സമൂഹത്തെ എങ്ങനെ നോക്കി കാണുന്നു അതിനെയാണ് ദർശനം/അവബോധമെന്ന് പറയുന്നതും. നമ്മുടെ സ്റ്റേറ്റ് എന്നുപറയുന്നത് തന്നെ ഒരു പരസ്പര സഹകരണ സംവിധാനമാണ് എന്ന് മുൻലേഖനത്തിൽ പറഞ്ഞിരുന്നു. മനുഷ്യന്റെ ഓരോ പ്രവർത്തിയും അവനിൽ പുതിയ അറിവുകൾ ഉണ്ടാക്കുന്നു. ഓരോ അറിവും അവന്റെ ബോധത്തെ കൂടുതലായി വ്യഞ്ജിപ്പിക്കുന്നു, എന്നത് ശരിയാണ്.

കമ്മ്യൂണിസ്റ്റുകൾ നിരീശ്വരവാദികളായിരിക്കണം, അമ്പലത്തിലും പള്ളിയിലും മറ്റും പോകാൻ പാടില്ല എന്നൊക്കെയുള്ള വരട്ടു നിയമങ്ങൾ പാലിക്കാനുമാണ്, മാർക്സിസ്റ്റുകൾ ഇതുവരെ ശ്രമിച്ചത്. അതവരെ പൊതുജനങ്ങളിൽ നിന്നകറ്റി. ഇന്ത്യയെപോലെ സെമറ്റിക് അല്ലാത്ത ധർമ്മം പിന്തുടരുന്ന ഒരു വ്യവസ്ഥയിൽ, ധർമ്മ നിഷേധം മാർക്സിസത്തെ ദോഷമായാണ് ബാധിക്കുന്നത്.



Descarte

കണ്ണ് കൊണ്ട് കാണാനും ത്വക്ക് കൊണ്ട് സ്പർശിച്ചറിയാനും നാസിക കൊണ്ട് മണത്തറിയാനും കാതുകൾ കൊണ്ട് കേൾക്കാനും ഒക്കെയുള്ള കഴിവുകൾ സിദ്ധിച്ചതിൽ മനുഷ്യന്റെ 'സ്വന്തമായ' കഴിവുകൾ എന്ത് സ്വാധീനമാണ് ചെലുത്തുന്നത്? മനുഷ്യന്റെ തലച്ചോറിന്റെ അടിസ്ഥാനപരമായ കഴിവുകളുടെ ഉടമസ്ഥത, മനുഷ്യൻ എന്ന ജീവിക്ക് അവകാശപ്പെടാൻ കഴിയില്ല. അത് പോലെ മനുഷ്യബീജവും അണ്ഡവും കൂടിച്ചേർന്ന് ഭ്രൂണമായിത്തീരു കയും, അത് വളർന്ന് മനുഷ്യക്കുഞ്ഞായും പിന്നീട് പൂർണ്ണ വളർച്ച യെത്തിയ മനുഷ്യനായും തീരുന്നത് മനുഷ്യന്റെ സ്വന്തം കഴിവിന്റെയും ബുദ്ധിയുടെയും സ്വാധീനംകൊണ്ടാണെന്നും നിയന്ത്ര ണത്തിന്മേലാണെന്നും നമ്മൾ അവകാശപ്പെടുന്നില്ലല്ലോ? അതുപോലെ തന്നെയാണ് ഇതും, സസ്യങ്ങൾ 'ഫോട്ടോസിന്ത സിസ്' എന്ന അത്യന്തം സങ്കീർണ്ണമായ രാസപ്രക്രിയയിലൂടെ, ആഹാരം തയ്യാറാക്കുന്നത് സസ്യത്തിന്റെ സ്വന്തം ബുദ്ധിയും കഴിവും ഉപയോഗിച്ചാണ് എന്ന് നിങ്ങൾ പറഞ്ഞാൽ ഞാൻ അത് സമ്മതിച്ചു തരുമോ?

ഭാരതീയ ദർശനമെന്നത് ആസ്തികവും നാസ്തികവുമായ രണ്ടു ശാഖകളിലൂടെയാണ് പണ്ടേ വളർന്നതും. ആസ്തിക ദർശന ത്തിന്റെ കാതൽ 'എല്ലാം ബ്രഹ്മാംശം' ആണ് എന്നതാണ്. ആ അർത്ഥത്തിൽ എല്ലാവരും തുല്യരാണ്. അതുകൊണ്ട് പ്രകൃത്യാ നാം egalitarian ജീവിതമാണ് ആഗ്രഹിക്കുന്നതും. അതു പോലെ

തന്നെ പരിമിതമായ തോതിൽ സസ്യങ്ങൾക്ക് ബുദ്ധിയുണ്ടെന്ന് വരികിൽ പോലും അതിന്റെ ഉരുവം കൊള്ളലിൽ, സസ്യങ്ങൾക്ക് സ്വാധീനമോ നിയന്ത്രണമോ ഒന്നും ഇല്ല. ഒരു വിത്ത് ഒരു വലിയ മരമായി വളർന്നു വലുതാകുന്നതിൽ, ആ മരത്തിന് സ്വന്തമായ പങ്കാളിത്തം ഒന്നുമില്ല. ആ വിത്ത് ഒരിടത്ത് വന്ന് വീഴുന്നു, വെള്ള മുണ്ടെങ്കിൽ കിളിർക്കുന്നു. വെള്ളം അന്വേഷിച്ച് ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് പോകാൻ സസ്യത്തിന് കഴിയില്ല. വെള്ളം കിട്ടിയാൽ വളരാമെന്നല്ലാതെ അതിന്റെ ബുദ്ധിയും കഴിവും ഉപയോഗിച്ച് സസ്യത്തിന് ഒരു പ്രവർത്തിയും ചെയ്യാൻ കഴിയില്ല എന്ന് നിങ്ങൾക്കറിയാം. നിങ്ങളുടെ കാര്യവും അത് പോലെ തന്നെയല്ലേ?

പഞ്ചേന്ദ്രിയങ്ങൾ ഒന്നും പ്രവർത്തനക്ഷമമല്ലെങ്കിൽ, തലച്ചോർ പ്രവർത്തനക്ഷമമല്ലെങ്കിൽ വെറും മാംസപിണ്ഡമല്ലേ നിങ്ങൾ? പഞ്ചേന്ദ്രിയങ്ങളുടെയും തലച്ചോറിന്റെയും ഉരുവം കൊള്ളലിൽ നിങ്ങൾ എന്ത് സംഭാവനയാണ് നൽകിയത്? എന്താണെന്നു ചിന്തിച്ച് യുക്തിയിൽ നിങ്ങൾ തന്നെ എത്തിച്ചേരണം.

മനുഷ്യന് ആവശ്യമുള്ളതെന്തും മനസ്സിന്റെ സങ്കൽപ ശക്തിയാൽ നേടാം. വിമാനം കണ്ടുപിടിച്ചത് തുടങ്ങി ഇന്ന് കാണുന്ന എല്ലാ കണ്ടുപിടിത്തങ്ങളും മനസ്സിൽ വിരിഞ്ഞ ആഗ്രഹ ങ്ങളാണ് എന്ന് പറയുന്നുണ്ടല്ലോ. അവയെല്ലാം ആദ്യരൂപമിട്ടതും നിങ്ങളുടെ മനസ്സിലാണ്.

നമുക്ക് ഓരോരുത്തർക്കും പ്രത്യേകം നിലപാടുകൾ ഉണ്ടാകും എല്ലാ കാര്യങ്ങളിലും. ശരിയല്ലേ? ഇന്ത്യ എന്നത് ഇന്ന് ഒരു മതേതര രാഷ്ട്രമാണ്,1947-മുതൽ. 'മതേതരം' എന്നതും 'മത നിരപേക്ഷവും' രണ്ടു വ്യത്യസ്ത അർത്ഥങ്ങൾ ഉള്ളപദങ്ങളാണ്. ഇവിടെയുള്ള ഏവരും ഫലത്തിൽ 'മതസ്ഥൻ ' ആണ് വ്യവഹാര പരമായി, എന്തൊക്കെ പറഞ്ഞാലും നാം മതസ്ഥനായാണ് ഇന്ത്യാ ഗവൺമെന്റ് കാണുന്നത് എന്നർത്ഥം.

അതനുസരിച്ച് ഓരോ മതാടിസ്ഥാനത്തിലുള്ള വ്യക്തി നിയമങ്ങളുടെ ഗുണഭോക്താവാണ്, നാം ഓരോരുത്തരും. കൂടാതെ അയൽപക്കത്ത് ഒരു മരണം/ജനനം ഉണ്ടായാലും മതപരമായ ചടങ്ങുകൾക്ക് സാക്ഷിയാകുവാനും, അനുസരിക്കാനു മുള്ള ബാധ്യതയും നമുക്കുണ്ട്. ഏതൊരു മനുഷ്യനും മതപരമായ ആചരണങ്ങൾ കുടുംബവുമായി ബന്ധപ്പെട്ട് ഒഴിച്ചുകൂടാനാവില്ല.

അതു കൊണ്ടു പലപ്പോഴും മംഗള കാര്യങ്ങളുമായും, ബന്ധപ്പെട്ട് പൂജ ഇത്യാദി കാര്യങ്ങളിൽ സാമ്പ്രദായിക രീതികളിൽ പങ്കടുക്കാൻ ഒരു കുടുംബസ്ഥൻ എന്ന നിലയിലും സാമൂഹ്യവ്യക്തി എന്നനിലയിലും ഏവരും, നിർബന്ധിതരാണ്. അതു കൊണ്ട് വിശ്വാസങ്ങളെ നിരാകരിക്കാൻ എനിക്ക് ഇനിയും ആയിട്ടില്ല എന്നു ചുരുക്കം. മതിയല്ലോ എന്റെ വിശദീകരണം. എന്റെ പുസ്തകം വായിക്കുമ്പോൾ എന്റെ ലോക വീക്ഷണം എന്ത് എന്നത് നിങ്ങൾ അറിയേണ്ടതുണ്ട്, അതിനായി മാത്രം പറഞ്ഞതാണ് ഇത്രയും.

ഇനി നമുക്ക് അടുത്ത പോയിന്റിലേക്ക് വരാം. മറ്റിതര ജീവി വർഗങ്ങളിൽനിന്ന് വ്യത്യസ്തനായി മനുഷ്യന്റെ തലച്ചോറിൽ മാത്രമേ മെറ്റാ ചിന്തകൾ ഉണ്ടാകുന്നുള്ളൂ. നമ്മുടെ വളർത്തു മൃഗങ്ങളിൽ നാം ഇത് കാണുന്നു. അല്ലെങ്കിൽ മറിച്ചു പറയാം. ഇത്തരം മെറ്റാ ചിന്തകളുള്ള ജീവികളെ മാത്രമെ നാം വളർത്തു. ഒരു വളർത്തു പട്ടി, മറ്റു വീട്ടുമൃഗങ്ങൾ എത്ര സ്നേഹത്തോടെ ആണ് അതിന്റെ ഉടമസ്ഥനോട് പെരുമാറുന്നത് എന്ന് നിങ്ങൾ കണ്ടിട്ടുണ്ടാകാം. അവയെക്കാൾ കുറച്ചുകൂടി ഭംഗിയിൽ മനുഷ്യജാതിയിൽ നമുക്ക് കാണാം. ഇങ്ങനെ മനുഷ്യ തലച്ചോറിൽ ഉണ്ടാകുന്ന മെറ്റാ ചിന്തകൾ, പരസ്പരം സംയോജിച്ചും, സങ്കലനപ്പെട്ടും, വ്യവകലനം ചെയ്യപ്പെടുന്നു എന്നത് നമുക്ക് അറിയാം. അങ്ങനെ മനസ്സിനെ കേന്ദ്രമാക്കി ലോക വീക്ഷണം, അല്ലെങ്കിൽ അവബോധം ഉണ്ടാകുന്നതാണ് ഫിലോസഫി. ഇത് മനുഷ്യനിലേയുള്ളൂ. മനുഷ്യൻ എന്ന ജൈവ ജീവി അന്യമനുഷ്യനുമായി, പ്രധാനമായും വൈകാരികമായാണ് ഇടപെടുക. അച്ഛൻ, അമ്മ, ഭാര്യ, കാമുകി, മക്കൾ, അയൽപക്കത്തുകാർ, സഹോദരി-സഹോദരങ്ങൾ, നാട്ടിൻ പുറത്തുകാർ, ജനങ്ങൾ, മറ്റു സുഹൃത്തുക്കൾ എല്ലാവരുമായി തികച്ചും വൈകാരികമായാണ് സ്നേഹം പങ്കുവെക്കുന്നതും.


അപ്പോൾ പറയുന്നത് ഇതാണ്, ഫിലോസഫി അതിൽ നാം ഉപയോഗിക്കുന്ന സംവർഗങ്ങൾ വഴിയാണ് വളരെ സമൂർത്തമല്ലാത്ത ഭാവനകളിൽ നാം എത്തിച്ചേരുന്നത്. മനുഷ്യൻ അടുത്ത മനുഷ്യനുമായുള്ള ബന്ധം എങ്ങനെ വിനിമയം ചെയ്യുന്നു എന്നതിനെ കുറിച്ചാണ് നാം സംസാരിച്ചു തുടങ്ങുന്നത്. ഇതുപോലെ തന്നെയാണ് നാം നമ്മെത്തന്നെ നോക്കിക്കാണുന്നതും. അതെങ്ങനെ നടത്തുന്നു? ഇവിടെയും നാം ആന്തരിക ബോധത്തെ, നമ്മുടെ സ്ഥൂല മനസ്സുകൊണ്ട് നോക്കി കാണേണ്ടതുണ്ട്. സ്ഥൂലമായ മനസ്സ് പലപ്പോഴും ആന്തരികമായ 'നമ്മെ' മനസ്സിലാക്കാൻ

പോരാതെ വരുന്നത് എന്നെപ്പോലെ നിങ്ങൾക്കും ബോധ്യപ്പെട്ടു ന്നുണ്ട്? ബാഹ്യമായ നമ്മുടെ ബന്ധം നോക്കി കാണുന്നതു പോലെ എളുപ്പമല്ല നമ്മെ ആന്തരികമായി മനസ്സിലാക്കാൻ . നാം ആരാണ് എന്ന് നമ്മൾ ചോദിക്കുന്ന ആദ്യം. എന്നാൽ ഈ ചോദ്യത്തിന് ഇതുവരെ നമുക്കാർക്കും ഉത്തരമില്ല.അല്ലെങ്കിൽ അത് തന്നെ വലിയ ഒരു ദണ്ണയായിത്തീരും. ഈ ഉത്തരത്തിനും ഫിലോസഫി തന്നെ വേണ്ടി വരുന്നു, മനുഷ്യന്. ഈ ഫിലോസഫിക്കാണ് നാം 'അദ്ധ്യാത്മികത' എന്ന പേര് നൽകിയിരിക്കുന്നത്. ഇക്കാര്യ ത്തിൽ നിങ്ങൾക്ക്എന്ത് തോന്നുന്നു? ഏതെങ്കിലും ഈ രീതിയിൽ അല്ലാതെ നിങ്ങൾക്ക് നിങ്ങളെ മനസ്സിലാക്കാനാവുമോ?എങ്കിൽ പറയൂ, നിങ്ങൾ ആരാണ്?

മനുഷ്യന് ബാഹ്യമായ ഏതും ഭൗതിക കാര്യങ്ങൾ മാത്രമാണ്. അവയെയെല്ലാം നാം മനസ്സിലാക്കുന്നത് ആശയപരമായാണ്. കാരണം അവ തലച്ചോറിൽ പ്രതിഫലിച്ചാണ് നാം മനസ്സിലാക്കു ന്നത്. അതു കൊണ്ടാണ് ഏതു പദാർത്ഥത്തെയും ആശയതലത്തി ലാണ് മനുഷ്യൻ ഗ്രഹിക്കുന്നത്. ലോകത്ത് നമ്മളുണ്ട്. മനുഷ്യ ബാഹ്യമായ അറിവുകൾ ഭൗതികപരമായി നാം മനസ്സിലാക്കുന്നു. എന്നാൽ മനുഷ്യന്റെ ഉള്ളിലേക്ക് മനുഷ്യനെ അന്തർദൃഷ്ടി ആയി നോക്കുമ്പോൾ നമുക്ക് അദ്ധ്യാത്മികശേഷി തന്നെ വേണം മനസ്സി ലാക്കാൻ . അതാണ് ആന്തരികമായി മനുഷ്യനെ ഗ്രഹിക്കാനുള്ള ഏക മാർഗവും. ശക്തിയും ജ്ഞാനവും അങ്ങനെ സമ്മേളിക്കുമ്പോൾ 'ബോധ വികാസം' ഉണ്ടാകുന്നു. അതിൽ നിന്നും മാത്രമേ ശരിയായ 'തിരിച്ചറിവ്' ഉണ്ടാകൂ. അവിടെ നിന്നും 'ധർമ്മബുദ്ധി' ഉണ്ടാകുന്നു. നമ്മുടെ മനസ്സിന്റെ അതിർത്തികൾക്കപ്പുറം കടക്കാനുള്ള ഒരു വ്യഗ്രത മനുഷ്യന് ഉണ്ടാകുന്നു. ഈ പ്രവണതയുടെ അങ്ങേയറ്റം നാം 'ദൈവത്തെ' സങ്കല്പിക്കുന്നു. ചിലർ ദൈവത്തെ 'പര'ത്തിൽ ചെന്നു സംഗമിക്കാൻ ആഗ്രഹിക്കുന്നു. മറ്റു ചിലർ പരത്തിൽ നിന്നും ദൈവത്തെ 'ഇഹ'ത്തിലേക്ക് ആവാഹിക്കുന്നു,

'ബോധം' എന്നാൽ എന്ത്?

ഇവിടെയാണ് ബോധമെന്തെന്ന് മനസ്സിലാകേണ്ടത്. അതിന് തൽക്കാലം ഡ്യുവലിസത്തിലേക്ക് പോകേണ്ടി വരും. ശരീരം- മനസ്സ് എന്നീ ഘടകങ്ങൾ നമുക്കുണ്ട് എന്ന് നിങ്ങൾക്കറിയാം. ശരീരം കൊണ്ടാണ് നമ്മെ പോലും തിരിച്ചറിയുന്നത്. എങ്കിലും നാം 'സംക്ഷിപ്തമാക്കപ്പെട്ട ഞാൻ ' ആണ്. അതാണ് നമ്മുടെ ബോധം. ഈ ബോധമാണ്, ആ മനുഷ്യൻ . മറ്റൊരു ഉദാഹരണം



പറയാം. നാം പെൺകുട്ടികളുടെ മാതാപിതാക്കളാണ്. അവരെ നാം കല്യാണം കഴിച്ച് വിടുന്നു എന്ന് സങ്കല്പിക്കുക. അവർ നമ്മുടെ മക്കളാണ് അടിസ്ഥാനപരമായി എങ്കിലും അവരുടെ കുടുംബം പിന്നീട് മറ്റൊന്നാണ്. ഭർത്താവും-അവളും ചേർന്നുള്ള താണ് അവളുടെ ലോകം. അച്ഛനും അമ്മയിൽ നിന്നും ഉണ്ടാകുന്നു എങ്കിലും അവളുടെ കുടുംബം പിന്നീട് മറ്റൊന്നാണ്. അവളുടെ പൂർവാശ്രമമായി വിച്ഛേദിക്കാൻ പോലും ഈ പുതിയ ബന്ധം ഒരു കാരണം കൂടി ആകാം. ഇതുപോലുള്ള ബന്ധമാണ് മനസ്സും ശരീരവും തമ്മിൽ. ശരീരത്തെ നശിപ്പിക്കാൻ പോലും അവന്റെ ബോധത്തിന് ആവും. അങ്ങനെയാണ് ആത്മഹത്യകൾ പോലും ഉണ്ടാകുന്നത്.

അതായത് ഏതൊരാളും ഒരു ചിന്തകൻ എന്നു പറയാനാണ് ഞാൻ ഈ അവസരം ഉപയോഗിച്ചത്. അതുപോലെ നാം ഈ ലോകത്തെ, അതിന്റെ മദ്ധ്യഭാഗം മാത്രമാണ് കാണുന്നത്, അതിന്റെ ധ്രുവങ്ങളെ കാണുന്നില്ല. അടിയിൽ അത് വിത്തിൽ ആണ് നിലകൊള്ളുന്നത്. ഇതിനിടയിലുള്ള മദ്ധ്യഭാഗത്തെ ആണ് മനുഷ്യൻ കാണുന്നത്. ഇനി മനുഷ്യന്റെ കാര്യമെടുക്കാം.

ആരാണീ കാണുന്നത്? എന്താണ് കാണുന്നത്? ബോധതലം, പ്രാണതലം, ഭൗതിക തലം, പലതലം ഉണ്ട്. യഥാർത്ഥത്തിൽ ഒരു വാഹനമായി നമ്മുടെ ശരീരത്തെ സങ്കല്പിക്കു, അതിന്റെ ഉടമസ്ഥൻ 'ജീവൻ ' ആണ്. മനസ്സ്, അഞ്ച് ഇന്ദ്രിയങ്ങൾ വഴി ആശയങ്ങളെ ധരിക്കുന്നു. എന്നാൽ എല്ലാ വസ്തുക്കളും ചലനത്തിൽ ആകകൊണ്ട് സ്വരൂപിക്കുന്ന ഏതൊരറിവും 'നേതി നേതി' ആണ്. അതായത് ഇത് അതല്ല എന്നർത്ഥം. എങ്കിലും, അവബോധത്തിൽ മനസ്സിനെ ഉറപ്പിക്കുന്നു. സാമൂഹ്യജീവി ആയ മനുഷ്യനിൽ സാമൂഹ്യമായ ഒരു ഉണ്മ മാറാതിരിക്കുന്നു. അതിൽ മാറാതിരിക്കുന്നത് ഏതാണോ അതാണ് യാഥാർത്ഥജ്ഞാനം, അതിനെ 'ഈശ്വരൻ ' എന്ന് നാം വ്യാഖ്യാനിക്കുന്നു. മനുഷ്യൻ ജൈവിക ജീവി ആയിരിക്കു മ്പോൾ തന്നെ അവന് ഒരു ആത്മ സ്വരൂപം ഉണ്ട്. ഈ ആത്മ സ്വരൂപമെന്നത് സാമൂഹ്യ സ്വരൂപത്തിന്റെ ഒരു സൂക്ഷ്മരൂപ മാണ് താനും!. അതിൽ നിന്നാണ് സാമൂഹ്യ മനുഷ്യൻ അവന്റെ പൊതു ജീവിതത്തെ നോക്കി കാണുന്നത്. അതാണ് ഞാൻ പറയുന്ന മനുഷ്യന്റെ അദ്ധ്യാത്മികത. കല, നടനം, സാഹിത്യം ഇതെല്ലാം ഈ സൂക്ഷ്മമായ ആത്മസ്വരൂപത്തെ കേന്ദ്രീകരിച്ചാണ് ഉണ്ടാകുന്നതും. എന്നാൽ അതെല്ലാം സാമൂഹ്യമനുഷ്യനെയാണ് കഥാപാത്രമാക്കുന്നതുമെന്ന് നമുക്ക് കാണുവാൻ കഴിയും.

ഇവിടെയൊക്കെയാണ് തൊഴിലാളി വർഗമായാലും, മുതലാളി വർഗമായാലും, കേവല വർഗങ്ങൾ ആശയപരമായി പരാജയ പ്പെടുന്നത്. യഥാർത്ഥത്തിൽ ഇത്തരം വർഗങ്ങൾക്ക്, എന്താണ് സാമൂഹ്യ ജീവി എന്നതിന്റെ നിർവചനം തന്നെ അറിയില്ല. അവൻ മനുഷ്യനെ ബൂർഷ്വാ സമൂഹത്തിന്റേത് പോലെതന്നെ ഹ്യൂമൻ ബീയിങ് എന്ന തലത്തിലേ മനസ്സിലാക്കപ്പെടുന്നുള്ളൂ. അതുകൊണ്ടാണ് സാമൂഹ്യജീവി (social being)എന്ന തലത്തിൽ വസ്തുതകളെ കാണപ്പെടാതെ പോകുന്നത്. സാമൂഹ്യജീവി ആയി കാണുന്നു എങ്കിൽ ഒരു ധർമ്മ വ്യവസ്ഥയെ കണ്ടേ പറ്റൂ. തൊഴിലാളി വർഗം ധർമ്മ വ്യവസ്ഥയെ പറ്റി കേട്ടാൽ പറയും, അത് ഒരിക്കലും മാർക്സിസം അല്ല എന്ന് (?) പിന്നെ എന്താണ് തൊഴിലാളി വർഗനിലപാട്? ധർമ്മ വ്യവസ്ഥ എന്ന് പറഞ്ഞാൽ തൊഴിലാളി വർഗം, അത് metaphysics എന്നു പറഞ്ഞു കളിയാക്കും. അത് അമാർക്സിസമെന്നും പറയും. അപ്പോൾ പിന്നെ എന്ത് പറയണം? ഭൗതിക വാദികൾക്ക് ഒരിക്കലും ഈ ലോകത്ത് ചരിത്രപരമായി മേൽക്കൈ കിട്ടിയിട്ടില്ല എന്ന്

നിങ്ങളോർക്കണം. എന്തുകൊണ്ടാണത്? ഏതു മതത്തിനും, ഏതു ശാസ്ത്രത്തിനും, യുക്തിക്കും, ചേരുന്ന ദർശനമാണ് പരബ്രഹ്മ സങ്കല്പത്തിലൂടെ ആവിഷ്കൃതമാകുന്ന 'ഇന്ത്യൻ ദർശനം'. ഒരു വിഭാഗീയ മതാചാരങ്ങളോ മതചിഹ്നങ്ങളോ കൂടാതെ metaphysics ലേക്കുള്ള നേരായ ദർശനവും തത്ത്വശാസ്ത്രവുമാണ് അത്. ഈ പരബ്രഹ്മമെന്ന സങ്കല്പം നാസ്തികൻ മാർക്കും, ചാർവാകന്മാർക്കും പ്രകൃതിവാദികൾക്കും, ശാസ്ത്രജ്ഞൻ മാർക്കുമെന്തുകൊണ്ട് സ്വീകാര്യം അല്ല?

ഈ പ്രപഞ്ചം മുഴുവനും ബ്രഹ്മത്തിന്റെ ഭാവാന്തരമാണ്, ഈ കാണുന്നതെല്ലാം 'ബ്രഹ്മം' തന്നെ. സർവ്വം ഖലിതം ബ്രഹ്മഃ. എന്നാൽ കോടാനുകോടി അണ്ഡകടാഹങ്ങൾ ചേർന്ന ഈ പ്രപഞ്ചം, പരബ്രഹ്മത്തിന്റെ ശരീരമാണെന്നും, നാം അതായത് 'ജീവാത്മാവ്' അതിന്റെ ഭാഗമാണെന്നും പ്രഖ്യാപിക്കുന്ന, വിശ്വസിക്കാവുന്ന സത്യമല്ലേ ഇത്? അപാരമായ അണ്ഡകടാഹത്തിന്റെ/'പരബ്രഹ്മ'ത്തിന്റെ ഭാഗമാണ് ഈ 'ഞാൻ'. എത്ര വിശാലമായ അത്ഭുതകരമായ സങ്കൽപം. ഇതിനെ എന്തു വെച്ചാണ് സെമറ്റിക് വിശ്വാസികൾ വിമർശിക്കുക?

'സൂക്ഷ്മ'മറിഞ്ഞവന് മതം പ്രമാണമല്ല, പകരം മതത്തിന് അവൻ പ്രമാണമായിത്തീരുന്നു', എന്നാണ് ശ്രീനാരായണ ഗുരു പറഞ്ഞിരിക്കുന്നത്. നമ്മുടെ സാമ്പ്രദായിക ദൈവബോധത്തിന് ഒരു നൈതികതയും ഇല്ല എന്നതാണ് സത്യം. ക്രിസ്തുമതം സ്നേഹത്തിലും, ഇസ്ലാം സാഹോദര്യത്തിലും, ഹിന്ദുമതം ഏകതയിലും വിശ്വസിക്കുന്നു. എല്ലാപേരും ഇങ്ങനെയായാൽ പിന്നെ എന്തിന് മതപരിവർത്തനം ചെയ്യണം?.

'സ്കെപ്റ്റിക്സ്' (സന്ദേഹവാദി)എന്നു പറയുന്ന ഒരു വിഭാഗം ഉണ്ട്, അതായത് ഏതു വിഷയത്തിലും അവർ സംശയാലുക്കളാണ്. അവർ മനുഷ്യനിൽ, 'ഉൾക്കാഴ്ച' (intutions) ഒന്നുമില്ല, നമ്മുടെ വളർത്തു മൃഗങ്ങളുടെ യോഗ്യതകൾ പോലും മനുഷ്യൻ എന്ന ഈ ഉയർന്നജീവിക്ക് ഇല്ല എന്ന് ചിന്തിക്കുന്ന മരത്തലയന്മാർ (morons) ആയിരിക്കുന്നു? പരിസരത്തിൽ നിന്നു പഞ്ചേന്ദ്രിയങ്ങൾ വഴി യാന്ത്രികമായി മനുഷ്യൻ അറിവ് ഗ്രഹിക്കുകയാണ് എന്ന് ഈ മോറോൺസ് പറയുന്നു. ഇവിടെ നാം മനസ്സിലാക്കേണ്ടത്, എന്താണ് 'cartesian dualism' എന്നതാണ്. നാം സംസാരിക്കുന്നത് എല്ലാം ലോകത്തുള്ള വസ്തുക്കളെ കുറിച്ചാണ്, അവ എല്ലാം നമ്മോടു ഏതെങ്കിലും തരത്തിൽ പ്രതിപ്രവർത്തിക്കുന്നതുമാണ്. 'വാദ-പ്രതിവാദ-സമന്വയമാണ്', 'വൈരുദ്ധ്യാധിഷ്ടിത ആശയം' തന്നെ, അതു കൊണ്ടാണ് നമ്മെ തന്നെ 'ഹ്യൂമൻ ബീയിങ്

എന്നതിനേക്കാൾ' സോഷ്യൽ ബീയിങ്" എന്ന് നാം സ്വയം വിളിക്കുന്നതും.

എന്താണ് 'Cartesian' ഫിലോസഫി എന്നത് ഗൂഗിൾ ചെയ്തു മനസ്സിലാക്കണം. എങ്കിലേ ഈ വിഷയത്തിൽ കൂടുതൽ ഗഹനത ലഭിക്കൂ. Descarte യുടെ വീക്ഷണങ്ങളാണ് ഇത്, മനുഷ്യനിൽ 'ചിന്ത' യും മറ്റൊന്നു അസ്ഥിത്വവുമായി, അത് വർത്തിക്കുന്നു. ഇത് രണ്ടും ചേർന്ന ഒന്നാണ് നാമെന്ന 'സോഷ്യൽ ബീയിങ്". 'സ്പീഷീസ് ബീയിങ്" എന്ന് അല്ല നാം പൊതുവേ അവകാശം പറയുന്നത്. ഫിസിക്സ്, കെമിസ്ട്രി പോലെയുള്ള 'എമ്പിരിക്കൽ ശാസ്ത്ര'ങ്ങളിൽ, അതിലെ നിയമങ്ങൾ തീർത്തും ഭൗതികം മാത്രമാണ്. അതിലൊന്നും 'ചിന്ത'ക്ക് സ്ഥാനമില്ല. മനുഷ്യന്റെ കാര്യത്തിൽ മാത്രം, അവന്റെ 'അറിയൽ രീതി' യിൽ ആത്മാംശമാണ് മുഖ്യം. Physicalism ത്തെ പറ്റി തൊഴിലാളി വർഗ നേതാവ് ലെനിൻ പറയുന്നത് ഇതാണ്. 'our mind consists of matter organized in a particular way'. മനസ്സിൽ ഉണ്ടാകുന്ന ചിന്തകൾ കൊണ്ട് തലച്ചോറിൽ abstraction നടക്കുന്നുണ്ട്. അവ 'തെസീസ്", 'ആന്റി തെസീസ്" ആയി ബ്രയിനിൽ മെറ്റാചിന്തകൾ ഉണ്ടാക്കാനും, മനുഷ്യ ബ്രെയിനിന് കഴിയുന്നു. ഇത് അവനിൽ 'സ്വതന്ത്ര ആശയങ്ങൾ' ഉണ്ടാക്കുന്നു. അതോടൊപ്പം സാമൂഹ്യ അനിവാര്യതകളും അവനു ബോധ്യപ്പെടുന്നു. ഇതിന്റെ 'സിന്തസിസ്" വഴി 'ജനാധിപത്യ ആശയങ്ങൾ' ആയി അത് ഉരുവം കൊള്ളുന്നു, അത് അവനിലെ തന്നെ 'സാമൂഹ്യ ജീവി'യെ പുനഃസൃഷ്ടിക്കുന്നു. മനസ്സും ശരീരവും മനുഷ്യന്റെ പ്രധാനപ്പെട്ട രണ്ടു ഘടകങ്ങളാണ്. ഇവ ഫലത്തിൽ ദ്വിത്വ സ്വഭാവത്തിലാണ് എന്നതാണ് മുഖ്യ കാര്യം. ഈ നിലപാടിൽ നിന്നാണ് റൂസോ മനുഷ്യ സമൂഹത്തെ ഭാവനം ചെയ്തത്. ആദം സ്മിത്തിൽ നിന്നാണ് റൂസോയ്ക്ക്, തൊഴിൽ ആണ് സ്വത്തിന്റെ കാരണമെന്ന് കാണാനായതും. ഇമ്മാനുവൽ കാന്റ് പറഞ്ഞത്, ഇത്തരം ഒരു ആശയത്തിന് ജീവിതമാറ്റവും, സാമൂഹ്യ മാറ്റവും ഉണ്ടാക്കാനാകുമെന്നാണ്. അങ്ങനെ ആണ് 'അതീന്ദ്രിയ ഫിലോസഫി' എന്ത് എന്ന് നാം മനസ്സിലാക്കുന്നത്.

അത്മാംശംചേർന്ന ആശയവാദം

18-ാം നൂറ്റാണ്ടിൽ മനുഷ്യന്റെ ആത്മാംശം ചേർന്ന ആശയവാദത്തിന്, നല്ല സാമൂഹ്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞത് ഇങ്ങനെയാണ്. ഫ്രഞ്ച് വിപ്ലവം ഉണ്ടായത് ആശയവാദത്തിന്റെ

പ്രതി പ്രവർത്തനം കൊണ്ടായിരുന്നു. എന്തിന് ലോകത്ത് എല്ലാ സാമൂഹ്യമാറ്റങ്ങൾക്കും, അങ്ങനെ ലോകരുടെ ജീവിതമാറ്റത്തിനും ഉപാധിയായത് 'ആശയവാദം' തന്നെയായിരുന്നു. എല്ലാ സംഭവങ്ങളെയും, പ്രാതിഭാസികതയെയും നിയമങ്ങൾ/പ്രമാണങ്ങളാക്കാമെന്നും അങ്ങനെ മനുഷ്യരെ നിയമപരമായി ഭരിക്കാമെന്നും, ഹേഗൽ എത്തിച്ചേർന്നു. ഇത്തരമാശയങ്ങളുടെ തൊഴുത്തിൽ നിന്നാണ് തൊഴിലാളി വർഗത്തിന്റെ ആത്മീയാചാര്യൻ എന്ന് അവർ വിശേഷിപ്പിക്കുന്ന മാർക്സ് തന്റെ റാഡിക്കൽ ക്രിട്ടിക്കൽ ചിന്തകൾ വികസിപ്പിക്കുന്നത്. ക്രിട്ടിക്കൽ ചിന്തകളായി തുടരുന്നതിന് പകരം അവ പ്രമാണങ്ങളായി ന്യൂനീകരിക്കപ്പെട്ടപ്പോൾ 'Jingoism' ആയി. അവനവന്റെ വിശ്വാസങ്ങളിൽ ഒരു ആത്മരതി ഉണ്ടാക്കുക, അതിനെയാണ് Jingoismഎന്ന് ഞാൻ ഇവിടെ ഉദ്ദേശിച്ചത്.

നിങ്ങളുടെ മെറ്റാചിന്തകളാണ് നിങ്ങളുടെ ലോകം

അതായത് ലോകം പല രീതിയിലുണ്ട്, പല രീതിയിലേക്ക് തിരിയുകയും ചെയ്യും. നിങ്ങൾ കാണുന്ന ലോകം, നിങ്ങളുടെ ഇഷ്ടപ്രകാരം നിങ്ങളുടെ വ്യാഖ്യാനങ്ങളാൽ, മനസ്സിലാക്കപ്പെടുന്ന ഒന്നാണ്. അതായത് അവരവരുടെ മെറ്റാചിന്തകളിൽ ആണ് നിങ്ങളുടെ ലോകം പ്രതിഫലിക്കപ്പെടുന്നത്. അത് പോലെ സോഷ്യലിസമെന്ന സംഹിതയും പല തരത്തിലാണ് നിങ്ങൾ ഓരോരുത്തരും മനസ്സിലാക്കി വെച്ചിരിക്കുന്നത്, എന്ന് ഞാൻ പറയുന്നു. അതൊന്നും അല്ല 'ശാസ്ത്രീയ സോഷ്യലിസം' എന്ന് ആദ്യം വായനക്കാരൻ മനസ്സിലാക്കണം. നിങ്ങൾ മനസ്സിലാക്കി വെച്ചിരിക്കുന്ന കാര്യങ്ങൾ എല്ലാം 'കപട അവബോധ'ത്തിൽ ഉള്ളതാണ്. ഇതിനെയാണ് നമ്മുടെ ആദിശങ്കരൻ 'മായ' എന്ന് പറഞ്ഞതും. ഞാനും, മാർക്സും 'കപട അവബോധം' എന്നും പറയുന്നതും. കാര്യങ്ങളെ എല്ലാം ഒറ്റക്ക് കാണുന്ന രീതിക്കാർ, അവരാണ് ഈ കപട അവബോധത്തിന്റെ വക്താക്കൾ. ഉദാഹരണത്തിന് നിങ്ങൾക്ക്, നിങ്ങൾ എന്ന മനുഷ്യനെ സ്പീഷിസ് ബീയിങ്, ഹ്യൂമൻ ബീയിങ്, സോഷ്യൽ ബീയിങ് ഏതിലും സങ്കല്പിക്കാവുന്നത് ആണ്. നാം ഒരു സ്ത്രീയെ കാണുന്നു എന്ന് കരുതുക. അവൾ വേറെ ഒരാളുടെ മകളാണ്, സ്നേഹിതന്റെ മകളാണ്. സ്നേഹിതന്റെ ഭാര്യയാണ്. ഈ സ്ത്രീയെ നിങ്ങൾക്ക് പല രീതിയിൽ നോക്കി കാണാം. അവിടെ നിങ്ങൾ ഏതു ചതുരം അവലംബിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും, നിങ്ങളുടെ സദാചാരം. മിക്ക കമ്മ്യൂണിസ്റ്റുകളും ഭൗതിക വാദികളാണ് എന്ന് പറയും.അവർക്ക്

താൻ ഒരു സ്പീഷിസ് ബീയിങ്, ഹ്യൂമൺ ബീയിങ് മാത്രമെന്ന് കരുതാം. അപ്പോൾ ഉണ്ടാകുന്ന തലവും സാമൂഹ്യജീവി എന്ന തലവും ഉണ്ടാക്കുന്ന മൂല്യവ്യത്യാസം രണ്ടായിരിക്കും.ഇതാണ് അവബോധവും കപടഅവബോധവും ഉണ്ടാക്കുന്ന വിനകൾ.

മനുഷ്യമൂല്യങ്ങൾ

മൂല്യങ്ങൾ മനുഷ്യൻ കാണുന്ന രീതിയനുസരിച്ച മാറും. ഇതാണ് മനുഷ്യന് ഫിലോസഫിയുടെ ആവശ്യം ഉണ്ട് എന്നു പറഞ്ഞത്. നമ്മുടെ ബോധവും അനുസ്യൂതമായ ചിന്തയും, പദാർത്ഥത്തിന്റെ തന്നെ ഒരു നിർഗത ഉൽപന്നമാണ്. അതിലൂടെ മാത്രമേ നമുക്ക്, നമ്മുടെ സമൂഹത്തെയും, ചുറ്റുപാടുകളെയും നോക്കിക്കാണാനാകൂ. അതുകൊണ്ട് ഏത് മനുഷ്യനും ഒരു ചിന്തകൻ കൂടി ആയിരിക്കണം. അവന് മാത്രമേ 'സാമൂഹ്യ ജീവി' ആകാൻ കഴിയൂ. നിങ്ങൾ സംസാരിക്കുമ്പോൾതന്നെ ഒരു ചിന്തകൻ ആണ് എന്നതാണ് സത്യം. അപരനെ വെറുപ്പിക്കാതെ എങ്ങനെ നിങ്ങളുടെ മനസ്സ് തുറക്കണം, എന്ന ഉൾക്കാഴ്ചയിൽ നിന്നാണ് നിങ്ങൾ സംസാരിക്കുന്നത് തന്നെ. മക്കളെ ശിക്ഷിക്കുന്നത് പോലും റിസൽറ്റ് മുന്നിൽ കണ്ടുകൊണ്ടാണ്. സാമൂഹ്യജീവി ആയി ഒരുവൻ ജീവിക്കുമ്പോൾ, കേവല ഭൗതികം കൊണ്ട് ഒരു കാര്യവും ഇല്ല. എല്ലാ വർഗകാഴ്ചപ്പാടുകളും കേവല ഭൗതികത്തിലാണ് ഉരുവം കൊള്ളുന്നത് എന്ന് പറയാനാണ് ഞാൻ ഇത്രയും വിശദീകരിച്ചത്. അതുകൊണ്ട് നിങ്ങൾ, എന്റെ ഈ വായനക്കാരൻ മിക്കവാറും മാർക്സിസ്റ്റ് ആണ് എങ്കിലും(?) സാമൂഹ്യജീവി എന്ന് തറപ്പിച്ച പറയാൻ ആവുമോ? നിങ്ങളെ ഞാൻ കാണുന്നില്ലെങ്കിലും നിങ്ങൾ ഒരു കപട അവബോധത്തിലാണ് ഇപ്പോൾ എന്ന് ഞാൻ മനസ്സിലാക്കുന്നു എന്നറിയുക. അതായത് മനുഷ്യമനസ്സിനെ വിമോചിപ്പിക്കണമെങ്കിൽ, നിങ്ങളുടെ യുക്തിവാദവും ഇപ്പോഴുള്ള നിങ്ങളുടെ മാർക്സിസവും, മാത്രം പോര എന്നാണ് ഞാൻ പറഞ്ഞത്. കുടുംബ ഘടനയിൽ മാറ്റങ്ങൾ ഉണ്ടാക്കണം; നീതിയുടേയും, കരുണയുടേയും ഏകതയുടേയും മൂല്യവിമർശനം കൊണ്ട് വരണം.

മനുഷ്യന് ദാഹം തോന്നുന്നത് ശരീരം നിലനിൽക്കുന്നതിനുള്ള ഒരാവശ്യമെന്ന നിലയിൽ ആണ്, അല്ലേ? എന്നാൽ അവന്റെ മനസ്സ് അതിനായി തെരഞ്ഞെടുക്കുന്നത് കരിക്കിൻ വെള്ളമായിരിക്കും? അത് മനസ്സിന്റെ 'ആഗ്രഹം' ആണ്. ആഗ്രഹങ്ങൾ 'ആവശ്യ' ത്തിന് വഴി മാറാൻ മനസ്സിനെ പഠിപ്പിക്കണം. അതാണ് നാം മനുഷ്യൻ എന്ന ജീവി ശ്രമിക്കേണ്ടത്. മനുഷ്യൻ എന്നതും

വെറും മൃഗം അല്ല. 'സവിശേഷ കഴിവ്' (വിവേകം) കൾ തലച്ചോറിലുള്ള, ഒരു സവിശേഷ സത്ത ഉള്ള ജീവി ആണ്. അവന് 'ആത്മബോധം' ഉണ്ട്, ഒരു മനസ്സ് ഉണ്ട്. അപ്പോൾ മനസ്സിനെ നിയന്ത്രിക്കാൻ മനുഷ്യന് ആകണം. അതിന് അദ്ധ്യാത്മികത എന്ന ഒരു ധാര മനുഷ്യ സമൂഹത്തിന് അനിവാര്യമാണ്. അതില്ലാതെ സാമൂഹ്യജീവിതം തുടരാനാവില്ല എന്നത് യുക്തിവാദികളും കമ്മ്യൂണിസ്റ്റുകളും ഗ്രഹിക്കണം. സാമാന്യബോധം, സൃഷ്ടിപരത, ധാർമ്മികത, സഹജാവബോധം, ഓർമ്മ, യുക്തി ഇവയിൽ അത്യാവശ്യം വേണ്ടത് സാമാന്യ ബോധം (common sense) ആകുന്നു. അവസാനം മാത്രമേ, കാരണം/യുക്തി വരുന്നുള്ളൂ എന്ന്, ഇപ്പോൾ മനുഷ്യവംശത്തിന് ബോധ്യം വന്നു തുടങ്ങി. അതായത് reason is just one of many faculties, അതും അഗ്രസ്സീവ് റീസൺ ആവരുത് എന്ന്.

മുകളിൽ പറഞ്ഞവയുടെ ഒരു സമതുലനാവസ്ഥയാണ് മനുഷ്യന് ആവശ്യം. അല്ലാതെ യുക്തി മാത്രമല്ല. ആക്രമണപരമായ സാമാന്യയുക്തി നമ്മുടെ ചിന്തയെ തന്നെ നശിപ്പിക്കും. നിങ്ങളുടെ ideology ആണ് ലോകസത്യമെന്ന തലത്തിലേക്ക് വ്യക്തിയെ അധഃപതിപ്പിക്കും. അതുപോലെ സമൂഹത്തെ ഒഴിവാക്കികൊണ്ടുള്ള 'വ്യക്തിവാദ'വും നല്ലതല്ല. നമുക്ക് ബാഹ്യമായി ഒരു ജനം ഉണ്ടെന്നും, അവർക്കും അവരുടെ ആവശ്യങ്ങളും നമ്മെപ്പോലെ പ്രത്യയശാസ്ത്രവും ഉണ്ടെന്നും നാം അറിയണം.

ഞാൻ മതവിശ്വാസിയല്ല. യുക്തിവാദിയുമല്ല. 'മതാതീത ആത്മീയത' മാത്രമാണ് എനിക്കുള്ളത്. ബുദ്ധിയെ നാം നമ്മുടെ അഹങ്കാരത്തിൽ നിന്നും വേർപെടുത്തണം അതിന് 'ശ്രദ്ധ' വേണം. അഹങ്കാരത്തിൽ നിന്നും ബോധത്തെ സ്വതന്ത്രമാക്കണം. അപ്പോഴെ 'ജ്ഞാനപഥ'ത്തിൽ കേറാൻ കഴിയൂ ആ മനുഷ്യന്, എങ്കിലെ അറിവിന്റെ അന്വേഷണം ഉണ്ടാകൂ. ബുദ്ധിക്ക് 'ആത്മവിചാരം' ചെയ്യാൻ അഹങ്കാരത്തെ ഇല്ലാതെ ആക്കണം. ഇതിനെയാണ് 'ബുദ്ധിയോഗം' എന്ന് പറയുന്നത്. ശ്രദ്ധ ഉണ്ടാകുന്നവർക്ക് ബുദ്ധികൂടി ഉണ്ടെങ്കിൽ 'ജ്ഞാനോദയം' എളുപ്പമാകുന്നു. അങ്ങനെ ശ്രദ്ധയുള്ള ഒരു ബുദ്ധിമാന് ശുദ്ധ ബുദ്ധിയുടെ സഹായത്താൽ ലോകത്തെ അന്വേഷിക്കാൻ ആവും. ജീവിതത്തിൽ രണ്ടു അവസ്ഥകളിലൂടെ നാം കടന്നു പോകേണ്ടതുണ്ട് എന്ന് ഞാൻ കരുതുന്നു. ഒന്ന് ജൈവപരമായും, രണ്ട് സാമൂഹ്യപരമായും.

ആദ്യത്തേത് അവന്റെ ജൈവ അവസ്ഥ ആണ്, 'സ്പീഷിസ് ബീയിംഗ്' തലം മാത്രമാണത്. മറ്റൊന്ന് അവന്റെ സാമൂഹ്യരൂപീകരണത്തിന്റെ അനിവാര്യത നിയമങ്ങൾ, അതായത് സാമൂഹ്യ അവസ്ഥകൾ എന്നും മനസ്സിലാക്കുന്നു, ഞാൻ. സാമൂഹ്യഅവസ്ഥകൾ സ്വാഭാവികമായും ഒരു 'രാഷ്ട്രീയ വ്യവസ്ഥ' അവനിൽ സൃഷ്ടിക്കുന്നു. അതിന്റെ അടിസ്ഥാനം 'ധനവ്യവസ്ഥ' തന്നെയാണ്, അത് ധനവ്യവ്സ്ഥയെ ആശ്രയിച്ചിരിക്കുന്നു. ഇതാണ് മാർക്സ് പറഞ്ഞ 'പൊളിറ്റിക്കൽ സമൂഹം'. എന്നാൽ ആദ്യം പറഞ്ഞ ജൈവ-മനുഷ്യ അവസ്ഥ അവന്റെ 'വ്യക്തി സ്വാതന്ത്ര്യത്തെ' ലക്ഷ്യമാകുന്നു. ഈ രണ്ടു താൽപര്യങ്ങളും സദാ 'സമര'ത്തിലുമെന്നാൽ 'സഖ്യ'പ്പെട്ടു തുടരുകയും ചെയ്യുന്നു. ഇതാണ് 'മനുഷ്യ ചരിത്രം'. അത് അവസാനിക്കുന്നില്ല. അനന്തപ്രക്രിയ ആണ്. അത് തുടരും. ഇതാണ് 'dialectical naturalism'. ലിബർട്ടി, ഫ്രീഡം എന്നീ രണ്ടു വാക്കുകൾ നിങ്ങൾക്ക് സുപരിചിതമാണല്ലോ? Liberty: എന്നാൽ അർത്ഥം പ്രവൃത്തി സ്വാതന്ത്ര്യം, ചിന്താ സ്വാതന്ത്ര്യം, സ്വേച്ഛാനുവർത്തനം, നൈസർഗ്ഗികാവകാശമെന്നൊക്കെയാണ്.

എന്താണ് സ്വാതന്ത്ര്യം?

ഒരു സാമൂഹ്യ ജീവിയെന്ന നിലയിൽ ഫ്രീഡമെന്ന ആശയം 'സാമൂഹ്യ നിയന്ത്രണ'ങ്ങൾക്ക് വിധേയമാണ് എന്നറിയണം. അത് ആധുനിക സാമൂഹ്യരാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളുടെയും ഓരോ പ്രദേശങ്ങളുടെ സംസ്കാരത്തിനും, അവിടെ വളർന്നു വികസിച്ച മൂല്യങ്ങളുമായും അവിടുത്തെ സംസ്കൃതിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ്. 'വ്യഷ്ടി സ്വാതന്ത്ര്യ' ത്തെ ആണ് 'ലിബർട്ടി' എന്ന് പറയുന്നത്. 'സമഷ്ടി'യുടെ എല്ലാക്കാര്യത്തിനും നിങ്ങൾക്ക് ലിബർട്ടി ഉണ്ടായിരിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ ഓരോ മനുഷ്യന്റെ ചിന്തയും നിങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്, 'ആത്മനിഷ്ഠത' കൊണ്ട്. സമൂഹത്തിൽ പരസ്പരം ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ് ചില നിയന്ത്രണങ്ങൾ 'സമൂഹം' തന്നെ വെയ്ക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ലിബർട്ടി എന്നത് ചില സാമൂഹ്യനിയന്ത്രണങ്ങൾക്ക് വിധേയമായി കൊണ്ട് വേണം, ഓരോ വ്യക്തികളും മനസ്സിലാക്കുവാൻ . ഒരു വ്യക്തിയ്ക്ക് കൈവീശുവാനുള്ള അവകാശം മറ്റൊരാളുടെ മൂക്കിൻ തുമ്പുവരെ മാത്രമാണ് എന്നത്, മനസ്സിലാക്കണം. അതിലുപരി ആ കൈവീശൽ പ്രക്രിയപോലും മറ്റൊരാൾക്ക് അനിഷ്ടം വരുത്തുന്നു എങ്കിൽ, അത് അനുവദിക്കില്ല. സമൂഹത്തിൽ, സമഷ്ടിയും വ്യഷ്ടിയും തമ്മിൽ വൈരുദ്ധ്യങ്ങൾ ഉണ്ട്.

ബോധം, മനസ്സ്

എന്താണ് ബോധം (Consciousness)? എന്താണ് മനസ്സ് എന്ന് നിങ്ങൾ വായിച്ചറിയണം. ഒരു ചെറിയ സൂചന മാത്രമാണ് ഞാൻ നൽകിയത്. ഇന്ന് ഇന്റർനെറ്റ് വളരെ പ്രചരിച്ചിരിക്കുന്നു. നിങ്ങളുടെ തീവ്ര വായന കൊണ്ടേ ഇതിൽ ഫലം ഉണ്ടാകു. നിങ്ങളുടെ വിരൽ ത്തുമ്പിൽ വിജ്ഞാനം ഇങ്ങനെ പൂപോലെ വിടരാൻ തക്കവണ്ണം ഇരിക്കുന്നു. അത് ഉപയോഗിക്കണം. എങ്കിലേ ഈ പുസ്തകം നിങ്ങളുടെ ജീവിതത്തിന് ഉതകൂ. ഇന്ന് നാം, ഒരു വിവരസാങ്കേതിക വിദ്യയുടെ ലോകത്തിൽ ആണ് ജീവിക്കുന്നത്. matter ഇല്ലാതെ space ഇല്ല space ഇല്ലാതെ time ഇല്ല, ജീവൻ (ചിന്തിക്കുന്ന മനസ്സ്)അതായത് ചിന്ത/ആശയം ഇവ ഒരു continnum ആണ്, ഒന്നില്ലാതെ മറ്റൊന്നിനെക്കുറിച്ച് സങ്കൽപിക്കാൻ പോലുമാവില്ല എന്നു കൂടി, നിങ്ങൾ അറിഞ്ഞിരിക്കണം.

‘Consciousness’ refers to your individual awareness of your unique thoughts, memories, feelings, sensations and environment etc. Your conscious experiences are constantly shifting and changing. For example, in one moment you may be focused on reading this article. Your consciousness may then shift to the memory of a conversation you had earlier with a co-worker. Next, you might notice how uncomfortable your chair is or may be you are mentally planning dinner. This evershifting stream of thoughts can change dramatically from one moment to the next. But your experience of it seems smooth effortless.

The conscious experience was one of the first topics studied by early psychologists. Structuralists used a process known as introspection to analyze and report conscious sensations, thoughts, and experiences. This will amply illustrate what is consciousness. (കടപ്പാട് വികിപീഡിയ).

“If God did not exist, it would be necessary to invent him.” Voltaire agreed that there must be a God. If not where would human goodness and morality come from?”മൊറാലിറ്റി (ധാർമ്മികത) ഉണ്ടാവണമെങ്കിൽ ‘ദൈവം’ ഉണ്ടാവണം. ദൈവം ഇല്ല എങ്കിൽ ഒന്നിനെ ഉണ്ടാക്കണം. ഇത് ജ്ഞാനോദയ യുക്തി വാദി ആയ വോൾട്ടയറുടെ വാക്കുകളാണ്. മനസ്സിനെക്കുറിച്ചുള്ള

ഒരു ചർച്ചയിലേക്ക് പോകാം, ഇനി. ഈ സമാഹരണം 'മുഖപുസ്തക' ചർച്ചയെ അടിസ്ഥാനപ്പെടുത്തിയാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് വളരെ ചലനാത്മകമാണ് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്നു. കൂടാതെ ഒട്ടു പല മേഖലകളെ കൂടി നിങ്ങളെ പരിചയപ്പെടുത്തുവാനും ഞാൻ ഈ എളിയ സംരഭത്തിൽ ശ്രമിക്കുന്നു.

നമ്മുടെ മനസ്സിലുള്ള ചില ഘടകങ്ങളെ ഉപയോഗിച്ചാണ് നാം അനുഭവത്തെ ഉൾക്കൊള്ളുന്നത്. ഉദാ: നിറങ്ങൾ യഥാർത്ഥത്തിൽ പ്രകൃതിയിൽ ഉള്ളതല്ല. വിവിധ ജീവികൾക്ക് വ്യത്യസ്ത വർണരാജികളാണ്. പൂച്ചക്ക് കാഴ്ച കറുപ്പും വെളുപ്പും മാത്രമാണ്, മറ്റു നിറങ്ങൾ പൂച്ചക്ക് കാണാൻ ആകില്ല. ജനിതക ദോഷം കാരണം ചിലർ അന്ധരാണ് എന്ന് നിങ്ങൾക്കറിയാം. ഇതുപോലെയാണ് ഓരോ രൂപവും, നമ്മുടെ മനസ്സാണ് രൂപങ്ങളെ ഉണ്ടാക്കുന്നതും. വൃത്തം, ചാപം, ചതുരം, കോൺ ഇവയെല്ലാം പ്രകൃതിയിൽ ഫലത്തിൽ ഇല്ല എന്നാണ് പറയുന്നത്, ഇവയെല്ലാം നമ്മൾ അനുഭവത്തിൽ കാണുന്നത് ആണ്. ഇന്ദ്രിയപരമായ അനുഭവങ്ങളെ നമ്മുടെ മനസ്സാണ് ഉൾക്കൊള്ളുന്നത്. മനസ്സ് ഉൾക്കൊള്ളുന്നത് യാഥാർത്ഥ്യമെന്ന് നാം ധരിക്കുന്നു. അതായത് ജാമിതീയ രൂപങ്ങൾ, നിറങ്ങളൊക്കെ, മനുഷ്യനിലെ 'ജന്മജങ്ങൾ' ആണ്, മനസ്സ് ഉണ്ടാക്കുന്നവയാണ്. അതായത് മാർക്സിന്റെ അഭിപ്രായങ്ങളോട് അല്ല എനിയ്ക്ക് യോജിപ്പ് ഇക്കാര്യങ്ങളിൽ, ദേക്കാർത്തിന്റെ ആശയങ്ങളോടാണ്.

## Innate Hypothesis

അതുപോലെ നമ്മുടെ ഭാഷയും ജന്മജമാണ് എന്നാണ് നോംചോംസ്കി പറയുന്നത്, അതാണ് innate hypothesis. മനസ്സിനെ മസ്തിഷ്കത്തിൽനിന്നും ബാഹ്യമായി കാണേണ്ടതില്ല. പരിമിതമായ ഉപാധികൾ കൊണ്ട്, ഭാഷ കൊണ്ട്, അപരിമിതമായ കാര്യങ്ങൾ മനുഷ്യന് വർണിക്കാൻ സാധിക്കുന്നു. നമ്മുടെ 51 അക്ഷരങ്ങൾകൊണ്ട് മലയാള ഭാഷ ചെയ്യുന്ന പ്രക്രിയയാണ് നാം ഇവിടെ കാണുന്നതും. അപരിമിതമാണ് അതിന്റെ ലക്ഷ്യം. ഭാഷ ഉപയോഗിച്ചാണ് നാം ചിന്തിക്കുന്നത്. നമ്മുടെ ചിന്തയും ഭാഷയും ഒരേ ഘടന ആണ് ഉള്ളത്. ഭാഷ ഇല്ലാതെയും ചിന്ത ഉണ്ടാകാം. ചോംസ്കിയുടെ പക്ഷത്തിൽ ഭാഷാശാസ്ത്രം ബോധശാസ്ത്രത്തിന്റെ ഭാഗമാണ്. മനുഷ്യന്റെ സ്മരണശേഷിയ്ക്ക് പരിധി ഉണ്ടാകാം. ഭാഷയും ചിന്തയും അങ്ങനെ പൊരുത്തപ്പെട്ടു

പോകുന്നു. കാരണം അവയുടെ രണ്ടിന്റെയും അടിസ്ഥാന പ്രക്രിയ ഒരു പോലെ ആകാമെന്നത് കൊണ്ട്, ചിന്ത എന്നത് 'ബൈനറി ഓപ്പറേഷൻ' ആണ്. ഭാഷയിലൂടെ രണ്ട് ആശയങ്ങളെ കൂട്ടിയോജിപ്പിക്കുകയാണ് ഫലത്തിൽ ചെയ്യുന്നത്. എപ്പോഴും ഇത് രണ്ട് ആശയത്തിൽ മാത്രം ഒതുങ്ങണമെന്നില്ല. ബഹു ആശയങ്ങൾ പലപ്പോഴും ഉണ്ടാകാം. അവയെ യോജിപ്പിക്കുമ്പോൾ മനുഷ്യമനസ്സിന്റെ പുറത്തായിരിക്കും അത്തരം വിഷയം കിടക്കുക. അപ്പോൾ അചിന്ത്യ വിഷയം, ഊഹാധിഷ്ഠിതമാകും. അതായത് എപ്പോഴും മനുഷ്യന്റെ പ്രപഞ്ച അനുഭവത്തിൽ വിടവുകൾ ഉണ്ടായെന്നും വരും. അപ്പോൾ അത് ആശയത്തിലും പ്രതിഫലിക്കും. നമ്മുടെ തത്ത്വചിന്ത ഇത്തരത്തിലുള്ള മേഖലയാണ്. ഇതുപോലെ തന്നെയാണ് കാഴ്ചശക്തിയുടെ കാര്യത്തിലും. കാഴ്ചശക്തി കാര്യത്തിൽ, അന്ധസ്ഥലം ഉണ്ടെന്ന് നാം പഠിച്ചിട്ടുണ്ടല്ലോ? അതുപോലെതന്നെ മനസ്സിന്റെ നിർമിതിയാണ് നമ്മുടെ സ്വത്വ ബോധങ്ങൾ, 'ബോധം' എന്നത് പുറമേയ്ക്ക് നോക്കുന്നതും, 'സ്വത്വം' എന്നത് അകത്തോട്ട് നോക്കുന്നതുമാണ്. ഒരു കാര്യം കൂടി നാം അറിയേണ്ടത്, നമ്മുടെ ശരീരത്തിന്റെ ഒരു പ്രതിരൂപം മസ്തിഷ്കത്തിലുണ്ട്, എന്നതാണ്. എല്ലാ ഭാഷകളുടെയും വ്യാകരണവും ഒന്ന് തന്നെയാണ് എന്നുകൂടി അറിയണം, കാരണം ഈ വ്യാകരണത്തിന്റെ അടിസ്ഥാനം, മസ്തിഷ്കത്തിന്റെ ഘടനകളിൽ ആണ് ഉള്ളത്. മൈൻഡ് ഈസ് മോഡുലാർ. നാം മനസ്സിന്റെ ഉള്ളിലേക്ക് നോക്കാൻ വിസമ്മിതിച്ചു, ഇത്രനാൾ. മനസ്സിനെ ഒരു കേവല വസ്തുവായി കണ്ടു. ബുദ്ധിശക്തി, വിവേകം കൊണ്ടാണ് മനസ്സ്/ ബ്രെയിൻ അതിന്റെ ജോലി ചെയ്യുന്നത്. നമ്മുടെ ശരീരത്തിൽ പല അവയവം ഉള്ളത് പോലെ, ആന്തരിക മനസ്സിനും അവയവങ്ങളുണ്ട്, എന്നാണ് പുതിയ അറിവുകൾ. 'സ്മരണ' എന്നത് മനസ്സിന്റെ ഉപഘടകമാണ്. 'അനുമാനപരമായ ചിന്ത' മറ്റൊരു ഉപഘടകമാണ്. അതുകൊണ്ടാണ് മനസ്സ് ഒരു മോഡുലാർ എന്ന് ആദ്യമേ പറഞ്ഞത്. ചിലപ്പോൾ നമ്മുടെ ഓർമ്മശക്തി കുറയും, വയസ്സാകുമ്പോൾ; എങ്കിലും അനുമാനശക്തി കൂടിയിരിക്കും.

അതുപോലെ ഇതെല്ലാം സ്ഥലപരമാണ്. മസ്തിഷ്കത്തിന് എവിടെ ക്ഷതം വന്നുവോ, അതനുസരിച്ചാണ് നമ്മുടെ കഴിവുകൾ നഷ്ടമാകുന്നത്. ഭാഷാ കഴിവ് മസ്തിഷ്കത്തിന്റെ ഇടതുഭാഗത്താണ് എന്ന് പറയുന്നു. 28/30 വയസ്സുവരെ മസ്തിഷ്കം വളരുന്നുണ്ട്. എന്നാൽ ഇതും കേവലവീക്ഷണമല്ല. ഈ മേഖലയിൽ നമ്മുടെ

പഠനം പോര. ചോംസ്കിയാണ് ഭാഷയും മനസ്സും മസ്തിഷ്കവും ശരീരം പോലെ ഒരു വസ്തു ആണെന്ന് വാദിച്ചത്. നായയ്ക്കു നല്ല ബുദ്ധിശക്തിയുണ്ട്. എന്നാൽ മനുഷ്യനെപ്പോലെ ഗണിതം സാധ്യമല്ല. എന്നാൽ ഓട്ടത്തിൽ അതെല്ലാം അവൻ ചെയ്യുന്നുണ്ട്. ഉടമസ്ഥനെ കാണുമ്പോൾ നായയുടെ ബ്രെയിനിൽ ഒരു രാസവസ്തു ഉണ്ടാകുന്നു എന്ന് പറയുന്നു. മസ്തിഷ്കത്തിൽ നിന്നും പോകുന്ന കൽപനയാണ് ഇച്ഛ (will)ആവുന്നത്. അത് പോലെ മതബോധവും മനസ്സിന്റെ ഒരു അവയവമാണ് എന്നറിയണം. പ്രപഞ്ചത്തെ അന്വയിക്കുമ്പോൾ അതിന് ഒരു സംവൃതത്ത്വം വേണം. അപ്പോൾ മനസ്സിലുണ്ടാകുന്ന സ്വഭാവിക ഗ്യാപ്പുകൾ അവൻ അടച്ചു പൂർണമാക്കുന്നു. മനസ്സിന് സംവൃതചിത്രം മാത്രമേ ഗ്രഹിക്കാൻ ആകൂ എന്നതാണ് സത്യം. അതാണ് എല്ലാ പേരിലും ഉണ്ടാകുന്ന മതബോധം; ഇത് മനസ്സിന്റെ സവിശേഷത ആണ്. ഉള്ള മതബോധത്തെ ധർമ്മബോധമാക്കി മാറ്റണമെന്നാണ് ഞാൻ പറയുന്നത്. മസ്തിഷ്കത്തിൽ നടക്കുന്ന ഇത്തരം ചലന സംഭവങ്ങളാണ്, നമ്മുടെ അറിവ്. ശരീരത്തിന്റെ ഓരോ കോശത്തിലും, സദാ വൈദ്യുതി പ്രക്രിയ നടക്കുന്നുണ്ട്. എന്നാൽ മസ്തിഷ്കത്തിൽ പ്രവഹിക്കുന്ന വിദ്യുത് തരംഗങ്ങൾ, അതാണ് ബോധമായി നമുക്ക് അനുഭവപ്പെടുന്നത്. ലോക്കാണ് ദേക്കാർത്തിനെ നിരാകരിച്ചു കൊണ്ട് അനുഭവികവാദം, കൊണ്ടുവന്നത്. മനുഷ്യന്റെ മനസ്സിൽ, തലയിലൊന്നുമില്ല അത് വെറും ഒരു സ്ലേറ്റുമാത്രമെന്നാണ് ലോക്ക് പ്രസ്താവിച്ചത്. എന്നാൽ ദേക്കാർത്തെ പറയുന്നത് അതല്ല, മനസ്സിന് സ്വതഃസിദ്ധമായ അനുഭവങ്ങളുണ്ടെന്നാണ്. ലോക്ക് അല്ലെങ്കിൽ മാർക്സ് പറയുന്ന അനുഭവീകരണമെന്നത് വെറും ഒരു സാധാരണീകരണമാണ്. അതല്ല നോംചോസ്കി പറയുന്നത്, ജന്മജമായ പല ഘടനകളും ബ്രെയിനിൽ ഉണ്ട്. ജ്യാമിതീയ രൂപങ്ങൾ, കോൺ, ചാപം, വൃത്തം, ചതുരം, നേർവര ഇതൊക്കെ ജന്മജമാണ്, മനസ്സിന്റെ. ദർശനാനുഭവങ്ങൾ ബ്രെയിൻ ഉൾകൊള്ളുന്നത് ഈ രൂപങ്ങൾ വെച്ചാണ്. DNA ബയോളജിയിലെ മുഖ്യ ഘടകമെന്നത് പോലെ പ്രധാനമാണ്, നാഡി വ്യവസ്ഥയിലെ ന്യൂറോൺ.

ദേക്കാർത്തെ ആണ് ആധുനിക ചിന്തയുടെ പിതാവ്. അദ്ദേഹം 'അരിസ്റ്റോട്ടിൽ തത്ത്വചിന്ത' യിൽ നിന്നും തന്റെ ചിന്തയെ വിച്ഛേദിച്ചു. മനുഷ്യ മനസ്സ് എന്നത് ഇന്ന് ഭൗതികേതര വസ്തു ആയാണ് നാം മനസ്സിലാക്കിയിരിക്കുന്നത്. മനുഷ്യന്റെ ചിന്തകൾ ശരിയാംവണ്ണം വിനിയോഗിക്കേണ്ടത്, മനുഷ്യനാണ്. അവന്റെ

വിവേചന ബുദ്ധികൊണ്ട് ചിന്തിക്കേണ്ടത്, വളരെ പ്രാധാന്യം അർഹിക്കുന്നു. അവർക്കുണ്ടാകുന്ന എല്ലാ തെറ്റിനും കാരണം അവരുടെ വിവേകചിന്ത ഉപയോഗിക്കായ്കയാണ്. സ്വന്തം വിവേകം ഉപയോഗിക്കാതെ മറ്റുള്ളവരുടെ വിവേകം കൊണ്ട് ജീവിക്കാൻ ശ്രമിക്കുന്നതുകൊണ്ട് മാത്രമാണ്, മനുഷ്യന് വൈകല്യങ്ങൾ പറ്റുന്നത്, വിശ്വാസികൾ പിൻപറ്റുന്നവർ മാത്രമാണ്. എതിർ വാദങ്ങൾ തടയണമെന്ന് അവർ പറയും. മറ്റുള്ളവരുടെ ജീവന് ഭീഷണി ഉണ്ടാക്കുന്ന മതപരമായ ആശയങ്ങൾ തീർച്ചയായും നിരോധിക്കപ്പെടണം, പ്രവൃത്തി, വാക്ക്, വിചാരം ഇവ ശുദ്ധമായിരിക്കണം. അതിന് മനസ്സ് ശുദ്ധമായിരിക്കണം.

ചിന്തിക്കാനുള്ള പ്രാപ്തിയാണ് പ്രാകൃതമനുഷ്യനും കുരങ്ങനും തമ്മിലുള്ള വ്യത്യാസമെന്നറിയണം, എന്റെ വായനക്കാർ. ചിന്തയാണ്/ബോധമാണ് മനുഷ്യന്റെ ഉള്ളിലെ സൃഷ്ടികർത്താവ്. പൊതുബോധത്തിന്റെ പ്രതിനിധികളിൽ സാമൂഹ്യബോധം കാണാതെ വരുന്നു.

## Nature & Nurture

Nature & Nurture എന്നത് ഗൂഗിൾ നോക്കി നിങ്ങൾ ഗ്രഹിക്കുക. മനുഷ്യന്റെ ബ്രെയിനും അതിൽ ഉൾക്കൊള്ളുന്ന ബോധവും ഇങ്ങനെയാണ് വികസിക്കുന്നത്. നേച്ചർ എന്നു പറഞ്ഞാൽ ജനിയ്ക്കുമ്പോൾ തന്നെ മനുഷ്യനിൽ പ്രോഗ്രാം ചെയ്തു വെച്ചിട്ടുള്ളത് എന്നു പറയുന്ന കഴിവാണ്. പിന്നെ ബ്രെയിൻ, സെല്ലുകൾ, ന്യൂറോണുകൾ, വികാസം പ്രാപിക്കുന്നതിനനുസരിച്ച്, അത് പഠിപ്പിന് ഉപകാരമാകുന്നു. അപ്പോഴും തലച്ചോറ് കൂടുതൽ അപഗ്രഥനാത്മകമാകുന്നു എന്നതാണ് സത്യം. Nurture അർത്ഥമാക്കുന്നത് പരിപോഷണം എന്നതാണ്. ചിന്ത രണ്ടുതരമുണ്ട്. 'ഭോഗ ചിന്തയും' 'തത്ത്വചിന്ത'യും. ഭോഗചിന്ത വളരെ ചെറിയ വൃത്തത്തിൽ മാത്രം കറങ്ങുന്ന മനുഷ്യന്റെ ഒരു ശീലമാണ്. അതിനു പുതിയ ആശയങ്ങളിലേക്ക് പോകുവാൻ സാധ്യമല്ല. കൂടുതലും സങ്കൽപമാണ് (imagination), ഭോഗചിന്ത അതാണ്. നല്ല ഭക്ഷണം കഴിക്കുക, കുടിക്കുക, ഒക്കെ. തത്ത്വചിന്ത (innovative thinking) മനുഷ്യനിൽ അനുദിനം വളരുന്ന, മുളയ്ക്കുന്ന ബോധമാണ്. എന്ത്? എങ്ങനെ? എന്തുകൊണ്ട്?എന്നീ ചോദ്യങ്ങളുടെ ഉത്തരം തേടുന്നതാണ് തത്ത്വചിന്ത.

ഇതിനെ ശാസ്ത്ര ചിന്ത എന്നും പറയുന്നു. മനുഷ്യൻ ഏറെ കൊട്ടിഘോഷിക്കുന്ന സാമൂഹ്യതത്ത്വം പോലെ പ്രസക്തമാണ്

ആത്മതത്ത്വവും! ‘ദൈവം’ എന്നത് മനുഷ്യനെ മാത്രം സംബന്ധിക്കുന്ന കാര്യമാണ്. ആത്മതത്ത്വത്തെ കേന്ദ്രീകരിച്ചുണ്ടായ ഒരു വിഷയമാണ്, ‘ദൈവം’. ദൈവമെന്നത് ഒരു ‘സംഹിത’ ആണ്. മതങ്ങൾ സൃഷ്ടാവ് എന്ന് അതിനെ ന്യൂനീകരിക്കുന്നു. എന്നാൽ മതത്തെ വിട്ട് ‘ധർമ്മവ്യവസ്ഥ’ അതിനെ സംഹിതയായെടുക്കുന്നു. അത് സൃഷ്ടാവ് അല്ല. നാം സാമൂഹ്യതത്ത്വമെന്ന് പറയുന്നില്ലേ; അതിന്റെ സിന്തെറ്റിക്ക് രൂപമാണ്, അതുകൊണ്ട് ‘നിരീശരത്വം’ എന്ന സങ്കൽപനം തന്നെ തെറ്റാണ്. മതത്തിലെ സ്രഷ്ടാവ് എന്ന തെറ്റായ സംഹിതയെ വെച്ചാണ് യുക്തിവാദികൾ എന്നവകാശപ്പെടുന്നവർ വാദിക്കുന്നത്. യുക്തിവാദികൾ യുക്തികൊണ്ട് വാദിക്കുന്നു, മുൻധാരണയിൽ വാദിക്കുന്നവൻ എല്ലാം വിശ്വാസി ആണ്. ഈശ്വരൻ എന്ന സങ്കൽപത്തിന് അസ്തിത്വമില്ലാത്തിടത്തോളം, നിരീശ്വരത്വമെന്ന ആശയത്തിനുതന്നെ പ്രസക്തിയില്ല, മനസ്സിലായല്ലോ? ‘ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചാൽ ഫലമെന്ത്’ എന്ന് ക്രിസ്തു ചോദിക്കുന്നുണ്ട്. നാം വെറും ശരീരമല്ലെന്നും ഒരാശയ സംഹിതയാണെന്നുമാണ്, ഇതിനർത്ഥം.

മരണം—ആത്മാവും, ജീവനും!

ശാസ്ത്ര ലോകം മനുഷ്യനെ അനുഭവൈക രീതിയിൽ, എല്ലാ ജീവികളേയും പോലെ മരിക്കുന്നു എന്നു നിർവ്വചിക്കുന്നു, ജീവൻ പോകുന്നു അപ്പോൾ മരണം ഉണ്ടാകുന്നു എന്നു പറയുന്നു. എന്നാൽ ഭാഷ കണ്ടുപിടിച്ച മനുഷ്യൻ അക്ഷര പ്രപഞ്ചത്തിൽ വ്യാഖ്യാനിക്കുമ്പോൾ, മനുഷ്യന് ഒരു ദേഹവും ദേഹിയും ഉണ്ടെന്നും, നന്മ ചെയ്യുന്ന ദേഹത്തിന്റെ ദേഹിയ്ക്ക്, മൃഗം പോലെ ജീവിക്കുന്ന ജീവിയിൽ നിന്നും വ്യത്യസ്ത അവസ്ഥ ലഭിക്കുന്നു എന്നു വിശ്വസിക്കുന്നു. അതുകൊണ്ട് അക്ഷര പ്രപഞ്ചത്തെ പരിഗണിക്കുന്ന മനുഷ്യൻ സ്വർഗം, നരകമെന്ന സങ്കൽപനം മുറുകെ പിടിയ്ക്കുന്നു. മൂല്യങ്ങൾക്കുവേണ്ടി മരിക്കുന്ന ഒരു രക്തസാക്ഷിയും ഇതാണ് മുറുകെ പിടിക്കുന്നത്. അല്ലെങ്കിൽ ആർക്കും നന്മചെയ്യുവാൻ ആഗ്രഹം ഉണ്ടാകില്ല. വ്യാജ ജീവിതമാണ് ഏവരും പിൻപറ്റുക, ഇന്നത്തെ ചില നേതാക്കളെ പോലെ. ഭാഷയുടെ ലോകത്ത് ചരിക്കുന്നവർ ആത്മാവ് എന്നാണ് ജീവനെ നിരൂപിക്കുന്നത്.

ആരാണ് DNA Molecule കോഡ് എഴുതിയിരിക്കുന്നത് ie., the instructions used for development and functioning of living beings? നിങ്ങൾക്ക് അറിയാം സോഫ്റ്റ്‌വെയർ എങ്ങനെ ആണ് ഹാർഡ്‌വെയറിനെ സഹായിക്കുന്നത്, അതുപോലെ,

there are some pre-written codes/program in every cell which controls our growth. ഉപരിപ്ലവമായ മനസ്സിൽ മാത്രമേ നമ്മൾ വ്യാപരിക്കുന്നുള്ളൂ, അത് 'ജഡജ്ഞാനം' ആണ്. നമ്മുടെ ആന്തരികമായ സത്തയെ അറിയാൻ നമ്മൾ അന്തർമുഖരാവേണ്ടതുണ്ട് (introvert) എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഹിന്ദുമതത്തിലെ അദ്വൈതവേദാന്ത (രണ്ടില്ല–Non Duality എന്ന) പ്രകാരം, ഈ പ്രപഞ്ചം മുഴുവനും ഒന്നിൽ നിന്നുണ്ടായതാണ്. ആ ഒന്നിനെ ബ്രഹ്മമെന്ന് പറയുന്നു. അതിൽ നിന്നന്യമായി ഈ പ്രപഞ്ചത്തിൽ ഒരണുപോലുമില്ല. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പോലും ഇത് വളരെ എളുപ്പത്തിൽ വിശദീകരിക്കാനാകുമെന്നു, ഞാൻ കരുതുന്നു. എഫ് ബിയിലെ ഒരു ചർച്ചയാണ് അടിസ്ഥാനം. ഞാൻ ഈ വിഷയത്തെ വേദാന്ത രീതിയിൽ അവതരിപ്പിക്കുന്നു. എന്നിട്ട് സെമറ്റിക് സൃഷ്ടി വാദത്തെ ഖണ്ഡിക്കുന്നു. അങ്ങനെ കളിമൺ സിദ്ധാന്തത്തെയും, സൃഷ്ടികർത്താവാണ് ദൈവമെന്ന സെമറ്റിക് സങ്കൽപനത്തെയുമാണ് നിഷേധിക്കുന്നത്. കൂടാതെ ഇന്ത്യൻ വേദാന്തമാണ് എകദേശം ശരി എന്നതുമാണ് പറയുന്നത്.

Energy Mass Equivalence ($E=MC^2$)

Energy Mass Equivalence ($E=MC^2$) പ്രകാരം ഊർജ്ജവും ദ്രവ്യവും (ഖരം, ദ്രാവകം, വാതകം, പ്ലാസ്മ), ഒരേ വസ്തുവിന്റെ വ്യത്യസ്ത രൂപങ്ങളാണ്. ആ ഒന്നിൽ നിന്നന്യമായി ഒന്നും തന്നെ ഈ പ്രപഞ്ചത്തിൽ ഇല്ല. പരമജ്ഞാനമാണ് മോക്ഷമെന്നു പറയുന്നത്. പരമാത്മാവും, ജീവാത്മാവും ഒന്നുതന്നെയാണെന്നുള്ള അനുഭവിച്ചുള്ള ജ്ഞാനമാണത്. യോഗമാർഗ്ഗത്തിന് ജ്ഞാനയോഗമെന്നു പറയുന്നത് അതുകൊണ്ടാണ്.' Energy of the universe is a constant. Energy/matter neither be created nor be destroyed, only can transformed from one form to another: ആ ഒന്നിനെ നിർമ്മിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല എന്നർത്ഥം. The zero-energy universe theory states that the total amount of energy in the universe is exactly zero: its amount of positive energy in the form of matter is exactly cancelled out by its negative energy in the form of gravity. ശേഷിക്കുന്ന ഈ ബോധമാണ് ബ്രഹ്മമെന്ന് വ്യഖ്യാനിക്കാം. മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും 'ദൈവ'മിരിക്കുന്നു എന്ന് ഭാരതീയർ വിശ്വസിക്കുന്നതിനടിസ്ഥാനം ഇതാണ്. ലക്ഷക്കണക്കിന് ഋഷിമാരുടെ

പതിനായിരക്കണക്കിന് വർഷങ്ങളുടെ അനുഭവങ്ങളിലൂടേയും, തപസ്സിലൂടെയും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള അദ്വൈത വേദാന്തം, മനുഷ്യബുദ്ധിയുടെ അവസാന വാക്കാണ് എന്ന് ഞാൻ പറയുന്നില്ല.

വേദാന്തത്തിൽ നിന്നാണ് ആധുനിക ശാസ്ത്രമാരംഭിക്കുന്നത് എന്ന് ഞാൻ കേറ്റി പറഞ്ഞെന്നു മാത്രം. പിണ്ഡം(mass) മാത്രമാണ് സ്ഥായിയായി പ്രപഞ്ചത്തിൽ ഉള്ളതെന്ന്, ഇന്നത്തെ അറിവിൽ മനുഷ്യൻ മനസ്സിലാക്കുന്നു. പിണ്ഡത്തിന്റെ സാർവത്രിക രൂപങ്ങളാണ് എനർജി. മറ്റൊരു പര്യായമാണ്ദ്രവ്യം! $E=MC^2$ tell us that matter and energy can turn into each other. Here, ‘in right condition, matter can turn into energy and energy can turn into matter. Here ‘right condition’, refers to near to light speed. ഏതൊന്നിനെ അറിഞ്ഞാൽ മറ്റെല്ലാം അറിഞ്ഞപോലെ ആകുന്നുവോ അതാണ് ബ്രഹ്മം?

We got two types of physics today. One is classic physics which explaining laws of big things in Universe like black hole, galaxies etc. On the other hand we have quantum physics telling about the quantum world. Problem with these two physics is they don’t support each other. It means many theories in classic physics don’t support in quantum world. Scientist still working on a unified theory that explain everything in the universe which is known as string theory. പ്രപഞ്ചവും ബ്രഹ്മവും ഒന്നാണ്. പ്രപഞ്ചത്തിന്റെഅസ്തിത്വമെല്ലാവരും അംഗീകരിക്കുന്നു, അത് ഉണ്ട് എന്നതിന് അനുഭവം ഉണ്ട്. നാം കാണുന്ന ദ്രവ്യവും, ഊർജവും യഥാർത്ഥത്തിൽ ഇന്ന് പിണ്ഡമാണ്. അതുകൊണ്ട് ഇത് രണ്ടും മായ ആണ് എന്നാണു ഹിന്ദുക്കൾ പഠിച്ചിരിക്കുന്നത്.

Things such as electromagnetic waves also have a mass. There are two types of mass, rest mass and relativistic mass. The mass of an object doesn’t remain constant throughout a movement. It is relative. The rest mass is the mass measured when the object is at rest. The relativistic mass is measured for a moving object. These two are nearly the same for speeds much less than the speed of light, but varies greatly when the speed approaches the speed of light. The rest mass of the electromagnetic waves is zero.

What is the difference between Mass and Matter?

Matter is a form of mass.

While all matter exhibit the characteristics of mass, but not every mass exhibits the characteristics of matter. Matter is a poorly defined concept, while mass is scientifically, well developed concept. Mass is a measurable quantity, while the matter is not. വേദാന്തം ആയിരക്കണക്കിന് ഋഷിമാരുടെ വർഷങ്ങളുടെ അനുഭവത്തിന്റെയും, തപസ്സിന്റെയും ഫലമാണ്. നാം പറയുന്നതും ചെയ്യുന്നതും അറിയുന്നതുമെല്ലാം നമ്മുടേതായ ഒരു ബോധത്തിലാണ് എന്നറിയണം. അതായത് നാം കാണുന്ന ലോകമെന്നാൽ യുക്തിപരമായി ചിന്തിച്ചാൽ, ഒരാളുടെ ബോധം മാത്രമാണ്. നാം പറയുന്നതും ചെയ്യുന്നതും അറിയുന്നതുമെല്ലാം നമ്മുടേതായ ഒരു ബോധത്തിലാണ്. അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ഈ ബോധത്തിനപ്പുറം ഒന്നും നിങ്ങൾക്ക്സാധ്യമല്ല. അതായത് ലോകമെന്നാൽ യുക്തിപരമായി ചിന്തിച്ചാൽ ഒരാളുടെ ബോധത്തിൽ തോന്നുന്നത് മാത്രമാണ്. അതാണ് 'മായ' എന്ന് ശങ്കരാചാര്യർ പറഞ്ഞത്. 'മാറ്റർ' ചലിച്ച് പ്രകാശ വേഗമെത്തുമ്പോൾ അത് 'ഊർജ്ജ'മാകുന്നു. പ്രകാശവേഗത്തിൽ നിന്നും താഴുമ്പോൾ വീണ്ടും മാറ്റർ ആകുന്നു. ചലിക്കാനുള്ള ബലം കിട്ടുന്നത് മാറ്റർ ചലിക്കുന്നത് കൊണ്ടാണ് F=ma. അപ്പോൾ പദാർത്ഥം ഊർജ്ജമാകണമെങ്കിൽ അത് ചലിക്കണം. ചലിക്കാൻ എന്ത് വേണം, ഊർജം വേണം. ഊർജ്ജത്തിന് ചലനം വേണം.ഇതാണ് മായ. ചലിക്കുന്ന കണികാപ്രവാഹമാണ് ഊർജ്ജം. അല്ലെങ്കിൽ കമ്പനം ചെയ്യുന്ന കണികകൾ, കമ്പനവും ചലനം തന്നെ, തരംഗമെന്നാൽ ലംബമായും തിരശ്ചീനമായും ഒരേ സമയം ഉള്ള ചലനമാണ്. തരംഗവും കണികകളുടെ ചലനം തന്നെ. കണികകൾ പദാർത്ഥമാണ്. അതിന്റെ മാസ്സിന് വേഗത അനുസരിച്ച് മാറ്റം വരും. എന്നുവെച്ചാൽ പദാർത്ഥം ഊർജ്ജം, പിണ്ഡം ഇതൊക്കെ പരസ്പരമെന്തൊക്കെയോ കാട്ടിക്കൂട്ടുന്നതാണ് ഈ പ്രപഞ്ചം. മറ്റൊരു വിഷയം ചർച്ചചെയ്യാം

Tell Tale Brain

From the 'Tell Tale Brain' by Dr. V.S. Ramachandran ഡോ.രാമചന്ദ്രൻ സാറിന്റെ ഒരു കഥാപാത്രം ആണ് ജോൺ. ജോണിന്റെ പ്രശ്നങ്ങൾ ഡോക്ടർ പറയുന്നത്, ഇങ്ങനെയാണ്.

കേവലം സാധാരണ നിലയിൽ സൗഖ്യമാവേണ്ട ഒരു വിഷയം ഉറക്കം കെടുത്തുന്ന പേടിസ്വപ്നമായി മാറുന്നു, ജോണിൽ. ഉണ്ടായത് ഇതാണ്, ജോണിന്റെ കാലിലെ ഒരു ഞരമ്പിൽ നിന്നും ഒരു ചെറിയ രക്തക്കട്ട (small clot) രക്തത്തിലേക്ക് ഒഴുകി വീണു. ഇത് സെറിബ്രൽ ആർട്ടറികളിൽ ഒന്നിൽ ചെന്നടിഞ്ഞ് തടസ്സമുണ്ടാക്കി തുടർന്ന് മസ്തിഷ്കാഘാതവും. "എന്റെ കാഴ്ചശേഷിയ്ക്ക് കുഴപ്പമൊന്നുമില്ല ഡോക്ടർ, നേത്രങ്ങളിലല്ല, മനസ്സിലാണ് കാര്യങ്ങൾ അപഭ്രംശത്തിന് വിധേയമാക്കുന്നത്". എന്ന് ജോൺ ഡോക്ടറോടു പറയുന്നു. അദ്ദേഹം തന്റെ നിസ്സഹായാവസ്ഥ ഡോക്ടറോട് വെളിപ്പെടുത്തി. വളരെ പരിചിതമായ വസ്തുക്കൾ പോലും ജോണിന് തിരിച്ചറിയാനായില്ലെന്നതാണ് ഡോക്ടർ പറയുന്നത്. ഒരു കാരറ്റ് എടുത്ത് കാണിച്ചപ്പോൾ "ഇത് അഗ്രത്തിൽ നാരുകളുള്ള ഒരു നീണ്ട വസ്തുവാണ്, പെയിന്റടിക്കുന്ന ബ്രഷ് ആണോ?" എന്നായിരുന്നു ജോൺ ചോദിച്ചത്. ഒരു ആണാടിന്റെ ചിത്രം കാണിച്ചപ്പോൾ അത് 'ഒരു തരം മൃഗം' ആണെന്നും, ഒരു പക്ഷെ നായ ആയിരിക്കാമെന്ന പ്രതികരണം വന്നു, ജോണിൽ നിന്നും. അതായത് ഈ ബ്ലോക്ക് വഴി ജോണിന് വസ്തുക്കൾ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയായി. ഒരുസഹായമുണ്ടെങ്കിൽ കുറഞ്ഞ ദൂരം വണ്ടിയോടിച്ചു പോകാനും പ്രയാസമുണ്ടായിരുന്നില്ല ജോണിന്. ഒരു കുഴപ്പം മാത്രം ഏതു ബ്രാൻഡ് എന്നുറപ്പിച്ചു പറയാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. പൂർണ്ണവും വ്യക്തവുമായ കാഴ്ചശക്തി അദ്ദേഹത്തിന് ഉണ്ടായിരുന്നു. എന്നാൽ കാണുന്നത് എന്താണെന്ന് തിരിച്ചറിയാൻ മാത്രം, സാധിക്കുന്നില്ല. മസ്തിഷ്കാഘാതം സംഭവിക്കുന്നതിന് മുമ്പ് ജോണിന് ഗാർഡനിങ്ങിൽ വലിയ താൽപര്യമുണ്ടായിരുന്നു. അദ്ദേഹം വീട്ടിൽ നിന്നിറങ്ങി കത്രികയെടുത്ത് ചെടിക്കൂട്ടത്തു ചെന്ന്, അതിന്റെ മുകളറ്റം സമനിരപ്പിൽ അനായാസം മുറിയ്ക്കുമായിരുന്നു. ഈ ആഘാതശേഷം പൂവേത് ഇലയേത്, എന്ന് തിരിച്ചറിയാൻ ജോണിനാവുന്നില്ല.

സമനിരപ്പിൽ മുറിച്ചുമാറ്റാൻ എവിടെയാണ് ബുഷിലെ അസമത എന്ന് മനസ്സിലാക്കാൻ ആവുന്നില്ല. 'കാണുന്നതും അറിയുന്നതും തമ്മിലുള്ള വേർതിരിവ് (distinction between knowing and seeing) ജോണിന്റെ ദുര്യോഗം നല്ല തോതിൽ പ്രകടമാക്കി. അദ്ദേഹത്തിന് കുഴൽക്കാഴ്ചയുടെ(tunnel vision) വിഷയം ഉണ്ടായിരുന്നു. മരം കാണുകയും കാട് കാണിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ! അടുക്കും ചിട്ടയുമുള്ള മേശമേൽ ഒരു



*ഡോ. വി. എസ്. രാമചന്ദ്രൻ*

കപ്പ് കാപ്പി ഇരിക്കുന്നത് കണ്ടാൽ അത് ചെന്നെടുക്കാൻ വിഷമമുണ്ടായിരുന്നില്ല. പക്ഷെ സ്വയം വിഭവങ്ങൾ എടുത്ത് കഴിക്കേ സൽക്കാരങ്ങളിൽ ക്രീമിന് പകരം താൻ കാപ്പിയിലേക്ക് എന്തൊഴിക്കും എന്ന് ജോണിന് ഒരു വ്യക്തതയും ഉണ്ടാകില്ല. ഡോക്ടർ പറയുന്നത് ഇതാണ്. ബാഹ്യലോകത്തെ സംബന്ധിച്ച നമ്മുടെ സംവേദന ഗ്രഹണം വളരെ അനായാസമായതിനാൽ ഒക്കെ നിസ്സാരമാണെന്നും എല്ലാവർക്കും ഒരു പോലെയായിരിക്കും എന്നുള്ള ധാരണയുമാവാം നിങ്ങൾക്ക്. എന്നാൽ അതല്ലകാര്യം. മനുഷ്യൻ ഒരു വിഷയത്തെ എങ്ങനെ കാണുന്നു എന്നതിന് ഏവരുടെയും ഉത്തരം ഒരേ രീതിയിൽ ആയിരിക്കും.

ബാഹ്യ impressions മനുഷ്യന്റെ 'tabula rasa' യിൽ വീഴുമ്പോൾ സ്റ്റെൻസിൽ പേപ്പർ പോലെയാണ് മനുഷ്യബുദ്ധി പ്രവർത്തിക്കുന്നത്, എന്നൊക്കെ ആണ് മാർക്സിസ്റ്റുകൾ പറയുന്നത്. ഒന്നാമത് ഇത് നൂറ്റാണ്ട് തന്നെ മാറി. ഏവരുടെ കൈയ്യിലും ഇന്ന് നല്ല ലൈബ്രറി ഉണ്ട്. ഒന്ന് ബട്ടൺ ഞെക്കിയാൽ മതി എന്തും മനസ്സിലാകും, ഗൂഗിൾ വഴി. അതും മാർക്സിസ്റ്റുകൾ ചെയ്യില്ലെങ്കിലോ. പിന്നെ എന്ത് ചെയ്യാം?! നമ്മുടെ അറിവിനും അവബോധത്തിനും ഭിന്ന തലങ്ങളുണ്ട് എന്ന് ആദ്യം ഈ ഭൗതിക പ്രച്ഛന്ന വാദികൾ മനസ്സിലാക്കുന്നില്ല. ഒരു വിഷയത്തിന്റെ എല്ലാ വശങ്ങളും ഒറ്റയടിക്ക് നിർദ്ധരിക്കപ്പെടുന്നില്ല. ഭിന്നവശങ്ങൾ വിലയിരുത്താൻ പ്രത്യേക വൈദഗ്ദ്ധ്യം നേടിയ നാഡീകോശ സമുച്ചയങ്ങൾ, മനുഷ്യന്റെ തലയിൽ ഉണ്ട്. അല്ലാതെ മാർക്സിസ്റ്റുകൾ പറയുന്നപോലെ സ്റ്റെൻസിൽ പേപ്പർ അല്ല എന്റെ തല.

സ്വാഭാവികനിർദ്ധാരണത്തിലൂടെയാണ് ഞാൻ എന്ന മനുഷ്യൻ എങ്കിലും ഉരുത്തിരിഞ്ഞത് എന്ന് മനസ്സിലാക്കുന്നു. കാണുന്നതെന്തെന്ന് തിരിച്ചറിയാൻ കഴിയാത്തത്, അതിനെ അപഗ്രഥനം ചെയ്യാൻ മനുഷ്യന്റെ ബ്രയിനിനു കഴിവില്ലാത്തത് കൊണ്ടാണ്. പ്രാധാന പ്രശ്നങ്ങൾ അവർ അപഗ്രഥിക്കും. വേണമെങ്കിൽ ഡ്രൈവിങ്ങ്, എ.കെ.47 ഒക്കെ ജോൺ ഉപയോഗിക്കും. എന്നാൽ മറ്റ് ചില സൂക്ഷ്മതലത്തിലുള്ള ന്യൂനതകളും ഉണ്ടായിരുന്നു എന്ന് വിശദീകരിച്ചല്ലോ.

Eliminative Materialism

Eliminative Materialismഎന്നതും ഗൂഗിൾ ചെയ്യണം എന്ന് അപേക്ഷിക്കുന്നു. മനുഷ്യന്റെ ബോധം അല്ലെങ്കിൽ ചിന്ത എന്നത് ബ്ലാങ്ക് സ്ലേറ്റ് എന്ന അഭിപ്രായത്തെ ആണ് ഞാൻ കത്തി വെയ്ക്കുന്നത്. അതിനുള്ള മറുപടികളാണ് വേണ്ടത്. നമ്മുടെ അറിവിനും അവബോധത്തിനും ഭിന്നതലങ്ങളുണ്ട് എന്ന് ആദ്യം ഈ ഭൗതിക പ്രച്ഛന്നവാദികൾ മനസ്സിലാക്കുക. ഉദാഹരണത്തിന് ഒരു അചേതന വസ്തു സ്വയം ചലിക്കുന്നതു കാണുമ്പോൾ അത്ഭുതം പ്രകടിപ്പിക്കുന്ന കുഞ്ഞ്, ഒരു ജീവനുള്ള വസ്തു സ്വയം ചലിക്കുന്നതിൽ ഒരു അത്ഭുതവും കാണിക്കുന്നില്ല. ഇത് ശരിയല്ലേ? ഇവിടെയല്ലെ തിയറി ഓഫ് മൈന്റിന്റെ പ്രസക്തിയും?

നിയന്ത്രണമില്ലാതെ ചിന്തകളുടെ വരവും പോക്കും മനുഷ്യനെ അലട്ടി കൊണ്ടിരിക്കും! നിങ്ങളുടെ ആഗ്രഹങ്ങളെ സൃഷ്ടിക്കുന്നതും ഈ 'ഞാൻ' എന്ന അഹങ്കാരമാണ്. പ്രത്യാശയും നിരാശയും. ഭയവും ഭക്തിയും, ശക്തിയും തളർച്ചയും സന്തോഷവും സങ്കടവും, അസൂയയും പകയും, പ്രണയവും തുടങ്ങി സർവ്വവികാരങ്ങളുടെയും ഉറവിടം, നിങ്ങളുടെ ബുദ്ധിയാകുന്നു! എല്ലാ മനുഷ്യപ്രവർത്തികളുടേയും അടിസ്ഥാനം, വ്യക്തിപരമായ അവന്റെ ഈ യുക്തിയാണ്. ചിന്തയില്ലാത്തതു കൊണ്ടാണ്, നിങ്ങൾക്ക്ഒരു പക്ഷെ അനുമാനങ്ങൾ ഇല്ലാതെ ആവുന്നത്; ചിന്തയില്ലാത്തതുകൊണ്ടോ ബുദ്ധിയില്ലാത്തതു കൊണ്ടോ ആവാം.

ആത്മസത്യം കണ്ടെത്തുകയെന്നതാണ് ജീവിതത്തിന്റെ പരമമായ ലക്ഷ്യം. ജീവകാരുണ്യം അതിന് അനുപേക്ഷണീയവുമാണ്. മറ്റു ജീവജാലങ്ങൾക്കും സഹോദരങ്ങൾക്കും ദ്രോഹചിന്തപുലർത്താതെ സമഭാവന ശീലിക്കുന്നത് ഒരു ജീവിതരീതിയാക്കുക.

# 5. ഇന്ത്യൻ നാഗരികത

Hinduism as a faith is vague, amorphous, many sided, all things to all men. It is hardly possible to define it, or indeed to say definitely whether it is a religion or not, in the usual sense of the word. In its present form, and even in the past, it embraces many beliefs and practices, from the highest to the lowest, often opposed to or contradicting each other." -JAWAHARLAL NEHRU said in his "THE DISCOVERY OF INDIA" (Page37).

ഹിന്ദുക്കളിൽ പല വിശ്വാസരൂപങ്ങൾ, പ്രധാനമായി അവ രണ്ടു വിധം ആയിരുന്നു. ഗാന്ധി വിശ്വസിച്ചിരുന്ന വൈഷ്ണവധാര, പിന്നെ ശാക്തേയധാര.ചാതുർവർണ്യ ഘടനയിൽ പെട്ട ന്യൂനപക്ഷം വരുന്ന വിഭാഗങ്ങളായിരുന്നു വൈഷ്ണവ വിശ്വാസികൾ. മഹാഭൂരിപക്ഷം വരുന്ന സാമൂഹ്യപരമായി അരികുവൽക്കരിക്കപ്പെട്ട 'ജാതിസാംസ്കാരിക ഫെഡറേഷനായിരുന്നു' പൗരാണിക ഇന്ത്യ. ഈ ജാതികൾ ആണ് ഇന്ത്യയിലുള്ളത്. വൈഷ്ണവർ, അസ്പൃശ്യതയും,ഭിന്നതയും അവരിൽ അടിച്ചേൽപ്പിച്ചു. ശൈവധാര, ഇത്തരം അയിത്തത്തിൽ വിശ്വസിക്കുന്നവരല്ലായിരുന്നു. എങ്കിലും ജാതി ആണ് മൗലികമായ ഇന്ത്യൻ സാമൂഹ്യ ഘടന എന്ന് ഞാൻ കാണുന്നു. അല്ലാതെ മതമല്ല. നാല് വർണ്ണങ്ങളിൽപ്പെടുന്നവരാണ് വൈഷ്ണവ ഹിന്ദുക്കൾ. ഹിന്ദുക്കൾ എന്ന് ഇവരെ വിളിക്കാമോ എന്നത് സൈദ്ധാന്തിക പ്രശ്നമാണ് എന്ന് എന്റെ ചർച്ചയിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇവയാണ് ആ വർണങ്ങൾ. ഇന്ത്യയിൽ ബഹുതരം വർണം/ ജാതി സംസ്കാരമുള്ള വ്യത്യസ്തതരം ഹിന്ദു ജനങ്ങളുണ്ടെന്ന് ഇന്ത്യൻ

ഭരണഘടന പ്രഖ്യാപിക്കുന്നു. 80 ശതമാനത്തിലേറെ പിന്നോക്ക ജാതികളും 20 ശതമാനത്തിൽ താഴെ മുന്നോക്ക ജാതികളുമടങ്ങുന്നതാണ് ഈ രണ്ടുവിധം ഹിന്ദുജനങ്ങൾ. വൈഷ്ണവവിശ്വാസത്തെ പരിഗണിച്ചു കൊണ്ടാണ് ഈ വ്യാഖ്യാനം എന്നറിയണം. ഹിന്ദു എന്നത് 12-ാം നൂറ്റാണ്ടിൽ 'സുൽത്താൻ ഭരണത്തിനു' ശേഷം ഉണ്ടായ പദമാണ്. ഇസ്ലാം അധിനിവേശക്കാർ ഇവിടത്തെ ജനതയെ മത അടിസ്ഥാനത്തിൽ നാമീകരിച്ചു. 12-ാം നൂററാണ്ട് മുതൽ തന്നെ 'ജെസ്സീയ' എന്നപേരിൽ മതനികുതി അടിച്ചേൽപ്പിക്കുകയും ചെയ്തു. അന്നു മുതലാവണം, ഇന്ത്യയിൽ മതം എന്ന അവബോധമാറ്റം ഉണ്ടായത്. ഇവിടെയുള്ള ഹിന്ദുത്വ ജനത 'അമുസ്ലിം'ആയി ചിത്രീകരിക്കപ്പെട്ടു. അന്നു മുതൽ അധിനിവേശ ഭരണം infuse ചെയ്ത മിഥ്യയായ 'ജീൻ' ആണ് ഹിന്ദുയിസം. ഓരോ ഭാരതീയനും ജാതിവ്യവസ്ഥയിലെ അംഗങ്ങളും വ്യത്യസ്ത ബോധമണ്ഡലത്തിലും, (mind field) അബോധമണ്ഡലത്തിലൂടെയാണ് വളർന്നു വന്നത്. മുന്നോക്ക ജാതികളിലെ കുട്ടികൾ ഒരു സവിശേഷബോധമണ്ഡലത്തിൽ വളർന്നു. ഇതരർ സാമൂഹ്യപരമായി പിന്നോക്കമാക്കപ്പെട്ട കുട്ടികളുടെ ബോധമണ്ഡലത്തിലും അതാണ് സംഭവിച്ചത്. ഇതിന്റെ കാരണം ഇന്ത്യയുടെ ചരിത്രം പരിചയപ്പെട്ടാൽ നിങ്ങൾക്ക് വ്യക്തമാകുന്നതാണ്.

അശോകന്റെ കാലത്താണ്, ബുദ്ധമതം രാജാധികാരം പേറുന്നത്. അതിനുമുമ്പ് വൈദികഭരണമായിരുന്നു ഇന്ത്യയിൽ. പിന്നീട് അശോകനു രാജ്യം നഷ്ടപ്പെടുന്നു. അതിനു ശേഷമാണ് വൈദിക രാജാവ് പുഷ്യമിത്രസംഘ (Pushyamitra Sunga) വരുന്നത്. അന്നാണ് "ഭഗവദ്ഗീത' ഉണ്ടാകുന്നത് എന്ന് അംബേദ്കർ പറയുന്നു. പ്രാചീന കാലഘട്ടം, മദ്ധ്യകാലഘട്ടം, സ്വാതന്ത്ര്യാനന്തരകാലഘട്ടം, ഇങ്ങനെ മൂന്നുകാലഘട്ടമായി ഇന്ത്യയെ നാം കാണേണ്ടതുണ്ട്. പ്രാചീന ഇന്ത്യൻ സംസ്കാരത്തിന് അപചയം സംഭവിച്ചത്, കലിംഗയുദ്ധാനന്തരം അധികാരത്തിൽ വന്ന പുഷ്യമിത്രസംഘയുടെ ഭരണഘട്ടത്തിലാണ്. ഹിന്ദുമത സാംസ്കാരിക -ആത്മീയ തത്ത്വസംഹിതയിൽ അധിഷ്ഠിതമായ ആര്യവംശാധിപത്യ ഭരണമായിരുന്നു അതെന്നു നമുക്ക് ഇന്ന് പറയാൻ ആവും. ഈ നീതിശാസ്ത്രമനുസരിച്ചായിരുന്നു ഭരിക്കപ്പെടുന്ന മഹാജനം ജാതികളായി ജന്മം കൊണ്ടത്. ഏകദേശം 6-ാംനൂററാണ്ടിൽ ആയിരിക്കണം ഇത്. പിന്നേയും അഞ്ച് ശതകങ്ങൾ കഴിഞ്ഞശേഷമാണ് ഇന്ത്യയിൽ അധിനിവേശം നടന്നത്. ഇസ്ലാം ഭരണം

നിലവിൽ വന്നതോടെ വൈഷ്ണവരും, ശാക്തേയരും വ്യക്തമായി രണ്ടു നിലപാടുകളിൽ നിന്നുകൊണ്ട് ഒരു ചേരിസമരം ആരംഭിക്കുകയാണ് ഉണ്ടായത്. സുൽത്താന്മാരുടെ ഈ കടന്നുവരവ് ഹിന്ദുമതത്തിലെ വൈഷ്ണവാധിപത്യത്തെ തെല്ലൊന്നു നശിപ്പിക്കുന്നതിൽ കലാശിച്ചു, അല്ലെങ്കിൽ ശാക്തേയരെ ശക്തിപ്പെടുത്തി. സുൽത്താൻ ഭരണം അങ്ങനെ ഇന്ത്യയുടെ ഹിന്ദുജാതിയതയെ ലഘൂകരിക്കാൻ സഹായിച്ചു. ആ അർത്ഥത്തിൽ പുരോഗമനപരമായിരുന്നു ഈ അധിനിവേശം.

"Hinduism is a relentless pursuit after Truth and if today it has become moribund, inactive, irresponsive to growth, it is because we are fatigued and as soon as the fatigue is over Hinduism will burst forth upon the world with brilliance perhaps unknown before. Hinduism is the most tolerant of all religions. Its creed is all embracing."-Gandhi.

ഹിന്ദുവിനെക്കുറിച്ച് ഗാന്ധി പറഞ്ഞത് കണ്ടുവല്ലോ? ഒരു മനുഷ്യായുസ്സു മുഴുവൻ ചെലവാക്കിയാലും നമുക്ക് ഇന്ത്യയിലെ ഹിന്ദുമതത്തെ നിയതമായി നിർവ്വചിക്കാനോ വിവരിക്കാനോ സാദ്ധ്യമല്ല. വളരെയധികം പഠനങ്ങളും ഗവേഷണങ്ങളും നൂറ്റാണ്ടുകളായി ഈ വിഷയത്തെപ്പറ്റി കൂടുതൽ വെളിച്ചം വീശാൻ വേണ്ടി നടന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നാലും ഒരു അന്തിമരൂപം സാദ്ധ്യമല്ല. അതുകൊണ്ട് ഹിന്ദു മതത്തെപ്പറ്റി വ്യാഖ്യാനിക്കുവാനും വിവരിയ്ക്കുവാനും ശ്രമിയ്ക്കുന്നത് ബുദ്ധിശൂന്യവും ബാലിശവുമാണ്. ജവഹർലാൽ നെഹ്റു ഹിന്ദുമതത്തെപ്പറ്റി പറഞ്ഞത് ഇതാണ്: അടിയന്തിരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി വരുംതലമുറയ്ക്കായി കുഴിച്ചിട്ട ചരിത്രപേടകത്തിലെ താമ്രപത്രങ്ങളിൽ, നെഹ്റു കുടുംബത്തിന്റെ സ്തുതിമാത്രമേ ഉണ്ടായിരുന്നുള്ളൂ, എന്ന് പിൽക്കാല ഗവൺമെന്റ് തോണ്ടിയെടുത്തപ്പോൾ നാമറിഞ്ഞു. ഇതൊക്കെയാണ് ചരിത്രത്തിന്റെ ഒരു രീതി.

പിന്നീട് 'ഹിന്ദു' എന്ന മതം ഇന്ത്യയ്ക്ക് ആവശ്യം വരുന്നത് ഇരുപതാം നൂററാണ്ടിലെ 'കമ്മ്യൂണൽ അവാർഡിന്റെ' രാഷ്ട്രീയ സാഹചര്യത്തിലാണ് എന്ന് ഇന്ത്യാചരിത്രം വായിച്ചാൽ നിങ്ങൾക്ക് മനസ്സിലാവും. ബ്രിട്ടീഷുകാർ 1858-ൽ, ഇന്ത്യയെ 'ഈസ്റ്റ് ഇന്ത്യ കമ്പനി'യിൽ നിന്നും ഏറ്റെടുത്തപ്പോൾ 'ഹോംറൂൾ' വഴി ഇന്ത്യയ്ക്കു പുത്രിക രാജ്യപദവി നൽകി, ഇന്ത്യക്കാരുടെ സഹായത്താൽ

ഭരിയ്ക്കാനാണ് മുതിർന്നത്. അതിനായി 19 പ്രത്യേക നിയോജക മണ്ഡലങ്ങൾ അവർ ഇന്ത്യയിൽ ഉറപ്പാക്കി. കൂടുതലായി അതിൽ ഒരു മണ്ഡലം അധഃസ്ഥിതസമൂഹത്തിനു ബ്രിട്ടീഷുകാർ നിർദ്ദേശിച്ചു. അതിനെയാണ് ഗാന്ധിജി നിരാകരിച്ചത്.

മഹാത്മാ-അംബേദ്കർ ഭിന്നത രൂപംകൊള്ളുന്നത് കഴിഞ്ഞ നൂററാണ്ടിലെ മുപ്പതുകൾ തൊട്ടാണ് എന്നെല്ലാം നാം കണ്ടു. 1862-ലെ 'ഇന്ത്യ പോലീസ് ആക്റ്റ്' തന്നെയാണ് സ്വാതന്ത്ര്യാനന്തര ജനാധിപത്യ ഭാരതത്തിലും ചില്ലറ ഭേദഗതികളോടെ ഇന്നും നമ്മുടെ പോലീസിങ് സങ്കല്പങ്ങളെ നിർവചിക്കുന്നത്. പറഞ്ഞുവന്നത് എല്ലാം ബ്രിട്ടീഷ് ഇന്ത്യയുടെ തുടർച്ചയാണെന്നാണ്. 1910-ൽ 'ക്രിപ്സ്' ദൗത്യത്തെത്തുടർന്ന് രാഷ്ട്രീയാധികാരം ഇന്ത്യക്കാരിലേയ്ക്ക് കൈമാററം ചെയ്യപ്പെടാമെന്ന അവസ്ഥ സംജാതമായി. മുസ്ലിങ്ങളുടെ പ്രത്യേകപ്രാതിനിധ്യത്തിനു വേണ്ടിയുള്ള വാദവും അതോടെ ശക്തമായി. ഇതോടെ അധഃസ്ഥിതരെ ഹിന്ദുമതത്തിൽ ഏകോപിപ്പിക്കുന്നതിനായി 'അയിത്തോച്ചാടനം', 'ഹരിജനോദ്ധാരണം' എന്നീ നടപടികൾ സ്വീകരിക്കാൻ മഹാത്മയുടെ കീഴിൽ കോൺഗ്രസ് നിർബ്ബന്ധിതമായി. എന്നാൽ 1927-ൽ മോട്ടിലാൽ നെഹ്രു ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാനായി രൂപംകൊടുത്ത ഭരണഘടന, ഗാന്ധിജിയുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ദളിതുകളുടെ പ്രത്യേക രാഷ്ട്രീയ പ്രാതിനിദ്ധ്യത്തെ നിഷേധിച്ചു. സാമൂഹ്യ അവകാശസമരങ്ങളിലൂടെ ദളിതുകളെ വളർത്തിയെടുക്കണം എന്നായിരുന്നു അംബേദ്കർ ആഗ്രഹിച്ചത്. "അധഃസ്ഥിതരുടെ കൈകളിലേയ്ക്ക് രാഷ്ട്രീയാധികാരം ഏല്പിക്കപ്പെടുന്നതുവരെ, അവരുടെ പ്രശ്നങ്ങൾ പരിഹൃതമാവുകയില്ലെന്ന് ഞങ്ങൾ ഉറക്കെ പ്രഖ്യാപിയ്ക്കുന്നു"—ഈ അചഞ്ചലമായ വീക്ഷണമാണദ്ദേഹം വട്ടമേശ സമ്മേളനത്തിൽ ഉയർത്തിപ്പിടിച്ചതും. 1932 നവമ്പർ 12-ാംനു ജോർജ്ജ് അഞ്ചാമൻ രാജാവ് ഔദ്യോഗികമായി ഉദ്ഘാടനംചെയ്ത വട്ടമേശസമ്മേളനത്തിൽ ദളിതുകളെ അംബേദ്കർ പ്രതിനിധീകരിച്ചു. ഈ സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ പ്രതിനിധി ഗാന്ധിജി ആയിരുന്നു. ഒന്നാം വട്ടമേശ സമ്മേളനത്തിന്റെ തീരുമാനമായി സിക്കുകാർക്കും മുസ്ലിങ്ങൾക്കുമൊപ്പം അധഃസ്ഥിതർക്കും രാഷ്ട്രീയ പരിരക്ഷാവകാശങ്ങൾ ഉറപ്പിക്കപ്പെട്ടതോടെ ഗാന്ധിജി ഹിന്ദുക്കളിൽനിന്നും അയിത്തജാതിക്കാരെ വേർതിരിയ്ക്കുന്നതിനെ ആത്മഹത്യാപരമാണ് എന്നുപറഞ്ഞു. മാത്രമല്ല, 'അയിത്തജാതിക്കാരുടെ പ്രത്യേക പ്രാതിനിധ്യത്തെ ഞാനെതിർക്കുന്നു'. ഇതാണ് മഹാത്മാ പറഞ്ഞത്.

ബ്രിട്ടീഷ് ഗവണ്മെന്റ് അന്നത്തെ ഇന്ത്യയുടെ സെൻസസ് എടുക്കുക എന്ന ഭാരിച്ച പണി ഇംഗ്ലീഷ് സെൻസസ് സമാഹാരകരെ ഏല്പിക്കുകയായിരുന്നു. അവർ ആരും മതപണ്ഡിതന്മാരൊന്നും ആയിരുന്നില്ല. ഒരുപാട് വിഭാഗങ്ങളെ ഉൾക്കൊള്ളാവുന്ന ഒരു പദമായാണ് ഹിന്ദു എന്ന പദം അന്ന് അവർ ഉപയോഗിച്ചത്. ക്രിസ്ത്യനോ മുസ്ലീമോ ജൈനനോ ബുദ്ധിസ്റ്റോ അല്ലാത്ത ആരേയും ഹിന്ദുവായി ബ്രിട്ടീഷ് ചരിത്രകാരന്മാർ കണ്ടു. അങ്ങനെ ഹിന്ദുയിസം കൊണ്ടുവന്നത് യഥാർത്ഥത്തിൽ ബ്രിട്ടീഷുകാരായിരുന്നു. അത് എന്തല്ലാമല്ലായിരുന്നോ അതെല്ലാമായിട്ടാണ് അവർ നിർവ്വചിച്ചത്. അതുകൊണ്ടുതന്നെ ഹിന്ദുവിന് ഒരു നിർവ്വചനമില്ല. പിന്നീട് സനാതനധർമ്മം എന്ന പദം വൈദികമതസ്ഥർ കൊണ്ടുവരുന്നതുതന്നെ ബ്രിട്ടീഷുകാരുടെ കണ്ടുപിടുത്തമായ ഹിന്ദുയിസത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കുക എന്ന നിർബ്ബന്ധബുദ്ധിയോടെയായിരുന്നു. അതായത് ഹിന്ദുയിസം എന്നത് തികച്ചും ഒരു ഇംഗ്ലീഷ് കണ്ടുപിടുത്തമായിരുന്നു എന്നാണ് എന്റെ വിവക്ഷ. അത് വൈഷ്ണവതയ്ക്ക് ഒരു ആക്ഷേപമായതുകൊണ്ടാണ് ബ്രാഹ്മണർ (വൈഷ്ണവാസ്) സനാതനധർമ്മം എന്നൊരു പദം കണ്ടുപിടിച്ചത്. ഇത്തരമൊരു പ്രതിസന്ധി അഭിമുഖീകരിയ്ക്കേണ്ടി വന്നതുകൊണ്ടാണ് ഹിന്ദുപണ്ഡിതന്മാർ ചിലപ്പോൾ സനാതധർമ്മം എന്ന പദം (നിയതമായ മതം) മറ്റുചിലപ്പോൾ വേദിക് ധർമ്മം (വേദമതം) എന്നിങ്ങനെയൊക്കെ, സ്വയം വിളിയ്ക്കുന്നത്. പക്ഷേ എന്താണ് മതത്തിന്റെ പേര് എന്ന നിലയിൽ ഇവയും യഥാർത്ഥത്തിൽ വിശ്വാസയോഗ്യമല്ല. എന്തെന്നാൽ ഇവയൊന്നും കണിശമായും കൃത്യമായും ഹിന്ദു എന്നുവിളിയ്ക്കപ്പെടുന്ന എല്ലാവരേയും സംബന്ധിക്കുന്നതല്ല എന്നത് കൊണ്ടു തന്നെ. മതാടിസ്ഥാനങ്ങൾ ഉൾപ്പെടുത്തിയാണ് നിയോജകമണ്ഡലങ്ങൾ ബ്രിട്ടീഷുകാർ ഉണ്ടാക്കിയിരുന്നത് എന്നു നാം പറഞ്ഞുവെച്ചു. അപ്പോൾ ന്യൂനപക്ഷം ആയിരുന്ന സനാതനികൾക്ക് ഒരു വിശാലഹിന്ദുവിനെ ലഭിച്ചാൽ മാത്രമാണ് തെരഞ്ഞെടുപ്പിൽ സീറ്റുകൾ ലഭിക്കുമായിരുന്നുള്ളൂ. അപ്പോൾ അന്ന് ഭ്രഷ്ട് കല്പിച്ചിരുന്ന തദ്ദേശീയ ജാതികൾക്ക് അവരുടേതായ പ്രത്യേകമണ്ഡലം അനുവദിച്ചാൽ സനാതനികൾക്ക് രാഷ്ട്രീയ മേൽക്കോയ്മ നഷ്ടപ്പെടുമായിരുന്നു. ഹിന്ദുസമൂഹത്തിൽ ഇതെല്ലാം കൊണ്ടാണ് ഒരിയ്ക്കൽ ഭ്രഷ്ട് കല്പിച്ച് സാമൂഹ്യമായി മാറ്റിനിർത്തിയവനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഹിന്ദുവായി പുനഃസംഘടിപ്പിക്കാൻ വൈഷ്ണവനെ പ്രേരിപ്പിച്ച രാഷ്ട്രീയഘടകം. അങ്ങനെയാണ് രാഷ്ട്രീയപരമായി

ഒരു ആധുനിക ഹിന്ദുമതം ഇന്ത്യയിൽ (?) സംപ്രത്യയവത്കരണം ചെയ്യുന്നത്. അതായത് ആധുനികഹിന്ദുമതം എന്ന സംജ്ഞ യഥാർത്ഥത്തിൽ ഒരു മതമല്ല. അതൊരു രാഷ്ട്രീയമുന്നണിനാമം മാത്രമാണ്. ഹിന്ദു എന്ന എത്നിക് ജനതയുടെ ആചാരങ്ങൾ സംരക്ഷിക്കുന്നതും, ബ്രിട്ടീഷ് പൂർണ്ണസ്വരാജിന്റെ ഒരുദ്ദേശ്യമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയുടെ തുടർച്ചയാണ്, വ്യാവഹാരികമായി 'സ്വതന്ത്ര ഇന്ത്യ'. കാരണം ബ്രിട്ടീഷ് രാജ്ഞിയാണ് ഒരു ആക്ട് വഴി ഇന്ത്യയ്ക്ക് പൂർണ്ണ സ്വരാജ് നല്കിയത്. അതിനെ സ്വാതന്ത്ര്യ സമരം എന്ന് പറയാമോ എന്ന് നിങ്ങൾ ചർച്ച ചെയ്യുക.

ഹിന്ദുക്കൾ വേദാന്തികളാണ്. വേദാന്തികളുടെ ഏറ്റവും വലിയ ചിന്ത 'അദ്വൈത'മാണ്. അദ്വൈതം എന്ന വാക്കിന്റെ അർത്ഥം രണ്ടല്ലാത്തത് എന്നാണ്. അതായത് രണ്ടായി നമുക്കു തോന്നുന്ന എന്നാൽ രണ്ടല്ല; വിപരീതങ്ങളുടെ അനന്യതയാണ്. അപ്പോൾ ഈശ്വരവിശ്വാസവും നിരീശ്വരവാദവും രണ്ട് വിപരീതങ്ങളാണ്. എന്നാൽ അവ 'അനന്യ'മാണ്. രണ്ടല്ല ഒന്നുതന്നെ. നമ്മുടെ പുരാണങ്ങളിലുണ്ട് നല്ല ഉദാഹരണങ്ങൾ. രാവണൻ തന്നെ ഒന്നാംതരം ഉദാഹരണമാണ്. നിഷേധരൂപത്തിൽ ശ്രീരാമനെ ആരാധിക്കുന്നവനാണ് രാവണൻ . ശ്രീരാമന്റെ കൈകളാൽ കൊല്ലപ്പെട്ട് മോക്ഷംനേടാൻ ആഗ്രഹിക്കുന്ന, ആ മോഹം സാക്ഷാത്കരിച്ച ഒരു കഥാപാത്രമാണ് രാക്ഷസരാജാവായ രാവണൻ .

മതേതരത്വം

ഈ വിഷയത്തെപറ്റി ഏറെ പറയേണ്ടതില്ലല്ലോ? വിവിധ മതങ്ങൾ ഇന്ന് ഇവിടെ ഒത്തൊരുമിച്ചുജീവിയ്ക്കുന്നു. ഇത് സാധിക്കുന്നത് ഈ വ്യവസ്ഥാപിത മതങ്ങളുടെ മെച്ചമാണെന്നാണോ നിങ്ങൾ ധരിച്ചിരിയ്ക്കുന്നത്? അതിലെ 'ഏകദൈവം' എന്ന തത്ത്വം കൊണ്ടൊന്നുമല്ല ഈ ഐക്യം സാധിയ്ക്കുന്നത്. സാമൂഹ്യപരമായി IPCയുടെ കീഴിൽ വളർന്നുവന്ന മനുഷ്യനിലെ മൂല്യബോധങ്ങൾ ഒന്നുമാത്രം കൊണ്ടാണ്. ഈ മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യനെ ഭിന്നിപ്പിച്ചു നിർത്തുകയാണ് ഫലത്തിൽ ചെയ്യുന്നത്. ഇന്നത്തെ മതപരമായ ചട്ടക്കൂടിന്റെ അടിസ്ഥാനം അതാണ്. ആചാരങ്ങൾ കൊണ്ടും അനുഷ്ഠാനങ്ങൾകൊണ്ടും സാമൂഹ്യമായ ഒരു മാറ്റവും സൃഷ്ടിച്ചെടുക്കുവാൻ സാധിക്കില്ല, കാരണം അത് ഭൗതികമായ ഒരു സാമൂഹ്യമാറ്റത്തെ പ്രതിനിധീകരിക്കുന്നില്ല. മനുഷ്യന്റെ ഐക്യത്തെ അല്ല അവ

ലക്ഷ്യം വെയ്ക്കുന്നത്. പകരം വിഭാഗീയതകൾക്ക് കാരണം കണ്ടെത്തുകയാണ്. ഇവ കൊണ്ട് ആധുനിക സാമൂഹ്യജീവിതത്തിൽ നിഷേധാത്മകമായ ഒന്നല്ലാതെ യാതൊരുമാറ്റവും വരുത്തിത്തീർക്കാൻ സാധിക്കുകയും ഇല്ല.



ഇന്ത്യയിൽ കച്ചവടത്തിനായി വന്ന വിദേശികൾക്ക് സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനായി പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ, ഹിന്ദുരാജാക്കന്മാർ തയ്യാറായിരുന്നു, എന്ന് കേരള ചരിത്രം തന്നെ നമുക്ക് തെളിവാണ്. ഇന്ന് 47-നു ശേഷം മതങ്ങൾ വർഗ്ഗീയതയെ ഉത്പാദിപ്പിക്കുന്ന പണിശാലകളായി മാറിയിരിയ്ക്കുന്നു. കൂടാതെ ഒരു വിഭാഗം ഇസ്ലാം, 'ലോക ടെററിസ'ത്തിന്റെ ഭാഗവും ആയിരിക്കുന്നു.'മുതലാളിത്തം' തന്നെ മരണാസന്നമായതോടെ, അവർതന്നെ വളർത്തിയെടുത്ത നവോത്ഥാന മൂല്യങ്ങളും, മതനിരപേക്ഷ സങ്കല്പങ്ങളും തകർത്തെറിയുവാൻ ഈ മതങ്ങളെ ആഗോള രാഷ്ട്രീയം ഉപയോഗിക്കുകകൂടിയാണ്, ഇന്ന്. മതങ്ങൾ ഫ്യൂഡൽ ഘട്ടത്തിലെ 'കൾച്ചറൽ ഔട്ഫിറ്റ്സ്' മാത്രമാണ് എന്ന് ഏവർക്കുമറിയാം. ഇവിടെ ഇന്ത്യയിൽ വിവിധ ആചാരങ്ങൾക്കാണ് സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. മതനിരപേക്ഷ വിശ്വാസികൾക്കും ഈ അവകാശം ഉണ്ട്, ഭരണഘടനയെ ലംഘിക്കുന്നില്ലെങ്കിൽ ഏതു വിശ്വാസവും ഇവിടെ ആകാം. അതുകൊണ്ട് മതനിരപേക്ഷ വിശ്വാസികളെ സംബന്ധിച്ച് എല്ലാ സംഘടിത മതങ്ങളും ഫാസിസ്റ്റ് പ്രവണതകളെ താലോലിച്ചു വളർത്തുന്നവയാണ്. എന്നാൽ നമ്മുടെ ഭരണഘടന മതങ്ങളെയല്ല പ്രോത്സാഹി

പ്പിക്കുന്നത്. ഓരോ മതത്തിലേയും ദൈവവിശ്വാസത്തിനെതിരല്ല. ആചാരങ്ങളെ മാത്രമാണ് സംരക്ഷിക്കുന്നത്. ഭരണഘടന ആധുനികതയെപ്പറ്റി പറയുന്നു. ഭരണഘടനയുടെ Article-51 A(h) പ്രകാരം എല്ലാ അന്ധവിശ്വാസങ്ങൾക്കും എതിരായിരിയ്ക്കണം ഒരു പൗരൻ എന്നനുശാസിയ്ക്കുന്നു. അപ്പോൾ മതങ്ങളിലെ 'സ്വർഗ്ഗം', 'നരകം,' 'ദൈവം'ഒക്കെ എന്തിൽപ്പെടും?

രാഷ്ട്രീയ പാർട്ടികളും മത ശക്തികളും നമ്മെ മറ്റൊരു കപട ബോധത്തിലാണ് അകപ്പെടുത്തുന്നത്. ഇവിടെ ഉള്ള ഏതു മതവും, 'ദേശീയ മത'ങ്ങൾ മാത്രമാണ്. ഇവയ്യൊന്നും 'കോളോണിയൽ മത'ങ്ങളുമായി ഒരു ബന്ധവും പാടില്ല. എങ്കിൽ പോലും ഇവിടെയുള്ള ക്രിസ്ത്യൻ പള്ളി സ്വത്തുക്കൾ പോപ്പിന്റെ കീഴിലാണ് എന്നാണ് എന്റെ അറിവ്. ജനാധിപത്യത്തിൽ പോലും അതായത് ജനങ്ങളാണ് അധികാരികളെ തെരഞ്ഞെടുക്കേണ്ടത് എന്ന പ്രമാണത്തെപ്പോലും ദൈവാധികാരത്തിന്റെപേരിൽ, ആന്തരികമായി എതിർക്കുന്നവരാണ് മിക്ക സെമറ്റിക് വിശ്വാസികളും എന്നുകൂടി ഞാൻ കരുതുന്നു. 'സെമറ്റിക് മത'ങ്ങൾ 'ഫാസിസ്റ്റ്' പ്രവണതകൾ കൊണ്ട് നടക്കുന്നവരാണ് എന്നുപറയുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. അതായത് ജനാധിപത്യസംഹിതകളെ പ്രയോഗത്തിൽ എതിർക്കുന്നവരാണെന്നു സാരം.

ഇത്തരം സംഘടിതമതങ്ങളുടെ പ്രീ-മോഡേൺ ദേശീയതകൾക്ക് വളരുവാൻ വസ്തുനിഷ്ഠമായ ഒരു സാഹചര്യവും ഇന്ന് ഇന്ത്യയിലെന്നല്ല, ലോകത്ത് തന്നെയില്ല എന്നതാണ് അവർ നേരിടുന്ന വൈരുദ്ധ്യവും. വോട്ടു ബാങ്ക് രാഷ്ട്രീയം ഉപയോഗിക്കുന്ന ചില പാർലമെന്ററി കക്ഷികളാണ് ഇതിന് വെള്ളവും വളവും നൽകുന്നത്. ജനങ്ങൾക്കിടയിൽ അടിസ്ഥാനപരമായി ഒരു വർഗ്ഗീയതയും ഇല്ല. പൊതുവേ ഇടതുപക്ഷ നിലപാട് തന്നെ സുതാര്യമല്ലാത്തതുകൊണ്ടാണ് വർഗ്ഗീയത വളരുന്നതും. മതന്യൂനപക്ഷങ്ങളെ സപ്പോർട്ട് ചെയ്ത് ഭൂരിപക്ഷ വർഗ്ഗീയതക്ക് മണ്ണൊരുക്കുന്നു, ഇവർ. മതനിരപേക്ഷതയെ മൗലികമായി എതിർക്കുന്ന മതങ്ങളാണ് സംഘടിത-വ്യവസ്ഥാപിത മതങ്ങൾ. കാരണം അത്തരം വ്യവസ്ഥയിൽ അവരുടെ പുരുഷ കേന്ദ്രീകൃതമായ വ്യക്തി നിയമങ്ങൾ, നഷ്ടപ്പെടും എന്ന്, ആ മതങ്ങൾ ഭയക്കുന്നു. അതുകൊണ്ടാണ് ഇന്ത്യ 'മതേതരം'ആയതും ന്യൂനപക്ഷമതങ്ങൾ 'ഏക സിവിൽ കോഡി'ന് എതിരാകുന്നതും.

ഇന്ത്യ ഒരു 'ആധുനികജനാധിപത്യരാഷ്ട്രം' ആണ്. 'സെക്കുലർ' ആണ്. സെക്കുലറെന്നാൽ പല അർഥങ്ങൾ ചേർന്ന പദമാണ്.

ഒരു ഭാഷ്യം ഭൗതിക 'ആശയങ്ങളിൽ വിശ്വസിക്കുന്നത്' എന്നാണ്. മറ്റൊരർത്ഥം 'മതത്തെ രാഷ്ട്രീയത്തിൽ നിന്നും വിമുക്ത മാക്കുക' എന്നാണ്. ഇവിടെ ഇന്ത്യയിൽ മതങ്ങളുടെ കാര്യത്തിൽ സെക്കുലർ എന്ന് പറയുന്നത് എല്ലാ മതവിശ്വാസങ്ങളെയും രാഷ്ട്രം തുല്യമായി പരിഗണിക്കുന്നു. ഇതൊഴിച്ച് ബാക്കി എല്ലാ കാര്യങ്ങളിലും സ്റ്റേറ്റ് ഭൗതിക ആശയങ്ങളെയാണ് തുണയ്ക്കുന്നത്. ഭൂമി പരന്നതാണെന്നത്, സൂര്യൻ ഭൂമിയെ ചുറ്റുന്നു എന്ന പറച്ചിൽ, പരിണാമസിദ്ധാന്തം മാനിക്കാതിരിക്കൽ, 'ആദവും ഹവ്വ'യും ഉണ്ടാക്കപ്പെട്ട 'കളിമൺ സിദ്ധാന്തം' ഒക്കെ 'അന്ധവിശ്വാസം' എന്ന് മാനിക്കപ്പെടുന്ന ഒരു 'ജനാധിപത്യരാഷ്ട്രം' ആണ് ഇന്ത്യ, ഇന്ത്യൻ സിവിൽ കോഡിൽ ഒതുങ്ങും ഒരുവന്റെ മതവും ലോകവും.

ഇന്ത്യയിൽ മത ജനങ്ങൾ ഏതാണ്ട് 30ശതമാനമേ വരൂ. ഏകദേശം 19 മതങ്ങൾ ആണ് ഇന്ത്യയിൽ ഉള്ളത്. അതിൽ ഏറ്റവുംകൂടുതൽ ശതമാനം ഉള്ളത് ഇസ്ലാമിലാണ്. 'ഭൂരിപക്ഷമതം' എന്നത് അതുകൊണ്ട് ഇസ്ലാമാണ്. 'വൈദികമതം' എന്നത് 12% വരും. അതിൽ ചാതുർവർണ്ണം ഉള്ളത് കൊണ്ട് ബ്രാമണൻ 4 ശതമാനമേ വരൂ. ഇതാണ് 'മതഇന്ത്യ'. ഇതിൽ താഴെ വരും ക്രിസ്ത്യൻ ജനം. കമ്മ്യൂണിസ്റ്റുപാർട്ടിക്ക് 2014 ലോകസഭാ തെരഞ്ഞടുപ്പിൽ കിട്ടിയവോട്ട് 4% ആണ്. കൂടാതെ ഇന്ത്യൻ മതങ്ങളെല്ലാം 1950-നശേഷം'ദേശീയമത'ങ്ങൾ മാത്രമാണ്. മതങ്ങൾ അനുവദനീയമായ ഇന്ത്യ ഒരു ജാതികേന്ദ്രിത 'സാംസ്കാരിക-ദേശീയത'യാണ്. അതാണ് 'രാക്രിസം' നിർവ്വചിക്കുന്ന 'ഹിന്ദുത്വ'. 70% ജനതപുലർത്തുന്നത് ഈ "ഹിന്ദുത്വദേശീയത"യാണ്. ഇത് 'മതമല്ല'. ഇതിനെ മതം എന്ന് വ്യാഖ്യാനിക്കുന്നവൻ ഹിപ്പോക്രിറ്റാണ്. ഈ ഭൂരിപക്ഷ ജാതി-സാംസ്കാരികതയെയാണ് ഈ 'ന്യൂനപക്ഷമതങ്ങളും,' അവരുടെജിഹ്വകളും, 'മെയിൻ ധാരാരാഷ്ട്രീയപ്രസ്ഥാനങ്ങളും', വക്രീകരിച്ച് വഞ്ചിയ്ക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം.

ഇതിനിടയിൽ മുഖപുസ്തകചർച്ചയിൽ ഒരു ഇസ്ലാം മതവിശ്വാസി എന്നോട് പറയുകയാണ്, ഇസ്ലാം 'മതേതരൻ' അല്ല എന്ന്. ഒരന്യമതത്തെയും ഉൾക്കൊള്ളാൻ ഇസ്ലാമിനു കഴിയില്ല എന്നാണു ഈ ചെറുപ്പകാരൻ വാദിച്ചത്. അതുകൊണ്ട് അവൻ മതേതരനല്ല. ഇതാണ് ടൈംലൈനിൽ ഒരു മുസ്ലീം സുഹൃത്ത് എന്നോടു പറഞ്ഞത്: ഇതേരീതിയിൽ ഒരു ഹിന്ദു, "എനിയ്ക്ക് ഹിന്ദുവിനെയല്ലാതെ ആരെയും ഉൾക്കൊള്ളാൻ ആകില്ല, ഞാൻ മതേതരനല്ല"

എന്നുപറഞ്ഞാൽ ഒരു ന്യൂനപക്ഷമതസ്ഥൻ അതായത് ഏകദേശം 17 കോടിയുള്ള ഇസ്ലാം എന്തു ചെയ്യും? മൂന്നുകോടിയുള്ള ക്രിസ്ത്യൻ എന്തു ചെയ്യും? എന്നു ഞാൻ തിരിച്ചുചോദിച്ചു. അവൻ എന്നെ 'അൺഫ്രണ്ട്' ചെയ്തുപോയി.

കമ്മ്യൂണിസ്റ്റുകൾ /യുക്തിവാദികൾ അല്ലെങ്കിൽ മറ്റു മതസ്ഥർ പറയുന്നത് ഹിന്ദു പുരാണങ്ങൾ, 'മനുസ്മൃതി'യെ അടിസ്ഥാനം ചെയ്തു കൊണ്ടുള്ള കാര്യങ്ങളാണ് എന്നാണ്. വെറുതെ 'മനുസ്മൃതി'യെ ചർച്ച യിലേക്ക് കൊണ്ടുവരുന്ന ഗൂഢാലോചനയിലെ കക്ഷികളാണ് ഇവർ. മനുസ്മൃതി 1860-ൽ തന്നെ ബ്രിട്ടീഷുകാർ കരിച്ചു കളഞ്ഞതാണ്. നാം സ്വതന്ത്രമാകുന്നതിനു മുമ്പുണ്ടായിരുന്നത് 'ബ്രിട്ടീഷ്ഇ ന്ത്യ'ആയിരുന്നു, അവർ നിർമ്മിച്ച 'ഇന്ത്യൻ പീനൽ കോഡ്', അത് പ്രകാരമായിരുന്നു ശ്രീനാരായണനുപോലും സന്ന്യാസം ലഭിച്ചത്. ഇന്ന് 2016. സ്വാതന്ത്ര്യത്തിനു ശേഷം ഗാന്ധിജി എന്ന മഹാത്മാവ് വിശ്വസിച്ചിരുന്ന 'ചതുർവർണ്യം'പോലും ഇല്ലായ്മചെയ്തിട്ടില്ലെങ്കിലും, അതിന്റെ ഗതിമുട്ടിച്ചു, അയിത്തവും നിയമപരമായി തടഞ്ഞിരിയ്ക്കുന്നു. അത് ഇംപ്ലിമെന്റ് ചെയ്യിക്കാൻ പുരോഗമ നവാദികളായ സോഷ്യലിസ്റ്റ് പ്രസ്ഥാനീയർ തയ്യാറാകുന്നില്ല എന്നതാണ് നാം അനുഭവിയ്ക്കുന്നത്. 90 കൊല്ലമായി ഇന്ത്യയിൽ ഉണ്ടായ കമ്മ്യൂണിസ്റ്റുകൾ പോലും, ഇക്കാര്യങ്ങളിൽ 'ശ്രമണ ജനപക്ഷം' നില്ക്കുന്നില്ല. ശ്രമണനെ സംരക്ഷിക്കാൻ പോലും അവർ മുതിരുന്നില്ല എന്നതാണ് നാം നേരിടുന്ന യഥാർത്ഥ പ്രതിസന്ധി. എന്നിട്ട്, ഇല്ലാത്ത ഒരു മനുസ്മൃതിയെ മഹത്വവത്കരിക്കുകയാണ് ഫലത്തിൽ അവർപോലും ചെയ്യുന്നത്? ഇന്ന് ശിക്ഷ ലഭിക്കാവുന്ന ആ നിയമത്തെ അസ്ഥാനത്ത് ഉദ്ധരിയ്ക്കുക, അതിനെ പ്രചരിപ്പിക്കു കയാണ് ഈ കമ്മ്യൂണിസ്റ്റുകൾ ചെയ്യുന്നത്. ന്യൂനപക്ഷമതങ്ങളും. 'ആർഷഭാരതത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിയ്ക്കുന്നു, സദാസമയവും! അതായത് ആർഷഭാരത ഹിന്ദുഗ്രന്ഥങ്ങൾക്ക് 50-കൾക്കുശേഷ മുള്ള ഇന്ത്യയിൽ പ്രസക്തിയൊന്നുമില്ല.

മതനിരപേക്ഷമാണ് യൂറോപ്യൻ രാഷ്ട്രങ്ങൾ എങ്കില്പോലും അടിസ്ഥാന ബൈബിൾ ഇപ്പോഴും വിശുദ്ധ ഗ്രന്ഥമാണ്, അതുപോലെ ഖുറാനും. അവയെ 'വിശുദ്ധ പുസ്തകം' എന്നുകൂടി പറയാൻ കടപ്പെട്ടിരിക്കുന്നു, ഇവർ. ലോക ഇസ്ലാമിനെയോ മറ്റോ വിമർശിച്ചാൽ അയാൾക്കെതിരെ, ഒരു ഇസ്ലാമിന് കേസ് എടുക്കാം. എന്നാൽ ഹിന്ദുവിനെ ആർക്കു വേണമെങ്കിലും എങ്ങനെയും വിമർശിക്കാം. ഭാരതത്തിലെ പ്രാകൃതമായ ഒരു നിയമവും ഇന്ന് ദേശീയമോ സാർവ്വദേശീയമോ ആയി പ്രസക്തമല്ല.

ഇന്ത്യ മതേതരമാണ് എന്ന് നമ്മൾ പറയുന്നു. എന്നാൽ എന്താണ് 'മതേതരം' എന്ന് മത ന്യൂനപക്ഷങ്ങൾക്കുപോലും അറിയില്ല എന്നതാണ് 'മുഖപുസ്തക'ചർച്ചയിൽ നിന്ന് എനിക്കു മനസ്സിലായത്. മതങ്ങൾ മതേതരം ആകണമെന്നല്ല അതിന്റെ അർത്ഥം, എന്നാൽ മതസ്ഥർ മതേതരമാകണം എന്നാണ്. മതസ്ഥർ തമ്മിലുള്ള ഉഭയകക്ഷി ധാരണയെ ആണ് 'മതേതരം' എന്ന് പറയുന്നത്. ഇതിൽ പ്രശ്നമെന്തെന്നാൽ ന്യൂനപക്ഷ മതങ്ങൾക്ക് മതം എന്നത് വ്യക്തിവിശ്വാസത്തിന്റെ മാത്രം ഒരു വിഷയമല്ല, അവരുടെ സ്വയംനിർണായവകാശവും, രാഷ്ട്രീയസ്വത്വത്തിന്റെ കൂടി ഭാഗമാണ് മതം. ലക്ഷ്യം മാത്രമല്ല അതിനു നിർദ്ദിഷ്ട മാർഗ്ഗം കൂടി ഉണ്ടായേ പറ്റൂ. അത് കൊണ്ടാണ് അവയെ 'വ്യവസ്ഥാപിത മതം' എന്ന് വിളിക്കുന്നത്. ഇന്ത്യയിലെ മറ്റേതൊരു മതവും ഘടനാപരമായി വ്യവസ്ഥാപിതമല്ല. ഇത് നമ്മുടെ ഭരണഘടന ശിൽപികൾ അണ്ടർവ്യൂ ചെയ്തു എന്നേ ഞാൻ പറയൂ. എന്നാൽ ഭരണഘടന സുവ്യക്തമായി പറയുന്നുണ്ട് എല്ലാപേരും ദേശീയ മതസ്ഥർ മാത്രമാണ് എന്ന്, ഓരോ മതസ്ഥനും സിവിൽ കോഡിൽ ഒതുങ്ങുന്ന മതമേ പാടൂ ഇവിടെ. എന്നാൽ നമ്മുടെ പാർലിമെന്ററി കക്ഷികൾ വെറുതേ ലാളിച്ച് നശിപ്പിക്കുകയാണ് മതങ്ങളെ. വോട്ടു ലഭ്യതയ്ക്കുവേണ്ടി മാർക്സിസം വരെ ഇത്തരം മതാത്മകതയിലേയ്ക്ക് ന്യൂനീകരിയ്ക്കപ്പെടുന്നു എന്നതാണ് കമ്മ്യൂണിസ്റ്റ് പാർട്ടികളെയും, ലെനിനിനിസ്റ്റ് രാഷ്ട്രങ്ങളെയും ജനം തിരസ്കരിക്കാൻ കാരണം. തിയോളജിയെ മറികടക്കാൻ ഉപയോഗിച്ച അതേ ഉപകരണം അതായത് മാർക്സിസ്റ്റു പ്രമാണങ്ങൾ ആധുനിക മനുഷ്യനെ തന്നെ 'മാർഗം' ആക്കി, അങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പുതിയ മത സ്ഥാപനംകൂടി ഉത്ഭവിച്ചു. വിപരീവർത്തിതമായി, ആശയങ്ങളും, പ്രമാണങ്ങളും മാറ്റത്തിനു വിധേയപ്പെട്ടു കൊണ്ടിരിക്കും എന്ന് ഒരു മതങ്ങൾക്കും മനസ്സിലാകുന്നില്ല; ഈ ലെനിനിസ്റ്റ് പുരോഹിതന്മാർക്കും, ഇത് അതിഭൗതിക കാഴ്ചപ്പാടിലേയ്ക്ക് അവരെ നയിയ്ക്കുന്നു. ഇതാണ് 'മൂന്നാം ഇന്റർനാഷണൽ ബോൾഷെവിക് മതത്തിനു പറ്റിയ പ്രശ്നം എന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

എന്തുകൊണ്ട് ജാതികൾ ?

പടിഞ്ഞാറ് മതനിരപേക്ഷത വളർന്നത്, ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റ് വിഭാഗം മൂലമാണ്. ഇവിടെ ഹിന്ദുമതങ്ങളും മൗലികമായി സംഘടിത മതമല്ല. ഹിന്ദുമതം ജാതികളുടെ ഒരു സമുച്ചയമാണ്. ജാതികൾ സാമൂഹ്യ അനാചാരത്തിന്റെ ഫലമാണ്, അത്

ഹിന്ദുമതത്തിന്റെ പ്രശ്നമല്ല. ഒരു 'ദേശീയ നവോത്ഥാനം' അധിനിവേശങ്ങൾ കൊണ്ട് ഇവിടെ നടക്കാതെപോയി. അതാണ് ജാതികളുടെ കാരണം. മതം എന്ന ഒരു ഘടന ഇല്ലാതിരുന്നത് കൊണ്ടാണ് വൈദേശിക വ്യവസ്ഥാപിതമതങ്ങളെ ഇവിടെ പൗരാണിക ഇന്ത്യൻ ജനതയ്ക്ക്, ഉൾക്കൊള്ളാൻ ആയത്. എന്നാൽ ഈ അധിനിവേശ മതങ്ങൾ ഒരു വിധത്തിലും,ആന്തരികമായി മതനിരപേക്ഷം പോയിട്ട് മതേതരം പോലും അല്ലായിരുന്നു. അവർ അവരുടെ മതകാര്യങ്ങളിൽ ലവലേശം വിട്ടുവീഴ്ചകൾക്കില്ലായിരുന്നു അന്നും ഇന്നും എന്നു ഞാൻ നിരീക്ഷിക്കുന്നു. ഈ സംഘടിതമതങ്ങളിൽ നിന്ന് ഇന്നും യാതൊരു നവോത്ഥാന മുന്നേറ്റവും ഉണ്ടാകാത്തത് അതുകൊണ്ടാണ് എന്നുകരുതുകയും ചെയ്യുന്നു. പകരം ജീർണ്ണതയല്ലേ ഉണ്ടാകുന്നത്? തത്ഫലമായി ഇവർക്ക് സമാന്തരമായി മറ്റൊരു 'സിൻഡിക്കേറ്റ്' ഹിന്ദുമത ബോധവും ഉണ്ടാക്കപ്പെടുകയാണ്. ഇതാണ് വർഗ്ഗീയതയ്ക്ക് കാരണമാകുന്നത് എന്നു ഞാൻ കാണുന്നു.

India is a cultural federation of so many castes and they represent the 70% of the Indian people. In India there are only 19 religions, all the religions are minority in nature of which the strongest religion is so called 'minority` religion– Muslim that represents 17% of the population. But what is concealed here by the historians is this naked truth. 'ജാതിനിർമ്മാർജ്ജനം' അല്ല 'caste' എത്രകണ്ട് കൊണ്ടുവരിക എന്നതാണ് ഏക പ്രായോഗികമാർഗ്ഗം. ഇത് തിരിച്ചറിയുന്നതിലൂടെമാത്രമേ ഇന്ത്യയിൽ സെക്കുലരിസം വരൂ. ഇന്നിവിടെ 30% വരുന്ന ന്യൂനപക്ഷ മതങ്ങളാണ് നമ്മുടെ രാഷ്ട്രീയത്തിന്റെ ട്രെൻഡ് നിശ്ചയിക്കുന്നത്. അത് ഇതോടെ ഇല്ലാതാകും. 70 ശതമാനം വരുന്ന ജാതിയല്ല; ജാതിഭേദമാണ് ഇവിടെയുള്ളത്. അതുമാറണം.

### ഭൂരിപക്ഷ വർഗ്ഗീയത (Majority Communalism)

വർഗ്ഗീയത ഉണ്ടാകുന്നത് പ്രമാണങ്ങളിൽ നിന്നാണ്. ഇടതു പ്രസ്ഥാനങ്ങൾ യൂറോപ്പിൽനിന്നും ഭിന്നമായി ഇവിടെ മതാത്മകമായി, സെമറ്റിക് മതങ്ങളോട് പ്രത്യേക പ്രണയത്തിലും വർത്തിക്കുന്നു. ഈ അവിഹിത പ്രണയം ഹിന്ദുവിലും സമാന്തരമായി തീവ്രമതബോധം വളർത്തുന്നു. ഇത് ബ്രാഹ്മണിക്കൽ കമ്മ്യൂണിസ്റ്റുകളുടെ ഗൂഢലക്ഷ്യം ആണോ എന്നുകൂടി, ഞാൻ സംശയിക്കുന്നു.

ഇവിടെയുള്ള ലെനിനിസ്റ്റുകൾക്ക് സാധാരണ ജനങ്ങളിൽ ഇന്നും ഒരു സ്വാധീനവുമില്ല. ഒരു തൊഴിലാളി-കർഷക സഖ്യംപോലും ഇതുവരെ ഉണ്ടായിട്ടില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെ ഉണ്ടെങ്കിൽ CPM, CPI എന്ന പാർട്ടികൾക്കുമാത്രം എന്ന് കരുതുന്നു. തെറ്റാവാം എന്റെ നിലപാട്. എന്റെ ലക്ഷ്യം അതു സമർത്ഥിക്കലല്ല. എന്നാൽ അവരും ന്യൂനപക്ഷ കാർഡ് ആണ് കളിക്കുന്നത്, തെരഞ്ഞെടുപ്പിൽ. മനസ്സിലാക്കേണ്ടത് 'മതനിരപേക്ഷവും' (Western Secularism), 'മതേതരത്വവും' (ബഹുവിശ്വാസങ്ങൾ) രണ്ടാണ് എന്നാണ്. ഇത് ഏതാണ്ട് ഞാൻ മുൻ ലേഖനത്തിൽ സുവ്യക്തമാക്കിയിട്ടുണ്ട് എന്ന് കരുതുന്നു. ഇവിടെയുള്ള സംഘടിതമതത്തിന്, മതം വെറും ഒരു സ്വകാര്യ പ്രശ്നമല്ല. കമ്മ്യൂണിസ്റ്റുകളും ദൈവത്തിനു പകരം തന്റെ പാർട്ടി നേതാവിനെ തത്സ്ഥാനത്ത് പ്രതിഷ്ഠിച്ചവരാണ്. അവർക്ക് എങ്ങനെ മതത്തെ എതിർക്കാനാവും? കമ്മ്യൂണിസ്റ്റുകൾതന്നെ ബോൾഷെവിക് മതസ്ഥരാണ്, സ്റ്റാലിനെ ഇന്ന് ആരെങ്കിലും ഇഷ്ടപ്പെടുമോ, ഒരു കമ്മ്യൂണിസ്റ്റു മതസ്ഥനല്ലാതെ? ഹിറ്റ്ലറും സ്റ്റാലിനും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ഇവിടത്തെ മതസ്ഥർക്ക്, വേദങ്ങൾ പഠിക്കുന്നതു് കൊണ്ട്, ചില കാര്യത്തിലെങ്കിലും എത്തിക്സ് ഉണ്ട്. കമ്മ്യൂണിസ്റ്റുകൾക്ക് അതും ഇല്ല എന്നു നിരീക്ഷിക്കുന്നു ഞാൻ.

### മതമൈത്രി

പ്രമാണങ്ങളിൽ വിശ്വസിക്കുന്ന ആർക്കും മൈത്രി ഉണ്ടാകാൻ ഇടയില്ല. മതം മനുഷ്യരെ ഒന്നിപ്പിക്കും എന്നു സങ്കല്പിക്കുന്നത് വെറും ഉട്ടോപ്യൻ ചിന്തയാണ്. കാരണം, അതിൽ അടങ്ങിയിട്ടുള്ള ആചാരങ്ങളും, അനുഷ്ഠാനങ്ങളും മറ്റു മതസ്ഥരിൽ നിന്നും ദൂരത്തിൽ നില്ക്കുവാൻ അവരെ പ്രേരിപ്പിക്കാനുള്ള സാധ്യതകളാണ് ഉണ്ടാക്കുന്നത്. വിവിധ മതസ്ഥർക്ക് അവരുടെതായ അനുഷ്ഠാനങ്ങളിൽ പ്രവേശിക്കുമ്പോൾ മറ്റു വിശ്വാസികളിൽനിന്ന് ദൂരം പ്രാപ്രിച്ചേ മതിയാകൂ. അതേസമയം അതേ മനുഷ്യർ കൃഷിചെയ്യാനും തല ചായ്ക്കാൻ ഒരു ഇടം കെട്ടിയുണ്ടാക്കാനും, ഭക്ഷണം പാചകം ചെയ്യാനും തുടങ്ങിയാൽ അവിടെ ആർക്കും പ്രവേശിക്കാവുന്നതാണ് എന്ന് നിങ്ങൾക്കറിയാം. മറിച്ച് മതപരമായ ചടങ്ങുകൾ ആചരിക്കുമ്പോൾ ഈ അടുപ്പം അവിടെ ഉണ്ടാവില്ല. ഈ വ്യത്യാസം ഉള്ളതു കൊണ്ടാണ് നവോത്ഥാന കാലം മുതൽ മഹാപ്രതിഭകൾ, മതപരമായ ചിന്തകളിൽ നിന്നും മനുഷ്യരെ മോചിപ്പിക്കാനുള്ള ശ്രമം തുടർന്നത്. അവിടെ നിന്നുമാണ് ആധുനിക സോഷ്യലിസ്റ്റ്

ചിന്തയുടെ പിറവിയും. അതുപോലെ ഇവിടെയുള്ള ഭൂരിപക്ഷം ജാതികളും സെക്കുലറായതിനാലാണ് ന്യൂനപക്ഷ മതങ്ങൾ നിലനില്ക്കുന്നത്, അല്ലാതെ ന്യൂനപക്ഷ മതങ്ങൾ മതനിരപേക്ഷമായതിനാലല്ല. ന്യൂനപക്ഷ മതങ്ങൾ ഒരിയ്ക്കലും മതനിരപേക്ഷമല്ല. തങ്ങളുടെ മത അവകാശത്തിനു വേണ്ടി മാത്രമാണ് അവർ നിലകൊള്ളുന്നത്. അതിനുള്ള ജനാധിപത്യ അവകാശമാണ് അവർ നേടാൻ ശ്രമിക്കുന്നത്. സംഘടിത ന്യൂനപക്ഷങ്ങൾക്ക് ഒരിയ്ക്കലും മതനിരപേക്ഷമാവാൻ കഴിയാത്തത് അതുകൊണ്ടാണ്. അവർക്ക് മതന്യൂനപക്ഷ അവകാശം ഭരണഘടന നല്കുന്നുണ്ട്.

ഘർവാപസി (Ghar Vapasy)

'മുഖപുസ്തക'ത്തിൽ ഈയിടെ വന്ന വിഷയമാണ് 'ഘർവാപസി'. മുസ്ലിം ആയി മാറിയ സ്വന്തം മകൻ ഹരിലാൽ ഗാന്ധിയെ ഹിന്ദു മതത്തിലേക്ക് ആദ്യം ക്ഷണിച്ചത് മഹാത്മാഗാന്ധിയായിരുന്നു. എന്തിന്, ശ്രീമതി ഇന്ദിരയുടെ ഭർത്താവായ ഫിറോസിനെപ്പോലും 'ഗാന്ധി' ആക്കിയത് ആരാണ്? ആർട്ടിക്കിൾ 25 നമ്മുടെ ആത്മീയ സ്വാതന്ത്ര്യം ഉറപ്പാക്കുന്നു. ഇന്ത്യൻ ഭരണഘടന ജനതയ്ക്ക് ആത്മീയ ജനാധിപത്യം ഉറപ്പു നൽകുന്നു എന്നതാണ് എനിക്ക് ഇത്തരുണത്തിൽ പറയാനുള്ളത്.

നെഹ്റു സർക്കാരാണ് 1954-ൽ ബി.എസ് നിയോഗി കമ്മീഷൻ വെച്ചത്. "നിയോഗി കമ്മീഷൻ എത്തിച്ചേർന്നത്, ക്രിസ്ത്യൻ മിഷനറികൾ ഇന്ത്യൻ മതേതര ജനാധിപത്യത്തെ ദുരുപയോഗം ചെയ്യുന്നു എന്നാണ്. കേരളത്തിലെ 57-ലെ 'വിദ്യാഭ്യാസ ബില്ലിനെ'പ്പോലും ഇവിടെയുള്ള കാതലിക്സാണ് ആദ്യം എതിർത്തതെന്ന് അറിയാമല്ലോ. തെരഞ്ഞെടുക്കപ്പെട്ട കേരളസർക്കാർ 'ആന്റി ക്രിസ്ത്യൻ' എന്ന് അന്ന് വിളിക്കപ്പെട്ടു. ലോക പ്രതിവിപ്ലവത്തിന്റെ ഭാഗമാണ് കേരള കാതലിക്സ് എന്ന് സഖാവ് രണദിവെ (ബി.ടി.ആർ)പറയുകയുണ്ടായി. 1978-ൽ O.P. ത്യാഗി Anti -conversion' ബിൽ ലോകസഭയിൽ അവതരിപ്പിച്ചു. എന്നാൽ മദർതെരേസ ആയിരുന്നു അതിനെ ഇന്ത്യയിൽ എതിർത്തത്. ആ സമയം മൊറാർജി ദേശായിയായിരുന്നു പ്രധാന മന്ത്രി.

Mother Teresa wrote an open letter to then Prime Minister, Morarji Desai: "This new move that is being brought before Parliament under the cover of freedom of religion is false. There is no freedom if a person is not free to choose according

to his or her conscience. Our people in Arunachal are so disturbed. All these years our people have lived together in peace. Now religion is used as a deadly weapon to destroy the love they had for each other, just because some are Christians, some Hindus, and some Tribal. Are you not afraid of God? "You call him *'Eswer'*, some call him '*allah',* some simply God, but we all have to acknowledge that it is He who made us for greater things: to love and to be loved. Who are we to prevent our people from finding this God who has made them — who loves them — to whom they have to return?" pp.156-157 I took the letter from page 157, *Mother Teresa: A Complete Authorized Biography written byKathryn Spink.*

മതേതരത്വത്തെക്കുറിച്ച് ഒത്തിരി ചർച്ച 'മുഖപുസ്തക'ത്തിൽ നടക്കുന്ന വേളയിലാണ് നാം ഈ ലേഖനസമാഹാരം വായിക്കുന്നത്. മതങ്ങൾ എല്ലാം ദൈവത്തെ സാക്ഷ്യപ്പെടുത്തിയാണ് അവരുടെ മഹത്വം പ്രഖ്യാപിക്കുന്നത്. മദർ തെരേസയുടെ കത്തുതന്നെ ഉദാഹരണം. നിങ്ങൾ ദൈവത്തെ കണ്ടിട്ടുണ്ടോ? ഇല്ല. വിശ്വാസം മാത്രമാണ് നിങ്ങളുടെ ദൈവം? വിശ്വാസം നിങ്ങൾ ചിന്തിക്കുന്നത് പോലെ ആകണമെന്ന് എന്തിനാണ് ഇത്ര നിർബ്ബന്ധം പുലർത്തു ന്നത്...? അതുപോലെ എല്ലാ മതങ്ങളും നിരോധിക്കണം എന്ന് ചില യുക്തിവാദികൾപറയുന്നത് ശരിയാണോ...? അല്ല എന്നാണ് എന്റെ അഭിപ്രായം.

മലബാർ കലാപത്തിന്റെ തൊട്ടു മുമ്പ്, ദയാനന്ദ സരസ്വതിയുടെ ആര്യസമാജത്തിന് ഹിന്ദുക്കളിൽ നിന്ന് വിട്ടു പോയവരെ തിരിച്ചു കൊണ്ടുവരാനുള്ള അധികാരം ബ്രിട്ടീഷ് സർക്കാർ നല്കിയിരുന്നു. പ്രധാനമായും ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയെയും അസ്പൃശ്യ തയെയും ആയുധമാക്കിയാണ് ഇന്ത്യയിൽ മതപരിവർത്തനം നടത്തുന്നത്. മതം വേണ്ട എന്നൊന്നും ഞാൻ പറയുന്നില്ല. മനുഷ്യന് സംഘടനകൾവേണം. ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സംഘടനകളിലെ നേതാവ്-അണി ബന്ധമല്ല—ഒരു നല്ല ഘടനബ ന്ധമാണ് പുരോഹിതൻ-വിശ്വാസി ബന്ധം എന്ന് ഞാൻ നിരീ ക്ഷിക്കുന്നു. അതുകൊണ്ട് മതത്തെ ഞാൻ പ്രത്യക്ഷത്തിൽ എതിർക്കുന്നില്ല. എന്നാൽ മതപരമായ അടവ് നയത്തിന് പറ്റി യതായിരിക്കണം മതങ്ങൾ. ഉദാ: സിപിഎം, സി.പി.ഐ കമ്മ്യൂ ണിസ്റ്റു പാർട്ടികളെ രാഷ്ട്രം അംഗീകരിക്കുന്നു, മാവോയിസ്റ്റുകളെ നിരോധിച്ചിരിക്കുന്നു, എന്തുകൊണ്ട്?...ഇസ്ലാമിലെ തന്നെ ചില

സംഘടനകളെ നിരോധിച്ചിരിക്കുന്നു എന്നത് പോലെ, മതേതരത്വത്തിന്റെ പൊതു ഫ്രെയിംവർക്കിൽ വരുന്ന മതങ്ങളാണ് നമുക്ക് വേണ്ടത്. എന്നാൽ രാഷ്ട്രം ക്ലാസ്സിക് ഇസ്ലാംമതത്തെയല്ല, മറിച്ച ദേശീയ മുസ്ലിമിനെ ആണ് ഇവിടെ അംഗീകരിച്ചിട്ടുള്ളത് എന്നു ഞാൻ കാണുന്നു. അതുകൊണ്ട് മുസ്ലീങ്ങൾ തങ്ങൾ ദേശീയ മുസ്ലിം ആണ് എന്ന് മനസ്സിലാക്കിയാൽ നല്ലത്. അവർ ക്ലാസിക്കൽ ഇസ്ലാമിക വാദങ്ങൾ വെയ്ക്കുമ്പോളാണ്, മതേതര ഫ്രെയിമിൽ നിന്നും പുറത്തു കടക്കുന്നത്.

## മതവിശ്വാസം വ്യക്തിപരമാണോ?

വ്യവസ്ഥാപിത മതങ്ങളുടെ വിശ്വാസം അവരുടെ മാർഗ്ഗം കൂടിയാണ്. അതുകൊണ്ട് സാമൂഹികപരമാണ് അവരുടെ വിശ്വാസം, അല്ലാതെ വ്യക്തിപരമല്ല. ‘ഹിന്ദു ധർമ്മം’ വ്യക്തിപരം മാത്രമാണ്, അതാണ് ഇന്നത്തെ മതങ്ങൾ തമ്മിലുള്ള അടിസ്ഥാന വ്യത്യാസം. രാഷ്ട്രത്തിൽ ജാതികളും ഉപജാതികളും ഉണ്ട്. അത് വിശ്വാസത്തിന്റെ കുഴപ്പം കൊണ്ടല്ല. പഴയ സാമൂഹിക അനാചാരങ്ങൾ ധാരാളം ആർജ്ജിതമായി കുമിഞ്ഞ് കിടക്കുന്നു. ലോകത്തുനടന്ന ഒരു ‘നവോത്ഥാന പരിഷ്കാരവും’ ഇന്ത്യയിൽ ഉണ്ടായില്ല. അത് അധഃസ്ഥിതരെ അതേപടി നിലനിർത്തി. 50-മുതൽ നിയമപരമായി നവോത്ഥാനം നടത്തുക എന്നതാണ് നമ്മുടെ ഭരണ ഘടന ലക്ഷ്യമാക്കുന്നത്. ജാതി എന്നത് ഇന്ത്യ നേരിടുന്ന ‘സാമൂഹ്യ രാഷ്ട്രീയ പ്രശ്നമാണ്’. അല്ലാതെ ഹിന്ദുമത വിശ്വാസത്തിന്റെ പ്രശ്നമല്ല. പിന്നെ ആര്യ-ദ്രാവിഡ സെക്ടേറിയൻ വാദങ്ങളൊന്നും ഞാൻ പറയാനില്ല. 50-കൾക്കു ശേഷം ഭരണഘടനാപരമായി അംഗീകരിക്കപ്പെട്ട മതമാണ്, ഈ ഭൂരിപക്ഷ മതമെന്ന ഹിന്ദുമതം. കൂടാതെ ഇന്ത്യയിൽ തുടരുന്ന എല്ലാ മതങ്ങളും ദേശീയ മതങ്ങളാണ്. മുസ്ലിം, ക്രിസ്ത്യൻ, ഹിന്ദു തുടങ്ങി വിവിധ മതങ്ങൾക്കെല്ലാം വിശ്വാസം പുലർത്താം. ആചാരങ്ങൾ അനുവർത്തിക്കാം, എന്നാൽ വേദം ഭരണഘടനയാണ്. ഹിന്ദുമതം ഭൂരിപക്ഷമായിരിക്കുമ്പോൾ മുസ്ലിമും,ക്രിസ്ത്യനും ന്യൂനപക്ഷമതത്തിൽപ്പെടുന്നു. ന്യൂനപക്ഷമതങ്ങൾ ദുർബ്ബലമായതുകൊണ്ട് പ്രത്യേക സംരക്ഷണവും ഭരണഘടന നല്കുന്നുണ്ട്. ഏത് രാഷ്ട്രത്തിലും സാംസ്കാരികമായ ബഹുധാരകൾ ഉണ്ടായാലും ഒരു പൊതുദേശീയത ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. നീണ്ടകാലത്തെ അധിനിവേശ ഭരണങ്ങൾ നമ്മിൽ ഹിന്ദുത്വമെന്ന ‘‘virtual gene’ കുത്തിവെച്ചിരിക്കുന്നു.

മതങ്ങൾ (Religion)

ദേശമെന്ന ചുമരുണ്ടെങ്കിലേ മതങ്ങൾക്ക് നിലനില്ക്കാനാവൂ. വളർന്നു വരുന്ന മതഭീകരവാദത്തിനെതിരെ ഓരോ ഭാരതീയനും ശരിയായ ആശയസമരം ആരംഭിക്കേണ്ടിയിരിക്കുന്നു. കാരണം അതിന്റെ പേരിൽ രാഷ്ട്രം ഏറ്റെടുക്കേണ്ടിവരുന്ന 'പ്രോക്സി യുദ്ധം'രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതിയെ മോശമാക്കി തീർക്കും, അക്കാരണത്താൽ ഫാഷിസ്റ്റ് ഭരണത്തിലേയ്ക്കും നമ്മെ എത്തിക്കാനുള്ള സാധ്യത തള്ളിക്കളയാൻ ആകില്ല. ഇന്ത്യൻ മുസ്ലിമുകൾ, ദേശീയമുസ്ലിമുകൾ മാത്രം ആയിരിക്കണം, അതാണ് 47-ലെ 'പൊതുസമ്മതം'. എന്നാൽ ക്ലാസിക്കൽ ഇസ്ലാമാണ് ഐ.എസ്.കാർ (ഇസ്ലാമിക് സ്റ്റേറ്റ്). മേഹ്ധിമസൂർ ബിശ്വാസി, ഐ.എസ്.ആയി പ്രവർത്തിച്ചവർക്ക് വേണ്ടി റ്റ്വീറ്റ്ചെയ്തതിന് അറസ്റ്റ് ചെയ്യപ്പെട്ട ഇൻഫർമേഷൻ ടെക്നോളജി ഉദ്യോഗസ്ഥ നാണ്. ഇന്ത്യയിൽ അനുവദനീയം ഒരു 'ദേശീയമുസ്ലിം' ആകുക എന്നതാണ്. ക്ലാസിക്കൽ ഇസ്ലാമുകൾക്കു വേണ്ടി 1947-ൽ ഉണ്ടായ തീർപ്പ് ആയിരുന്നു, പാകിസ്താൻ രാഷ്ട്രം. പാകിസ്താൻ വാദത്തെ നിരാകരിച്ച ഇന്ത്യൻ മുസ്ലിമുകൾ, ദേശീയ മുസ്ലിം മാത്രമാണ്. അപ്പോൾ ഇന്ന് ഇസ്ലാം ഭീകരപ്രസ്ഥാനവുമായി സഹവസി ക്കുന്നവർ/സഖ്യപ്പെടുന്നവർ തെറ്റുകാരാണ് എന്ന് ഇസ്ലാമിനെ കുറിച്ചുള്ള എന്റെ അറിവിൽ ഞാൻ കരുതുന്നു. മുസ്ലിം പണ്ഡിതർ അവരുടെ അഭിപ്രായം പറയട്ടെ, നമുക്ക് അത് കേൾക്കാം.

മുസ്ലിം എന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലയിലും, അത് സാമ്പത്തികമോ സാംസ്കാരികമോ ധാർമികമോ രാഷ്ട്രീയമോ ആകട്ടെ, അവിടങ്ങളിലൊക്കെ പൂർണമനസ്സോടെ ദൈവിക നിയമ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നവൻ എന്നതാണ്. അങ്ങനെ വരുമ്പോൾ, അവൻ സമാധാനകാംക്ഷിയും പരോപകാരതൽ പരനും മനുഷ്യർക്കു മാത്രമല്ല ജീവിവർഗ്ഗത്തിനു തന്നെയും അനുഗ്ര ഹവുമായിരിക്കും, ഒരു ഇസ്ലാം. ദേശസ്നേഹം എന്ന പേരിൽ കേവലം മണ്ണിനെ മാത്രമല്ല, അതിലുള്ള മനുഷ്യരെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു.ദേശത്തിന്റെയും ദേശവാസികളുടെയും സുരക്ഷയും ക്ഷേമവും കണക്കിലെടുത്ത് ഭരണകൂടം നിർമിക്കുന്ന നിയമം, ആ മുസ്ലിം അനുസരിക്കും. ഭരണഘടന മുഖാന്തിരം പ്രവർ ത്തിക്കുന്ന ദേശരാഷ്ട്രം ആയിരിക്കണം ,പ്രധാനം. ദീനും തന്റെ ദൈവവും, എന്ന പരികല്പന രണ്ടാമതാണ് വരേണ്ടത്.

എകദേശം 19 മതങ്ങളാണ് ഇവിടെയുള്ളത് എന്ന് പറഞ്ഞുവേല്ലോ? അതിൽ രണ്ടു മതങ്ങളുടേത് നോൺ ഇന്ഡിക് ഉത്ഭവമാണ്. ഇന്ത്യയിൽ പ്രചരിച്ച ആ രണ്ടു മതങ്ങളാണ്, ഇസ്ലാമും, ക്രിസ്ത്യനും. സുൽത്താന്മാരുടെ അധിനിവേശത്തോടെ ഇസ്ലാം മതം, ഇന്ത്യയുടെ പ്രഥമ മതമായിത്തീർന്നു. അതിലൂടെ ഇവിടെയുള്ള ഭൂരിപക്ഷ സമുദായം തന്നെ, 'അമുസ്ലിം' ആയിത്തീർന്നു. യൂറോപ്യന്മാരുടെ അധിനിവേശത്തോടെ ക്രിസ്ത്യൻ മതമായി, ഭരണമതം. ഇവരെല്ലാം അധിനിവേശ മതങ്ങൾ ആകകൊണ്ട് ഇന്ത്യയിൽ ഇവ തുടരേണ്ടത്, 47-നു ശേഷം, ദേശീയമതങ്ങളായാണ്. ഈ തിരിച്ചറിവ് ഓരോ ഇന്ത്യൻ പൗരനും ഉണ്ടായാൽ മതത്തിന്റെ പേരിലുള്ള വർഗീയതയും, തീവ്രവാദവും നമുക്ക് തടയാനാകും. കൂടാതെ, നമുക്ക് ഉള്ള വിഭവസമ്പത്തുപയോഗിച്ച് രാഷ്ട്രത്തെ സാമ്പത്തികമായി കരുപ്പിടിക്കാൻ ആവുമോ, എന്ന് നോക്കാനും ആകും.

നാം ഇവിടെ മനസ്സിലാക്കേണ്ട ഒരു സത്യമെന്നത്, മനുഷ്യവംശത്തിൽ മതം ഒന്നുമായിരുന്നില്ല എന്നതാണ്. ഏകദേശം 460 കോടി വർഷം പ്രായമുള്ള ഭൂമിയിൽ മതത്തിന്റെ പ്രായം വെറും നാലായിരമോ അയ്യായിരമോ വർഷമാണ്. ഇത് ഹിന്ദുമതത്തിന്റെ കാര്യം, അതു വെറും 0.00008% മാത്രമാണെന്നും നാം അറിയണം. അതിലും കുറവാണ് ക്രിസ്ത്യൻ, ഇസ്ലാം മതങ്ങളുടേത്, 2000-വും 1400 കൊല്ലവും ആണ് അവരുടെ പഴമ. തന്റെ വിശ്വാസങ്ങൾ ഒരു നീതിപതിയെപ്പോലെ വ്യക്തിയിൽ/ഏതു ഭൗതികന്റേയും വിശ്വാസിയുടെയും ഉള്ളിൽ ആമത്താഴിട്ട് പൂട്ടിയിരിക്കുന്നു ഇന്ന്. മനുഷ്യന്റെ വിശ്വസങ്ങൾക്കൊപ്പമാണ് അവന്റെ ആശയപ്രപഞ്ചം നൃത്തം ചെയ്യുന്നത്. മനുഷ്യന്റെ 'മത ബോധം' തന്നെ തലച്ചോറിൽ 'ജന്മജ'മാണെന്ന് നാം കണ്ടെത്തി. എന്താണോ ആ വ്യക്തി വിശ്വസിക്കുന്നത്, അത് അവന്റെ പരിജ്ഞാനത്തെ ദൃഢീകരിക്കുന്നു. തിരിച്ചു അവന്റെ പരിജ്ഞാനം അവന്റെ വിശ്വാസങ്ങളെ രൂപപ്പെടുത്തുന്നു. ഒടുവിൽ വിശ്വാസം പരിണമിച്ചു അവന്റെ സ്വഭാവമായി തന്നെ മാറുന്നു, അതാണ് ഇന്ന് സംഭവിക്കുന്നത്. ഞാൻ പറയുന്ന ഈ പത്തൊമ്പത് മതങ്ങളും ദേശീയ മതങ്ങൾ മാത്രമാണ്. മത വിശ്വാസം ഇവിടെ ആകാം, മത രാഷ്ട്രമല്ല ഇന്ത്യ. എന്നാൽ എന്തെല്ലാം അനുവദനീയം എന്നറിയേണ്ടേ? അതിന് ഈ വിശ്വാസങ്ങളെന്തെന്ന് നാം അറിയണം.

ഇസ്ലാമിൽ സംഭവിയ്ക്കുന്നത് എന്താണ്?

ക്ലാസ്സിക്കൽ ഇസ്ലാം മൗലികമായി ഒരു 'വ്യവസ്ഥാപിത മത'മാണ്. അതിനെ കൂടുതൽ വ്യവസ്ഥാപിതമാക്കാൻ മതത്തെ ആയുധവത്കരിക്കുകയാണ്, രാഷ്ട്രീയ ഇസ്ലാം. അതിൽ നിന്നും ഭീകരവാദം ഉണ്ടാകുന്നു. എന്തുചികിത്സ കൊണ്ടും രക്ഷിക്കാനാകാത്തത്ര ബാഹ്യവും ആഭ്യന്തരവുമായ വൈരുദ്ധ്യങ്ങളുടെ ചുഴിയിലാണ് മതങ്ങൾ ഇന്ന്. 'സത്യമതം' എന്നാണ് ഇസ്ലാമിന്റെ അർത്ഥം; സമാധാനത്തിന്റെ മതമെന്നും പേരുണ്ട്. സമാധാനം ഇസ്ലാമിലുള്ളത് വെറും കടലാസ്സിൽ മാത്രമാണ് എന്ന് എനിക്ക് തോന്നുന്നത് തെറ്റാണോ? സമാധാനം, തീവ്രവാദം, ഭീകരവാദം എന്നിവയ്ക്ക് പര്യായമായി ഇസ്ലാം എന്ന വാക്കുപയോഗിക്കാമെന്നതാണ് ചരിത്രത്തിന്റെ ഇന്നത്തെ വർത്തമാനം, എന്നു പറഞ്ഞാൽ തെറ്റാവുമോ? എന്നാൽ ഈ രാഷ്ട്രീയ 'ഇസ്ലാം'ആയി 'ഇന്ത്യൻ മുസ്ലി'ങ്ങൾക്ക് ബന്ധമില്ല എന്ന് നാം തറപ്പിച്ച് പറയണം. പരസ്പരം വഴക്കടിച്ച് മൗലികമായി സമാധാനികൾ ആയ ഇസ്ലാമിനു പോലും ഇന്ന് ഉറങ്ങാൻ വയ്യാതായിരിക്കുന്നു, ലോകത്ത്. സുന്നികളും ശിയാക്കളും തമ്മിൽ കുടിപ്പക പലയിടത്തും കാണാം. ഇസ്ലാമികരാഷ്ട്രങ്ങൾ തമ്മിൽ തമ്മിൽ യുദ്ധം, പരസ്പരം ഒറ്റിക്കൊടുക്കൽ, ചാരപ്പണി. ഇസ്ലാമും ഇതര മതസ്ഥരും തമ്മിൽ വാളും തോക്കും ബോംബും കൊണ്ടുള്ള അസാധാരണ 'സാഹോദര്യം' ഇതൊക്കെയാണ് ഇന്നു കാണുന്നത്. യഹൂദർ, കൃസ്ത്യാനികൾ, ഹിന്ദുക്കൾ, എല്ലാം ഇന്ന് ലോക ഇസ്ലാമിന്റെ ശത്രുക്കളായിരിക്കുന്നു.

അതിലുപരി ശാഖാപരമായ ആചാരങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും പേരിലുള്ള പരസ്പര കുടിപ്പകകൾ വേറൊരുവശത്ത്. ദീനിന്റെ സമാധാനസിദ്ധാന്തം പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയാതെ കാലഹരണ ദോഷം വന്നുകൊണ്ടിരിക്കുന്നു, ആ മതത്തിനെന്നു തോന്നുന്നു. ആയുധമേന്തുന്ന ഇസ്ലാമല്ല, യഥാർത്ഥ ഇസ്ലാമെന്നും ഇത് തങ്ങളുടെ ഇസ്ലാമല്ല എന്നും വാദിക്കുന്നവരും, സായുധ ഇസ്ലാമാണ് ആധുനിക ഇസ്ലാമെന്നു വാദിക്കുന്നവരും തുടങ്ങി, അനുപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരേ ഗ്രന്ഥം നിവർത്തിവെച്ച് ഏതാണ്ട് 135 കോടി മുസ്ലിങ്ങൾ ഇന്ന് ലോകത്തുണ്ട് എന്ന് പറയാം.

ഇസ്ലാം എന്നാൽ 'സത്യമതം' എന്നാണർത്ഥം എന്ന് പറഞ്ഞുവേല്ലോ? സത്യം എപ്പോഴും നന്മയും, തിന്മയും തമ്മിലുള്ള

സംഘട്ടനത്തിനു സാധ്യതയുണ്ടാക്കുന്നു. നന്മയും, തിന്മയും തമ്മിലുള്ള നിതാന്ത പോരാട്ടമാണ് ശരിക്കും ഇസ്ലാം. എന്നാൽ അത്തരം നന്മ-തിന്മ സംഘട്ടനമാണോ ലോകത്ത് നടക്കുന്നത്? ഇസ്ലാം ഒരു 'പ്രമാണമാത്ര വാദം' ആയി ന്യൂനീകരിച്ചിരിക്കുന്നു എന്ന്, ഞാൻ നിരീക്ഷിക്കുന്നു. അതിനുകാരണം അതിന്റെ 'വിശുദ്ധ ഗ്രന്ഥവാദം' തന്നെയാണ് എന്നും കണ്ടെത്തുന്നു. വിഗ്രഹാരാധന പാടില്ല എന്ന പ്രമാണത്തിനു പകരം വിശുദ്ധഗ്രന്ഥം ആരാധിക്കാൻ തുടങ്ങിയിടത്തു നിന്നാണ്, ആ മതം സത്യമതം അല്ലാതായത് എന്ന നിഗമനത്തിൽ ഒരാൾ എത്തിച്ചേരുന്നതിൽ തെറ്റുണ്ടോ? ഒരു നിരപരാധിയെ കൊന്നാൽ അയാൾ മനുഷ്യകുലത്തെയാണ് കൊല്ലുന്നതെന്നും ഒരാൾ ഒരു ജീവൻ രക്ഷിച്ചാൽ മനുഷ്യകുലത്തെ രക്ഷിച്ചതിന് തുല്യമാണെന്നും പറയുന്ന ഖുർആൻ വചനം ഇത്തരുണത്തിൽ സ്മരിക്കുന്നു.

ഹിന്ദു മതം (Hinduism)

ഒരു 'അവ്യവസ്ഥാപിത മത'മാണ് 1950-കളിൽ പുനഃസംഘാടനംചെയ്ത ഹിന്ദുമതം. പരസ്പരം പാരവെയ്ക്കുന്ന ദേവന്മാർ, അന്യോന്യം യുദ്ധം ചെയ്യുന്ന ദൈവങ്ങൾ, മനുഷ്യരോടു പോലും യുദ്ധം ചെയ്തു തോല്ക്കുന്ന ദേവന്മാർ, അങ്ങനെ പോകുന്നു ഹിന്ദു ദൈവങ്ങളുടെ പട്ടിക. നൂറ്റാണ്ടുകളിലൂടെ കടന്നുപോയ ഏറ്റവും വാർദ്ധക്യം ബാധിച്ചതാണ് ഹിന്ദുമതം എന്നതിൽ ആർക്കും സംശയം ഇല്ല. നാശോന്മുഖമായ ഹിന്ദുത്വത്തിനു കായകല്പചികിത്സ നല്കി യൗവനം വീണ്ടെടുക്കാനാകുമോ എന്ന പരിശോധനയാണ് 10 കോടി വൈദികർ ഇവിടെ നടത്തുന്നത്?

'മനുസ്മൃതി' എന്നത് എന്താണ്? ഹിന്ദുവിനെ കുറിച്ചുള്ള ചർച്ചയിൽ ഈ വിഷയം മുഖ്യമാണ്, ഹിന്ദുവിന്റെ നിയമപുസ്തകം എന്ന് ചില യുക്തിവാദികൾ പ്രചാരണം ഏറ്റെടുത്തിരിയ്ക്കുന്നു, 'മുഖപുസ്തകത്തിൽ'. 11-ാം നൂറ്റാണ്ടിൽ ഇന്നത്തെ ഇന്ത്യാരാജ്യം ഉണ്ടായിരുന്നില്ല, 1858-നു ശേഷമാണ് ഒരു 'ബ്രിട്ടീഷ്ഇന്ത്യ' ഉണ്ടാകുന്നത്, 1860-ൽ IPC ഉണ്ടാകുന്നു. 12-ാം നൂറ്റാണ്ടിൽ ഇസ്ലാമിക രാജാക്കന്മാരാണ് ഈ പ്രദേശം മിക്കവാറും ഭരിച്ചിരുന്നത്. അവിടെ എല്ലാം 'മനുസ്മൃതി'അന്ന് റദ്ദ് ചെയ്തിരുന്നു എന്ന് പറയേണ്ടതില്ലല്ലോ? മലയാളം പോലുള്ള ഹിന്ദു നാട്ടുരാജ്യങ്ങളിൽ മാത്രമേ അതിനു പ്രസക്തിയുണ്ടായിരുന്നുള്ളൂ. ബാക്കി എവിടെയും അതിനു നിയമസാധുത ഇല്ലായിരുന്നു. പിന്നെ എന്തിനു അംബേദ്കർ അത് കത്തിക്കണം?

എനിക്ക് അംബേദ്കർ വാദികളോട് ചോദിക്കാനുള്ളത് ഇതാണ്. 1947-ൽ ഇന്ത്യ സ്വതന്ത്രമാകുകയും ഒരു ഭരണഘടന വ്യവസ്ഥ ഉണ്ടാക്കുകയും, ഇന്ത്യ ഒരു റിപ്പബ്ലിക് രാഷ്ട്രം ആവുകയും ചെയ്തു എന്നത് ചരിത്രം. നമ്മുടെ കോമൺ ക്രിമിനൽ കോഡ് ആണ് ഏവർക്കും ഇന്ന് ബാധകം. പിന്നെ എന്തിനാണ് 'മനുസ്മൃതിവാദം' പുനരാനയിക്കുന്നത്? എനിക്ക് ഇതൊന്നും മനസ്സിലാകുന്നില്ല.

'മനുസ്മൃതി' ഇങ്ങനെയുംഅനുശാസിക്കുന്നുണ്ട്.
ശ്രദ്ദധാനഃശ്ശുഭാം വിദ്യാമാദദീതാവരാദപി
അന്ത്യാദപിപരം ധർമ്മം സ്ത്രീരത്നം ദുഷ്ക്കുലാദപി
(മനുസ്മൃതി അദ്ധ്യായം 2 ശ്ലോകം 238)

ശ്രദ്ധയുള്ളവർ ശ്രേയസ്കരമായ വിദ്യയെ ശൂദ്രനിൽ നിന്നു പോലും ഗ്രഹിക്കേണ്ടതാകുന്നു. മോക്ഷധർമ്മം ചണ്ഡാലനിൽ നിന്നുപോലും ഗ്രഹിക്കണം. ഉത്തമ സ്ത്രീയെ നീചകുലത്തിൽ നിന്നുപോലും സ്വീകരിക്കാവുന്നതാണ്. ഇതാണ് മനുവാക്യത്തി ന്റെ താത്പര്യം എന്നതും ചർച്ച അർഹിയ്ക്കുന്നു.

മനുസ്മൃതി (Manusmrithi)

മനുസ്മൃതി എന്തെന്ന് ഒന്ന്അറിഞ്ഞിരിക്കുക. വൈദിക ഹിന്ദുവിന്റെ നിയമപുസ്തകമാണ് ഇത്. മനുസ്മൃതി 1860-ൽ ഇന്ത്യൻ പീനൽ കോഡ് (IPC) ഉണ്ടായതോടെ ഇല്ലാതായി, ബ്രിട്ടീ ഷ്ഭരണം നിലവിലിരുന്ന രാജ്യത്ത്, 12-ാം നൂറ്റാണ്ടിൽ ഇസ്ലാം വന്നപ്പോൾതന്നെ, മനുസ്മൃതി നിലവിൽ ഇല്ലാതായി. പഴയകേരളം പോലെയുള്ള ഹിന്ദു നാട്ടുരാജ്യങ്ങളിൽ മാത്രമേ മനുസ്മൃതി പ്രാബ ല്യത്തിലുണ്ടായിരുന്നുള്ളു.

വൈകാരികതയുടെ സാമൂഹ്യ ഉള്ളടക്കം

ഇന്ത്യയിൽ നടന്ന വൈദേശിക ആക്രമണങ്ങളും സാംസ്കാരികമായ അധിനിവേശവും, ഇന്ത്യൻ മനഃശാസ്ത്രത്തെ പോലും വൈകൃതപ്പെടുത്തിയിരിക്കുന്നു. വിക്ടോറിയൻ സംസ്കാരവും സ്ത്രീസ്വാതന്ത്ര്യത്തെ ഭയപ്പെടുന്ന 'സെമററിക്' മത സദാചാര കാഴ്ചപാടുകൾ ആണ് ഉത്തമം എന്ന കപട അവബോധത്തിലാണ് അത് ഇന്ത്യയെ എത്തിച്ചത്. പരസ്പരം ആക്രമിക്കുന്ന ഗോത്ര കാലഘട്ടത്തിൽ സ്ത്രീക്ക് പുരുഷന്റെ സംരക്ഷണം ശത്രുക്കളിൽ നിന്നും അനിവാര്യമായിരുന്നു. പൊതുവേ ഭാരതീയ സംസ്ക്കാരം സ്ത്രീ സ്വാതന്ത്ര്യത്തെ ഭയപ്പെട്ടിരുന്നില്ല. തന്ത്രശാസ്ത്രമനുസരിച്ച്

നിർമ്മിക്കപ്പെട്ട ഭാരതീയ ക്ഷേത്രങ്ങളിൽ സ്ത്രീ നഗ്നതയും മനുഷ്യ ലൈംഗിക ശിൽപ്പങ്ങളും കൊത്തിവെച്ച കൊണ്ട് മഹർഷിമാർ നമ്മെ മനസ്സിലാക്കി തരുന്നത് അതല്ലേ? ലൈംഗികപരമായി ആധുനികവൽക്കരിക്കപ്പെടാതെ, ഒരു സമൂഹവും ജനാധിപത്യപ രമാവില്ല. വൈകാരികതക്കും ഒരു സാമൂഹ്യ ഉള്ളടക്കമുണ്ട് എന്ന് ആധുനികരായ നാം മനസ്സിലാക്കണം.

അധികാരകൈമാറ്റം

കൂടാതെബ്രിട്ടീഷ് ഇന്ത്യ അധികാരം തന്നതാണ് നമ്മുടെ പൂർണ്ണ സ്വരാജ് 'ഇന്ത്യൻ ആക്ട് 47' പ്രകാരം ആണ് ഭരണഘടന ഉണ്ടാക്കുന്നത്. അത് 'പവർകൈമാറ്റവകുപ്പ്' മായി ബന്ധപ്പെട്ടു കിടക്കുന്നു.

As per Government of India Act 1935, the Congress tasted political power in the provincial elections of 1937 for the first time. It came to power in eight of the eleven provinces where elections were held. The focus changed from the single-minded devotion to 'complete independence', to also entertaining and theorizing about the future governance of the nation. When the Viceroy, Lord Linlithgow declared India a belligerent in World War II without any consultation with the elected representatives of the people, the Congress ministries resigned. And thus 'quit India movement' started 1942, by the congress party.

ക്രിസ്തു മതം (Christianity)

ക്രിസ്തുമതം മൗലികമായി വ്യവസ്ഥാപിതമാണ്. യൂറോപ്പിൽ മതത്തെ രാഷ്ട്രീയത്തിൽ നിന്നും മാറ്റിയപ്പോൾ ക്രിസ്ത്യൻ മതം അടിസ്ഥാനപരമായി സെക്കുലറായി. അതിന്റെഗുണം ആ മതത്തിൽ കാണാം. അവരെ സംബന്ധിച്ച് അധികാരം മാത്രമാണ് കാതലായ കാര്യം. സാദാ പള്ളി മുതൽ പോപ്പ് വരെ 230 കോടി ക്രൈസ്തവർ ലോകത്തുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ലോകത്തെ ഏറ്റവും ഭൂരിപക്ഷ മതമാണ് ക്രിസ്തു മതം. സെക്കുലർ ആയതുകൊണ്ട് ക്രിസ്ത്യാനികൾക്ക് 'ബൈബിൾ' വെറും പ്രാർത്ഥന ഉപകരണം മാത്രമാണ്. എങ്കിലും ബൈബിൾ വിശുദ്ധഗ്രന്ഥ മാണ്. എ.ഡി 325-ലാണ് ക്രിസ്തുമതം റോമിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെടുന്നത്. തികച്ചും കോൺസ്റ്റെന്റൈൻ

(Constantine)ചക്രവർത്തിയുടെ രാഷ്ട്രീയ അജണ്ടയായിരുന്നു ഇതിനു പിന്നിൽ പ്രവർത്തിച്ചത്. റോമിന്റെ ദേവനായിരുന്നു 'മിത്ര ദേവൻ '. ഇദ്ദേഹത്തെ മാറ്റി പകരം ക്രിസ്തുവിനെ സ്ഥാപിച്ചു അന്നത്തെ ചക്രവർത്തി. പറയപ്പെടാവുന്ന ഒരു മാറ്റവും പ്രാകൃത 'മിത്രമത'ത്തിൽ നിന്ന് ക്രിസ്തുമതത്തിനില്ല. തന്നിമിത്തം എ.ഡി 324-വരെ റോമാക്കാർ ആഘോഷിച്ചിരുന്ന മിത്രദേവന്റെ ജന്മദിനം അഥവാ ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമാക്കി മാറ്റുകയാണ് ഉണ്ടായത്. 'റോം ഒരു ദിവസം കൊണ്ട് ഉണ്ടായതല്ലാ' എന്ന ചൊല്ല് നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ? ചോരപ്പുഴകൾ നീന്തിക്കയ റിയതാണ് ക്രിസ്തുമതചരിത്രം. അതിന്റെ വ്യവസ്ഥാപിത സങ്കല്പം തകർന്നു കൊണ്ടിരിയ്ക്കുകയാണ്.

ക്രിസ്തുമസ്, ഈസ്റ്റർ, വിഷു (Christmas, Easter, Vishu)

ക്രിസ്തുമസ്സിനെ പറ്റി പല കഥകളും ഇന്ന് പ്രചാരത്തിലുണ്ട് സൂര്യൻ ദക്ഷിണായനത്തിന്റെ പരിസമാപ്തി കഴിഞ്ഞ് ഉത്തരായനം ആരംഭിക്കുന്ന ദിനങ്ങളാണ് ഡിസംബർ 23, 24, 25 തീയതികൾ, എന്നത് ഒരു മലയാളിക്ക് അറിയാം. ഈ ദിവസം യൂറോപ്പിൽ സൂര്യദേവന്റെ ജന്മദിനമായി ആഘോഷിച്ചിരുന്നു. അതാണ് യഥാർത്ഥത്തിൽ ക്രിസ്തുമസ് എന്ന് ചിലർ കരുതുന്നുണ്ട്. റോമൻ രാജാവ് 15-ാംനൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ചു, അതിന്റെ ഭാഗം എന്നും കേൾക്കുന്നു. നാം മണ്ഡലക്കാലത്തിന്റെ പരിസമാപ്തി ആഘോഷിക്കുന്നത് സൂര്യന്റെ ഉത്തരായന ആരംഭത്തിലാണ്. ഉയിർപ്പ് സങ്കല്പം ഊട്ടിയുറപ്പിക്കാൻ ഒരു ഉയിർപ്പു തിരുനാൾ ആവശ്യമായി വന്നതിനും ഈ രീതിയിൽ യൂറോപ്പിലെ നവപരി വർത്തിതർ മാർഗ്ഗം കണ്ടെത്തിയതാവാം എന്ന് ധരിക്കുന്നതിൽ തെറ്റില്ല. അതുവരെ വസന്ത ദേവതയായ ഈസ്റ്റർ ദേവിയുടെ ജന്മദിനം ആയി ആഘോഷിച്ചു വന്നതും സൂര്യൻ ഭ്രമധ്യരേഖയുടെ നേരെ മുകളിൽ വരുന്നതുമായ 'വസന്തവിഷു' സമയം, ഉയിർപ്പു പെരുനാൾ എന്നവകാശപ്പെട്ടു കൊണ്ട് ഈസ്റ്റർ ആക്കി. ആ ദിനത്തിനും 'യേശു'വുമായി ബന്ധമൊന്നും ഇല്ല എന്ന് ഞാൻ കരുതുന്നു.

ഭഗവത്ഗീതയെക്കുറിച്ച് വീണ്ടും

'ഭഗവദ് ഗീതയെ'കുറിച്ച് വളരെ തെറ്റായ ധാരണകളാണ് കമ്മ്യൂണിസ്റ്റുകളും മറ്റും നിങ്ങളിൽ കുത്തിവെച്ചിരിക്കുന്നത്. അത് മാറാൻ ഈചെറിയ ഖണ്ഡികധാരാളം. ഗീത നടത്തുന്നത് യുദ്ധ

പ്രേരണയല്ല, ഹിന്ദു ദർശനമാണ്. യുദ്ധം ആരംഭിക്കുന്നതിനു മുൻപല്ല, യുദ്ധം തുടങ്ങിയശേഷം 10-ാം ദിവസമോ മറ്റോ ആണ് ഭഗവാൻ ശ്രീകൃഷ്ണൻ ഗീത ചൊല്ലിക്കൊടുക്കുന്നത്. അന്ന് ഭീഷ്മർ യുദ്ധത്തിൽ വീണിട്ടുണ്ട്. കൗരവരുടെ തോൽവി ഏതാണ്ട് ഉറപ്പായശേഷം യുദ്ധം അവസാനഘട്ടത്തിൽ എത്തിയപ്പോളാണ് ഗീത ഉണ്ടാകുന്നത്. കൃഷ്ണന്റെ പ്രേരണ കൊണ്ടല്ല, കുരുക്ഷേത്ര യുദ്ധം, എന്ന് ആദ്യം നിങ്ങൾ അറിയുക. യുദ്ധത്തിൽ കൃഷ്ണന്റെ സഹായം രണ്ടുപേരും അഭ്യർത്ഥിക്കുക ആണല്ലോ ഉണ്ടായത്.

ഗീതയിലെ 700 ശ്ലോകങ്ങളിൽ യുദ്ധത്തെക്കുറിച്ച സംസാരിക്കുന്നത് ആദ്യ രണ്ട് അദ്ധ്യായത്തിലായി 50-ൽ താഴെ ശ്ലോകങ്ങളിൽ ഒരു അവതരണത്തിനായി മാത്രമാണ്. ആത്മാവിന്റെ നിത്യതയും അമരത്വവും തുടങ്ങിയ ദർശനങ്ങളാണ് ഗീതാചർച്ച യഥാർത്ഥത്തിൽ ചെയ്യുന്നത്. അല്ലാതെ യുദ്ധം പ്രോത്സാഹിപ്പിക്കൽ അല്ല. അതും അതിനെ വിമർശിക്കുന്നവരോ, കലാപംചെയ്തു ശത്രുക്കളെ വകവരുത്തണം എന്ന് പറയുന്ന കമ്മ്യൂണിസ്റ്റുകളും. സ്വധർമ്മവും ക്ഷത്രിയ ധർമ്മവും തുടങ്ങി ധർമ്മവിശകലനം കഴിഞ്ഞു ഗീതാകാരൻ പറയുന്നത്, സർവധർമ്മങ്ങളും പരിത്യജിച്ച ഒടുവിൽ ഭഗവാനെ ശരണം പ്രാപിക്കുക എന്നാണ്. അർജ്ജുനനെ ഉപദേശിക്കുന്ന വ്യാജേന ഗീതാകാരൻ, ധൃതരാഷ്ട്രർക്ക് സന്ന്യാസം ഉപദേശിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. ഭീഷ്മർ വീണത് എങ്ങനെ എന്നറിയാനും യുദ്ധതന്ത്രത്തിലെ പാളിച്ച മനസ്സിലാക്കാനും ധൃതരാഷ്ട്രർ സഞ്ജയനോട് വിശദാംശങ്ങൾ ചോദിക്കുന്ന വേളയിലാണ്, ഗീത ഉണ്ടാകുന്നത്. അതായത് യുദ്ധത്തിൽ 'കൗരവപരാജയം' ഉറപ്പായിരിക്കുന്നു; ഇനി അങ്ങ് യുദ്ധത്തിലുള്ള ആകാംക്ഷ നീക്കി സന്ന്യസിക്കുക എന്ന് പറയുകയാണ്, ധൃതരാഷ്ട്രരോട്, കൃഷ്ണൻ. ഭഗവദ് ഗീത ഹൈന്ദവമായ ദർശനങ്ങളുടെ, നിത്യ-അനിത്യ-വസ്തു വിവേകം കാച്ചിക്കുറുക്കിയ സത്തയാണ്. മാർക്സിസ്റ്റുകൾ പറയുന്നത് പോലെ യുദ്ധത്തെ പ്രോത്സാഹിപ്പിക്കുകയല്ല ചെയ്യുന്നത്.

### ഭഗവത് ഗീതയും മാർക്സിസവും

മാർക്സ് കപട അവബോധത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ 'സംസാരം' എന്ന് പറയുന്നത് 'തലതിരിഞ്ഞ വൃക്ഷം' എന്ന് മാർക്സിസ്റ്റുകളും കണ്ടില്ല. സംസാര വൃക്ഷത്തെ അശ്വത്ഥവൃക്ഷമായി താരതമ്യപ്പെടുത്തി ഗീത പറയുന്നത് തന്നെ മാർക്സ്

പറയുന്നുണ്ട്. 'false Consiousness'നെ പററി ആണ് മാർക്സ് പറയുന്നത്. 'ജ്ഞാനമാകുന്ന വാളുകൊണ്ട് സംസാരവൃക്ഷത്തെ വെട്ടിവീഴ്ത്തണം എന്നാണ് മാർക്സ് പറയുന്നത്. അതാണ് വൈരുദ്ധ്യാത്മകത.അല്ലാതെ ഹേഗൽ യുക്തി തലകുത്തിനിൽക്കുന്നതൊന്നുമല്ല മാർക്സിസം. ഹേഗൽ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ശരിയായിരുന്നു. ഈ ജ്ഞാനം ഇല്ലാത്തവർ എങ്ങനെ മാർക്സിസ്റ്റ് ആകും? അതിനെ ആണ് കപടഅവബോധം എന്ന് മാർക്സ് പറയുന്നതും. അതുകൊണ്ടാണ് മാർക്സിസ്റ്റുകൾക്ക് ഉത്തരമില്ലാത്തത് ഇന്നും. സംസാരം എന്ന് പറയുന്നത് ഒരു തലതിരിഞ്ഞ വൃക്ഷം എന്ന് പറഞ്ഞാൽ അതിന്റെ വേര് മുകളിലേക്കാണ് പോകുന്നത്. 'ഊർദ്ധ്വമൂലം' അതിന്റെ തടി താഴേക്ക് പോകുന്നു. 'അധഃശാഖം' ഇപ്രകാരം നമുക്കറിയാവുന്ന വൃക്ഷം അശ്വത്ഥം, (ആൽമരം) ആണ് അപ്പോൾ സംസാരവൃക്ഷത്തെ അശ്വത്ഥവൃക്ഷമായി താരതമ്യപ്പെടുത്തി ഗീത പറയുന്നു, ജ്ഞാനമാകുന്ന വാളുകൊണ്ട് സംസാരവൃക്ഷത്തെ വെട്ടിവീഴ്ത്താൻ. ഇവിടെയാണ് മാർക്സും ഗീതയും തമ്മിലുള്ള അടുപ്പം. മാർക്സിസവുമായി ഗീതക്കുള്ള സാമ്യം നിങ്ങൾ അറിയണം.

ഏകദൈവം (Monotheism)

എത്ര ദൈവം ഉണ്ടെന്ന ഒരു ചോദ്യം 'മുഖപുസ്തക'ത്തിൽ, ഒരു വ്യവസ്ഥാപിത മതസ്ഥൻ ഏകദൈവ വിശ്വാസി, എന്നോട് ചോദിച്ചു. ഓരോ മനുഷ്യനും ഓരോ ദൈവമുണ്ട് എന്ന് ഞാൻ മറുപടി പറഞ്ഞു. ദൈവത്തിന്റെ ഛായയിലാണ് മനുഷ്യനെ 'സൃഷ്ടിച്ചത്'. മനുഷ്യന് മറ്റു ജീവികളിൽ നിന്നും വ്യത്യാസമുള്ളത് അവന്റെ മനസ്സുകൊണ്ടാണ്. ലോക മനസ്സ് അതാണ് ബ്രഹ്മം. എത്ര മനസ്സ് ഉണ്ടോ അത്രയും ദൈവം ഉണ്ടെന്നർത്ഥം. ഇതാണ് ദൈവത്തെ പറ്റിയുള്ള സമഗ്ര മതസിദ്ധാന്തവും എന്ന് കക്ഷിയെ ചൊടിപ്പിക്കാൻ തന്നെ ഞാൻ പറയുകയുണ്ടായി മറുപടി ഉണ്ടായില്ല. നിങ്ങൾക്കുണ്ടെങ്കിൽ പറയാം?

ഹിന്ദു എന്ന നാമപദം എങ്ങനെയുണ്ടായി?

Ancient Persians first called the river 'Sindhu' as Hindu. It is not a Sanskrit word, Greeks mispronounced it as 'Indo' and 'Indus' and the land east of the river as 'India', Muslims came to India called the land as 'Hindustan' and the natives as 'Hindus'. The British who came to India later used it as a religious term to distinguish the people from Muslims and

Christians, called their faith as Hinduism and used the more 'secular' word 'Indians' for all people of India.

മതത്തെക്കുറിച്ച് എംഗൽസ് പറയുന്നു: All religions which have existed hitherto were expressions of historical stages of development of individual peoples or groups of peoples. But communism is that stage of historical development which makes all existing religions superfluous and supersedes them. Frederick Engels (*Draft of a Communist Confession of Faith - London, June 9, 1847*).

### സെമറ്റിക് ആത്മീയത (Semitic Spirituality)

സെമററിക് മതങ്ങളെക്കുറിച്ചുള്ള, അതിലെ ആത്മീയ അംശത്തെക്കുറിച്ച് 'മുഖപുസ്തക'ത്തിൽ ഇടപെടേണ്ടി വന്നു. ഭൗതികതയിൽ ഊന്നി രൂപപ്പെട്ട അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ടുകയും പുഷ്ടിപ്പെട്ടുകയും ചെയ്ത മതങ്ങൾ ആണ്, സെമററിക് മതങ്ങൾ. ആത്മീയതയുടെ ഛായാ ചിത്രങ്ങൾ ധാരാളം അവയിൽ തിരുകി ചേർത്തിട്ടുണ്ട്. എന്നാൽ എന്ത് ആദ്ധ്യാത്മിക അംശം ആണ് അതിലുള്ളത്? ഭൗതിക മൂല്യങ്ങൾക്ക് തന്നെ ആണ് അവിടെയും പ്രാധാന്യം നൽകുന്നത്. മനുഷ്യർ തമ്മിലുള്ള വിഭവങ്ങളിലെ, അമൂർത്ത വിതരണ സമ്പ്രദായങ്ങളെ ആണ് അത് മുഖ്യമായെടുക്കുന്നത്. ആത്മീയം എന്ന ഏക കാര്യം, മരണാനന്തരം തങ്ങളുടെ ജനതക്ക് 'സ്വർഗ്ഗം, നരകം'നൽകുന്നു എന്നതാണ്. അവയിലും ദുർമോഹങ്ങളും അഭിലാഷ വാഞ്ഛകളും ആണ് കൂടുതൽ കുത്തി തിരുകിയിരിക്കുന്നത്. മരിച്ച് കഴിഞ്ഞാലും ഹൂറികളെയും, മദ്യപുഴകളെയുമാണ് സ്വർഗ്ഗമായി കാണുന്നത്. ഇത്തരം ദുർമോഹങ്ങളും അഭിലാഷങ്ങളും ഉണ്ടാകുമ്പോൾ ആത്മീയപരമായ ജനാധിപത്യം തന്നെ മതത്തിൽ നിന്നും നഷ്ടപ്പെടുന്നു. സെമററിക് മതങ്ങളിൽ 'മതം' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഭൗതിക മൂല്യാധിഷ്ഠിതമായ സമുദായ സാമൂഹ്യകൂട്ടായ്മകൾ ആണ്, അത് പെട്ടെന്ന് വർഗ്ഗീയമാവുന്നതിന് കാരണമാവുന്നു. ഇത്തരം മതസ്ഥാപനങ്ങൾവഴി നടക്കുന്ന മതപ്രവർത്തനങ്ങൾ ആത്മീയതയുടെ ശിഥിലീകരണമായിത്തീരുന്നു, എന്ന് ചുരുക്കം.

### വായനയുടെ മനോഭാവം

നാം എങ്ങനെയാണ് ഒരു നല്ല മനോഭാവം വായനയിൽ/സംവാദത്തിൽ പുലർത്തേണ്ടത് എന്ന് ഇവിടെ ചുരുക്കി പറയാം.

മതം കറുപ്പാണെന്ന് സോഷ്യലിസം പറയുന്നു. എന്താണ് 'കറുപ്പ്'? 'മിച്ച മൂല്യത്തെ' ഉപയോഗിക്കില്ലാ എന്ന ദൃഢപ്രതിജ്ഞ എടുത്തവനാണ് ഒരു പുരോഗമനവാദി. ഈ ദൃഢപ്രതിജ്ഞ ഇല്ലാതെ സോഷ്യലിസമോ, കമ്മ്യൂണിസമോ നിലനിൽക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അപ്പോൾ എന്താണീ 'കറുപ്പ്'? പുന്നപ്ര -വയലാറിൽ നിരായുധനായവനെ വലിയ ഒരു സൈനികശക്തിക്കു മുന്നിൽ വലിച്ചെറിഞ്ഞവനല്ലേ, യഥാർത്ഥ 'കറുപ്പ്'? പിന്നെ ശരിക്കും ആധുനികയുഗത്തിൽ ധനത്തെ അതിജീവിക്കുന്ന 'ദേവതാ'സങ്കൽപ്പമില്ല. പണമാണ് ജനത്തിന്റെ ഏകദൈവം. പണം എല്ലാ ദൈവങ്ങളേയും ചരക്കുകൾ ആക്കി മാററുന്നു. എല്ലാ മൂല്യങ്ങളേയും നിശ്ചയിക്കുന്നത് ധനം തന്നെ. അങ്ങനെ പണം സകല ബ്രഹ്മാണ്ഡത്തേയും അതിലെ മനുഷ്യനെയും അടിമയാക്കുന്നു; അതിലൂടെ പ്രകൃതിയേയും, മനുഷ്യനെയും അന്യവൽക്കരിക്കുന്നു. ഈ 'അന്യവൽക്കരണം' എന്ന ദുർഭൂതത്തെയാണ് മനുഷ്യൻ പേടിച്ച് ആരാധിക്കുന്നത്. ഇനി വായന തുടരുക......

'എമ്പിരിസിസവും', റാഷനലിസ'വും യോജിപ്പിച്ച Kant 'സമന്വയചിന്ത'യിൽ എത്തി. എങ്കിലും, നമ്മുടെ സമന്വയ ചിന്തകൾ പ്രമാണ മാത്ര വാദങ്ങൾ (dogmatic) ആയി മാററുത് എന്നു നാം നിർബന്ധം പുലർത്തണം.

'If there was a dogma of enlightenment, it was that there were to be no dogmas, no a priori truths and no privileged sources of affirmation. All dogmas could be queried by private citizens, who have the right to come together in the public sphere, as equals, to pursue truth through open critical debate.` (*Meerananda- 'breaking the spell of dharma'*)

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്ന്'

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്ന്' എന്നു ശ്രീ നാരായണീയർ പറയുന്നത് നിങ്ങൾ കേട്ടിരിക്കും? അത് അങ്ങനെ ആയതു കൊണ്ടല്ല എന്ന് നാം ധരിച്ചിരികണം. മതത്തിന്റെയും ദീനിന്റെയും പേരിൽ ബ്രിട്ടീഷ്ഇന്ത്യയിൽ ആരും കലഹിക്കരുത് എന്ന് കരുതിയാണ് എല്ലാ മതങ്ങളുടെയും സാരം ഒന്നെന്നു ശ്രീ നാരായണ ഗുരു പറഞ്ഞത് എന്നുവെച്ച് അതൊരു പരമസത്യമല്ല. സഹോദരൻ അയ്യപ്പൻ ജാതി ഇല്ല ദൈവം ഇല്ല എന്ന് പറഞ്ഞത് സ്മരിക്കുക.

## വ്യക്തിവത്കൃത ബോധം

ഇന്ത്യൻ സനാതന ധർമത്തിൽ മനുഷ്യൻ എന്നത് 'വ്യക്തിവത്കൃത ബോധം'ആണ് എന്ന് പറയുന്ന ആകാശത്ത് ഇരിക്കുന്ന കേവലനായ വ്യക്തിയല്ല 'ദൈവം'. നാം വസിക്കുന്ന 'ജഗത്തിലെ' തന്നെ 'പരംബോധ'ത്തെ ആണ് 'ബ്രഹ്മം' എന്ന് പറയുന്നത്. ഇതിനെ പറ്റി ഒന്നും 'അബ്രഹാമിക് മതങ്ങൾ' സൂചിപ്പിക്കുന്നില്ല എന്നാണ് ഞാൻ കരുതുന്നത്.

## മതനിരപേക്ഷതയെക്കുറിച്ച് ഒന്നുപറഞ്ഞോട്ടെ

1618 മുതൽ 1648-വരെ മാർട്ടിൻ ലൂതർകിന്റും കത്തോലിക്കാസഭയും തമ്മിലുള്ള ഏറ്റുമുട്ടലിൽ മനംമടുത്ത ജനം ഭരണകൂടത്തിൽനിന്നും മതത്തെ ഒഴിവാക്കണമെന്ന മനസ്സിലാക്കി. ഈ ആഗ്രഹത്തിൽ നിന്നാണ് 'മതനിരപേക്ഷത' എന്ന സംഹിത രൂപംകൊള്ളുന്നത്. 1846-ൽ ജോർജ്ജ് ഹോളിയാക് ആണ് മനുഷ്യന്റെ ധൈഷണികതയ്ക്ക് പ്രാധാന്യം നല്കി, രാഷ്ട്രീയത്തിൽ മതത്തിന് ഒരു പ്രാധാന്യവും നല്കാതെ മതനിരപേക്ഷത പ്രഖ്യാപിച്ചത്.

# 6. Evolution, Meme, Hereditary, and Speech

പരിണാമത്തെക്കുറിച്ച് ഇതുകൂടി മനസ്സിലാക്കുക. Punctuated equilibria എന്ന പദമാണ് ഇന്ന് ജീവശാസ്ത്രജ്ഞർ പരിണാമത്തിന്, ഡാർവിനിസത്തിന് പകരം ഉപയോഗിക്കുന്നത് എംഗലിസവും ഡാർവിനിസവും ഒരു തരം ഗ്രാജ്വലിസത്തെയാണ് എവല്യൂഷൻ എന്ന് പറയുന്നത്? അതല്ല ശാസ്ത്രീയമായ evolution, Paleontologists ഇന്ന് ലോകത്തിന് നല്കുന്നത്. എംഗൽസ് ചൂണ്ടിക്കാണിച്ച വൈരുദ്ധ്യാത്മകമല്ല; 'സ്റ്റാസിസ്' (stasis) എന്നു പറയുന്ന, ഏറെ, അൻപതിനായിരം കൊല്ലമൊക്കെ, നീണ്ട കാലഘട്ടത്തിൽ, ജീവികളിൽ പെട്ടെന്ന് ഉണ്ടാകുന്ന അവസ്ഥാമാറ്റമാണ് ഈ പരിണാമം.

'Cladogenesis' is the process by which a species splits into two distinct species rather than one species gradually transforming into another. Punctuated equilibrium is commonly contrasted against the theory of phyletic gradualism.

Human species are first a passive onlooker and then evolved as an active participant species with forces of naturelles and calibrated his activities to be in sync with natural forces and look at itself as the custodian and trustee of the planet earth.

അന്തരീക്ഷത്തിന്റെ എവല്യൂഷൻ പഠിച്ചാൽ ബാക്കി എന്തും നിങ്ങൾക്കു മനസ്സിലാകും. പ്രകൃതി നിർദ്ധാരണവും പരിണാമവും

കുറെ സമയമെടുത്ത് നടക്കുന്ന പ്രക്രിയയാണ്. ഇന്ന് നമ്മുടെ അന്തരീക്ഷത്തിൽ 21% ഓക്സിജൻ, 78% നൈട്രജൻ, 0.04% കാർബൺഡൈ ഓക്സൈഡ്, 0.9% ആർഗൺ എന്നിവയാണുള്ളത്. ഇത് ഇങ്ങനെയല്ലായിരുന്നു തുടക്കത്തിൽ എന്ന് 'കളിമൺ സിദ്ധാന്തക്കാർ' മനസ്സിലാക്കണം. ഭൂമിയുടെ ഉപരിതലംപോലും ഇങ്ങനെയായിരുന്നില്ല. കത്തിജ്വലിച്ച് നില്ക്കുകയായിരുന്നു. ആദ്യം ഓക്സിജൻ 'ദൈവം' ഉണ്ടാക്കിയിരുന്നില്ല. കാർബൺ ഡൈ ഓക്സൈഡിൽ ജീവിയ്ക്കാൻ കഴിയുന്ന ജീവികളെയാണ് ആദ്യം കുഴച്ചുണ്ടാക്കിയത്. അതിനുശേഷം 'പ്രകാശ സംശ്ലേഷണം' വഴി ഓക്സിജൻ ഉണ്ടാക്കുകയാണ് ചെയ്തത്. കാർബൺ ഡൈ ഓക്സൈഡ്, കുറേ ഓക്സിജനായി മാറി. ഈ പ്രക്രിയയെ ഒരുകൂട്ടർ 'നാച്ചുറൽ സെലക്ഷൻ' എന്നു വിളിയ്ക്കുന്നു. അന്തരീക്ഷത്തിലുണ്ടായിരുന്ന അമോണിയയും മീഥേയ്നും ഓക്സിജനുമായി പ്രതിപ്രവർത്തിച്ച്, അങ്ങനെയാണ് ദൈവത്തിന്റെ തിരുകൈകളാൽ നൈട്രജനുണ്ടായത്.

മീം (Meme)

മുഖപുസ്തകത്തിൽ ഉണ്ടായ മറ്റൊരു ചർച്ചയാണ് ഇത്: പ്രഗത്ഭ പരിണാമവാദിയും ജീവശാസ്ത്രജ്ഞനുമായ Richard Dawkins ആണ് ഈ പുതിയ 'മീം' (Meme) എന്ന മനോക്ഷേത്രത്തിലേയ്ക്ക് ലോകത്തെ വിരൽ ചൂണ്ടിയത്. ഒരു പുതിയ മൈൻഡ് ഫീൽഡ് ആണ് മീം. എന്നിലെ 'ഹിന്ദുത്വം'പോലും ഈ മിഥ്യയായ ജീൻ ആണെന്നു പറഞ്ഞുവല്ലോ. അതിനുശേഷം ഇന്നേവരെ ഈ മനോക്ഷേത്രം പുരോഗതി നേടുകയാണ്, അനുദിനം. ഇതിനുപകരം വെയ്ക്കാൻ മറ്റൊന്നും ചൂണ്ടിക്കാട്ടാനില്ല.

മീം എന്നാൽ ഒരു വൈറസ് പോലെയാണ്. ഒരു വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേയ്ക്ക് ആ ചിന്തയുടെ ശകലങ്ങൾ പകരുന്നു. അവസാനം ഒരു സമൂഹത്തെ മുഴുവൻ ആ ചിന്തകൾ സംക്രമിച്ച് കീഴ്പ്പെടുത്തുന്നു. ഇതാണ് 'മീം' എന്നുപറയുന്നത്. ഈ അപ്ലിക്കേഷനാണ് 'ചുംബന'സമരത്തിന്റെ വക്താക്കൾ ഉപയോഗിച്ചിരുന്നത്. അത് ഇവിടെ പൊളിഞ്ഞു എന്നത് മറ്റൊരു കാര്യം. ഇത്തരം കാര്യങ്ങൾ വളരെ ചലനാത്മകവും വീര്യവത്തുമായ സ്വഭാവമുള്ള ഒന്നായിരിക്കണം, evolving and powerful ആയിരിക്കണം എന്നർത്ഥം. എങ്കിലേ മീമിന്റെ ഫലം ഉണ്ടാകൂ, അതിന്റെ നടത്തിപ്പുകാർക്ക്. മീം എന്നത് DNA, Gene പോലെ ഫിസിക്കലായി നിലനില്ക്കുന്ന ഒരു സംഭവമല്ല. അതൊരു

ബോധശകലം മാത്രമാണ്. വിശ്വാസപരവും സാംസ്കാരികപരവു മായി തെരഞ്ഞെടുക്കപ്പെടുന്ന നല്ലതും ചീത്തയുമായതിന്റെ നാച്ചറൽ സെലക്ഷനാണ്, അത് വിശദീകരിക്കുക മാത്രമേ മീമുകൾകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. അത് സാമൂഹ്യപ്രക്രിയയിൽ ഉപയോഗിക്കുന്ന ഒരു പ്രയോഗരീതിയാണ് എന്ന് പറയാം. ഇത്തരം ആശയ ശകലങ്ങൾ ശരീരകോശങ്ങളിൽ എങ്ങനെ ജീൻ സജ്ജീകരിക്കു ന്നുവോ, അങ്ങനെ തന്റെ ആശയഭ്രമികയിൽ ഇവകൊണ്ട് ചലനമു ണ്ടാക്കുന്നു.

ഇവിടെ ചുംബനസമരക്കാർക്ക് പരാജയം ഏറ്റുവാങ്ങേണ്ടിവ ന്നു എന്നത് സത്യം. പ്രയോഗവത്കരിക്കാൻ ധൈഷണികമായ കഴിവില്ലാത്ത നനഞ്ഞ പടക്കങ്ങളാണ് അത് ഇവിടെ നടത്തിയത്. മനുഷ്യന്റെ ജനിതകഘടനയിൽ ഏതാണ്ട് 21000 Geneകൾ ഉണ്ടെന്ന് പറയുന്നു. ഏതു സന്ദർഭത്തിലും മനുഷ്യന്റെ ശരീരകോ ശങ്ങളിൽ ഇവയുടെ ഒരു സംയോഗം നടക്കാം. ചില ജീൻ ഓരോ നിമിഷത്തിലും 'ഓണാ'കും, ചിലത് 'ഓഫാ'കും. ജീൻ എന്നാൽ ക്രോമസോമുകളിൽ വരിയായി നിലകൊള്ളുന്നതും, സന്തതിയുടെ ദൃശ്യ സവിശേഷതകളിലും പ്രഭാവം ചെലുത്തുന്നതുമെന്നു സങ്കല്പി ക്കപ്പെടുന്ന ഒരു കൂട്ടം ഏകകങ്ങളാണ് എന്നത് നിങ്ങൾക്കറിയാ മല്ലോ. എന്നാൽ പരിണമിക്കുന്ന വിശ്വാസസംഹിതകളുമായി, virtual genes നെ കൂട്ടിയിണക്കാൻ നമുക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതാണ് ചുംബനസമരത്തിലുണ്ടായ പരാജയം എന്നുകരുതാം.

ഒരു വലിയ database മായിട്ടാണ് നാമെല്ലാവരും ജീവിക്കുന്നത് ഇത് വളരെ അടിസ്ഥാനപരമായ ഒരു ആവശ്യകതയായി പലരും കരുതുന്നു. ലോകത്തെക്കുറിച്ച് വളരെ പ്രാധാന്യമുള്ള കാര്യങ്ങൾ എന്ന് മനുഷ്യൻ വിശ്വസിക്കുന്ന കാര്യങ്ങളാണ് അവന്റെ ഡാറ്റാബേസ്. അതാണ് ഒരാളുടെ ലോകവീക്ഷണം. ഏതുനിമിഷവും അയാൾ അതുപയോഗിക്കുന്നു. നമ്മളെല്ലാവരും ഓരോ ലോകവീക്ഷണത്തിലാണ്. അതിനു സഹായിക്കുന്നത് നമ്മുടെ ഡാറ്റാബേസ് ആണ്. അത് മനുഷ്യന്റെ സ്ഥിരമായ, ദൃഢമായ സ്വഭാവമായി കരുതപ്പെടുന്നു. ഇത്തരം മെന്റൽ ജീൻ ആണ് meme എന്നതു സ്ഥൂലത്തിൽ അറിയുക. ഈ മീം എന്നത് ഒരു നിഴൽ ലോകമാകുന്നു. ഇത് നമ്മുടെ സ്വഭാവത്തി ന്റെ പൊഴി ആവുന്നു. ഈ പൊഴികളിലാണ് നമ്മുടെ ചിന്തകൾ, ബോദ്ധ്യങ്ങൾ, ശേഖരിച്ചുവെച്ചിരിക്കുന്നത്. കൂടാതെ, നമ്മുടെ സകല വിശ്വാസങ്ങളും.


ഇങ്ങനെ Stored-Consciousness തന്നെയാണ് നമ്മെ നയിക്കുന്നത്. അതായത് നാം വിശ്വാസത്തിൽ അന്ധമാണ്. യുക്തിവാദവും ആ അർത്ഥത്തിൽ അന്ധമാണ് എന്നു ചുരുക്കം.

It is an element of a culture or system of behavior passed from one individual to another by imitation or other non-genetic means. It is an idea, behavior, or style that spreads from persons within a culture, cultural ideas symbols, or practices that can be transmitted from one mind to another through writing, speech, gestures, rituals, or other imitable phenomena with a mimicked theme. It is argued that the role of key replicator in cultural evolution belongs not to genes, but to memes replicating thought from person to person by means of imitation. These replicators respond to selective pressures that may or may not affect biological reproduction or survival.

മനുഷ്യനിൽ നിലവിലുള്ളതെല്ലാം വിശ്വാസങ്ങൾ മാത്രമാണ്. അതായത് സ്റ്റിക്കിങ് ബോധം എന്നാണ് പറഞ്ഞത്. ലോകവീക്ഷണം പ്രസ്താവിക്കുന്നത് എല്ലാ വിശ്വാസവും അന്ധമാണ് എന്നാണ്. നമ്മുടെ മതവിശ്വാസങ്ങൾ എടുക്കൂ. ഒരു ഹിന്ദുവിന് വേണ്ടപ്പെട്ട ദൈവം, മുസ്ലീമിനുവേണ്ട. ഒരു പള്ളിക്കുമുമ്പിൽ എന്ത് വേഷവും ഒരു ഹിന്ദുവിശ്വാസി കാണിച്ചെന്നുവരും. അതുപോലെ തിരിച്ചും. നമ്മുടെ വിശ്വാസങ്ങൾക്ക് threshold energy ഇല്ലെന്നു ചുരുക്കം.

നാം ഏതൊരു ചർച്ചയിലും അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. എന്തെങ്കിലും നാം ബോധപൂർവ്വം പറയുമ്പോൾ നമ്മുടെ സോമാറ്റിക് നാഡിയാണ് അവിടെ പ്രവർത്തിക്കുന്നത്. അബോധപൂർവ്വം പറയുന്ന കാര്യങ്ങൾ automatic നാഡിയിൽ നിന്നുമാണ് വരിക. ഒരു യുക്തിവാദി ദൈവമില്ല എന്നു പറയുമ്പോൾ അവന്റെ somatic nervous സിസ്റ്റമാണ് പ്രവർത്തിക്കുന്നത്. അതേ സമയം ദൈവമുണ്ട് എന്ന കാര്യം അവന്റെ automatic nervous സിസ്റ്റത്തിലും കിടപ്പുണ്ടാകാം. അതുപോലെ മറിച്ചും. ഒരു ഭക്തൻ ദൈവമുണ്ട് എന്നു പറയുന്നത് അവന്റെ somatic nervous സിസ്റ്റത്തിൽ നിന്നുമാണ്. എന്നാൽ അവന്റെ automatic നാഡിയിൽ ദൈവമില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ് യുക്തിയിലെ വൈരുദ്ധ്യം.

somatic, automatic ആയ ഈ പ്രതിഭാസങ്ങൾക്കു നടുവിലായി ഒരു ശക്തമായ മനോഘടനയുടെ തലമുണ്ട്. അതാണ് മീം എന്ന പ്രതിഭാസം.



*ഡി.എൻ എ ഘടന*

എന്താണ് പാരമ്പര്യം

Genes are the genetic information we carry inside our cells from the earlier generations, in the form of the DNA molecule. Environment is our outside influence, such as family, friends, climate, society, country status, etc. Then there is the notion of instincts. There are actions that we do independent of our environment, such as the need for water, the search for food, or sexual desires that all our biological urges what makes us human and distinguishes us from animals are the things we do beyond our instincts. Culture could very well be the different from instincts, encompassing notions such as art, music, cooking, civilization, language, etc.

പാരമ്പര്യം'എന്നത് പിതൃത്വം എന്നല്ല അർത്ഥമായി എടുക്കേണ്ടത്, ജനിതകം ആണ്. ഉള്ളിൽ കാമ്പ് ഉണ്ടെങ്കിലേ അയാൾ ധിഷണയിൽ മികവ് കാണിക്കൂ. ജനിതകഘടകങ്ങളുടെയും, അവയുടെ സാധ്യമായ കോമ്പിനേഷന്റെയും സംഭാവനയുമാണ്, ഒരാളുടെ പ്രതിഭ. സാമൂഹ്യചിന്തയിൽ നിന്നുമാണ് മനുഷ്യൻ ഭാഷ വികസിപ്പിച്ചത്. എന്നാൽ ഈ ഭാഷ എന്നത്,മനുഷ്യ മസ്തിഷ്കത്തിൽ ജന്മാനാലുള്ളതാണ്. 'ജന്മജം'ആണ്. ഭാഷ ഏതെല്ലാം ജീവികളിലെ തലച്ചോറിലുണ്ടോ അവയെല്ലാം ഇണക്കം കാണിക്കുന്ന ജീവികളായിരിക്കും. വളർത്തു ജീവികൾ നമ്മോട് ഇണങ്ങുന്നത് ഈ ഭാഷാപരമായ കഴിവ് അവയ്ക്ക് തലച്ചോറിലുള്ളത് കൊണ്ടാകണം.

ജനിതകമായ കൈമാറൽ ശാരീരികമായ ഗുണങ്ങളെ മാത്രമല്ല, ആന്തരിക ഗുണങ്ങളെയാണ് കൂടുതൽ ബാധിക്കുന്നത്. ഒരു കുഞ്ഞു ജനിക്കുമ്പോൾ 'മനസ്സ്' എന്ന കാര്യം വെറും ഒഴിഞ്ഞ

ഒന്നായിരിക്കുമെന്ന വാദം തെറ്റാണ്. മനുഷ്യന്റെ 'ഇഗോ' വളരുന്ന സവിശേഷ രീതി ആണിത്. ബ്രെയിനിലുണ്ടാകുന്ന ഓരോ ലോക്കും നിശ്ചിത പ്രായത്തിൽ ഉറക്കുന്നു, ഒരു പ്യൂപ്പാ, ചിത്രശലഭം ആകുന്നത് പോലെ തുടർന്നുള്ള അനുഭവങ്ങളും ആ വ്യക്തി നടത്തുന്ന ശ്രമങ്ങളും അറിവിന്റെ വാല്യൂ, ആഡ് ചെയ്യുന്നുണ്ടാവു മെന്നു മാത്രം. ആ വ്യക്തിയുടെ വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത് ജീൻ അല്ലെങ്കിൽ DNA തന്നെ ആണ്. നമ്മൾ ശാസ്ത്രത്തെക്കുറി ച്ച് പ്രതിപാദിച്ചു. ഇവയെല്ലാം ആർക്കുവേണ്ടിയാണ് നാം പഠിയ്ക്കു ന്നത്? മനുഷ്യന് ഉപയോഗിക്കുന്നതിനായി.

മനുഷ്യബോധം

കൃത്യമായി ഉത്തരം നൽകണമെങ്കിൽ എന്താണ് മനുഷ്യനെ സംബന്ധിക്കുന്ന സൈക്കോളജിക്കൽ കാര്യങ്ങൾ എന്നറിയേ ണ്ടതുണ്ട്. എങ്കിലും എന്റെ അറിവ് വെച്ച് ഞാനിങ്ങിനെ പറയു ന്നു.'ഭാവന'എന്നത് മനുഷ്യ കുട്ടികളിൽ ആദ്യം ഇല്ല. തിര്യക്കുകൾ പോലെയാണ് ആദ്യം, മനുഷ്യകുട്ടികളും. എന്നാൽ ഒരു പശുകുട്ടിക്ക് പിറന്നുവീഴുന്ന മനുഷ്യകുട്ടിയേക്കാൾ ഭാവന ഉണ്ടെന്നു കരുതണം. ഈ ഭാവന ഇല്ലാത്തതു കൊണ്ടാണ് ഒരു ചെറിയ കുട്ടിയെ അവന്റെ രക്ഷാകർത്താക്കൾ കുതിരപുറത്ത്, അല്ലെങ്കിൽ സൈക്കിളിൽ ഇരുത്തിയാൽ കരയുന്നത്. Self regulation, inter relationship of language, സംഭവിക്കുന്നത്, കുട്ടിയിൽ evolutionary ആയാണ്. അങ്ങനെയാണ് കുട്ടികളിൽ ചിന്ത ഉദിക്കുന്നത്. ചിന്തയിൽ നിന്നും കുട്ടികൾ സംസാരിക്കാൻ പഠിക്കുന്നു. സംസാരത്തിന്റെ പിന്നിൽ ഈ ചിന്തയുണ്ടാകേണ്ടതുണ്ട്. തലച്ചോറിലെ പ്രവർത്തി കളുടെ ഫലമാണ്, സ്പീച്ച്. ഈ സ്പീച്ച് തന്നെ രണ്ടുവിധം ഉണ്ട്. ഒന്ന് 'ഇന്നർ സ്പീച്ച്, രണ്ട് സംസാര ഭാഷ. സംസാരഭാഷ മനുഷ്യന്റെ cognitive അറിവ് വർദ്ധിപ്പിക്കുന്നു.

Inner speech- External speech

'Inner speech' is unintelligible whereas 'spoken language' is intelligible. So thought can be said as developed socially. Speaking has two lines of development, one social communication and a part of inner speech. But we can think without language, that is our genitical ability. External speech is the process of turning thought into words. Inner speech is its opposite. It is a talk by the person with his inward

thoughts. Inner speech contains only predicates, subjects are superfluous there. Dialogue is a tool for unsystemised disorganised, spontaneous concepts of a child to convert it systemised, logical, and rational concepts.

മാറുമറയ്ക്കൽ

ഇവിടെ കേരളത്തിൽ സാമൂഹ്യവ്യവസ്ഥ നിലനിന്നിരുന്നത് ആർക്കും സുഖംആയിരുന്നില്ല. ഈഴവർക്കുമാത്രമല്ല മാറ്മറയ്ക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരുന്നത്. ജീവിതം ഉണ്ടായിരുന്നു എന്നു നിങ്ങൾ ധരിക്കുന്നോർക്കും ജീവിതം ഉണ്ടായിരുന്നില്ല. കഷ്ടമായിരുന്നു അവരുടെ സ്ഥിതി. നമ്പൂതിരി ആണുങ്ങൾക്കു കല്യാണം കഴിക്കാൻ ആകുമായിരുന്നില്ല. സ്വന്തംമക്കൾ ഉണ്ടായാൽ അവരെ തൊടാനുള്ള 'മനുഷ്യാവകാശം'പോലും ഉണ്ടായിരുന്നില്ല, ബഹുപക്ഷം നമ്പൂതിരിമാർക്ക്. അന്തർജ്ജന-അനിയത്തികൾക്ക് 'വേളി' സാധ്യമായിരുന്നില്ല എന്നുകൂടി നമ്മൾ മനസ്സിലാകണം.

ഒരുകൂട്ടം ജീവിതം ഇല്ലാത്ത വൃത്തികെട്ട മലീമസമായ സാമൂഹ്യസാഹചര്യമാണ് 'സവർണ്ണൻ' എന്ന് നിങ്ങൾ പറയുന്നോർക്കും കേരളത്തിൽ ഉണ്ടായിരുന്നത്. മാറ്മറയ്ക്കാൻ ഈഴവസ്ത്രീകൾക്കു മാത്രമല്ല, നാടുവാഴിയുടെ അല്ലെങ്കിൽ നമ്പൂതിരിയുടെ മുന്നിൽ ഒരാൾക്കും അത് അനുവദനീയമായിരുന്നില്ല എന്ന ചരിത്രമാണ് ഇവിടെ മറച്ചുപിടിക്കുന്നത്. പിന്നെ ഈഴവർ സാമൂഹ്യപരമായി നായരുമായി സഖ്യപ്പെട്ടിരുന്നവരോ, ഒന്നായി ജീവിച്ചിരുന്നവരോ ആണ് എന്ന് കാണണം. നായർ ഹിന്ദുവായി തുടർന്നപ്പോൾ ഈഴവർ ബുദ്ധമതത്തിൽ ചേർന്നു എന്നനുമാനിക്കാം. ബുദ്ധമതം കെട്ടപ്പോൾ തിരിച്ച് ഈഴവർ അയിത്തജാതി ആയി അവക്ഷിപ്തപെട്ടതും ആവാം. ഇത്തരം സാമൂഹ്യസാഹചര്യങ്ങളിൽ ഈഴവന്റെ മുതുമുത്തി ബഹിഷ്കൃത അന്തർജ്ജനവും, ഒരു പക്ഷെ, ആയിരിക്കാം എന്നും ഞാൻ കരുതുന്നു.

# 7. യുക്തിവാദം, ലെനിൻ, സ്റ്റാലിൻ, മനുഷ്യബോധം, പാരമ്പര്യം

ലോകത്തെ കാര്യമായി സ്വാധീനിച്ച മറ്റൊരു ചിന്താ പദ്ധതിയെ കൂടി നമുക്ക് പരിചയപ്പെടാം. അതാണ് യുക്തിവാദം. ഇന്ന് നാം പൊതുവേ കാണുന്ന പോലെ മത-ദൈവ വിരുദ്ധ, നാസ്തികവാദം ആയി അല്ല അതിന്റെ ഉത്ഭവം എന്ന് നാം ആദ്യം മനസ്സിലാകണം

എന്നാൽ മതത്തിന്റെ ഇരുണ്ട വാഴ്ച കാലത്ത്, ചിന്തയ്ക്ക് കൂച്ച് വിലങ്ങിടുന്ന മതമേധാവികളുടെ ഏകതാന ചിന്താ രീതിക്ക് വിരുദ്ധമായി, ആത്മനിഷ്ഠ ജ്ഞാനാന്വേഷണത്തിനു പകരം, വസ്തുനിഷ്ഠ ജ്ഞാന അന്വേഷണം, പ്രകൃതിയെ മനസ്സിലാക്കാൻ മനുഷ്യന് ആവശ്യം ആയിരുന്നു. അതാണ് ഉചിതം എന്ന രീതി ശാസ്ത്രമാണ് 'യുക്തി വാദം'. മനുഷ്യന്റെ ഏതു ചിന്താ രീതികളും ദാർശനികം എന്നാണല്ലോ പറയുന്നത്. എന്തിനെയും നാം എങ്ങനെ നോക്കി കാണുന്നു അതാണ് ദാർശനികം എന്നത് കൊണ്ട് അർഥം ആക്കുന്നത്. അറിവിനെ മനസ്സിലാക്കാനും മനുഷ്യൻ ഉപകരണം ഉണ്ടാക്കുന്നു. അതിനെയാണ് ചിന്താ രീതികൾ എന്ന് പറയുന്നത്. യുക്തി വാദവും അങ്ങനെ ലോകത്തെ അറിയാൻ മനുഷ്യൻ സ്വീകരിച്ച ഒരു രീതിയാണ്. പ്രവർത്തിയും അറിവും തമ്മിൽ പൊരുത്തം ഉള്ളവ മാത്രമേ കാലപ്രവാഹത്തെ അതിജീവിക്കൂ. അല്ലാത്തവ പൊളിയും. അതാണ് ലെനിനിസത്തിന്/മാർക്സിസത്തിന് പറ്റിയത്.

ദാർശനികമായ ഈ യുക്തിവാദരീതി വളരുവാൻ ഉണ്ടായ കാരണമാവട്ടെ, ഫ്യൂഡലിസ്റ്റ് വ്യവസ്ഥയും, അതിന്റെ ദാർശനിക പിന്തുണയും തന്നെ ആയിരുന്നു. പ്രത്യക്ഷത്തിൽ യൂറോപ്പിൽ ഫ്യൂഡലിസവും മതവും ഇരുണ്ട യുഗം സൃഷ്ടിച്ചപ്പോൾ സ്വഭാവികമായും അതിനെതിരെയുള്ള പ്രതിരോധവും,ബുദ്ധി

ജീവികളിൽ ആശയ തലത്തിൽ ഉണ്ടാവുക സ്വാഭാവികമായി. പാരമ്പര്യവിശ്വാസങ്ങളെ അവഗണിച്ച് യുക്തിക്കും വ്യക്തിസ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സാംസ്കാരിക മുന്നേറ്റം യൂറോപ്പിൽ രൂപപ്പെട്ട കാലമാണ് ജ്ഞാനോദയകാലം (Age of Enlightenment). സമൂഹത്തെ യുക്തി പ്രയോഗിച്ച് പരിഷ്കരിക്കുക, മതവിശ്വാസത്തിലും പാരമ്പര്യത്തിലും മാത്രം അധിഷ്ഠിതമായ ആശയങ്ങളെ ചോദ്യംചെയ്യുക, ശാസ്ത്രരീതിയിലൂടെ വൈജ്ഞാനിക മുന്നേറ്റം നടത്തുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. ഏകദേശം പതിനേഴാം നൂറ്റാണ്ടിന്റെ അവസാനകാലത്തെ, യുക്തി ചിന്തയുടെ കാലം (Age of Reason) എന്ന് വിളിക്കുന്നു. അതുവരെ ചോദ്യം ചെയ്യപ്പെടാത്ത അന്ധവിശ്വാസങ്ങളും അസഹിഷ്ണുതയും ഇക്കാലത്ത് എതിർക്കപ്പെട്ടു. ഇതാണ് ആ കാലഘട്ടം. അതിന്റെ പ്രമുഖ ഇര കത്തോലിക്കാസഭയായിരുന്നു. ചില ജ്ഞാനോദയ ചിന്തകർ തങ്ങളുടെ ആശയങ്ങൾ നടപ്പിൽ വരുത്താൻ തയ്യാറുള്ള രാജാധികാരത്തെ കൂട്ടുപിടിച്ചു. പാശ്ചാത്യ സംസ്കാരത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭരണസംവിധാനങ്ങളുടെയും മേൽ ശക്തവും സ്ഥായിയുമായ സ്വാധീനമാണ് ജ്ഞാനോദയകാല ആശയങ്ങൾക്ക് ഉണ്ടായിട്ടുള്ളത്.

ബറൂക്ക് സ്പിനോസ, ജോൺ ലോക്ക്, പിയേർ ബേൽ (Pierre Bayle), വോൾട്ടെയർ, ഐസക് ന്യൂട്ടൺ തുടങ്ങിയവരായിരുന്നു ജ്ഞാനോദയകാലത്തിന് തുടക്കം നൽകിയത്. ശാസ്ത്രവിപ്ലവം (the Scientific Revolution) ജ്ഞാനോദയ കാലവുമായി ശക്തമായി ബന്ധപ്പെട്ട് കിടക്കുന്നു. കാരണം അത് പല പാരമ്പര്യ വീക്ഷണങ്ങളും അട്ടിമറിക്കപ്പെടാനും പ്രകൃതിയെപ്പറ്റിയും അതിലെ മനുഷ്യന്റെ സ്ഥാനത്തെപ്പറ്റിയും പുതിയ വീക്ഷണങ്ങൾ ഉണ്ടാക്കാനും ഇടയാക്കി. 19-ാം നൂറ്റാണ്ടോടെ കാല്പനികതയ്ക്ക് പ്രാമുഖ്യം ലഭിക്കുകയും ഹേതുവാദത്തിന് (യുക്തിവാദം) ബൌദ്ധികമണ്ഡലത്തിൽ സ്വാധീനം കുറയുകയും ചെയ്തതോടെ ജ്ഞാനോദയകാലത്തിന് തിരിച്ചടി നേരിട്ടു തുടങ്ങി.

ഇതോടൊപ്പം തന്നെ ശാസ്ത്ര സാങ്കേതിക രംഗത്തെ വികാസം, ഫ്യൂഡലിസ്റ്റ് വ്യവസ്ഥയെ അട്ടിമറിക്കുന്ന അവസ്ഥ തന്നെ ഉണ്ടാക്കി. പഴയ നിയമങ്ങൾക്കും, വ്യവസ്ഥകൾക്കും, വികസ്വര വ്യവസ്ഥയുടെ നിയമ, ആശയ സംഹിത ആവാൻ കഴിയാത്ത അവസ്ഥ സംജാതമായി. വ്യാവസായിക വിപ്ലവം, നവോത്ഥാനം തുടങ്ങിയ പ്രക്രിയകളിലൂടെ അത് മുന്നേറി. തന്മൂലം 'കാർഷിക



ജോസഫ് സ്റ്റാലിൻ

കുടിയായ്മ' വ്യവസ്ഥ പുതിയ ഉത്പാദന രീതികളിലേയ്ക്കും, അതിന് അനുസൃതമായ ഉല്പാദന ബന്ധങ്ങളും യൂറോപ്പിൽ സൃഷ്ടിച്ചു.

ഗിൽഡ് വ്യവസ്ഥകളും, പാട്ട, വ്യവസ്ഥകളും, യന്ത്രവൽകൃത ഉലാപാദന രീതി ആയി. മനുഷ്യൻ അന്ന് വരെ കാണാത്ത ഒരു കുതിച്ചു കയറ്റം, എല്ലാ മേഖലയിലും ഉണ്ടായി. പ്രകൃതിയ്ക്കുമേൽ പോലും മനുഷ്യൻ അധിപതി എന്ന തോന്നൽ ഉണ്ടായി. രോഗങ്ങൾ കുറെ ഒക്കെ നിയന്ത്രണ വിധേയം ആയി.

എന്നാൽ എല്ലാ വിപ്ലവങ്ങളെയും പോലെ അതിന്റെ ആദ്യകാല, ആശയും, പ്രത്യാശയും ക്രമേണ ഇല്ലാതെയായി, പുതിയ ചൂഷണ വ്യവസ്ഥയും, ചൂഷകരെയും അതും ഉണ്ടാക്കി.

സ്വാഭാവികമായും പുതിയ ചൂഷിതരുടെ പ്രതിരോധം ഉയർന്നു വരാൻ തുടങ്ങി, അത് 'ഫ്രഞ്ച് വിപ്ലവ'ത്തിൽ എത്തിച്ചേർന്നു. അതായത് നവോത്ഥാനം, ജ്ഞാനോദയം ഇവ ഒന്നും തന്നെ ഏകതാനമായ ചിന്താ പദ്ധതികൾ ആയിരുന്നില്ല. യുക്തി വാദികൾ, നിരീശ്വര വാദികൾ, വോൾട്ടയറെ (Voltaire) പോലെ ഉള്ള theistകൾ മതത്തിൽ നിന്ന് തന്നെ വേർപിരിഞ്ഞു. പ്രോട്ടെസ്റ്റന്റുകളെ പോലെയുള്ള മതക്കാർ, ഇങ്ങനെ പല വിഭാഗമായി ജനം മാറിയിരുന്നു.



ഫ്രാൻസ്,നെപ്പോളിയൻ ബോണപ്പാർട്ടിന്റെ എകാധിപത്യ ഭരണത്തിൽ ആയിരുന്നു. യൂറോപ്പ് രാജാധികാരത്തിൽ തന്നെ യായിരുന്നു. ഇവിടെയാണ് പുതിയ വ്യാവസായിക തൊഴിലാളി വർഗം ഉണ്ടായി വരുന്നത്. പഴയ ഫ്യൂഡലിസ്റ്റു ചൂഷണത്തിന് പകരം മുതലാളിത്ത ചൂഷണം നിലവിൽ വന്നു. അതിന്റെ പ്രതിരോധം സ്വാഭാവികം ആയിരുന്നു. അത് തൊഴിലാളികളെ സാമൂഹ്യപ രമായി അടുപ്പിച്ചു. അങ്ങനെ ഈ മുതലാളിത്ത വ്യവസ്ഥ വളർന്നു എന്ന് പറയാം.

പതിനാലും, പതിനെട്ടും മണിക്കൂർജോലി, ബാലവേല, സ്ത്രീ വേല എന്നു വേണ്ട, ഫ്യൂഡലിസത്തിൽ നിന്നും വിടുതി നേടിയത് എന്തിനാണോ അതിലും മാരകമായ ആധുനിക ചൂഷണം ആയിത്തീർന്നു സമൂഹത്തിന്റെ അവസ്ഥ. അതായിരുന്നു പുതിയ വ്യാവസായിക ശാസ്ത്ര, സാങ്കേതിക ഉടമ വർഗം ചെയ്തത്.

ഫ്രാൻസിലും യൂറോപ്പിലും, വ്യാവസായിക, തൊഴിലാളി വർഗം, ഇതിനെതിരെ പ്രതിരോധം ഉയർത്താൻ തുടങ്ങി. തൊഴിലാളിസം ഘടനകൾ, കമ്മ്യൂണാഡുകൾ, സോഷ്യലിസ്റ്റുകൾ തുടങ്ങി പുതിയ ആശയങ്ങൾ മനുഷ്യ മോചന ദർശങ്ങളായി ഉയർന്നു വരാൻ തുടങ്ങി.

യുക്തിവാദതിനും ഇന്ന് ഒരു പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു..

ദൈവത്തെക്കുറിച്ച്

'ദൈവം' എന്നത് മനുഷ്യനെ മാത്രം സംബന്ധിക്കുന്ന കാര്യമാണ്. അത് നിങ്ങൾ സമ്മതിക്കുന്നുണ്ടോ? ആത്മതത്ത്വത്തെ കേന്ദ്രീകരിച്ചു ഉണ്ടായ ഒരു വിഷയമാണ് മനുഷ്യനിൽ 'ദൈവം'. അത് ഒരു 'സംഹിത'യാണ്. മതങ്ങൾ അതിനെ 'സൃഷ്ടാവ് 'എന്ന് ന്യൂനീകരിക്കുന്നു. എന്നാൽ മതത്തെ വിട്ട 'ധർമ വ്യവസ്ഥ' അതിനെ സംഹിത ആയെടുക്കുന്നു. അവിടെ അത് സൃഷ്ടാവ് അല്ല. നാം സാമൂഹ്യതത്ത്വം എന്ന് പറയുന്നില്ലേ. അതിന്റെ സിന്തെറ്റിക്ക് രൂപം ആണ് ദൈവം എന്ന സംഹിത. അതു കൊണ്ട് നിരീശരത്വം എന്ന സങ്കല്പനം തന്നെ തെറ്റാണ് എന്ന് സമ്മതികുന്നോ, താങ്കൾ?

മതത്തിലെ സൃഷ്ടാവ് എന്ന തെറ്റായ സംഹിതയെ വെച്ചാണ് യുക്തിവാദികൾ എന്നവകാശപ്പെടുന്നവർ തെറ്റായി വാദിക്കുന്നത്. യുക്തിവാദികൾ യുക്തി കൊണ്ട് വാദിക്കുക ആണ്. മുൻ ധാരണയിൽ വാദിക്കുന്നവർ ഏവരും വിശ്വാസികളാണ്. എന്ത് പറയുന്നു? ഇന്നത്തെ യുക്തിവാദികൾ ദൈവത്തിനു വേണ്ടാത്ത സാമൂഹ്യ അഡ്രസ് ഉണ്ടാക്കുന്നുണ്ട്. 'സോക്രട്ടിസ് ചിന്ത' യുടെ 'യുക്തി' യിൽ നിന്നാണ് യുക്തിവാദം ഉടലെടുക്കുന്നത്. എന്നാൽ അതിൽ നിന്നും വളരെ വ്യത്യസ്തവും ചരിത്രപരമായി മുന്നിട്ടുനില്ക്കുന്നതുമായ ഒരു യുക്തിയാണു Wittgenstein ന്റെ 'ലോജിക്കൽ പോസിറ്റിവിസ'ത്തിന്റേത് എന്ന് നിങ്ങൾ അറിയണം. 'ആന്റി പോസിറ്റിവിസം' എന്നൊന്നുണ്ട്. ഭാരതത്തിൽ നിന്നാണ് എല്ലാ ശാസ്ത്രവും ഉണ്ടായത് എന്നു ഞാൻ തന്നെ പറയുന്നത് ആന്റി പോസിറ്റിവിസമാണ്. എമ്പിരിസിസവും, രാഷനലിസവും യോജിപ്പിച്ച കാന്റ്, സമന്വയ ചിന്തയിലെത്തി എന്ന് നാം എത്തിച്ചേരുന്നു. എങ്കിലും നമ്മുടെ ഈ സമന്വയ ചിന്തകൾ പ്രമാണമാത്ര വാദങ്ങൾ (dogmatic) ആയി മാറരുത് എന്നു നാം നിർബ്ബന്ധം പുലർത്തണം... "If there was a dogma of enlightenment, it was that there were to be no dogmas, no a priori truths and no privileged sources of affirmation. All dogmas could be queried by private citizens, who have the right to come together in the public sphere, as equals, to pursue truth through open critical debate."(Meera Nanda—Breaking the spell of Dharma)

‘straw man argument’

ഇവിടെ ‘straw man argument’ എന്നത് എന്തെന്ന് നിങ്ങൾ അറിയേണ്ടതുണ്ട്. അത് ഒരു കുതർക്ക രീതിയാണ്. എതിരാളിയുടെ വാദത്തെ തെറ്റായരീതിയിൽ അവതരിപ്പിക്കുന്നു. എന്നിട്ട് ആ അവതാരത്തെ proponent ആക്രമിച്ച് നിലം പരിശാക്കുന്നു. അങ്ങനെ ഉണ്ടാക്കിയെടുത്ത വൈക്കോൽ രൂപം പൊളിഞ്ഞു വീഴുമ്പോൾ തന്റെ അനുയായികൾക്ക് കൈയടിക്കാൻ ആകും എന്ന് വാദി കരുതുന്നു. ഇതാണ് ഇതിന്റെ പാറ്റേൺ.

നാം പറയുന്നത് ഇതാണ്. വിജ്ഞാനത്തിന്റെ ഉറവിടം എന്നത്, മനുഷ്യന്റെ ബുദ്ധിശക്തിയിൽ നടക്കുന്ന യുക്തിപ്രയോഗമാണ്. ‘നിർവിവാദ’മായ ആദിധാരണകളുടെ (a priori beliefs) അടിസ്ഥാനത്തിലുള്ള മനനം, നിർദ്ധാരണം മാത്രം അല്ല ജ്ഞാനതിനുള്ള മാർഗമെന്നു ജ്ഞാനോദയ കാലത്തോടെ നമുക്ക് വെളിവായിരിക്കുന്നു. എന്നാൽ അറിയാനുള്ള തലച്ചോറിന്റെ കഴിവ് ജന്മജം ആണ്. വാസ്തവത്തിൽ കുറെ വിവരങ്ങളുടെ വിസ്ഫോടനമല്ല ജ്ഞാനോദയത്തിന്റെ യഥാർത്ഥ സ്വരൂപം. മറിച്ച്, ചിന്താരീതിയിലുള്ള വമ്പിച്ച വിപ്ലവ മാറ്റമാണ് എന്നാണ് അറിയേണ്ടത്.ഇവിടെ വിവരത്തെ കുറിച്ചാണ് പറയുന്നത്. വിവരം ആർജ്ജിക്കപ്പെടേണ്ടത് ആണ്.

പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചുള്ള ഏതൊരു അവകാശവാദവും, യഥാർത്ഥ നിരീക്ഷണങ്ങളെ ആശ്രയിച്ചാവണമെന്നും, ആദിധാരണകളുടെ അടിസ്ഥാനത്തിലുള്ള കേവലന്യായവാദങ്ങളുടെ പൊയ്ക്കാലുകളിന്മേലാവരുതെന്നും ആണ് നമ്മൾ പറയുന്നത്. അതായത് യുക്തിവാദം എന്നത് ഒരു മതമല്ല. അത് അനുഭവത്തെയും അടിസ്ഥാനപ്പെടുത്തിയുള്ള അറിവ് മാത്രം ആണ്. ‘സിദ്ധാന്ത രക്ഷ’ നടത്തുന്ന ലെനിനിസം പോലെയുള്ള മതാത്മകത അല്ല അത്. ബുദ്ധിശക്തി, ‘യുക്തി’യെന്ന ഉപകരണം വഴി പ്രകൃതിപ്രതിഭാസങ്ങളെ ‘ഖനിക്കുന്നു’. നമ്മുടെ സൂക്ഷ്മമായ നിരീക്ഷണവും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള യുക്ത്യാധിഷ്ഠിതമായ ചിന്തനവും മാത്രമാണ് അതിനുള്ള ഏക വഴി.

“Atheism is more than just the knowledge that gods do not exist, and that religion is either a mistake or a fraud. Atheism is an attitude, a frame of mind that looks at the world objectively, fearlessly, always trying to understand all things as a part of nature.” –Carl Sagan

സമത്വം സാഹോദര്യം

നമുക്ക് വിഷയത്തിലേക്ക് വരാം. നവോത്ഥാനം, ജ്ഞാനോദയം ഒക്കെ എന്താണോ മുന്നോട്ട് വെച്ചത്, അതിന്റെ പൂർത്തീകരണം, കൂടുതൽ ഉയർന്ന രീതിയിൽ ജനത്തിന് ആവശ്യമായി വന്നു. ഫലം ഫ്രെഞ്ച് വിപ്ലവവും 'പാരിസ് കമ്മ്യൂനും' ആയിരുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയ സമരക്കാർ പാരിസിൽ അവരുടെ ഒരു സർക്കാർ രൂപീകരിച്ചു.

പത്തു മണിക്കൂർജോലി, രാത്രിയിലെ ജോലി നിരോധനം തുടങ്ങി ചെറിയ പരിഷ്കാരങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ഫ്രെഞ്ച് സർക്കാരിന് 78 മണിക്കൂർ കൊണ്ട് ഇത് അടിച്ചമർത്താൻ കഴിഞ്ഞു. ഇരുപതിനായിരത്തോളം വിപ്ലവകാരികൾ കൊല്ലപ്പെട്ടു. നാല്പതിനായിരത്തോളം ജയിലിലായി, എഴായിരത്തോളം നാടു കടത്തപ്പെട്ടു. ഇവിടെ നിന്നും പുതിയ ദർശനം രൂപപ്പെട്ടു. അതാണ് മാർക്സിസം.

വിശദീകരണത്തിനു വേണ്ടി സോഷ്യലിസം, കമ്മ്യൂണിസം എന്ന നാമപദങ്ങൾ നമുക്ക് തൽക്കാലം മറക്കാം. ഇതെല്ലം നേർരേഖയിലൂടെ ചലിക്കുന്ന മനുഷ്യചരിത്രത്തിന്റെ ചുറ്റുകോണി രീതിയിലുള്ള ചില ആപേക്ഷിക സാമൂഹ്യ മനുഷ്യ വ്യവസ്ഥക ൾമാത്രം എന്ന് കരുതുക. അതുകൊണ്ട് ഓരോ മാനുഷിക സാമൂഹ്യ അവസ്ഥകൾക്കും ചുരുക്കത്തിൽ രണ്ട് അക്ഷങ്ങൾ നമുക്ക് സങ്കൽ പ്പിക്കാം. ഒന്നു vertical മറ്റൊന്ന് horizontal വളർച്ച. വേർട്ടിക്കൽ ആയ അക്ഷം എന്നത് മനുഷ്യന്റെ മോചനത്തെ പ്രതിനിധീകരിക്കു ന്നു. എങ്കിൽ, ഹോരിസോണ്ടൽ അക്ഷം ഇതുപോലെ മുതലാളിത്തം സോഷ്യലിസം, കമ്മ്യൂണിസം എന്നീ സാമൂഹ്യ രൂപീകരണങ്ങളെ പ്രതിനിധീകരിക്കുന്നു. ഡേവിഡ് രികാർഡിയോയുടെ അദ്ധ്വാ നത്തിന്റെ മൂല്യസിദ്ധാന്തം അതോടെ വെളിച്ചംകണ്ടു. അദ്ദേഹം പറയുന്നത് വസ്തുക്കൾക്ക് മൂല്യം ഉണ്ടാകുന്നതു അതിന്മേൽ മനുഷ്യാ ദ്ധ്വാനം പ്രവർത്തിക്കുമ്പോളാണ് എന്നായിരുന്നു. ഇവിടെ നിന്ന് മാർക്സ് 'മിച്ച മൂല്യം' (surplus value )വഴി ആണ് സമ്പത്ത് ഉണ്ടാ ക്കപ്പെടുന്നത് എന്ന സിദ്ധാന്തത്തിൽ എത്തുന്നത്.

ഇതിൽ നിന്നും എല്ലാം പ്രക്രിയകളാണെന്നും, അവ ഉണ്ടാ യീകൊണ്ടിരിക്കുന്നവയാണ് എന്നും, മനുഷ്യനാണ് മനുഷ്യചരി ത്രം ഉണ്ടാക്കുന്നതെന്നും മനസ്സിലാകുന്നു. അവന്റെ വേര് അവൻ തന്നെ എന്നും ഉള്ള തത്ത്വചിന്തയുടെ ആധുനിക അഭിവ്യക്തനം ആണ് സമഗ്ര മാർക്സിസ്റ്റ് നിലപാട്, അല്ലാതെ ഒരു ലേബർ സ്റ്റേറ്റ്



പ്ലഖനോവ്

ഉണ്ടാക്കലല്ല, മാർക്സിസം. എന്നാൽ മാർക്സിസത്തിന്റെ എല്ലാ ആധുനിക സ്വഭാവവും വർത്തമാന ലെനിനിസ്റ്റുകൾ നശിപ്പിച്ചു. മദ്ധ്യകാല യുഗത്തിലെ ഒരു ഖലീഫ ഭരണം ആണ് ലെനിൻ, സ്റ്റാലിൻ, മാവോ ഒക്കെ നടത്തിയത്. ഇതിനെ ലോകരിൽ നിന്നും മറച്ചുപിടിക്കാൻ കമ്മ്യൂണിസ്റ്റുകകൾക്ക് ഇനി ആകില്ല.സിപിഎം, സിപിഎംഎൽ, ലോകത്ത് തന്നെ ഏത് പ്രസ്ഥാനവും ഇപ്പോൾ കമ്മ്യൂണിസ്റ്റുകളെ തിരസ്കരിച്ച് വളരുന്നതിന്റെ കാരണം ഇതാണ്.

ലെനിൻ/സ്റ്റാലിൻ

1918-ൽ തന്നെ റഷ്യ ലെനിന്റേതായിത്തീർന്നു. എങ്കിലും മർദ്ദിതർക്ക് ഒരു പ്രത്യാശ നിലവിലുണ്ടായിരുന്നു. പ്രതികൂല സാഹചര്യം കൊണ്ടാണ് ലെനിൻ അങ്ങനെ ചെയ്തത് എന്നായിരുന്നു നാം ചിന്തിച്ചത്. പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയെ ഉപയോഗിച്ചും, റെഗുലർ ആർമിയെ ഉപയോഗിച്ചും അടിച്ചമർത്തൽ ഭരണമാണ് അവിടെ നടന്നത്. 1975-ലെ ഇന്ത്യൻ അടിയന്തിരാവസ്ഥ പോലെ! സ്റ്റാലിന്റെ കാലഘട്ടത്തിൽ ആഭ്യന്തരം, വൈദേശികം, ഹിറ്റ്ലറിന്റെ 'അഞ്ചാം പത്തികൾ' എന്നിത്യാദി പല സവിശേഷ സാഹചര്യങ്ങളാണ് സ്റ്റാലിനു നേരിടേണ്ടി വന്നിരുന്നത്. അതുകൊണ്ടു സ്റ്റാലിനെ പിന്നേയും അങ്ഗീകരിക്കാം എന്നു തോന്നുന്നു? എങ്കിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ, അവരുടെ സാംസ്കാരിക അണികൾ, എന്താണ് ചെയ്തിരുന്നത്, 1930-കൾ തുടങ്ങി... ? അറിവുകളുടെ സാമൂഹ്യവല്ക്കരണത്തിലൂടെ മാത്രമേ മനുഷ്യന് ഒരു സമാധാനമായ ജീവിതം ലഭിക്കുകയുള്ളൂ എന്ന് നാം മനസ്സിലാകണം ഇനിയെങ്കിലും.

ജനാധിപത്യവും'/ 'കമ്മ്യൂണിസവും'

'ജനാധിപത്യവും' 'കമ്മ്യൂണിസവും' രണ്ടു പ്രക്രിയകളാണോ? മനുഷ്യന്റെ ലക്ഷ്യം 'സ്വാതന്ത്ര്യം' ആണ്, അതിന്റെ വഴി 'ജനാധിപത്യവും'. സ്വാതന്ത്ര്യം എന്ന 'ലക്ഷ്യവും' ജനാധിപത്യം എന്ന 'മാർഗവും' പരസ്പരം 'വർജിക്കുന്ന' ഒന്നല്ല. പകരം ഐക്യത്തിൽ വർത്തിക്കേണ്ട, ഇണചേർന്ന് കിടക്കുന്ന ഒരു ഏകാത്മക യാഥാർഥ്യമാണ്. 'ക്യാപിറ്റലിസം'–'സോഷ്യലിസം' –'കമ്മ്യൂണിസം'—ഇവ മനുഷ്യസമൂഹത്തിന്റെ 'സാമൂഹ്യരൂപീകരണ'ത്തിന്റെ രൂപങ്ങൾ മാത്രമാണ്. ഈ സാമൂഹ്യരൂപീകരണങ്ങളിലെ ജനാധിപത്യത്തിന്റെ തോതാണ് ഈ പേരുകളെ അന്വർത്ഥമാക്കുന്നത്, അല്ലെങ്കിൽ അത് അനർത്ഥം ആകും, അത് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നാം കാണുന്നു !

ഇന്ന് കാണുന്ന എല്ലാ ലെനിനിസ്റ്റ് ഘടനകളിലും ജനായത്വത്തിന്റെ നിഷേധമാണ് കാണുന്നത്. അത്തരം പാർട്ടികളും തദൈവ! തങ്ങളുടെ നിലപാടിൽ നിന്നും വിട്ടുനിൽക്കുന്നവരെ 'കുലംകുത്തി'കൾ എന്നു പറയുന്നത് സി.പി.എം. നേതാക്കൾ മാത്രമല്ല, ഓരോ ലെനിനിസ്റ്റും അതാണ് മനസ്സിൽ കൊണ്ടുനടക്കുന്നത്? അല്ലാ എന്നു പറയാൻ ആർക്കെങ്കിലും ആവുമോ? കാരണം അവരിൽ അമൂർത്തമായ ജനാധിപത്യവും സമൂർത്തനായ മനുഷ്യനും അല്ലാ, പകരം ജീവനില്ലാത്ത ഒരു സാമൂഹ്യഘടന മാത്രമാണ് ഉള്ളത്! അതിനെയാണ് യാന്ത്രികത എന്നു പറയുന്നത്. ഈ യാന്ത്രികത അവരെ ഭാവിയിൽ അധികാരം കിട്ടുമ്പോൾ ഫാസിസ്റ്റ് ആക്കുന്നു.

ഇത്തരം സംഘടിത പ്രസ്ഥാനങ്ങൾ മതാത്മകമാവുന്നു എന്നതാണ് ഞാൻ പറയുന്നത്. അവർ സംഘടനയുടെ 'അചരിത്ര'ത്തെ ഉയർത്തി പിടിക്കുന്നു, ചരിത്ര മനുഷ്യനെ തന്നെ നിരാകരിക്കുന്നു. ചരിത്ര മനുഷ്യൻ സംഘടനയെയും നിഷേധിക്കുന്നു, ഇതാണ് ലെനിനിസ്റ്റു പാർട്ടികൾ ഇന്ന് അനുഭവിക്കുന്നത്

ഒരു ചർച്ച അനിവാര്യമാണ്. നമ്മുടെ മുന്നിൽ മെൻഷെവിക് -ശൈലി ആണ് പിന്നെ ഉള്ളത്. ബോൾഷെവിക് സംവരണം വഴി കേറി പറ്റിയിരിക്കുന്ന മേൽ കമ്മിറ്റികൾ വെറും കടമാണ്. ഒരുബൂർഷ്വാ ജനാധിപത്യ രീതിപോലും അറിയാത്തവരാണ് അവർ. ജനാധിപത്യം എന്നത് ഒരുബൂർഷ്വാ ഉൽപ്പന്നം എന്ന് നിങ്ങൾ പലയിടങ്ങളിലും വായിച്ചു. അതുകൊണ്ട് അതിന്റെ രൂപം ബൂർഷ്വാ രൂപത്തിൽ തന്നെയെങ്കിലും ആകണം. എന്നാൽ ഉള്ളടക്കത്തിൽ അനുസൃതമായ മാറ്റങ്ങൾ ഉണ്ടാകണം.

സംസ്കാരം /എത്നിക് രാഷ്ട്രം/ സിവിക്രാഷ്ട്രം

അതുപോലെ എന്തായിരിക്കണം സംസ്കാരം, ചർച്ച ചെയ്യേണ്ട വിഷയംതന്നെ? ഇന്ത്യയിൽ ഒരു പുരോഗമന പ്രസ്ഥാനമെന്ന് അവകാശപ്പെടാൻ ഒരു രാഷ്ട്രീയ പാർട്ടിയും യഥാർത്ഥത്തിൽ ഉണ്ടായിരുന്നില്ല എന്നതാണ് പണ്ട് മുതലുള്ള സത്യം. കോൺഗ്രസ്സ് ആണ് ഇന്ത്യയെ പൂർണ സ്വരാജ് പദവിയിലേക്ക് ഉയർത്തിയത്. എന്നാൽ അതൊരു വിപ്ലവത്തിലൂടെ ആയിരുന്നില്ല, പകരം ക്രമികമായി ഭാഗിക സ്വരാജ്, പൂർണ സ്വരാജ് ആക്കി രൂപന്തരപ്പെടുത്തുന്ന ഒരു പരിണാത്മക പ്രക്രിയയിലൂടെ ആയിരുന്നു. അത് കൊണ്ട് തന്നെ ഇന്ത്യ ഒരു ആധുനിക സിവിക് രാഷ്ട്രം ആവുക ഉണ്ടായില്ല. പൂർണ സ്വരാജിലൂടെ 1947-ൽ, പകരം ഒരു 'എത്നിക് രാഷ്ട്രം' ആയി അവക്ഷിപ്തം ആവുക ആണുണ്ടായത്. ബ്രിട്ടീഷുകാർ അവർ നേടിയെടുത്ത ഇന്ത്യ അതെങ്ങിനെ, അതിനെ തിരിച്ച് എല്പിക്കുക എന്ന പ്രക്രിയ മാത്രമാണ് നടത്തിയത്.

രണ്ടു തരം രാഷ്ട്ര സങ്കല്പനം ആണ് മനുഷ്യന് ഉള്ളത്, ഒന്ന് 'സിവിക് രാഷ്ട്രം', മറ്റൊന്ന് 'എത്നിക് രാഷ്ട്രം'. സിവിക് രാഷ്ട്രം എന്നത് ഫ്രഞ്ച് വിപ്ലവാനന്തരം ഉണ്ടായ ആധുനിക രാഷ്ട്ര സങ്കല്പം ആണ്. ആധുനിക രാഷ്ട്ര സങ്കൽപ്പത്തിൽ, മതം രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ലാത്തതാണ്. ബാക്കി ശേഷിക്കുന്നത് എത്നിക് രാഷ്ട്രം ആണ്. അത് പുരാണങ്ങളും, ആചാരങ്ങളും, ദേശ പാരമ്പര്യങ്ങളും ചേർന്ന ഒന്നാണ്. അതുകൊണ്ടാണ് ഇന്ത്യ ബഹുവിശ്വാസ രാഷ്ട്രമായി രൂപവല്കരിക്കപ്പെട്ടതും. ഇതിനെല്ലാം പഴികേൾക്കേണ്ടവർ കമ്മ്യൂണിസ്റ്റു നിഷ്ക്രിയത്വം തന്നെ ആണ്.

മാർക്സിസം/മതം

മാർക്സിസം മതത്തെ കുറിച്ച് എന്ത് പറയുന്നു? എന്തിനെയും നാം എങ്ങനെ നോക്കി കാണുന്നു എന്നതാണ് ദർശനം/ അവബോധം എന്നതുകൊണ്ട് അർഥമാകുന്നത്. ഉപകരണം ഉണ്ടാക്കുകയും, അത് നവീകരിക്കുകയും,അറിവ് രൂപപപ്പെടുത്തുകയും, സംവേദിക്കുകയും ചെയ്യുന്ന ജീവി ആണ് മനുഷ്യൻ .

മാർക്സിസം വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ അധിഷ്ഠിതമാണ്. അവിടെ ഭൗതികേതരമായ വിഭ്രാന്തികൾക്കും മനോജന്യകല്പനകൾക്കും യാതൊരു സ്ഥാനവുമില്ല. നാസ്തികപ്രചരണം പാർട്ടി പരിപാടിയുടെ ("Our program necessarily includes the propaganda of atheism" ) ഭാഗമാണെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്.

He also said (1) “Religion is a kind of spiritual gin in which the slaves of capital drown their human shape and their claims to any decent life.”

(2)“..the yoke of religion that weighs upon mankind is merely a product and reflection of the economic yoke within society.” (Socialism and Religion)

It is the opium of the people. (In 1844, Karl Marx wrote in his Contribution to the Critique of Hegel’s Philosophy of Right) it opiates people “Religion is the impotence of the human mind to deal with occurrences it cannot understand.”

Religion is the impotence of human mind “Man creates religion, religion does not create man...”.

നിങ്ങൾ ആഗ്രഹിക്കുന്നതും പക്ഷെ ആയിത്തീരാനാവാത്തതും ചെയ്യാനാഗ്രഹിക്കുന്നതും പക്ഷെ കഴിയാത്തതുമായതെന്തോ അതാണ് ദൈവമെന്ന് മാർക്സിന്റെ ആചാര്യതുല്യനായ ഫൊയർബാക്കും പറഞ്ഞിട്ടുണ്ട്.

ധർമവ്യവസ്ഥ

കേവല യുക്തിവാദമായ മാർക്സിസം കേവല നാസ്തികത കൂടിയാണ്.ലോകത്തെ മനുഷ്യൻ മനസ്സിലാക്കുന്നത് മനുഷ്യബോധത്തിലൂടെ ആണ്. ബോധം എന്നത് ഭൗതികേതരമായാണ് ഇപ്പോൾ മനുഷ്യൻ മനസ്സിലാക്കുന്നത് തലച്ചോറിനു മെറ്റാ ആയി ചിന്തിക്കാൻ ഉള്ള കഴിവുള്ളതുകൊണ്ടാണ് വരണ്ട യുക്തിവാദം ആവാൻ മാർക്സിസത്തിന് കഴിയാത്തത്. അപ്പോൾ മനുഷ്യന് മെറ്റാഫിസിക്സ് അങ്ഗീകരിക്കേണ്ടി വരും. ആ അർത്ഥത്തിൽ ബുദ്ധൻ കണ്ടപോലെ ഒരു ധർമവ്യവസ്ഥകൂടി വേണം മനുഷ്യന് എന്നു ഞാൻ കരുതുന്നു.

വിദ്യ/അവിദ്യ

ഹൈന്ദവ രീതിയിൽ പറയുകയാണെങ്കിൽ രണ്ടു തരം വിദ്യ ഉണ്ടെന്നു പറയാം. ഒന്ന് വിദ്യ, മറ്റേത് അവിദ്യ.

അവിദ്യ എന്നാൽ മനുഷ്യൻ ഇന്ദ്രിയങ്ങളിലൂടെ കാണുന്ന, മനസ്സിലാകുന്ന അറിവ് ആണ്. വിദ്യ എന്നാൽ നമുക്ക് ദൃശ്യം അല്ലാത്ത ആത്മാവിനെ അതായതു നാം ‘ഞാൻ ‘ എന്ന് പറയുന്നടി ആശയത്തെ ആശ്രയിക്കുന്ന അറിവ് ആണ്. പറേഞ്ഞു വരുന്നത് ഇതാണ്.

Where the fault lies?

The problem is not the concept of ‘socialism’. But the crisis of the ‘present Marxism -Leninism’, which don’t have the conceptual grasp of its ‘own’ theory! Classical Marxism was revolutionary democratic. It is not a system imposed from above! ...revolution from below is the proper way. So it is the crisis of the idea of revolution! But I can say this is a world which searches for new forms of negation, but to me it must be democratic and sovereignty must be in the citizens of the nation, not in a few oligarchical Blanquists as we are seeing in the Leninist/Maoists states/parties! So the Leninist negation is a pseudo one.......

സോഷ്യലിസം സംഹിതാപരമായി തന്നെ കാലഹരണപ്പെട്ടിരിക്കുന്നു. പിന്നെ സാമൂഹ്യപരമായി പാർലമെന്ററി വ്യവസ്ഥ നിലവിൽ വരികയും ജനാധിപത്യം, പൗരാധിപത്യം ആയി വളർച്ച പ്രാപിക്കുകയും ചെയ്ത ഇന്നത്തെ സ്ഥിതിക്ക്, കേവലം ഒരു പാർട്ടി ബൈലോ വെച്ച് പാർട്ടി പുരോഹിതന്മാരുടെ ഒരു ഓട്ടോക്രാടിക് സംവിധാനത്തെയും ഒരു സിവിക് സമൂഹം അങ്ഗീകരിക്കാനോ, അതിനുവേണ്ടി ശ്രമം നടത്താനോ തയ്യാറാവുകയില്ല. അതിൽ നിന്നും വേണം ലെനിൻ, സ്റ്റാലിൻ, മാവോ ഇവരെ ഇന്ന് ചർച്ചക്ക് എടുക്കുവാനും ?

മാർക്സ് കരുതിയത് മുതലാളിത്തം നേർരേഖയിൽ ചരിക്കുമെന്നും, അതിലൂടെ തൊഴിലാളികൾ പെരുകുമെന്നും, ഒടുവിൽ ഉല്പാദന ശക്തികളും, ഉല്പാദനബന്ധവും വിളക്കി ചേർക്കുന്ന ഭരണകൂടം തകർത്ത്, ഭരണകൂടം ഇല്ലാത്ത ഒരു ശാസ്ത്രീയ സോഷ്യലിസം ഉണ്ടാകും എന്ന ഒരു ഫോർമൽ ലോജിക്കിലാണ് കാര്യങ്ങളെ കണ്ടത്. എന്നാൽ മുതലാളിത്തം സാമ്രാജ്യത്വമായി വളർത്തി കാപിറ്റലിസ്റ്റ് ശക്തികൾ അതിന്റെ പോരായ്മകൾ ഭൗതികമായി മറി കടന്നു. അതിലൂടെ വികസിത മുതലാളിത്തം തൊഴിലാളി വർഗത്തെ അവരുടെ മുഖച്ഛായയിൽ വികസിപ്പിച്ചും എടുത്തു. അതോടെ തൊഴിലാളി വർഗം തന്നെ ചരിത്രപരമായി തകർന്നു. ഇതൊന്നും മനസ്സിലാക്കാൻ കെല്പില്ലാത്ത വിഭാഗമായി മാർക്സിസത്തിന്റെ പേരിൽ ഒരു കൂട്ടം മാർക്സിസ്റ്റ് വിശ്വാസികൾ മെഴുകുതിരി കത്തിച്ചും, ശയനപ്രദക്ഷിണം വെച്ചും സമയം കളയുന്നു!

# 8. തത്ത്വചിന്ത

ഇന്നുള്ള കമ്മ്യൂനിസ്റ്റ്പ്രസ്ഥാനത്തെ കുറിച്ച് എഴുതുന്നത് പോലും ഒരു ഗവേഷണവിഷയമാണ് എന്ന അറിവോടെയാണ് ഞാൻ ഈ പുസ്തകം കൈകാര്യം ചെയ്തിരിക്കുന്നത്. അറിഞ്ഞോ അറിയാതെയോ നമ്മുടെ നാട്ടിൽ കുറെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെ നിങ്ങൾ കണ്ടിട്ടുണ്ട്. ഇവരോരോരുത്തരും തങ്ങളാണ് മാർക്സിന്റെ യഥാർത്ഥ അവകാശി എന്നും പറയുന്നു. എന്നാൽ എന്താണ് ഒരു 'കമ്മ്യൂൺ എന്ന വാക്കിന്റെ അർഥം പോലും അറിയാത്തവരാണ് മിക്കപേരും. കമ്മ്യൂണിന്റെ വിപരീത അർത്ഥമായ സ്റ്റേറ്റിൽ വിശ്വസിക്കുന്നവ രാണ് എല്ലാപേരും.

അങ്ങനെയാണ് ടി വിഷയത്തെകുറിച്ച് ഒരു പുസ്തകം എഴുതണമെന്നു എനിക്ക് തോന്നിയത്. നാളിതു വരെയുള്ള കമ്മ്യൂണിസ്റ്റ് ചരിത്രം ചർവ്വിതചർവ്വണം ചെയ്യുന്നതിനല്ല, മറിച്ച് എന്താണ് പുരോഗമന ചിന്ത, അതെങ്ങിനെ ഉടലെടുത്തു, വളർന്നു, വികസിച്ചു എന്നതാണ് നമ്മുടെ പ്രതിപാദ്യ വിഷയം, കൂടാതെ 'മുഖ പുസ്തക' ത്തിൽ ഞാൻ നേരിടേണ്ടി വന്ന സംവാദവും ചേർന്നതാണ് ഈ സമാഹാരം.ചർച്ചയുടെ മർമ്മം നിങ്ങൾഏതാണ്ടു ഹൃദിസ്ഥമാക്കിയി ട്ടുണ്ടാകും എന്നുകരുതുന്നു.

1920 മുതൽ കൊമിന്റേണിന്റെ(comintern) നേതൃത്വത്തിൽ ലോകത്ത് തന്നെ സാമ്രാജ്യത്വവിരുദ്ധതയെ മുഖ്യപ്രമേയമാക്കി കമ്മ്യൂണിസ്റ്റ് പാർട്ടികൾ രൂപംകൊണ്ടു. ഇത് CPSU(B) ചരിത്രത്തിനു വിരുദ്ധമായ നിലപാട് ആയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു മിനിമം പരിപാടിയും, മാക്സിമം പരിപാടിയും വേണം എന്നു ലെനിൻ തന്നെ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇന്ത്യയിൽ

ഉണ്ടായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ലെനിന്റെ നേതൃത്വത്തിൽ ആണ് ഉണ്ടാക്കപ്പെട്ടിരുന്നതെങ്കിലും, തികച്ചും മതാത്മകമായിരുന്നു, അതിന്റെ ചിന്ത ഇന്ന് വരെയും. വിപ്ലവം എന്നത് സാമൂഹ്യ രൂപീകരണങ്ങളുടെതന്നെ അനുസ്യൂത പ്രക്രിയയിൽ ഉണ്ടാകുന്ന ഒരു ഗുണാത്മക അവസ്ഥയാണ്.അതുകൊണ്ട് പരിണാമാത്മക രൂപമുള്ള ഇത്തരം അനസ്യൂതപ്രക്രിയയെ വെള്ളം കയറാത്ത അറകളിൽ തളച്ചിടുകയും, ഏതെങ്കിലും നിശ്ചിത മാർഗമാണ് അതിന്റെ ശരി എന്ന പിടി വാശി കൊണ്ട് ഏറെ കുഴപ്പങ്ങൾ ഉണ്ടായ ഒരു മതപ്രസ്ഥാനമാണ്, പ്രത്യേകിച്ച് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം.

കഴിഞ്ഞനൂറ്റാണ്ടിലെ 70-കളിൽ ആണ് എന്നെപ്പോലുള്ളവർ മാർക്സിസത്തെ ആദ്യമായി പരിചയപ്പെടുന്നത്. അന്ന് തന്നെ ലെനിനിസ്റ്റ് പാർട്ടികൾ ഒരു വലിയ വിഷയം നേരിടുന്നു എന്ന് മനസ്സിലായിരുന്നു.എന്നാൽ അവയെ കൃത്യമായി മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചതും ഇല്ല, എനിക്ക് അതിന്റെ ആവശ്യവും ഉണ്ടായിരുന്നില്ല എന്നതാണ് ഒരു സത്യം. എന്നാൽ ഇന്നാ ചിത്രം വളരെ വ്യക്തമാണ്, മണ്ടന്മാരായ ചില ആക്ടിവിസ്റ്റുകൾ ഒഴിച്ച് വളരെ സാർഥകമായി കാര്യങ്ങളെ കാണുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം മാർക്സിസത്തിന്റെ പേരിൽ നമുക്ക് കാണാൻ ആവുന്നില്ല. സമ്പുഷ്ടമായ ഒരു ആശയ പൈതൃകം നാം എവിടെയും കാണുന്നില്ല. ബൂർഷ്വാസി എന്ന വർഗം ആണ് മനുഷ്യന് ജനാധിപത്യം നൽകിയത്, ആദ്യം. എന്നാൽ ആ ജനാധിപത്യത്തിൽ ബ്യൂറോക്രസി ഉണ്ടായിരുന്നു. ആ ബ്യൂറോക്രസി ഒഴിവാക്കാനായിരുന്നു പുതിയ സോഷ്യലിസ്റ്റ് ജനാധിപത്യം വേണ്ടിയിരുന്നത്. അത്തരം ഒരു വ്യവസ്ഥയാണ് രാഷ്ട്രീയപരമായി ജനത്തിന് നൽകേണ്ടിയിരുന്നത്. അത്തരം വ്യവസ്ഥയുടെ സവിശേഷ ഗുണം കൊണ്ട് തന്നെ ആ ജനാധിപത്യം, സ്വയം നില നില്ക്കുമായിരുന്നു. എന്നാൽ ടി വ്യവ്യസ്ഥക്ക് ഒരു ഗുണവും ഉണ്ടായില്ല. പാർട്ടി എസ്റ്റാബ്ലിഷ്മെന്റിന്റെ പൂർണ്ണ ബ്യൂറോക്രസി ആണ് ലെനിനിസം എന്ന പേരിൽ ഇന്നും എന്നും കമ്മ്യൂണിസം എന്ന പേരിൽ നിലനില്ക്കുന്നത്.

മുതലാളിത്തഭരണകൂടങ്ങൾക്ക് ശേഷം തൊഴിലാളി ഭരണകൂടങ്ങൾക്ക് ഉണ്ടായ വിപര്യയവും നാം കണ്ടു.സാമൂഹ്യ രൂപീകരണം വരുകയും പോകുകയും ചെയ്യുന്നു. സ്ഥായിയായി ഒരു നിർദ്ദിഷ്ട ഘട്ടം തുടർന്ന് കൊണ്ടിരിക്കുന്നു. പിന്നീട് അതിന്റെ ആഭ്യന്തര വൈരുദ്ധ്യങ്ങളാൽ സ്ഥിതവ്യവസ്ഥ തകരും. അതായത്

എല്ലാ സാമൂഹ്യ രൂപീകരണങ്ങളും പുതിയ ഒരു സാമൂഹ്യരൂപീകരണത്തെ നിർമ്മിക്കുന്നു. എന്നാൽ ഇവ ഒക്കെ തന്നെ മനുഷ്യചരിത്രത്തിന്റെ ഓരോ ഏടുകളാണ് എന്നതാണ് നാം അറിയേണ്ടത്.

വിദൂരഭാവിയിൽ ലോകം എത്തരത്തിൽ ഉള്ളതായിരിക്കണം എന്നാണ് മനുഷ്യനെ കാത്തിരിക്കുന്നത്. നാമെല്ലാവരും അതിനു കാതോർക്കുന്നു. ശാസ്ത്രസാങ്കേതിക പുരോഗതിമൂലം നാം വസിക്കുന്ന ഭൂമിയുടെ സ്ഥിതി എന്താകും? മനുഷ്യൻ നശിക്കുമോ? എന്നെല്ലാം ഉള്ള അസംഖ്യം ഉത്കണ്ഠകളാണ് നമ്മെ പിന്തുടരുന്നത്. ഇത്തരം കാര്യങ്ങളെല്ലാം മനുഷ്യൻ അലോചിച്ചുറപ്പിച്ചു വെയ്ക്കുന്നു. ഇത്തരം അന്വേഷണങ്ങളെ തത്ത്വചിന്തകളെന്നു നാം വിളിക്കുന്നു.'ഫിലോ' എന്നാൽ സ്നേഹം എന്നും 'സോഫി' എന്നാൽ വിവേകം എന്നും വരുന്ന രണ്ടു ഗ്രീക് പദങ്ങളിൽ നിന്നാണ് ഫിലോസഫി ജനിച്ചത്. വിശാലമായ ഈ ലോകത്തിന്റെ കടംകഥയോ, കഥകളോ അനാവരണം ചെയ്യുന്നതിനാണ് മനുഷ്യൻ എഴുതുന്നതും. അനന്തമായ ഒന്നിനെ അറിയാനുള്ള വ്യഗ്രത മനുഷ്യനിൽ കുടികൊള്ളുന്നു.അത്തരം മനുഷ്യന്റെ അമ്പരപ്പിൽ നിന്നും ആണ് മനുഷ്യന്റെ തത്ത്വശാസ്ത്രത്തിന്റെ തുടക്കം. പ്ലാറ്റോയും അദ്ദേഹത്തിന്റെ ശിഷ്യനുമായ അരിസ്റ്റോട്ടിലും ഇത് പറയുക ഉണ്ടായിട്ടുണ്ട്.അങ്ങനെ വരുമ്പോൾ സ്വതന്ത്രമായ മനുഷ്യന്റെ ശാസ്ത്രം 'തത്ത്വചിന്ത'യാണ് എന്ന് പറയാം.

മനുഷ്യന് മുന്നിൽ ഒരിടത്ത് വസ്തുനിഷ്ഠലോകം. വേറൊരു ഭാഗത്ത് വസ്തുനിഷ്ഠലോകത്തിൽ മനുഷ്യന്റെ അസ്തിത്വം. ഇതിനിടയിൽ മനുഷ്യന്റെ ആത്മബോധം. വസ്തുനിഷ്ഠ ലോകം മനുഷ്യന്റെ ബോധത്തിൽ പ്രതിഫലിക്കുന്നു. തദ്വാരാ അവനിൽ വസ്തുനിഷ്ഠ ലോകത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവുകൾ അങ്കുരിക്കുന്നു. ആ അറിവുകൾവെച്ച് അവൻ പ്രകൃതിയെ കീഴടക്കാൻ ശ്രമിക്കുന്നു. അപ്പോൾഉണ്ടാകുന്ന വിപരീത വശങ്ങൾ വികൃതികൾ ഉണ്ടാക്കുന്നു. ഈ പ്രകൃതിയെയും, വികൃതിയേയും സംസ്കരണം നടത്തുന്നു മനുഷ്യൻ. ഇതാണ് സംസ്കരണം എന്ന് നമ്മുടെ ഋഷിമാർ പറയുന്നതും. ലോകം ഒരു സൂപ് പോലെ ആണ് കിടക്കുന്നത്, മനുഷ്യന് മുന്നിൽ. മനുഷ്യൻ ഉണ്ടായതു മുതൽ ചിന്ത അവന്റെ അസ്ഥിത്വത്തെ കുറിച്ച് വിലയിരുത്തുകയും അവയെ മറി കടക്കാൻ മനുഷ്യാപേക്ഷമായി ശ്രമം തുടരുകയും ചെയ്യുന്നു.ഇവിടെ മനുഷ്യൻ കുറച്ച് ഊഹാപോഹങ്ങളിലും, കുറെ യാഥാർത്ഥ്യത്തിലും എത്തി

ച്ചേരുന്നു.അവിടെ നിന്നും ഒറ്റപ്പെട്ട ഓരോ വിഷയത്തെയും മനുഷ്യൻ സമാഹരിച്ച് സാമാന്യവല്ക്കരിക്കുന്നു. ഇതാണ് തത്ത്വചിന്ത.

മനുഷ്യന്റെ തത്ത്വചിന്തയെക്കുറിച്ചുള്ള ഒരു കഥ ഞാൻ പറയാം. ആഫ്രിക്കയിലെ ഒരു വിഭാഗമായിരുന്നു അഷാന്തി എന്ന ജനത. ഇവരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ഒരു കഥയാണ് പറയുന്നത്. ഇന്ത്യയിൽ ആര്യൻ അധിനിവേശങ്ങളിലൂടെ നമ്മുടെ പഴയ അറിവുകളെല്ലാം കൈമോശം പോയി എന്നറിയാമല്ലോ. നമുക്ക് അധികവും മുള്ളർ (Muller) നൽകിയ പുസ്തകങ്ങളാണ് ഇന്നുള്ളത്. കഥയുടെ ചുരുക്കം ഇതാണ്. അവിടെ അൻസി എന്ന ഒരു എട്ടുകാലിയുണ്ടായിരുന്നു. ഈ എട്ടുകാലി ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചു. അങ്ങനെ എന്താണ് ലോകത്തിന്റെ സാമാന്യമായ വിവേകം എന്നത് അത് ശേഖരിച്ചു, എന്നിട്ട് ഒരു മൺചട്ടിയിൽ സൂക്ഷിച്ചു. എന്നാൽ ഈ എട്ടുകാലിയുടെ വികൃതിയായ കുഞ്ഞ് ചട്ടി എടുത്തു പൊട്ടിച്ചു. അന്ന് ലോകത്തിനു ഈ സമാഹരിച്ച അറിവ് എല്ലാം നഷ്ടപ്പെട്ടു. എങ്കിലും കുറെ അറിവുകൾ പെറുക്കി എടുക്കപ്പെട്ടു. വൈകി ചെന്നവർക്ക് ഒന്നും പെറുക്കി എടുക്കാനായില്ല. ആ വൈകി ചെന്നവരിൽ ഒരാളാകാം നമ്മൾ?

ഒരു വിഷയത്തെ മനുഷ്യന് സാമാന്യവത്കരിക്കണമെങ്കിൽ കാരണത്തെ കാര്യത്തിൽ നിന്നും വേർപെടുത്തി ചിന്തിക്കാൻ ഉള്ള കഴിവ് ഉണ്ടാവണം. അതിനു ശേഷം കാര്യത്തെയും കാരണത്തെയും ഒന്നിച്ചിരുത്തി ചിന്തിക്കണം. ഇതിനെല്ലാം വിഷയിക്ക് നല്ല വൈഭവം വേണം, യുക്തിയും വേണം ചിന്തയും വേണം. ഇതിനെ ആണ് വൈരുദ്ധ്യാത്മകം എന്ന് സാമാന്യമായി പറയുന്നത്. ഇത്തരം കാര്യങ്ങൾ ആദിമമനുഷ്യനിൽ ഉണ്ടാകുക അസംഭവ്യ മാണല്ലോ? അതുകൊണ്ട് തന്നെ മനുഷ്യൻ കണ്ട, അല്ലെങ്കിൽ കണ്ടെത്തിയ അറിവുകൾ ചിന്താപരമായി ഏകപക്ഷീയവും ഭാഗികവും ആയിരുന്നു. പ്രകൃതി ശക്തികളാണ് മനുഷ്യനെ ഏറെ പേടിപ്പിച്ചിരുന്നതും. മനുഷ്യൻ അവയെ മൂർത്തബിംബങ്ങളെന്ന നിലയിൽ ചിന്തിച്ചു. ഇതുപോലെ മനുഷ്യ ചരിത്രത്തെയും സാമൂഹിക ചരിത്രത്തിലൂടെ മൂർത്തമായി നോക്കിക്കണ്ടു. അതിന്റെ ഇരകളായി മാർക്സിസ്റ്റുകൾ. ഇതുമൂലമാണ് സോഷ്യലിസം തകരാൻ ഇടയായത്. ഇതൊരു വലിയ പാതകമായി നാം കാണേണ്ടതില്ല. ദൈവത്തിന് പോലും തന്റെ മക്കളുമായുള്ള തർക്കം കാരണം അഞ്ചാമത്തെ തവണ മാത്രമാണ് ശരിയായ വിധം ലോകത്തെ സൃഷ്ടിക്കാൻ ആയത്.

അതായത്ത ഏത്ത സംഭവവും അങ്ങനെയാണ്, അതിന്ന ധ്യാനശീലം വേണം. മനുഷ്യന് മാത്രമേ ഈ ധ്യാനത്തിനുള്ള ആത്മബോധം വളർന്നിട്ടുള്ളൂ. അതായത്ത പ്രകൃതിയും, താനും രണ്ടാണ് എന്ന തോന്നലാണിത്. ഈ സവിശേഷത കൊണ്ടും, തള്ളവിരലിന്റെ പ്രത്യേകത കൊണ്ടും, അദ്ധ്വാനത്തിലൂടെ മനുഷ്യൻ പ്രകൃതിയെ കീഴടക്കുകയും, യഥാർത്ഥലോകത്തിന്ന പകരം അവന്റേതായ പുതിയലോകത്തെ, അങ്ങനെ ശരിയായ പ്രകൃതി മനുഷ്യനിൽ നിന്നും വേർതിരിക്കപ്പെട്ടു, അവിടെ നിന്നാണ് മനുഷ്യൻ സമൂർത്ത പ്രകൃതിയെ അബ്സ്ട്രാക്റ്റു ചെയ്തു പഠിക്കാൻ തുടങ്ങുന്നത്. അടിമ-ഉടമ ഘട്ടത്തിൽ ഉടമകൾക്ക് ധാരാളം ഒഴിവുസമയം ലഭ്യമായതോടെ സാമാന്യവത്കൃത ചിന്തകളെ സമയലഭ്യതയുള്ളവർ പരിചിന്തനം ചെയ്യാൻ തുടങ്ങി. ചുരുക്കത്തിൽ ഈ ഉടമകളിൽ നിന്നാണ് മനുഷ്യൻ കുറെക്കൂടി പരിചിന്തിതമായ ധാരണകളിൽ എത്തി ച്ചേർന്നത്.

പ്രപഞ്ചത്തെ മനസ്സിലാക്കുക, പ്രകൃതിയിലും സമൂഹത്തിലും നടക്കുന്ന പ്രക്രിയകളെ, പ്രതിഭാസങ്ങളെ, അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കാരണങ്ങൾ എന്തെന്ന് മനസ്സിലാക്കുക, മനുഷ്യന്റെ ഒരു തൃഷ്ണതന്നെയാണ്. ലോകത്തെ എങ്ങനെ മനുഷ്യന് ശാസ്ത്രീയമായി നോക്കി കാണാനാകും, ശാസ്ത്രമെന്നാൽ എന്താണ്? അജ്ഞതയ്ക്കും, വിജ്ഞാന വിരോധത്തിനും കാരണമായ എല്ലാ മതബോധങ്ങൾക്കും, മത മാമൂലുകൾക്കും ആശയവാദ വീക്ഷണ ങ്ങൾക്കും എതിരെ അല്പാല്പമായി മാത്രമേ മനുഷ്യന് നീന്താനാവൂ. ശാസ്ത്രതലത്തിലും, പ്രായോഗികതലത്തിലും മനുഷ്യന് ഉണ്ടായ നേട്ടങ്ങളെ വിമർശന ബുദ്ധിയോടെ, സർഗാത്മകമായി അപഗ്രഥി ക്കുക എന്നത് മനുഷ്യന് ദുഷ്കരമാണ്. അങ്ങനെയാണ് നാം മൂന്ന് തരം വാദങ്ങൾ മുകളിൽ മനസ്സിലാക്കിയത് ഒന്ന് ആശയ വാദം, ഭൗതിക വാദം, പിന്നെ സങ്കരവാദം.

അപ്പോൾ വളരെ പഴക്കമുള്ള ഒന്നാണ് ഈ തത്ത്വശാസ്ത്രം. ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ഒരു ഏകദേശ അവബോധം നമ്മിൽ അതുണ്ടാക്കുന്നു. പ്രകൃതിയെയും, മനുഷ്യനെയും, അതിൽ മനുഷ്യന്റെ സ്ഥാനത്തെയും ആണ് അത് കുറിക്കുന്നത്. വീക്ഷണത്തിന്റെ സങ്ക ല്പനരീതിയേയോ, അവയുടെ വ്യവസ്ഥയെയോ ആണ് തത്ത്വചിന്ത എന്നോ, ലോക വീക്ഷണം എന്നോ നാം പറയുന്നത്. അപ്പോൾ നാം അത് മനസ്സിലാക്കാൻ ഒരു വിധി തന്ത്രം തന്നെ സ്വായത്ത മാക്കേണ്ടതുണ്ട്, ഇവയെ മനസ്സിലാക്കാനും ജീവിതത്തിൽ

പകർത്തുന്നതിനും. ഇത്തരം ശാസ്ത്രീയവിധിതന്ത്രം നാം സ്വായത്ത മാക്കുമ്പോൾ ഒരു ലോക വീക്ഷണവും നമ്മിൽ ഉണ്ടായിരിക്ക ണമെന്ന് മാത്രം. എന്നാൽ ലോകമെന്നത് ചലിക്കുന്നതും സദാ മാറി കൊണ്ടിരിക്കുകയും ചെയ്യുന്ന എന്നത് ഒരു കാര്യം. പിന്നെ അറിവുകളെല്ലാം തല തിരിഞ്ഞാണ് നമ്മുടെ തലച്ചോറിൽ പതിഫ ലിക്കുന്നത് എന്ന് ഭഗവത് ഗീതയിൽ പോലും കൃഷ്ണൻ പറയുന്നു. അതുകൊണ്ട് ഒരു വിധി തന്ത്രം നമുക്ക് സ്വായത്തമായില്ലെങ്കിൽ വിധിവാദങ്ങളെയും കേവലചിന്തകളെയും നമുക്ക് ഒഴിവാക്കാനാ വില്ല എന്നറിയണം. അതുകൊണ്ടാണ് ദാർശനിക ലോകവീക്ഷണം സൈദ്ധാന്തികമായിരിക്കുന്നതും.

ഒരു വ്യക്തിയുടെ ബോധത്തിന്റെ ആദ്യ ഉൾക്കാമ്പ് എപ്പോഴും അനിവാര്യതയുടെ തലത്തിലായിരിക്കും. അതാണ് ഒരു കാല ഘട്ടത്തിന്റെ ലോക വീക്ഷണമായി തീരുന്നത്. ആ അനിവാര്യമായ ലോക വീക്ഷണത്തിൽ നിന്നാണ് ആളുകളുടെ ആത്മീയ പ്രകൃതിയും, രാഷ്ട്രീയ ഉത്ബുദ്ധതയും, സാമൂഹ്യസക്രിയതയും നിർണയിക്കപ്പെടു ന്നത്. അത് അന്നന്നത്തെ അനിവാര്യമായ ലോക വീക്ഷണത്തിൽ നിന്നും ആണ് മനസ്സിലാക്കപ്പെടേണ്ടത്. ധവളരശ്മിയുടെ VIBGYOR സ്വഭാവം ഗ്രഹിക്കുന്നത് പോലെയാണത്. അത്തരം ഒരു ലോക വീക്ഷണം മനുഷ്യന്റെ ആത്മപ്രകൃതത്തിന്റെ ഒരാന്തരിക ഐക്യത്തെ ഉണ്ടാക്കുന്നു. ഈ വീക്ഷണം മനുഷ്യന്റെ ആത്മീയ ഘടനയിലേയ്ക്ക് ഇറങ്ങി ചെല്ലുന്നു. ആന്തരികമായ സാരവത്തായ മാറ്റത്തിന് അതു കാരണമാകുന്നു. ഇത്തരം ഒരു ലോക വീക്ഷണമി ല്ലായ്മ മനുഷ്യന്റെ ആത്മീയ ഘടനയെ പ്രതിലോമ പരമായി മാറ്റുന്നു. ഇതാണ് ഇന്നത്തെ മാർക്സിസ്റ്റുകൾക്ക് പറ്റുന്നതും. അവർ ആത്മീയ പരമായി ഒരു ദർശനത്തെ തന്നെ ചുമക്കുന്നില്ല,അതാണ്സത്യം ശൂന്യതാവാദികളാവുന്നു. ഒരു മാമൂൽ പ്രത്യയശാസ്ത്രത്തിന്റെ വെറും ഒരടിമ ആണ് ഇന്നത്തെ മാമൂൽ മാർക്സിസ്റ്റുകൾ. അത് മധ്യകാല യുഗമനുഷ്യനെ വരെ ലജ്ജിപ്പിയ്ക്കുന്നു. ഈ തിരിച്ചറിയലിലാണ് ഞാൻ ഇക്കാര്യങ്ങൾ ഒരു പുസ്തകരൂപത്തിൽ എഴുതാൻ കാരണം. ഇത് കൃത്യമായി നിങ്ങൾക്ക് മനസ്സിലാകണമെങ്കിൽ നിങ്ങൾക്ക് ഒരു ലോകവീക്ഷണം ഉണ്ടായിരിക്കണംഅതില്ലെങ്കിൽ നിങ്ങളുടെ ആത്മീയഘടനയിൽ യാതൊരു മാറ്റവും ഉണ്ടാക്കിയിരിക്കില്ല. ഈ ലോകവീക്ഷണമുണ്ടെങ്കിലേ ആത്മീയ ഘടനയിൽ അത് മാറ്റം ഉണ്ടാക്കൂ. അപ്പോൾമാത്രമേ നിങ്ങളുടെ മനസ്സുകൊണ്ട് ലോകത്തിന്റെ ചലനാത്മകതയെ ശരിയായി വിലയിരുത്തുവാൻ ആവൂ.

നാം ലോകത്തിലേക്ക് കണ്ണോടിച്ചാൽ അവയെല്ലാം ഭൗതികമാണ് എന്ന് കാണാം. എന്നാൽ അവ ഉത്പാദിപ്പിക്കുന്ന ആശയങ്ങൾ മനുഷ്യനിൽ ആത്മീയമായാണ് പ്രതിഫലിക്കുന്നത്; ഏതുവസ്തുതയും ആശയമായാണ്, മനുഷ്യദർപ്പണത്തിലൂടെയാണ് ഭൗതിക യാഥാർത്ഥ്യത്തെ നാം തിരിച്ചറിയുന്നത്. അതുകൊണ്ട് ഏതു ഭൗതികകാര്യവും മനസ്സുകൊണ്ടാണ് മനുഷ്യൻ തൊട്ടറിയുന്നതും ആശയങ്ങളായാണ് മനസ്സിൽ അവ സൂക്ഷിക്കുന്നതും. ഈ ആശയങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയ ചരിത്രപരം എങ്കിലും, ആശയം ചരിത്രപരമല്ല. ഒരാശയം രൂപംകൊണ്ടാൽ അത് കട്ടിപിടിച്ച് നമ്മെ സ്വാധീനിച്ചുകൊണ്ടിരിക്കും. എന്നാൽ മനുഷ്യന്റെ ജനിതക മേന്മ ഉപയോഗിച്ച് മനുഷ്യന്റെ ചിന്തകൊണ്ട് ലോകത്തെ മാറ്റി മറിയ്ക്കാനാകും എന്നാണ് മാർക്സ് മനസ്സിലാക്കിയത്. വിഷയിയ്ക്ക് അങ്ങനെ സാമൂഹ്യ-സാംസ്കാരിക രംഗത്ത് വലിയ പങ്കാണ് വഹിക്കാനുള്ളത്. മനുഷ്യനിൽ ആദിധാരണയായി 'റീസണിങ്' ജനിതകമായി നിലനില്ക്കുന്നു. അതുകൊണ്ടാണ് മനുഷ്യചരിത്രം നിർമ്മിയ്ക്കുന്നത് മനുഷ്യനാണ് എന്ന് പറയുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കംവരെ തത്ത്വശാസ്ത്രത്തെ സമസ്തശാസ്ത്രങ്ങളുടെയും ശാസ്ത്രമായിട്ടാണ്, മഹാറാണിയായിട്ടാണ്, മനുഷ്യൻ വീക്ഷിച്ചിരുന്നത്. പുരോഗമനചിന്തയുടെ നിലവിലുള്ള പ്രശ്നങ്ങൾ അങ്ങനെ നോക്കികാണുന്നവരാണ് ഏറെയും. ഇന്ന് ഏറെ എമ്പിരിക്കൽ സയൻസുകളെ നാം അങ്ഗീകരിക്കുന്നു, ഇങ്ങനെ ഓരോ പ്രത്യേകശാസ്ത്രവും പഠിക്കുന്നത് ഒരേ ലോകത്തെയാണ്. എന്നാൽ ഇതിലും സവിശേഷമായും സാർവ്വത്രികമായും ഒരു നിയമം പ്രവർത്തിക്കുന്നത് നമുക്ക് കാണാനാവും. യുക്തികളുപയോഗിച്ചും കൂടിയാണ് മനുഷ്യൻ പലതും സ്വാംശീകരിക്കുന്നതും. ഇങ്ങനെ വരുമ്പോൾ അറിയാതെ മതാത്മകത പുനർജനിക്കുന്നു എന്നും കാണാം. ഇതാണ് വരട്ടുവാദത്തിനു കാരണമായിത്തീരുന്നത്. അതിനു കാരണം നിലവിലുള്ള കമ്മ്യൂണിസ്റ്റു പാർട്ടികൾ പുരോഗമനദാർശനിക ഉള്ളടക്കം ഉള്ളവരല്ല എന്നതാണ്. വെറും കരീറിസ്റ്റുകളാണ് അവർ. പിന്നെ ഞാൻ പൊതുവേ പറയുന്ന ജനിതക ഫാസിസ്റ്റുകളുമാണ്. ജൈവ മനുഷ്യൻ ആയിരിക്കുമ്പോൾ തന്നെ, അവൻ ചരിത്രവ്യക്തി കൂടി ആയിരിക്കണം. മൂന്നാം ഇന്റർനാഷണൽ കമ്മ്യൂണിസ്റ്റു പാർട്ടികളെല്ലാം ജനിതകഫാസിസ്റ്റുകളിൽപ്പെടും. ബ്ലാന്ക്വിസം ആണ് മാർക്സിസം എന്ന പേരിൽ ഈ ലെനിനിസ്റ്റുകൾ ഗ്രഹിച്ചുവെച്ചിരിക്കുന്നത്.

ഇരകൾ അല്ലാതെ ആരും ഈ ബ്ലാന്കിസ്റ്റ് പ്രസ്ഥാനത്തിൽ അണിചേരില്ല, അതിന്റെ നേതൃനിരയും. അതായത് ആനുകൂല്യങ്ങൾവേണ്ട ഗുണഭോക്താക്കൾ, മറ്റിതര സമാന ഇരകൾ അല്ലാതെ ഈ പ്രസ്ഥാനങ്ങളിൽ ആരും അംഗമാകില്ല. ഇരകളെ കൊണ്ടുനടന്ന് സമരംചെയ്തുകൊണ്ട് ഈ പ്രസ്ഥാനങ്ങൾ വളരാനും പോകുന്നില്ല, അത് സിപിഎം-ന് നല്ല ബോധ്യം ഉണ്ട്. നവസാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് ബോധ്യമില്ല എന്നതാണ് ഞാൻ കാണുന്നത്.

അതുകൊണ്ട് ഈ ബ്ലാന്കിസത്തെ എങ്ങനെ മാർക്സിസ്റ്റ് പ്രസ്ഥാനം ആക്കാം എന്നതിൽ ആണ് ശ്രദ്ധ നൽകേണ്ടത്. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ ലോകത്ത് ഉടലെടുത്തത് മുതലാളിത്തത്തിന്റെ ആരോഹണ ഘട്ടത്തിൽ ആയിരുന്നെങ്കിൽ, ഇന്നത് അവരോഹണത്തിലാണ്. അതുകൊണ്ടുതന്നെ സോഷ്യലിസം എന്ന പോസ്റ്റ് കാപിറ്റലിസ്റ്റിക് വ്യവസ്ഥയും പരുങ്ങലിൽ ആണ്. പിന്നെ അകെ ജനത്തിന് നല്കാവുന്നത് ആധുനികമായ ഒരു ജനാധിപത്യമാതൃകയാണ്. അക്കാര്യത്തിൽ കമ്മ്യൂണിസ്റ്റുകൾ മധ്യകാല യുഗത്തിലുമാണ്. പിന്നെ എന്ത് ചെയ്യാൻ?

## മാർക്സിസം—അതിന്റെ മൂന്നു ചില്ലകൾ

സാർവ്വത്രിക വോട്ടവകാശവും, പ്രത്യക്ഷ ജനാധിപത്യരീതിയുമാണ് പുരോഗമനചിന്ത ആധുനിക രാഷ്ട്രനിർമിതിയിൽ നൽകുന്നത് തന്നെ. അത് നിങ്ങൾ ലെനിനിസ്റ്റുകൾ നല്കുന്നില്ല എന്നതുപോട്ടെ പകരം കമ്മ്യൂണിസ്റ്റുകളുടെ മതഭരണമാണ് അവിടങ്ങളിൽ നടപ്പാക്കുന്നത്. പിന്നെ എന്ത് തള്ളിക്കേറ്റമാണ് ബുദ്ധിജീവികളിൽ നിന്നും സാധാരണക്കാരിൽനിന്നും ഇത്തരം പ്രസ്ഥാനങ്ങളിലേക്ക് ഉണ്ടാകുക? ഏതു തിര്യക്കിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് അവനിലുള്ള 'ആത്മബോധം' ആണ്. ഇത് ജനിതകമാണ്. ഈ ആത്മബോധം മനുഷ്യനിൽ സ്വയം പ്രവർത്തിക്കുന്നത് അവന്റെ പ്രബുദ്ധതയിലൂടെയും. എന്നാൽ സമൂഹത്തിൽ അത് പൗരബോധത്തിലൂടെയും. ഈ പൗരബോധം മനുഷ്യന്റെ ആത്മബോധത്തിന്റെ ഒരളവുതന്നെയാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം, അത് മനുഷ്യനിൽ സമൂഹത്തിൽ അഭിവ്യക്തമാക്കപ്പെട്ടുന്നത് ചരിത്രപരമായും. നാട്ടുവാഴിത്വതിൽ അത് പ്രജവരെയാണ് എത്തിച്ചേർന്നത്. എന്നാൽ ബൂർഷ്വാ വ്യവസ്ഥിതിയിൽ പൗരനിൽ എത്തിനില്ക്കുന്നു. എന്നാൽ ലെനിനിസ്റ്റുപാർട്ടികളിൽ അത് വീണ്ടും പാർട്ടി'പ്രജ'യിലേയ്ക്ക് ന്യൂനീകരിച്ചു. ഇതാണ് അവിടെ നടക്കുന്ന

'അപമാനവീകരണം'. ഇതിനെ നിഷേധിച്ചാൽ തന്നെ മനുഷ്യന് സ്വതഃസിദ്ധമായ അവന്റെ ലിബെർടി ലഭിക്കും. ഇതാണ് ജനാധിപത്യത്തെ കുറിച്ചുള്ള മനുഷ്യന്റെ സമൂർത്ത കാഴ്ചപ്പാട്. എന്നാൽ ഇതിനെ കുറിച്ചുള്ള അമൂർത്ത കാഴ്ചപ്പാടുകൾ അടിമ-ഉടമ വ്യവസ്ഥയിൽ ഉടമകളിലെ ബുദ്ധിജീവികളിൽ ഉണ്ടായിരുന്നിരിയ്ക്കണം. അന്നാവണം മനുഷ്യതത്ത്വചിന്തകൾ ഉണ്ടായത്. മാർക്സിസം എന്ന് പറയുന്നതിനേക്കാൾ പുരോഗമനചിന്ത എന്ന് വിശേഷിപ്പിക്കുന്നതാണ് മാർക്സ് എന്ന ആ ചരിത്രപുരുഷനോട് നമുക്ക് ചെയ്യാവുന്ന മര്യാദ. മാർക്സിസം എന്ന് പറയുമ്പോൾ അദ്ദേഹം പറഞ്ഞ അക്ഷരങ്ങളെ ആണ് ഇവർ ഊന്നുന്നത്, അർത്ഥങ്ങളെ പരിഗണിക്കുന്നതിനു പകരം. അതുകൊണ്ടാണ് മാർക്സ് പറഞ്ഞത് "എനിക്ക് ആകെ അറിയാവുന്നത് ഞാൻ ഒരു മാർക്സിസ്റ്റ് അല്ല" എന്നതാണെന്ന്. മാർക്സിസത്തെ, ആ പേരിൽ അതിന്റെ യഥാർത്ഥ എതിരാളികൾ മിത്രങ്ങൾ എന്ന പേരിൽ സ്ഥാപനവൽക്കരിച്ച് പ്രതിലോമപരമാക്കി മാറ്റിയിരിക്കുന്നു ഇന്ന്. ഇന്നത്തെ ലെനിനിസ്റ്റുകൾക്ക് ആകെ അറിയാവുന്നത് അവർ ലെനിനിസ്റ്റുകളാണ് എന്നതാണ്. ഇതാണ് മാർക്സും ഇവരും തമ്മിലുള്ള വ്യത്യാസം. മനുഷ്യന്റെ ഈ പുരോഗമന ചിന്തയ്ക്ക് ലെനിൻ തന്നെ സൂചിപ്പിച്ച പോലെ മൂന്ന് ചില്ലകളുണ്ട്: ഒന്ന് ജർമൻ ദർശനം, രണ്ട് ബ്രിട്ടീഷ് അർത്ഥശാസ്ത്രം, മൂന്ന് ഫ്രഞ്ച് രാഷ്ട്രമീമാംസ. ഒന്ന് മനുഷ്യൻ-സമൂഹം-പ്രകൃതി എന്ന തത്ത്വചിന്താ രൂപം. രണ്ട് സാമൂഹ്യ ചരിത്രത്തിന്റെ വികാസ പരിണാമങ്ങൾ എന്ന ശാസ്ത്രീയരൂപം. മൂന്ന് സാമ്പത്തിക വർഗപ്രശ്നങ്ങൾ എന്ന അടിസ്ഥാന വശം. ഇതിൽ പ്രധാനം മനുഷ്യൻ-സമൂഹം-പ്രകൃതി എന്ന ഫിലോസോഫിക്കൽ തലം തന്നെയാണ്. അതായതു മനുഷ്യന്റെ പൗരാവകാശത്തിന്റെ തന്നെ പ്രശ്നമാണ് മാർക്സിസത്തിന്റെ അച്ചുതണ്ട്. ഇവിടെ നടക്കുന്ന വർഗസമരമാണ് ഏറ്റവും ഉദാത്തവും മനുഷ്യപക്ഷവും. മുതലാളിത്തം ആദ്യമായി മനുഷ്യനെ പൗരൻ എന്ന ചരിത്രപരതയിലേക്ക് എത്തിച്ചു. എന്നാൽ മുതലാളിത്ത ഉദ്യോഗസ്ഥ വർഗത്താൽ, അതിന്റെ ഒരു പാർശ്വഫലത്താൽ, ദുഷ്പ്രഭുത്വം ഉണ്ടാക്കപ്പെട്ടു. ഈ ദുഷ്പ്രഭുത്വതിനെതിരെയുള്ള കലാപം ആയിരുന്നു, മാർക്സ് തന്റെ തത്ത്വചിന്തകളിലൂടെ ലോകത്തിലേക്ക് വെക്കുന്നത്. ബൂർഷ്വാ മൂല്യ വ്യവസ്ഥയിൽ നിന്നുള്ള നിഷേധം ആയിരുന്നു, മാർക്സിസം. അതിന് അദ്ദേഹം കണ്ടെത്തിയതോ സാർവത്രിക വോട്ടവകാശവും. അത് എത്ര മാത്രം പ്രത്യക്ഷമാകാമോ അതാണ് നിർദ്ദേശിച്ചതും. ആ അർത്ഥത്തിലാണ് എല്ലാ പരോക്ഷ പ്രാതിനിധ്യരൂപങ്ങളെയും മാർക്സിസം

നിരാകരിച്ചതും, അതായത് ബൂർഷ്വാ ജനാധിപത്യത്തിലെ ബ്യൂറോക്രസിക്ക് എതിരെയുള്ള നിഷേധമായിരുന്നു, സോഷ്യലിസ്റ്റ് സാമൂഹ്യമാറ്റം സംസ്കാരിക തലത്തിൽ. മനുഷ്യന്റെ അല്ലെങ്കിൽ പൗരന്റെ, ഈ പൗരാവകാശ ബോധത്തെ മുഖ്യകണ്ണി ആക്കി എടുത്ത് കൊണ്ടുള്ള സാമൂഹ്യവികാസ പ്രശ്നങ്ങളെക്കുറിച്ചാണ് മാർക്സ് തന്റെ നിലപാടുകൾ ലോകത്തിനു മുന്നിൽ വെയ്ക്കുന്നത്. എന്നാൽ അതിന്റെ മുൻഗണനകളെ വർത്തമാന ലെനിനിസ്റ്റുകൾ മാറ്റി മറിച്ച് അതിനെ അസംബന്ധമാക്കി. അയുക്തികമായ ഇത്തരം വാദങ്ങൾ ആശാസ്യമാണോ?

# 9 മാർക്സിസ്റ്റ് വിമർശം

ആധുനിക മുതലാളിത്തത്തിന്റെ, പ്രത്യയശാസ്ത്ര രാഷ്ട്രീയ അടിത്തറയെ വെല്ലുവിളിച്ച് ഉണ്ടായ ഈ മാർക്സിസം എന്ന ദുർഭ്രതം തോറ്റിരിക്കുന്നതായാണ് നാം കാണുന്നത്. അതുകൊണ്ട് നിഷ്കൃഷ്ടമായ ഒരു പരിശോധന ആവശ്യമുള്ള ഒരു വിഷയമായി ഇത് സമൂഹത്തിന്റെ മുന്നിൽ വന്നിരിക്കുന്നു. എന്നാൽ ഈ പരിശോധന ആര് നടത്തും? ഇന്നത്തെ ഒരു കമ്മ്യൂണിസ്റ്റിനു ഇത് സാധ്യമാണോ? സാധ്യമല്ല എന്നേ ഞാൻ പറയൂ. കാരണം അവനാണ് ലോകത്തെ ഏറ്റവും വലിയ കപട അവബോധി.

'സോഷ്യലിസം'സംഹിതാപരമായിതന്നെ കാലഹരണപ്പെട്ടിരിക്കുന്നു. സാമൂഹ്യപരമായി പാർട്ടിവ്യവസ്ഥ നിലവിൽ വരികയും ജനാധിപത്യം അതിന്റെ വളർച്ച പ്രാപിക്കുകയും ചെയ്ത ഇന്നത്തെ സ്ഥിതിയിൽ കേവലം ഒരു 'പാർട്ടിബൈബലോ'വെച്ച് നടത്തുന്ന പാർട്ടി പുരോഹിതരുടെ ഒരു ഓട്ടോക്രാടിക് സംവിധാനത്തെ, ഒരു 'സിവിക് സമൂഹം'എങ്ങനെ ഇഷ്ടപ്പെടാനാണ്? അതിനുവേണ്ടി ത്യാഗം നടത്തുന്നതിന് ഒരാളും തയ്യാറാവുകയുമില്ല. അതിൽ നിന്നും വേണം ലെനിൻ, സ്റ്റാലിൻ, എന്നിവരെ നമ്മൾ ചർച്ചക്ക് എടുക്കുവാനും. മുതലാളിത്തം നേർരേഖയിൽ ചരിക്കുമെന്നും വികസിക്കുമെന്നും, അതിലൂടെ തൊഴിലാളികൾ പെരുകുമെന്നും, ഒടുവിൽ ഉത്പാദനശക്തികളും, തദ്വാരാ ഉത്പാദനബന്ധവും വിളക്കിചേർക്കാനാവാത്ത വിധം ഭരണകൂടം തകരുകയും, ഭരണകൂടം ഇല്ലാത്ത ഒരു ശാസ്ത്രീയ സോഷ്യലിസം ഉണ്ടാകുകയും ചെയ്യും എന്ന ഒരു ഫോർമൽ ചിന്തയായിരുന്നു മാർക്സിന്റേത്. എന്നാൽ മുതലാളിത്തം സാമ്രാജ്യത്വം ആക്കി വളർത്തി, മുതലാളിത്ത ശക്തികൾ അത്തരം പോരായ്മകൾ ഭൗതികമായി

മറികടന്നു. അതിലൂടെ വികസിത മുതലാളിത്തം, തൊഴിലാളി വർഗത്തെ തന്നെ അവരുടെ മുഖച്ഛായയിൽ വികസിപ്പിച്ചും എടുത്തു. അങ്ങനെ 'തൊഴിലാളി വർഗം' തന്നെ ചരിത്രപരമായി തകർന്നു. ഇതൊന്നും മനസ്സിലാക്കാൻ കെല്പില്ലാത്ത ഒരു വിഭാഗമായി സോഷ്യലിസത്തിന്റെ പേരിൽ ഒരുകൂട്ടം മാർക്സിസ്റ്റ് വിശ്വാസികൾ നമ്മുടെ സമയം കൂടി കളയുന്നു.

### എന്താണ് നാം മനസ്സിലാക്കേണ്ടത്?

What we've to grasp is that, it is not the concept of socialism, that made the problem worst but the 'present Marxist–Leninists who don't have the conceptual grasp of their theory, is manufacturing the problems. Classical Marxism may be revolutionary, democratic, and socialistic to certain extent. But it is not a system imposed from the above. Class struggle to be redefined and is omnipresent. It is socialist system that stopped it. So it is the crisis of a 'communist' Party. This is a world which searches for new forms of negation, certainly. Sovereignty must be in the citizens of the nation not in a few oligarchical Blanquists as we are seeing/ saw in the Leninist/ Stalinist states/and their parties! So the Leninist/Stalinist negation is a pseudo one!


### ചരിത്രപരമായ ഭൗതികം

വ്യത്യസ്ത നിലപാടുകളുടെ ഒരു പൊതു പരിസരത്തിലാണ് നാം ജീവിക്കുന്നത്. അവിടെ പല അഭിപ്രായങ്ങൾ ഉണ്ടാകുന്നു. ചിലവ ജനങ്ങൾക്കിടയിലെ പ്രശ്നങ്ങൾ മാത്രമായും, മറ്റു ചിലവ ശത്രുതാ പരമായ വൈരുദ്ധ്യങ്ങൾ ആവുകയുംചെയ്യു എന്നത് സ്വാഭാവികം. ഇത്തരം വിരുദ്ധ നിലപാടുകൾ തമ്മിൽ അളവിലും ഗുണത്തിലും ഉള്ള നിലപാടുകൾക്കു സമൂഹത്തിൽ സ്ഥിര പ്രതിഷ്ഠ ലഭിക്കുന്നതു നാം ചരിത്രത്തിൽ കാണുന്നു. ചരിത്രം എന്നത് രണ്ട് രീതിയിൽ നോക്കി കാണേണ്ടതുണ്ട്. ഒന്ന് സാമൂഹ്യചരിത്രം, മറ്റൊന്ന് മനുഷ്യ ചരിത്രം. നാളിതു വരെ ഉള്ള സാമൂഹ്യ രൂപീകരണങ്ങൾ സ്വയാത്മകം ആയാണ് ഉണ്ടായത്. ഇന്ന് നമുക്ക് വായിക്കാൻ ആവുന്ന അടിമ- ഉടമ, നാടുവാഴി– കുടിയാൻ, മുതലാളി തൊഴിലാളി സമ്പ്രദായങ്ങൾ സ്വാത്മ പ്രചോദിതമായാണ് ഉണ്ടായതും

വളർന്നതും, നിലനിന്നതും. മുതലാളിത്തസാമൂഹ്യ രൂപീകരണ ങ്ങളിലൂടെ ആണ് പ്രജകൾ, 'ജനം'എന്ന സംവർഗത്തിലേക്ക് ഉയർന്നതും. മനുഷ്യ വ്യക്തിത്വം ഉണ്ടായത് അന്ന് മുതലാണ്. അതിനു മുൻപുള്ള സമൂഹത്തിൽ മനുഷ്യനെന്നത് ഒന്നുകിൽ പ്രജയോ, അടിമയോ മാത്രം ആയിരുന്നു.

അതായതു മുതലാളിത്ത വ്യവസ്ഥിതിയിലാണ് സാമൂഹ്യ വികാസം കൂടുതൽ മനുഷ്യരിലുയർന്നത്. നാം കണ്ട പോലെ പ്രജകൾ എല്ലാപേരും 'വ്യക്തികൾ'എന്ന സത്ത കൈവരിച്ചു. ഈ വ്യക്തി സ്വത്വം കൂടുതൽ പുരോഗമന വാദത്തിലേക്ക് മനുഷ്യനെ യടുപ്പിച്ചു. സ്വാതന്ത്ര്യം, പ്രബുദ്ധത എന്ന അവബോധത്തിലേക്ക് മനുഷ്യനെയതു നയിച്ചു. മനുഷ്യന്റെ ആത്മ ബോധമാണ് അവന്റെ ചരിത്രത്തെ നിർമ്മിക്കുന്നത് എന്നാണു ഞാൻ പറഞ്ഞു വരുന്നത്. അല്ലാതെ നിങ്ങളുടെ മനസ്സിലെ ശുദ്ധയുക്തിവാദ ചിന്തകളല്ല. അതായതു മുതലാളിത്തവ്യവസ്ഥ നമുക്ക് നൽകിയ വ്യക്തിസത്ത കളയുവാൻ ആധുനികമനുഷ്യൻ ഒരിക്കലും തയ്യാറല്ല. ഇക്കാലഘട്ട ത്തിലാണ് മാമൂൽ മാർക്സിസങ്ങളുടെ പേരിലുള്ള സോവിയറ്റുയൂണി യനിലും, കിഴക്കൻയൂറോപ്യൻ രാജ്യങ്ങളിലും ഫാഷിസ്റ്റ് അധികാര വ്യവസ്ഥ തകർന്നടിഞ്ഞത്. അതാണ് കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകമായ 90-കളിൾ നിങ്ങൾ കണ്ടത്. മനുഷ്യന്റെവ്യക്തി സത്തയെ 1917-നോടനുബന്ധിച്ചു സ്ഥാപിച്ച തൊഴിലാളി സർവാ ധിപത്യത്തിൽ സോഷ്യലിസ്റ്റ് സാമൂഹ്യ രൂപീകരണം നിഷേധിച്ചു, അല്ലെങ്കിലത് പരിഗണിച്ചില്ല.

ഇന്നത്തെ മാർക്സിസ്റ്റുകൾ വെറും 'അനുദൈവിക വാദികൾ' മാത്രമായി ന്യൂനീകരിച്ചിരിക്കുന്നു. യുക്തി ലവലേശം അവരുടെ ചിന്തയിലില്ല. യുക്തിയെന്നാൽ കാരണബോധം എന്നറിയുക. കൂടാതെ 'സാമൂഹ്യ നിർണയവാദം'(സാമൂഹ്യനിർണ്ണിതം) ഫലത്തിൽ അതിന്റെ വികാസത്തെയും മുട്ടിച്ചു. ഇസ്ലാം ഖലീഫ ഭരണത്തോടാണ് ലെനിനിസത്തിനു കൂടുതൽ സാമ്യം.അവിടെ 'ബ്ലാ ങ്കിസം'മാണ് നടപ്പാക്കിയത്. സ്പീഷീസ്ബീയിങ്, ഹ്യൂമൻബീയിങ്, സൊഷ്യൽബീയിങ് എന്നിവയാണ് മനുഷ്യന്റെ മൂന്നു സ്വത്വങ്ങൾ. കൂടാതെ അവൻ ജൈവമനുഷ്യൻ, കേവലമനുഷ്യൻ, ചരിത്രമനു ഷ്യൻ കൂടിയാണ്, സാമൂഹ്യതലത്തിൽ. മാർക്സ് അല്ലെങ്കിൽ ഒന്നാം ഇന്റർനാഷണലിൽ കണ്ടത്പോലെ, സ്വകാര്യ സ്വത്ത്നിർമ്മാ ർജനം നടപ്പില്ല എന്നതാണ് എനിക്ക് പറയാനുള്ളത്. സ്വകാ ര്യസ്വത്തെന്നതു് മനുഷ്യന്റെ കർമശേഷിയുടെ ഒരു യൂണിറ്റ്



ആണ്. എന്നാൽ 'മിച്ചമൂല്യ'ത്തെ തടഞ്ഞു കൂലി വ്യവസ്ഥയെ തടയാനാകുമോ എന്ന് നോക്കാവുന്നതാണ്. എത്ര പ്രായോഗികം എന്ന് കണ്ടറിയണം. പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യന്റെ ത്വര അവന്റെ കർമശേഷിയുടെ അളവാണ്. പ്രകൃതിയെ അവനു നേരെ വന്നു പ്രാപിക്കാനാവില്ല. അറിവിലൂടെ മനസ്സിനെ അതിൽ ഫോക്കസു ചെയ്യാനേ പറ്റൂ. കമ്മ്യൂണിസ്റ്റുകൾക്ക് ഇതിനെന്തെങ്കിലും കഴിവുണ്ടോ? ഈ അറിവാർജിക്കാനുള്ള മനഃസ്ഥിതിയും അവരിൽ കാണുന്നില്ല. പിന്നെ ആവശ്യങ്ങളല്ല ആഗ്രഹങ്ങളാണ് കൂടുതലും. മനുഷ്യൻ പ്രകൃതിയെ കീഴടക്കുന്ന മുറയ്ക്ക് അവനു വേണ്ടതായ സ്ഥാപനങ്ങളും ചരിത്രപരമായി സൃഷ്ടിക്കപ്പെടുന്നു. 'കുടുംബം' ഒക്കെ അതിന്റെ പരിണതഫലമാണ്.

ആധുനിക സമ്പദ്ക്രമത്തിൽ പൊതുസ്വത്തു സമാഹരിക്കപ്പെടുകതന്നെ വേണം. ഘന വ്യവസായങ്ങൾ (heavy industry) തുടങ്ങിയവ, ഒരു സർക്കാർ തലത്തിലേ നടപ്പാക്കാനാകൂ. എന്നാൽ രാഷ്ട്രീയമേലാളൻമാരുടെ ചൂഷണം ഇല്ലാതെ നോക്കാനേ നമുക്കാകൂ. പറയുന്നത് കാര്യങ്ങളെ മറികടക്കുക/supersede ചെയ്യുക, അതെ നടക്കൂ. രാഷ്ട്രീയാധികാരത്തിൽ മനുഷ്യവ്യക്തിക്കുള്ള പങ്ക് ഫ്രെഞ്ചുവിപ്ലവത്തിന് ശേഷം റൂസ്സോ ആണ് അദ്ദേഹത്തിന്റെ

'സാമൂഹ്യകരാർ' (social contract) വഴി ലോകത്തിനു കാണിച്ചു തന്നത്. മനുഷ്യർസമന്മാരാണ് എന്നതാണ് അതിന്റെ സത്ത. അതിൽ നിന്നുമാണ് 'മനുഷ്യസ്വാതന്ത്ര്യം' എന്ന 'കോൺസെപ്റ്റ്' ഉണ്ടായത്.അല്ലെങ്കിലും മുകളിൽനിന്നല്ല, നിയമങ്ങൾ ഉണ്ടാകേണ്ടത്.

എന്തുതരം സാമൂഹ്യരൂപീകരണത്തിലും ജീവനുള്ള മനുഷ്യൻ നിലനിൽക്കുന്നു എന്നതാണ് 'പൂർവപക്ഷം'. മനുഷന്റെ സാമൂഹ്യരൂപീകരണങ്ങൾ നിർണയിക്കുന്ന സാമൂഹ്യബോധത്തിന്റെ നിശ്ചിതരൂപങ്ങൾ തീരുമാനിയ്ക്കപ്പെടുന്നത് സാമ്പത്തിക ഉത്പാദന സമ്പ്രദായങ്ങളാണ് എന്നത് ഒരു വസ്തുതമാത്രം. അവ മനുഷ്യവിരുദ്ധമാണ് എങ്കിൽ, നാം അതിനെ തച്ചുതകർക്കും. ജനാധിപത്യമെന്നത് ഒരു സാമൂഹ്യ സംഘടനാരൂപമാണ്. എന്നാലതിന്റെ ഉള്ളടക്കം വളരും. മനുഷ്യ സമൂഹം മൗലികമായി വർഗപരമല്ല. എന്നാൽ ഇന്നത്തെ സാമൂഹ്യരൂപീകരണങ്ങൾ വർഗപരമാണ്. അതുകൊണ്ട്തന്നെ നാം ആർജിക്കുന്ന ഏതൊരറിവും പ്രത്യയശാസ്ത്രപരം ആയിത്തീരുന്നു. ഈ പ്രത്യയശാസ്ത്രപരതയെ എങ്ങനെ മറികടക്കാമെന്നതാണ് പുരോഗമനം, അതിനെയാണ് സോഷ്യലിസ്റ്റ് ദർശനം എന്ന് പൂർവ സോഷ്യലിസ്റ്റുകൾ പറഞ്ഞത്. ജനാധിപത്യത്തിന്റെയും സാഹോദര്യത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും ആധുനികഘട്ടത്തിൽ വ്യക്തിയുടെ പൗരാവകാശത്തിന്റെ കാഴ്ചപ്പാടുകളാണ് എക്കാലത്തെയും കേന്ദ്രപ്രശ്നം. ഇതിനെ കേന്ദ്രീകരിച്ചുകൊണ്ടാണ് മനുഷ്യന്റെ ചിന്താപരമായ 'വർഗസമരം' ഉണ്ടാകുന്നത്. അതിനോടൊപ്പംചേർന്ന് രാഷ്ട്രീയ വർഗസമരങ്ങളും ആശയങ്ങളും ഉണ്ടാകുന്നു. എന്നാലേത് രാഷ്ട്രീയസമരങ്ങളും കേന്ദ്രമാക്കുന്നത് സാമ്പത്തികമേഖലയിലെ വർഗസമരത്തെയാണ്. ഇതാണ് മാർക്സിസ്റ്റ് പ്രമേയം.

ആധുനികമനുഷ്യൻ എന്തായിരിക്കണം എന്ന ഉൾവെളിച്ചം വേണം നമുക്ക്. സാമ്പത്തിക മേഖലയിലെ വർഗസമരത്തിലൂടെയാണ് സാമൂഹ്യരൂപീകരണങ്ങൾ ഉണ്ടാകുന്നത്. ഒരു കമ്മ്യൂണിസ്റ്റു പാർട്ടി കെട്ടിപ്പടുക്കുന്ന യാന്ത്രികരീതിയിലൂടെ തിരഞ്ഞെടുക്കുന്ന കേന്ദ്രകമ്മിറ്റി, പോളിറ്റ്ബ്യൂറോ ആകുന്നവർക്ക് ഭാവി സമൂഹത്തെ നയിക്കാനുള്ള ഒരു സർഗശേഷിയുമില്ല. feeder-category നിയമത്തിലൂടെയുണ്ടാക്കുന്ന ഒരു ബ്യൂറോക്രാറ്റിക് സംവിധാനത്തിന് മനുഷ്യനെ നയിക്കാനുള്ള ഒരു കഴിവും ഉണ്ടാകുന്നില്ല. ഇവരുടെ കക്ഷത്തിൽ നമ്മുടെ തലവെച്ച് കൊടുക്കണോ? ഇതാണ് ഇന്നത്തെ

നമ്മെ പേടിപ്പിക്കുന്ന, പാർട്ടി സംവിധാനം. ഇതഴിച്ച് പണിയാതെ ഒരു നല്ല പ്രസ്ഥാനം ഉണ്ടാകില്ല. കാലിന്നടിയിലെ എല്ലാ മണ്ണ് ഒലിച്ചുപോയാലും മണൽതിട്ടയിലുറച്ച കപ്പലിനെപ്പോലെ, അവിടെ ത്തന്നെ തുടരുന്ന 'ആദർശ'വാദികൾ എന്നാണ് ഇക്കൂട്ടർ അവകാ ശപ്പെടുന്നതും. മാർക്സിസം ഒരു നിർദ്ദിഷ്ട ആദർശാത്മകത പറയു ന്നില്ലെങ്കിലും. ഒരിക്കലും സാമൂഹ്യപരമായും, രാഷ്ട്രീയപരമായും പിന്നോട്ടല്ല പ്രസ്ഥാനം വളരേണ്ടത്.

## വസ്തുതകളും സത്യവും

വസ്തുതകളും, സത്യവും രണ്ടായിരുന്നു. വസ്തുതകളെത്ര വസ്തു നിഷ്ഠം ആണ് അതിന്റെ പരിപ്രേക്ഷ്യം ആത്മനിഷ്ഠമായി മനുഷ്യൻ ഗ്രഹിക്കേണ്ടതുമുണ്ടായിരുന്നു. അതിനു വസ്തുതകളുടെ ആന്തരിക ബന്ധം പഠിയ്ക്കണം. അതിനു ബോധം വേണം. മനുഷ്യന്റെ ആത്മ ബോധം കൊണ്ടാണ് സത്യം തിരിച്ചറിയുന്നത്. എന്നാൽ മനുഷ്യന് ആത്മ ബോധംതന്നെയില്ല എന്ന് പറയുന്ന എമ്പിരിസി സ്റ്റുകളാണ് ഇന്നത്തെ അണികളും നേതാക്കളും.

## അസ്തിത്വവും ചിന്തയും

"Life is not determined by consciousness, but consciousness by life."–Karl Marx. "Mind is a product of continuous production and reproduction of man's social life."–Is it a correct statement? ഇങ്ങനെയൊക്കെ പറയുന്ന മാർക്സിസ്റ്റുകളുണ്ട്. എനിക്ക് അവരോട് ചോദിക്കാനുള്ളതിതാണ്. ആരാണീ സമൂഹത്തെ ഉത്പാദിപ്പിക്കുന്നത് ? മനുഷ്യനാണ് അവന്റെ മനസ്സിനിണങ്ങിയ സമൂഹത്തെ സൃഷ്ടിക്കുന്നത്. അതാണ് യാഥാർഥ്യം. ബാക്കി എല്ലാം തിരിച്ചിട്ട ചിന്തകളാണ്. അതുകൊണ്ടു മാർക്സിസ്റ്റുകൾ 'കപട അവബോധ'ത്തിൽപെട്ടിരിക്കുന്നു. ഈ കപട അവബോധത്തിലാണ് എല്ലാ മാർക്സിസ്റ്റുകളും. ജനങ്ങളാണ് ചരിത്രം രചിക്കുന്നത്, ജനമാണ് ഭരിയ്ക്കേണ്ടതും. ജനങ്ങൾക്കാണ് പൂർണ്ണാധികാരം. ഈ ലെനിനിസ്റ്റ് സെൽ ഭരണം 'ജനകീയ അധികാര'മാണോ? ലെനിന്റെ സോഷ്യലിസ്റ്റ് സ്റ്റേറ്റിന് 'പാരി സ്കമ്മ്യൂണ്'മായി ഉള്ളടക്കത്തിൽ എന്തു ബന്ധമാണ് കാണാൻ കഴിയുക? അതുകൊണ്ടാണ് ലെനിന്റെ സോഷ്യലിസ്റ്റ് മാതൃക പുതിയ തലമുറ ഇഷ്ടപ്പെടാത്തതെന്നാണ് നമ്മുടെ അഭിപ്രായം.

ജനജീവിതത്തെ ബാധിക്കുന്ന വിമോചനസമരങ്ങളുടെ വേലിയേറ്റമാണ് ഇന്ന് മുതലാളിത്തദുർഗ്ഗങ്ങളിൽ തന്നെ നടക്കുന്നത്. എന്നാലീ സമരങ്ങളുടെ നേതൃത്വത്തിൽനിന്ന് കമ്മ്യൂണിസ്റ്റുകൾ അന്യരാവുന്നത് എന്തുകൊണ്ടാണ്? സോഷ്യലിസത്തിനോടല്ല, മാർക്സിസത്തിനോടല്ല, ജനത്തിന് മമത ഇല്ലായ്മ, പകരം പാർട്ടിക്കാരനിലധികാരം ചെന്ന് ചേരുന്നതിൽ മാത്രമാണ്. അതുകൊണ്ടാണ് ഗാന്ധിയും മാർക്സും തമ്മിലുള്ളതല്ല നമ്മൾനേരിടുന്ന വിഷയം, പാർട്ടി കൈക്കാരന്റെ പിടിവാശിയാണ് പ്രശ്നം എന്നു പറയുന്നത്. അതുകൊണ്ടു ഈ 'പ്രമേയം' യഥാർത്ഥ പ്രശ്നത്തെ വക്രീകരിക്കുവാനാണ് ഉതകുക.19-ാം നൂറ്റാണ്ടിൽ രൂപപ്പെട്ട്, 20-ാം നൂറ്റാണ്ടിൽ പ്രയോഗത്തിൽ വന്ന ഈ ദർശനത്തെ ആശയ, ശാസ്ത്ര അടവ് പരമായി പ്രാവർത്തികമാക്കണം, അതിനുള്ള ദിശാബോധം ഇവർക്ക് ഉണ്ടാകണം.

## മാർക്സിസ്റ്റ് ദർശനം എന്നത് കേവലഭൗതികത്തിൽപ്പെടുന്നുവോ?

മാർക്സിസ്റ്റ്ദർശനം എന്നത് കേവലഭൗതികത്തിൽ പെടുന്നുവോ? അതോ ആശയവാദത്തിൽപെടുന്നുവോ? യഥാർത്ഥത്തിൽ ഇത്തരം വിഷയത്തിലൊരടിസ്ഥാന ധാരണ അണികൾക്കില്ല എന്ന് ഞാൻ കാണുന്നു. അവരതിനെ കേവല ഭൗതികമായാണ് കാണുന്നത്. അങ്ങനെ ഒരു 'എമ്പിരിസിസ്റ്റ് കമ്മ്യൂണിസ്റ്റ്' ആകുകയാണ് ഇന്നത്തെ കമ്മ്യൂണിസ്റ്റുകളുടെ ഒക്കെ കുഴപ്പം. മാർക്സിസം ആശയത്തെയും, ഭൗതികത്തെയേയും സമന്വയിച്ച ഒരു പുതിയ 'സമന്വയസിദ്ധാന്തം' ഉണ്ടാകുകയാണ് ഉണ്ടായത്. അങ്ങനെ ഒരു 'അവബോധ ചിന്ത' ഉണ്ടാക്കുകയായിരുന്നു, മനുഷ്യനിൽ. ആ അവബോധത്തിൽ യഥാർത്ഥ ശരികളെ ത്വാത്തികമായി കാണുകയും പ്രയോഗത്തിലൂടെ അതിലെ അമൂർത്തതയെ മറികടക്കുകയുമാണ് വേണ്ടത്. അത് ഇവിടെയുള്ള ഒരു മാർക്സിസ്റ്റും ചെയ്യുന്നില്ല. ആശയവാദം മനുഷ്യന്റെ ആത്മനിഷ്ഠതക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. 'കേവല ഭൗതികം' മനുഷ്യന്റെ ആത്മനിഷ്ഠതയെ കാണുന്നുമില്ല. അത് കൊണ്ട് തന്നെ ഫലത്തിൽ 'വസ്തുനിഷ്ഠ ആശയവാദ'മായി ചുരുങ്ങുകയാണ് ചെയ്യുന്നത്. അതിനാൽത്തന്നെ ഇവിടെ ഇന്ന് കാണുന്ന ലെനിനിസ്റ്റുകളെ പോലെ ധ്യാനാത്മകവും, വ്യഖ്യാനാത്മകവും ആയി പാർശ്വവൽകരിക്കപ്പെടുകയാണുണ്ടായത്.

## എമ്പിരിസിസ്റ്റ് മാർക്സിസം

യഥാർത്ഥത്തിൽ മാർക്സ് കേവല ഭൗതികതയുടെ ഈ ന്യൂനത ഗ്രഹിക്കുകയും, മനുഷ്യന്റെ ആത്മനിഷ്ഠ ആവിഷ്കാരത്തെ, അവന്റെ കർത്തൃനിഷ്ഠമായ (subjective) പ്രയോഗത്തെ കണ്ടെത്തുകയാണു ണ്ടായത്. മനുഷ്യനെന്നത് മറ്റു മൃഗങ്ങളിൽനിന്നും വ്യതസ്തനായ ജനിതകപരമായി ആത്മബോധത്താൽ പ്രവർത്തിക്കുന്നവനാണ് എന്നതാണ് അദ്ദേഹം കണ്ടെത്തിയത്. ഇത് എമ്പിരിസിസത്തിൽ (empericism) നിന്നും വർത്തമാന ലെനിനിസ്റ്റുകളുടെ കേവല വാദത്തിൽനിന്നും, മൗലികമായി വ്യതസ്തമാണ്.

## 'വൈരുദ്ധ്യാത്മക ഭൗതികവാദം'

'വൈരുദ്ധ്യാത്മക ഭൗതികവാദ' (dialectical materialism) മാണ് മാർക്സിസം എന്ന് വെറുതെ പറയുന്നതിൽ കഴമ്പില്ല. അത് മറ്റൊരു ആത്മനിഷ്ഠ ആശയ വാദത്തിലേയ്ക്കു വിഷയത്തെ കൊണ്ട്പോയിട്ടുണ്ട്. ആശയമെങ്ങിനെ മാറിത്തീരുന്നു എന്നതു പോലെത്തന്നെ ഭൗതിക തത്ത്വങ്ങളും മാറ്റത്തിനു വിധേയമെന്നാണു മാർക്സ് നമ്മോടു പറഞ്ഞത്. ആശയങ്ങൾ ഇരുമ്പുലക്കയല്ല. ..മാറിത്തീരുന്നവയാണ് എന്ന് ആദ്യം ഹെഗൽ കണ്ടെത്തി. അതുപോലെ തന്നെയാണ് ഭൗതിക വസ്തുവും തദനുസാരിയായ ഭൗതിക ആശയവും മാറ്റത്തിനു വിധേയമാണ് എന്ന അർത്ഥത്തി ലാണ് വൈരുദ്ധ്യാത്മകം എന്ന (prefix) ഉപസർഗം ഉപയോഗി ക്കുന്നത്.

മാർക്സിസം എന്നത് ഇന്ന് രണ്ടു ചില്ലുകളടങ്ങിയത് ആണ്. ഒന്ന് ജർമ്മൻ ക്ലാസിക്കൽ ഫിലോസോഫിയുടെ ഭാഗം. രണ്ട്, ഫ്രെഞ്ചു വിപ്ലവത്തിന്റെ 'സ്വതന്ത്ര്യം, സമത്വം, സാഹോദര്യം' ആണ്. മറ്റൊന്ന് ഇന്റസ്ട്രിയിൽ മുതലാളിത്തത്തിന്റെ ഭാഗമായ സംഘടിത തൊഴി ലാളിവർഗത്തിന്റെ 'വർഗ സമര'മായിരുന്നു. എന്നാലത് ഇന്ന് പ്രസക്തമല്ല. അതുകൊണ്ടാണ് ലെനിൻ പറഞ്ഞ മൂന്ന് ചില്ലുകളെ രണ്ടാക്കികുറച്ചത്. എന്നാലിന്ന് ഇന്റസ്ട്രിയിൽ മുതലാളിത്തം (industrial capitalism) ഇല്ലാതാവുകയും, അതിനെ മറികടക്കാൻ തൊഴിലാളിവർഗ രാഷ്ട്രീയത്തിന് കഴിയാതെ വരുകയുമാണുണ്ടാ യിരിക്കുന്നത്. ഉണ്ടായ ഇടങ്ങളിൽ മുതലാളിത്ത ജനാധിപത്യാവ കാശമായി ലഭിക്കുന്ന അവർതന്നെ വിശേഷിപ്പിക്കുന്ന 'പരിമിത ജനാധിപത്യം'പോലും തൊഴിലാളി പാർട്ടി ജനാധിപത്യത്തിൽ പൗരനു ലഭിച്ചില്ല എന്നത് ചരിത്രം. അതുകൊണ്ട് ഇനി ഈ

ലെനിനിസ്റ്റു ഘടനക്ക് ഒരിക്കലും ഇടം എവിടെയെങ്കിലും ലഭിക്കുമോയെന്ന് എനിക്ക് സംശയമാണ്. എല്ലായിടങ്ങളിലും റിപബ്ലിക്കൻ വ്യവസ്ഥയാണ് ഇന്നുള്ളത്. പൗരന് അവന്റെ ഭരണഘടനാവകാശങ്ങൾ കോടതിയിലൂടെ ചോദ്യം ചെയ്യാൻപോലും അവകാശമുണ്ടിന്ന്, ഇസ്ലാമിക രാഷ്ട്രങ്ങളിലും, ലെനിനിസ്റ്റ് രാഷ്ട്രങ്ങളിലുമൊഴിച്ച്. അതിനു പകരം ഒരു പാർട്ടിയുടെ ചട്ടക്കൂടിലുള്ള ഭരണത്തിന് ആരെങ്കിലും തയ്യാറാവുമോ? അതും ഹിറ്റ്ലർ, സ്റ്റാലിൻപോലെയുള്ള ഭരണത്തെയാണ് അവർ promote ചെയ്യുന്നതും. ഇത് കേട്ട മാത്രയിൽതന്നെ ഈ ലെനിനിസ്റ്റ് പാർട്ടി രീതികളെ ജനം ഭയക്കാനാണ് സാധ്യത. ഉദാഹരണമായി ടി പി. വധ വിചാരണക്കാര്യത്തിൽ ലെനിനിസ്റ്റു പാർട്ടിയെടുത്ത നിലപാടുകൾ, മറ്റു കമ്മ്യൂണിസ്റ്റു വ്യക്തിത്വങ്ങളുടെ നിലപാടുകളെല്ലാം ഓർത്താൽപ്പോരെ? സഖാവ് രാജൻകേസ് പോലും വെളിച്ചത്ത് കൊണ്ടുവരാൻ നമുക്കായി. മറിച്ച് ഒരു ലെനിനിസ്റ്റ് രാജ്യത്ത്, അല്ലെങ്കിലൊരു കമ്മുണിസ്റ്റു പാർട്ടിയെപ്പോലും സംശയിക്കാൻ അണികൾക്കോ, ജനത്തിനോ സ്വാതന്ത്ര്യം നിഷേധിക്കുന്നത് ഈ കൊച്ചു കേരളത്തിൽതന്നെ കാണാനായില്ലേ? ടി.പി വധമാണ് പരാമർശം. മാർക്സ് പറഞ്ഞ പോലെ ഇന്നത്തെ ഒരു ഭൗതിക വസ്തുതയും, അതിന്റെ പരിസരവും, പുതിയ മാറ്റങ്ങൾക്ക് വിധേയമായിരിക്കുന്ന ഈ ഘട്ടത്തിൽ തങ്ങളുടെ ഒടിഞ്ഞ, തുരുമ്പിച്ച, മുറിച്ചുരികയുമായി വരുന്നവരെ ആരെങ്കിലുമിന്നു അംഗീകരിക്കുമോ? അവർ വൈരുദ്ധ്യാത്മക ഭൗതികവാദികൾ പോലുമല്ല.

### വിപുലമായ ജനാധിപത്യ സംവിധാനം

ലെനിൻ രാജവാഴ്ചക്കെതിരെയാണ് വിപ്ലവം നടത്തിയത്. ഇവിടെ ഇന്ന് വിപുലമായ ജനാധിപത്യ സംവിധാനമുണ്ട്. ആർക്കും സ്വന്തമഭിപ്രായം ഭരണഘടനയുടെ അതിർത്തി കളിൽനിന്നും പറയാം. ഇഷ്ടമുള്ള രാഷ്ട്രീയംകൊണ്ട് ജനങ്ങളെ സംഘടിപ്പിക്കാം. അത് ദേശവിരുദ്ധവും വിഭാഗീയവുമാകരുത് എന്നേയുള്ളൂ. വിഭാഗീയത ലെനിനിസ്റ്റു പാർട്ടികളിൽ അനുവദിക്കുമോ? ജനങ്ങളിൽ സമത്വബോധവും അവർക്ക് നല്ല ജീവിതവും നല്കാനെല്ലാപേരും ശ്രമിക്കണം. അല്ലാതെ അധികാരം പിടിച്ചെടുക്കാൻ ഭരണകൂടം സമ്മതിക്കില്ല, ജനങ്ങളാണ് ചരിത്രം ഉണ്ടാക്കേണ്ടവർ. രാഷ്ട്രീയ പാർട്ടിയല്ല. ഇനി കമ്മ്യൂണിസ്റ്റു പാതിരിമാർ അധികാരം പിടിച്ചെടുത്താൽതന്നെ അതവർക്ക് കൊള്ളാമെന്നേയുള്ളൂ. ജനത്തിന്/പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്ത് എന്ത് കാര്യം?

അത് ഒരു ഓട്ടോക്രാറ്റിക് വ്യവസ്ഥയാണ് എന്ന് നാം കണ്ടു കഴിഞ്ഞു. അതാവാനേ അതിന് ഈ ഘടന കൊണ്ട് കഴിയൂ. ജനങ്ങളെ തങ്ങളുടെ രാഷ്ട്രീയത്തിലേയ്ക്ക് കൈപിടിച്ചു കൊണ്ട് വരിക. അതിനവരുടെ വർഗ ബഹുജന സംഘടനകളുണ്ടാക്കലാണ് വേണ്ടത്. അതുപോലും നാസ്തികരായ കമ്മ്യൂണിസ്റ്റുകൾ രാജ്യത്തു ചെയ്യുന്നില്ല.

സാമൂഹ്യ സ്വത്ത്

ഘനവ്യവസായങ്ങളില്ലാതെ ഇന്നൊരാധുനിക രാഷ്ട്രം നിലനില്ക്കില്ല. ഘനവ്യവസായങ്ങൾ സ്വകാര്യ സ്വത്ത് ആക്കാനാവില്ല. അത് ഗവണ്മെന്റ് മുഖാന്തിരമേ നിലനിർത്താനാകൂ. അതിനു കാപിറ്റലും വേണം. കാപിറ്റലിസത്തിന്റെ നല്ല വശങ്ങൾ തിരിച്ചു പിടിച്ചു കൂടുതൽ ക്ഷേമസംവിധാനം ഉണ്ടാക്കാനേ കഴിയൂ എന്നതാണ് 21-ാം നൂറ്റാണ്ടിൽനിന്ന് നോക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. ഒരാദർശാത്മക സമൂഹം നമുക്ക് കാണാനേയാകുന്നില്ല. സാമൂഹ്യസുരക്ഷിതത്വം കൊടുത്ത് എങ്ങനെ സമൂഹത്തെ സംരക്ഷിക്കണം എന്നത് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സൊസൈറ്റി ഉണ്ടാവുന്നതിനു മുമ്പേ മനുഷ്യന് തലച്ചോറ് ഉണ്ടായിരുന്നു. ഈ തലച്ചോറ് കൊണ്ടാണ് താനേതു സൊസൈറ്റിയിൽ ജീവിക്കണമെന്ന് മനുഷ്യനാഗ്രഹിക്കുന്നത്. Authoritarian സോഷ്യലിസമെന്ന രീതിശാസ്ത്രമാണ് മാർക്സ് നമ്മുടെ മുന്നിൽ വെച്ചത്. 'ലിബെർടേറിയൻ സോഷ്യലിസ'മാണ് നടപ്പാക്കേണ്ടിയിരുന്നത്.

ഞാൻ 'ഫ്രെഞ്ച് ജനാധിപത്യ'ത്തെ മാനിക്കുന്നു. പാരിസ് കമ്മ്യൂണിനേയും, എന്നാൽ സോവിയറ്റ് പരീക്ഷണത്തിനോടു വിയോജിക്കുന്നു. സാമൂഹ്യ രൂപീകരണം സാധ്യമാക്കുന്നത് ഒരു ലെനിനിസ്റ്റ് പാർട്ടി അല്ലെന്നും, വസ്തുനിഷ്ഠമായി ഉല്പാദന ബന്ധങ്ങളിലുണ്ടാകേണ്ടുന്ന മാറ്റമാണ് വിപ്ലവത്തിന് കാരണമാകുന്നതെന്നും നിരീക്ഷിക്കുന്നു. കമ്മ്യൂണിസ്റ്റുകൾ നടത്തുന്ന 'വർഗസമരം' ആശയവാദപരമായതാണ്. അതിനു പുരോഗമന ചിന്തയുമായി ഒരു ബന്ധവുമില്ല. അതധികാരത്തിന് വേണ്ട ഒരു കൃത്രിമ സമരം മാത്രമാണ്. 1921 മുതൽ സോഷ്യലിസം കൊണ്ടുവരാനുള്ള ശ്രമം മാത്രമായിരുന്നു റഷ്യയിൽനടന്നത്. 1928-വരെ സോഷ്യലിസ്റ്റ് നയം ഭാഗികമായി നടപ്പാക്കിയെന്ന് പറയുന്നു. 1956-ൽ മുതലാളിത്ത പുനഃസ്ഥാപനം നടന്നു. 1966-വരെ ബ്യൂറോക്രാറ്റിക്ക് ബൂർഷ്വാസിയുടെ കീഴിൽ 'കോൺണ്ടം ഫിസിക്സ്' വഴി മാറ്റമുണ്ടായി എന്നു വ്യാഖാനിക്കുന്നു (!?). വളരെ രസം ആഖ്യാനം!

1982-മുതൽ തകരുന്നതുവരെ പുത്തൻ ബൂർഷ്വാസി (?!), 1991-മുതൽ ഇന്നുവരെ ലിബറൽബൂർഷ്വാ ഭരണം. ഇതിൽ എവിടെയാണ് സോവ്യറ്റ് യൂണിയനിൽ കമ്മ്യൂണിസവും സോഷ്യലിസവും ഉണ്ടായിരുന്നത്....?

ജിൻഗോയിസം

ഒരു ലെനിനിസ്റ്റ് തന്റെരാഷ്ട്രീയം മാത്രം ശരി, ബാക്കി അപരൻ അടക്കമുള്ളവർ തെറ്റമെന്ന രോഗത്തിന്റെ അടിമയാണ്. പാർട്ടി വളരുന്നതനുസരിച്ച് ഈ രോഗം ഇവരിൽ കൂട്ടം. എന്നെ മാത്രമല്ല എല്ലാ എതിരാളികളെയും നശിപ്പിക്കാനിവർ മുതിരും. അതിനെയപ്പോൾ നാം ഫാഷിസം എന്നു പറയും. രണ്ടിന്റെയും മാനസിക പ്രക്രിയ ഒന്നുതന്നെ.

യു.എസ്.എസ്.ആർ എന്നത് ബൂർഷ്വാ അർഥത്തിൽ തന്നെയുള്ള ഒരു 'ഭരണകൂട'മായിരുന്നു. ഭരണകൂടം സ്ഥാപിക്കുന്നതിനല്ല മാർക്സ് ശാസ്ത്രീയസോഷ്യലിസമെന്നു പറഞ്ഞത്. എന്നാൽ ലെനിനവിടെ നടപ്പാക്കിയത് തൊഴിലാളി വർഗത്തിന്റെ സ്റ്റേറ്റ് ആയിരുന്നു. ഇതാണ് ട്രോട്സ്കി ലെനിനോട് ആദ്യമേ പറഞ്ഞിരുന്നതും. തൊഴിലാളി വർഗവും മുതലാളികളെപ്പോലെതന്നെ അവനവന്റെ കൂലികൂട്ടുതലിന്/ലാഭത്തിനല്ലാതെ വേറെയൊരു മൂല്യബോധവും ഇല്ലാത്തവരാണ്. 'ചരക്ക് ഉൽപാദനം' ഇല്ലായ്മ ചെയ്യലാണ് 'ശാസ്ത്രീയ സോഷ്യലിസം'. അതായത് 'തൊഴിലാളി'യെന്ന വർഗത്തെ ഇല്ലായ്മചെയ്യുകയെന്നതാണ് മാർക്സ് ഉദ്ദേശിച്ചത്. അതിനു മാർക്സിസ്റ്റ് ലോകവീക്ഷണം പുലർത്തുന്നൊരു രാഷ്ട്രീയത്തിന്റെ നേതൃത്വം വേണം. അല്ലാതെ ഇന്ന് കാണുന്ന ഫാസിസ്റ്റു പാർട്ടിയല്ല വേണ്ടത്. കേവല തൊഴിലാളി വർഗ്ഗത്തിന്റെ ഭരണകൂടം ഉണ്ടാക്കലാണ്, എന്ന ലെനിന്റെ തെറ്റായ കാഴ്ചപ്പാടാണ് മാർക്സിസത്തിന് പറ്റിയ ആദ്യ തിരിച്ചടി.

ലെനിനിൽനിന്നാണ്,മാർക്സിസം വെറും ജഡമായ ചിന്തയായത്. ലെനിനും അങ്ങനെ യുഎസ്എസ്ആർ എന്ന സ്റ്റേറ്റ് ഉടമയും, RSDLPയും സ്വയം ലോകത്തിന്റെ 'കമ്മ്യൂണിസ്റ്റ് ഉടമസ്ഥ'നായി, മൂന്നാം കമ്മൂണിസ്റ്റു ഇന്റർനാഷണൽ സ്ഥാപിച്ചതാണ്, സൈദ്ധാന്തികമായി മാർക്സിസതിനു പറ്റിയ തെറ്റ്. അവിടെയാണ് ലെനിൻ വിചാരണക്ക് വിധേയനാകുന്നത്. മാർക്സിസം എന്നത് ഒരു ഉദാത്ത തത്ത്വചിന്തയുടെ തുടർച്ചയാണ് എന്തൊക്കെ പോരായ്മകൾ അതിനുണ്ടെങ്കിൽപോലും. മനുഷ്യൻ തന്നെയാണ് അവന്റെ മൂലം

(root). അവന്റെ 'സക്രിയത'യാണ്, 'പ്രയോഗം' എന്ന നിലയിൽ ആശയവാദത്തിന്റെ നെഗേഷൻ,അതിനെ ശരിയായ രീതിയിൽ മാർക്സ് കണ്ടെത്തി. എന്നാൽ ലെനിനെ തുടർന്നു മാർക്സിസത്തിന്റെ മൂല്യബോധം എന്തെന്ന് അറിയാത്ത കേവലതൊഴിലാളിയും, അവരുടെ കേവലവാദവും കൊണ്ട് മാർക്സിനെ കീഴടക്കുവാൻ ലെനിനെന്ന ഒരു രൂപകം സഹായകമാക്കുകയാണ് ഉണ്ടായത്. അനുഭവികവാദികളായ ഈ യുക്തിവാദികളുടെ 'മിശിഹ' ആയി ലെനിനെ അവർ ഉയർത്തിക്കൊണ്ട് വന്നു. അവരുടെ ലക്ഷ്യവും, മാർഗവും അതായി. അതുകൊണ്ടാണ് ജനം ഈ മിശിഹാവത്കരണത്തെ ഇഷ്ടപ്പെടാത്തതും. അൽത്തൂസ്സർ, ഗ്രാംഷി, ലൂകാച്ച് ഒക്കെ വെറും ഘടനാവാദികളായിരുന്നു. ആനയെ കണ്ട കുരുടന്മാരെപ്പോലെ അവർ മാർക്സിസത്തെ ലെനിന്റെ അച്ചിൽ ഇട്ടു വ്യാഖാനിച്ചു പുനരുല്പാദിപ്പിക്കുകയായിരുന്നു.

ആത്മബോധം

മനുഷ്യന്റെ ആത്മബോധമെന്നത്, അവനു ജനിതകമായി ലഭിച്ചതാണ് എന്നുസൂചിപ്പിച്ചിരുന്നു. അല്ലാതെ പുറം സാഹചര്യങ്ങളിൽനിന്നും ആർജിച്ചതല്ല. ഈ ആത്മബോധം മനുഷ്യന്റെ മുന്നേറ്റങ്ങൾക്ക് സഹായിച്ചു.സാമൂഹ്യസാഹചര്യങ്ങൾ അവന്റെ സാമൂഹ്യഅവബോധത്തെ വികസിപ്പിക്കുന്നു.എന്നാൽ മനുഷ്യൻ എന്നത് ശരീരവും അവന്റെ ബോധവും ചേർന്ന ഏകവ്യക്തിയാണ്. ഈ ഉയർന്നബോധത്തിന്റെ സഹായത്താൽ ചരിത്രപരമായിതന്നെ മനുഷ്യൻ ഉയർന്ന സാമൂഹ്യഅവബോധം കൈവരിക്കുകയും കൂടുതൽകൂടുതൽ വ്യക്തിബോധത്തിൽ കിടക്കുന്ന മനുഷ്യനു സാമൂഹ്യജീവിയായി മാറാനും, ഉദാത്തമായ സാമൂഹ്യ അവസ്ഥയിൽ ജീവിക്കാനും, അങ്ങനെ ഏറ്റവും ഉയർന്ന ധർമ വ്യവസ്ഥയിൽ അതായത് ചൂഷണ വിമുക്തവ്യവസ്ഥയിൽ ഏത്തിച്ചേരാനുമാകും എന്നതാണ് ഞാൻ വിശദീകരിക്കുന്നത്. മാർക്സതാണ് വിശദീകരിച്ചത്. എന്നാൽ മാർക്സിസ്റ്റുകൾ ഇമ്പിരിസിസ്റ്റുകളായതു കാരണം അവർക്ക് ധർമം എന്നത് ഹറാമാണ്. യുക്തിവാദികൾ കാര്യകാരണവാദികളാണ്. എമ്പിരിസിസ്റ്റുകളും യുക്തിവാദികളും എതിർ ചേരിയിലുള്ളവരാണ് എന്ന് ചുരുക്കം.

സോഷ്യലിസ്റ്റ് ജനാധിപത്യം

'മുഖപുസ്തക'ത്തിലെന്താണ് 'സോഷ്യലിസ്റ്റ് ജനാധിപത്യം' എന്ന ചർച്ചയിൽ ഞാൻ പ്രതികരിച്ചത് ഇങ്ങനെയാണ്. എന്റെ

മാർക്സിസം പാർട്ടിസിപ്പേറ്ററി ജനാധിപത്യമാണാഗ്രഹിക്കുന്നത്. ലെനിനിസ്റ്റുകൾ രാഷ്ട്രീയനേതാക്കളെ ഉണ്ടാക്കുയാണ് ചെയ്യുന്നത്. നേതാക്കളുടെ ലക്ഷ്യം അണികളെ ചേർക്കലും. നേതാവിന് അറിവില്ലെങ്കിൽ നേതാക്കളോടൊപ്പം അണികളും മുങ്ങിത്താഴും. അതുകൊണ്ട് ലെനിനിസ്റ്റുപാർട്ടികളിലെ 'നേതാവ്അണിക ൾ'ബന്ധമെന്നത് ജനാധിപത്യവിരുദ്ധമായ ഒരു കാഴ്ചപ്പാടാണ്, ഫാഷിസമാണ്, നേതാക്കളല്ല,സംഘടയെന്നത്. ഒരു പുരോഗമ നസംഘടനയ്ക്കു നേതാക്കാളനിവാര്യമല്ല, സംഘടന-ജനാധിപത്യം നിലനിർത്തുന്നുവെങ്കിൽ.

'ജനാധിപത്യവും' 'കമ്മ്യൂണിസവും'രണ്ട് പ്രക്രിയകളാണോ?

'ജനാധിപത്യവും' 'കമ്മ്യൂണിസവും'രണ്ട് പ്രക്രിയകളാണോ? നോക്കാം. മനുഷ്യന്റെലക്ഷ്യം എന്നത് സ്വാതന്ത്ര്യമാണ്. അതി ന്റെവഴി 'ജനാധിപത്യവും.'സ്വാതന്ത്ര്യമെന്ന 'ലക്ഷ്യ'വും 'ജനാ ധിപത്യം'എന്ന 'മാർഗവും' പരസ്പരം വർജിക്കുന്നവയല്ല.പകരം ഐക്യത്തിൽ വർത്തിക്കുന്ന ഇണചേർന്ന് കിടക്കുന്ന ഒരു ഏകാത്മക യാഥാർഥ്യമാണ്. ക്യാപിറ്റലിസം-സോഷ്യലിസം- കമ്മ്യൂണിസം-ഇവ മനുഷ്യസമൂഹത്തിലെ സാമൂഹ്യരൂപീകരണ ത്തിന്റെ പേരുകൾ മാത്രമാണ്. ഈ സാമൂഹ്യ രൂപീകരണങ്ങ ളിലെ ജനാധിപത്യത്തിന്റെ തോതാണ് ഈ പേരുകളെ അന്വ ർത്ഥമാക്കുന്നത്, അല്ലെങ്കിൽ അത് അനർത്ഥമാകും. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ നാമിത് കാണുന്നു. എന്നാൽ ഈ കാണുന്ന എല്ലാ ലെനിനിസ്റ്റ് ഘടനകളിലും ജനാധിപത്യത്തിന്റെ നിഷേധവശമാ ണ് കാണുന്നത്. അതുപോലെ അത്തരം പാർട്ടികളും തഥൈവ. തങ്ങളുടെ നിലപാടിൽ നിന്നും വിട്ടുനില്ക്കുന്ന വരെ 'കുലംകുത്തിക"ളെ ന്നു പറയുന്നതു മാത്രമല്ല, ഓരോ ലെനിനിസ്റ്റുമതാണ് സ്വമനസ്സിൽ കൊണ്ട്നടക്കുന്നത്. അല്ലാ എന്നു പറയാൻ ആവുമോ? കാരണം അവരിൽ അമൂർത്തമായ ജനാധിപത്യവും സമൂർത്തനായ മനുഷ്യനു മല്ല, പകരം ജീവനില്ലാത്ത ഒരു സാമൂഹ്യഘടന മാത്രമാണുള്ളത്. അതിനെയാണ് യാന്ത്രികത എന്നു പറയുന്നത്. ഈ യാന്ത്രികത അവരെ ഭാവിയിൽ അധികാരം കിട്ടുമ്പോൾ ഫാസിസ്റ്റ് ആക്കുന്നു.

ബോൾഷെവിക് പാർട്ടി/അച്ചടക്കം

അകവും പുറവും രണ്ടായിത്തുടരുന്ന വ്യവസ്ഥിതിയിൽ മാത്രമേ ഒരു പ്രത്യയശാസ്ത്രത്തിന്റെ ആവശ്യമുള്ളൂ. അതുകൊണ്ടാണ്

മാർക്സിസ്റ്റ് രാഷ്ട്രീയഘടന 'ശാസ്ത്രീയം' ആണെന്ന നമ്മൾ കണ്ടത്. മാർക്സിസ്റ്റ് രീതി അനുസരിച്ച് സോഷ്യലിസ്റ്റ് ഘട്ടം പോലും അനിവാര്യമല്ല (inevitable). അതായത് പ്രത്യയശാസ്ത്രത്തിന്ന ചരിത്രം ഇല്ലായെന്ന ചുരുക്കം. അതൊരു ആശയവാദപരമായ വിശ്വാസം മാത്രമാണ്, പാർട്ടി എന്നതുപോലെ. പാർട്ടി വിപ്ലവത്തിനു വേണ്ട ഒരു ടൂളായി വർത്തിക്കുന്നു എന്നത് ശരി, ഒരു ഉപകരണമായി ഉപകാരപ്പെടുന്നു എന്നല്ലാതെ, അതിനു സ്വയം വളർച്ചയുണ്ടോ? അതായത് പാർട്ടിയ്ക്കു ചരിത്രപരമായ വികാസമില്ല. അതാണ് വിപ്ലവാനന്തരം പാർട്ടി ഉണ്ടാക്കുന്ന പ്രതിവിപ്ലവം. അതുപോലെയാണ് 'സോഷ്യൽ ഡെമൊക്രസി'യുടെയും റോൾ. ഈ 'ചങ്ങാത്ത മുതലാളിത്ത'ത്തിൽ അവർ വ്യാജമായ ഒരു സോഷ്യലിസ്റ്റ് പൊതുഅഭിപ്രായം ഉണ്ടാക്കൽ തുടരുന്നു. അതുകൊണ്ട് ബോൾഷെവിക് അച്ചടക്കമെന്നത് അത്രയേ ഉള്ളൂ. സമ്പൂർത്ത സാഹചര്യങ്ങളുടെ സമഗ്രതയിലാണ് ഏത് പ്രമാണവും ശാസ്ത്രീയം എന്നു പറയാനാവൂ. ഈ 'പാർട്ടി'യും 'മത'വും തമ്മിലെന്താണ് വ്യത്യാസം? ഉത്തരം തരാനാവുമോ? മുതലാളിത്തമാണ് മനുഷ്യന് 'പൗരബോധം' ചരിത്രപരമായി ഉണ്ടാക്കിയത്. സോഷ്യലിസം മനുഷ്യന് ചരിത്രപരമായി എന്ത് നൽകി?

### ഭരണകൂടവും-സമൂഹവും

പൗരബോധത്തെക്കുറിച്ചുള്ള ഏതു ചർച്ചയും 'ഭരണകൂടവും സമൂഹവും' തമ്മിലുള്ള ബന്ധത്തെ കേന്ദ്രീകരിച്ചാണ് സംഭവിക്കേണ്ടത്. അല്ലേ? 'പ്രാകൃത കമ്മ്യൂണിസ'മെന്ന സാമൂഹ്യാവസ്ഥയെപ്പറ്റി 1848-ൽ പ്രസിദ്ധീകരിച്ച 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിൽ മാർക്സ് വിശദമായി ഒന്നും പറഞ്ഞിരുന്നില്ല. ഇന്നേവരെയുള്ള മനുഷ്യചരിത്രം വർഗസമരങ്ങളുടെ ചരിത്രമാണ് എന്നാണ് മാർക്സ് രേഖപ്പെടുത്തിയത്. 'മാനിഫെസ്റ്റോ'യുടെ പ്രസിദ്ധീകരണത്തിനു ശേഷം, വളരെ സമയം കഴിഞ്ഞിട്ടാണ് അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഹെൻറി മോർഗന്റെ പ്രാചീനസമൂഹങ്ങളെപ്പറ്റിയുള്ള ഗ്രന്ഥം മാർക്സ് വായിക്കാനിടയായത്. പ്രാകൃതകമ്മ്യൂണിസ്റ്റു സമൂഹം എങ്ങനെയാണ് 'അടിമ വ്യവസ്ഥ'യിലേക്ക് നീങ്ങിയത്? സോവിയറ്റ്യൂണിയൻ എങ്ങനെയിന്നു പുട്ടിനിൽ എത്തിനില്ക്കുന്നതിനു കാരണവും ഏതാണ്ടിതാണ്. ഉല്പാദനശക്തികളിലോ, ബന്ധങ്ങളിലോ ഉണ്ടാകുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിലാണോ ലെനിനിസ്റ്റു രാഷ്ട്രങ്ങൾ അപചയപ്പെട്ടത്?

### ജനങ്ങൾക്കാണ് പരമാധികാരം വേണ്ടത്

മാർക്സ് സ്റ്റേറ്റിനെക്കുറിച്ച് പറയുന്നതും ലെനിൻ പറയുന്നതും നോക്കിയാൽ രണ്ടുപേരും തമ്മിലുള്ള വ്യത്യാസം മനസ്സിലാകുന്നതാണ്. ഇന്നത്തെ മാർക്സിസം ഇങ്ങനെയാണ്. എന്നാലും നാം അതിനെ ഒരുഅപഗ്രഥന ഉപാധിയായി കാണുന്നു. മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളാണ് ചരിത്രമുണ്ടാക്കുന്നത്. എന്നാൽ മാർക്സിസത്തിന്റെ പേരിൽ വൈരുദ്ധ്യാത്മക ഭൗതികവാദത്തിനെ നമ്പുന്നോർ പറയുന്നു, പാർട്ടിയാണ് ചരിത്രം ഉണ്ടാക്കുന്നതും ഭരിക്കുന്നതുമെന്ന്. അവിടെ ജനങ്ങൾക്ക് ഒരു അധികാരവുമില്ല എന്ന് സോവിയറ്റ് യൂണിയൻ മുതൽ ക്യൂബ വരെ നാം കാണുന്നു. ജനങ്ങൾക്കാണ് പരമാധികാരം വേണ്ടത്. പക്ഷെ മാർക്സിസത്തെ 'സമ്പന്ന'മാക്കിയവർ പറയുന്നു, Sovereignty not vested in the people, but in the national state, and party, അതാണ് ലെനിനിസ്റ്റ് സ്റ്റേറ്റ്. അതാണ് മാർക്സിസവും ലെനിനിസവും തമ്മിലുള്ള വ്യത്യാസവും.

### മരണമില്ലാത്ത സിദ്ധാന്തം

കാലോചിതമായി വികസിക്കാനുള്ള കഴിവാണ് മാർക്സിസത്തെ മരണമില്ലാത്ത സിദ്ധാന്തവും പ്രയോഗവുമായി മാറ്റുന്നത് എന്ന് ലെനിനിസ്റ്റുകൾ പറയുന്നു. പക്ഷെ അത് ഇന്ന് വീർപ്പിച്ച ബലൂൺ പോലെ പൊട്ടിയില്ലേ? മാർക്സിസത്തിന്റെ സ്പിരിറ്റ് എന്നുപറഞ്ഞാൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ജനാധിപത്യവിപ്ലവം നടത്തി ആ ജനാധിപത്യ വിപ്ലവത്തിൽ നിന്ന് സ്ഥലകാല പരിമിതികൾക്ക് വിധേയമായി സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സാധിക്കുകയെന്നതാണ്. ഇതെങ്ങനെയാണ് പൊട്ടിപ്പോകുന്നത്? ഇതെല്ലാം കേവലം മാർഗങ്ങളാണ്. ലക്ഷ്യം എന്താണ്?.. മനുഷ്യന് അധികാരമില്ലാത്ത വ്യവസ്ഥകളെ എങ്ങനെയാണ് പരീക്ഷണമെന്നു പറയാനാവുക? മാർക്സും എംഗൽസും, എല്ലാം തന്നെ നിർദ്ദേശിച്ചിരുന്നത് സോഷ്യലിസവും ജനാധിപത്യവും വേർതിരിക്കുവാൻ വയ്യ, എന്നു തന്നെയല്ലേ?

### ചരിത്രത്തിന്റെ പൂർവപക്ഷം

എന്തായാലും ചരിത്രത്തിന്റെ പൂർവപക്ഷം മജ്ജയും മാംസവുമുള്ള മനുഷ്യരാണ്, അല്ലാതെ പാർട്ടിയോ/മതമോ അല്ല. അതൊരു ഉപകരണം മാത്രം. ഉപകരണങ്ങൾക്ക് മനുഷ്യചരിത്രത്തിൽ ഒരുസ്ഥാനവുമില്ല. ജനങ്ങൾക്ക് വിപ്ലവം നടത്താൻ

സാധിക്കില്ലയെന്നാണ് ഇക്കൂട്ടരുടെ വാദം. പാർട്ടിക്കും തൊഴിലാളിയ്ക്കുമാണോ അത് കഴിയുക? ജനങ്ങൾക്ക് ആവില്ലായെന്നാണോ പറയുന്നത്? മാർക്സിസത്തെ കേവലം തത്വചിന്തയായി കാണുന്നവരുമുണ്ട്. ഉള്ളടക്കം വളരുകയും അതിനനുസരിച്ച് പാർട്ടി രൂപം കൊഴിഞ്ഞു പോകേണ്ടതായും വരുന്നു. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അതാണ് ചെയ്യേണ്ടത്. അല്ലാതെ ഒരു 'പോലീസ് രാജ്യം' സ്ഥാപിക്കലല്ല വിപ്ലവം.

## പ്രകൃതിയും മനുഷ്യനും

പ്രകൃതിയും മനുഷ്യനും തമ്മിലുള്ളതാണ് മാർക്സ് കണ്ട പ്രധാനവൈരുദ്ധ്യം. എന്നാൽ സമൂഹത്തിൽ സാമ്പത്തികവർഗങ്ങൾ ഉടലെടുത്തപ്പോൾ പ്രധാനം ഭരണകൂടവും സമൂഹവുമായി രൂപാന്തരപ്പെട്ടു. അതുകൊണ്ട് സമൂഹത്തിൽ നിന്നും ഭരണകൂടം കവർന്നെടുത്ത അവകാശങ്ങൾ സമൂഹത്തിലേക്ക് തിരിച്ച് കൊടുക്കേണ്ടതുണ്ടെന്നാണ് മാർക്സ് തന്റെ സപര്യയിലൂടെ പ്രസ്താവിച്ചത്. കമ്മ്യൂണിസത്തിലത് സമൂഹവും വ്യക്തിയും എന്ന വൈരുദ്ധ്യത്തിലെത്തും. മാർക്സിസത്തെ ദർശനമായി കാണണം. എന്നാൽ വർത്തമാന ലെനിനിസ്റ്റുകൾ, സ്വയംകമ്മ്യൂണിസ്റ്റുകളെന്ന് അവകാശപ്പെട്ടുന്നെങ്കിലും, അവർ 'ഭരണകൂടവും സമൂഹവും' എന്ന വിഷയത്തിൽ ഭരണകൂടത്തിന്റെ കൂടെയാണുതാനും. ഈവൈരുദ്ധ്യം അവരെ മധ്യകാലപൗരോഹിത്യ സമ്പ്രദായത്തിലേക്ക് 'ബ്ലാങ്കിസ'ത്തിലേക്ക്എത്തിച്ചിരിക്കുന്നു. ഇത് മാർക്സിസമല്ല. ഈ മധ്യകാല പൗരോഹിത്യ ഭരണരീതിയെ ഇന്നത്തെ ഏതൊരു ആധുനികസമുദായവും വെറുക്കുന്നു.

മാർക്സിസത്തിൻ കീഴിലുണ്ടായ ആദ്യ ഇന്റർനാഷണൽ പല ധാരകൾ ചേർന്ന മുന്നണിയായിരുന്നു. അതിലൊരു ധാര മാർക്സ്, മറ്റൊരു ധാര ലൂയി ബ്ലാങ്ക്, വേറൊരു ധാര പ്രൌദൻ.പിന്നീട് ഈ ധാരകൾ പരസ്പരം കലരുകയും permutationനു വിധേയമായവരുമാണ് ഇന്നുള്ള ഓരോ കമ്മ്യൂണിസ്റ്റുകൾ. ഇതിൽ നിന്നും യഥാർത്ഥധാരയെ തിരിച്ചറിയേണ്ടതുണ്ട്. അതിനു കമ്മ്യൂണിസ്റ്റെന്ന് സ്വയം വിളിക്കുന്നവർ ഓരോരുത്തരും ബാധ്യസ്ഥരാണ്. അതിനു അലംഭാവം കാണിച്ചാൽ ഇതുതന്നെ അതിന്റെ നേർവിപരീതത്തിലേക്ക് രൂപാന്തരണം ചെയ്യും. കൂടാതെ, മാർക്സിസത്തെ വിനിയോഗിക്കാൻ നല്ല വിവരവും വൈദഗ്ധ്യവും വേണം. മാർക്സ് മനുഷ്യനെയാണ് ലക്ഷ്യമാക്കിയത്, മതങ്ങൾ പകരം മനുഷ്യനെ 'മാർഗ'മാക്കി കാണുന്നു. ഇതാണ് 'മൂന്നാം ഇനറെർനാഷെ'നലിനു

ശേഷം നമ്മൾ അനുഭവിച്ചതും. ഇനി നാലും,അഞ്ചും എന്നുപറയുന്നത് ലെനിനെ 'ബ്രാൻഡ്' നെയിമാക്കി മത്സരിച്ചവർ മാത്രമാണ്. മാവോയെ ഞാൻ ഒരു 'മെൻഷെവിക്' എന്നേ പറയൂ. കാരണം 1949-നുശേഷവും ചീനയിൽ തുടർന്നു വന്നിരുന്നത് ഒരു 'ബൂർഷ്വാ ഐക്യമുന്നണി ഭരണമാണ്. ജനാധിപത്യ ഘട്ടത്തെ അടുത്ത സോഷ്യലിസ്റ്റിക് ഘട്ടത്തിലേക്ക്, ലെനിനെപ്പോലെ, ഉയർത്തിയില്ല എന്നതാണ് സി.പി.സി യുടെ തെറ്റ്. 1917-ൽ ഈ പേരിലാണ് മെൻഷേവിക്കും ബോൾഷെവിക്കും തമ്മിൽ രാഷ്ട്രീയമായ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നതും. സോഷ്യലിസം മുതലാളിമാരുമായി യോജിച്ചു ഉണ്ടാക്കാവുന്നൊരു സമ്പ്രദായം അല്ലെന്ന്, മാവോ മനസ്സിലാക്കിയിരുന്നില്ല, തികഞ്ഞ നിർവ്വഹണവൈദഗ്ധ്യം വേണമായിരുന്നു അതിന്.

സോഷ്യൽ ഫാഷിസം

പാർട്ടി എന്ന 'പരികല്പനഅശ്വ'ത്തെ കടിഞ്ഞാൺ അഴിച്ചുവിടുകയാണ് ലെനിൻ ചെയ്തത്, ചരിത്രപ്രക്രിയയിൽ നിന്നും ഭൗതികസ്വഭാവമുള്ള, എല്ലാ അംശങ്ങളും എടുത്തുമാറ്റപ്പെട്ടു. പ്രത്യയശാസ്ത്രവിശാരദരാണ്, തത്ത്വചിന്തകരാണ്, ആശയവാദസരണിക്കാരാണ് ചരിത്രത്തിൽ ആധിപത്യം വഹിച്ചു പോന്നിട്ടുള്ളതെന്ന നിഗമനത്തിലേക്ക് പ്രസ്ഥാനം എത്തപ്പെടുകയാണുണ്ടായത്. ആശയവാദത്തിലേക്ക് ഉൾപ്പാർട്ടിജീവിതം രൂപാന്തരപ്പെടുന്നതിലേക്ക് അത് വഴിതെളിച്ചു. ഇതാണ് സോഷ്യൽ ഫാസിസത്തിന്റെ ഉറവിടം. ആശയവാദസരണിക്കാർക്ക് ജനതയെ അടക്കി ഭരിക്കുവാൻ പറ്റുന്ന ഒരു ഇടം/ബീജം സമൂഹത്തിൽ ഉണ്ടാക്കപ്പെട്ടു. ചരിത്ര വ്യക്തിയുടെ പ്രത്യേക താത്പര്യവും, രാഷ്ട്രീയ സമൂഹത്തിന്റെ പൊതുതാല്പര്യവും തമ്മിലൊരു യോജിപ്പില്ലാതായി തീർന്നു.

നമ്മളാൽതന്നെ ഉയർത്തപ്പെട്ട പ്രത്യയശാസ്ത്ര പണ്ഡിതർ,നമ്മുടെ നിയന്ത്രണങ്ങൾക്കതീതമായി വളരുകയും,നമ്മുടെ പ്രതീക്ഷകൾ തകർക്കുകയും, കണക്ക് കൂട്ടലുകൾ തെറ്റിക്കുകയും ചെയ്യുന്നൊരു അതീതശക്തിയായി, ഈ ആശയവാദസരണി ദൃഢീകരിക്കപ്പെടുകയും ചെയ്തു. കമ്മ്യൂണിസ്റ്റുപാർട്ടിയെ കുറിച്ച് ആണ് പറയുന്നത്, ജനങ്ങളുടെ പൊതുതാല്പര്യങ്ങൾക്ക് അന്യമായി ഈ ന്യൂനപക്ഷം, മാനേജർമാരായി. അവരുടെ പ്രത്യേക താല്പര്യം ജനങ്ങളുടെ മേൽ, അടിച്ചേൽപ്പിക്കപ്പെടുകയും ചെയ്തു. ചുരുക്കത്തിൽ അണികളുടെ സാമാന്യതാല്പര്യം സമുദായ ജീവിതത്തിന്റെ ഒരു മിഥ്യാരൂപമായി രൂപാന്തരപ്പെട്ടു. ഭരണകൂടത്തിന്റെ മേൽക്കൈയും, അതിന്റെ

മഹത്വവും, എടുത്തുപറയുന്ന നേതാവിനോടുള്ള ചോദ്യമില്ലാത്ത അനുസരണയാണ് പാർട്ടിയാഗ്രഹിക്കുന്നത്. ഭരണകൂടാധികാരത്തിനു വിധേയമാകുന്ന അടിമയായി പാർട്ടിക്കാരൻ. അതുപോലെ വിമതശബ്ദങ്ങളെ ശക്തമായി അടിച്ചമർത്തുന്ന ഭരണകൂടത്തിന്റെ തത്ത്വശാസ്ത്രമാണ് ഇന്നത്തെ മാർക്സിസം. അത് ഫാസിസമാണ്. ഇവിടെ മാർക്സിസം എന്ന രീതിയിൽ ലോകത്തിന് മുന്നിൽ അവതരിപ്പിക്കപ്പെട്ട മൂന്നാംഇന്റർനാഷനൽ അതിന്റെ കീഴിലുള്ള റഷ്യൻ സ്റ്റേറ്റിന്റെ കൊളോണിയൽ പാർട്ടികളായിരുന്നു ഓരോ ദേശകമ്മ്യൂണിസ്റ്റ് പാർട്ടികളും. നിങ്ങൾ അതിനെ സോഷ്യലിസ്റ്റ് അല്ലെങ്കിൽ കമ്മ്യൂണിസമെന്നു ധരിച്ചു.

അതുകൊണ്ട് കമ്മ്യൂണിസം പറയുന്ന ഫാഷിസമല്ല ചർച്ചിക്കേണ്ടത്. 1917-ൽ ഉണ്ടാക്കപ്പെട്ട ലെനിനിസ്റ്റ് സ്റ്റേറ്റ് എങ്ങനെ സോഷ്യലിസ്റ്റ് സ്റ്റേറ്റ് ആകുന്നു എന്നതാണ്. 1990-കൾക്കു ശേഷം എന്താണ് ഈ 'വർക്കിങ് ക്ലാസ്സ്സ്റ്റേറ്റ്' എന്നത് മുടിനാരിഴ കീറുന്നത് പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുപാർട്ടികളെ അവിടത്തെ ജനം കെട്ടുകെട്ടിക്കുന്നതിലൂടെയാണ്. അന്നാണ് മാർക്സിയൻ ദരശനത്തെ മനഃശാസ്ത്രപരമായും അടവുപരമായും വിശകലനങ്ങൾ തുടങ്ങിയത്. അതുകൊണ്ട് ഫാഷിസത്തെക്കുറിച്ചുള്ള ചർച്ചയെ മൂന്നാം ഇൻറർനാഷനൽ കമ്മ്യൂണിസ്റ്റു പാർട്ടി ഭരണങ്ങളുമായി പൂർവപക്ഷമായി ചേർത്തുവെച്ച് ചർച്ചയിൽ ഉൾപ്പെടുത്തണം. നാം ഇന്ന് നോക്കുമ്പോൾ ചോദ്യമില്ലാത്ത അനുസരണ ആഗ്രഹിക്കുന്നതാണ് ഇന്നത്തെ കമ്മ്യൂണിസ്റ്റ്പാർട്ടി എന്ന അതിന്റെ ബോൾഷെവിക് ഘടന എന്നതിൽ തർക്കം ഉണ്ടോ? ഇന്ന് 1990-വരെ ഫാഷിസം ചർച്ച ചെയ്യുന്നതിലും, നീതികല്പിക്കുന്നതിലും മുൻനിരയിൽ ഈ വർക്കിംഗ്ക്ലാസ്സ് നേതാക്കളായ കമ്മ്യൂണിസ്റ്റുകളായിരുന്നു മുന്നിൽ. അന്ന് ആ ഗുരുക്കന്മാർ കുറ്റവിചാരണ നടത്തിയപ്പോൾ അവർ ശരിയായിരുന്നില്ല. അതുകൊണ്ട് അന്നത്തെ നിയമ പരിപാലകരേയും ജഡ്ജിയെയും മുൻകാല പ്രാബല്യത്തോടെ വിചാരണ ചെയ്യേണ്ടതുണ്ട്.

### പാർട്ടി ഖിലാഫത്ത്

പാർട്ടി എസ്റ്റാബ്ലിഷ്മെന്റ് ഒരു ഖലീഫ ഭരണമാണ് ലെനിന്റെ പേരിൽ, മാർക്സിന്റെ പേരിൽ ഉണ്ടാക്കിയത്. ഇതിനെയല്ലേ ഇന്ത്യയിൽ അടിയന്തിരാവസ്ഥ എന്ന് നാം പറയുന്നത്?

ഫാഷിസം

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത് ഇങ്ങനെയാണ്.

" WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens..."

1976 ലെ 42-ാം ഭേദഗതി കൂടി ഉൾപ്പെടുത്തിയാണ് നാമീപ്പറയുന്നത്. പൗരനാണ് രാഷ്ട്രത്തിൽ മുഖ്യം. അവർക്ക് വേണ്ടിയാണ് പ്രതിനിധികളെ നാം തിരഞ്ഞെടുക്കുന്നത്. ഇതിൽനിന്നും തന്നെ എന്താണ് ഫാഷിസം എന്നതിന്റെ പൊരുൾ മനസ്സിലാകും വായനക്കാർക്ക്.

ഫാഷിസം എന്നാൽ നിങ്ങൾ കരുതുന്നത് പോലെ ഒരു കേവല വിശ്വാസമല്ല. അത് പോലെ ആരെങ്കിലും എന്തെങ്കിലും പറയുന്നതും അല്ല. ഫാഷിസം എന്നാൽ പൗരനെ നിഷേധിക്കുന്ന ഭരണങ്ങളാണ്. പുരോഹിത ഭരണങ്ങളെല്ലാം ഫാഷിസം ആണ്. കാരണം ഒരു വർഗ്ഗവും ജനത്തെ പ്രതിനിധീകരിക്കുന്നില്ല. എല്ലാ വ്യവസ്ഥാപിത മതങ്ങളും, ആ വിധം ഫാഷിസമാണ്. ഒരു വിശ്വാസവും ജനത്തെ പ്രതിനിധീകരിക്കുന്നില്ല. മതത്തിൽ ജനം പ്രജയാണ്, ദൈവത്തിന്റെ അടിമയാണ്. ഹിന്ദു മതം മാത്രമാണ് ഒരു വ്യവസ്ഥാപിത മതഭരണം പറയാത്തത്. അത് ഏതാണ്ട് ചരിത്രപരമാണ് എന്ന് ഞാൻ കരുതുന്നു. നിത്യ-അനിത്യ-വസ്തു വിവേകമാണ്, ഇന്ത്യൻദർശനമായി നാം പരിഗണിക്കുന്നതും. ഇതാണ് പോസ്റ്റ് 50-കളിലെ ഹിന്ദു സംസ്കാരം. എല്ലാ വ്യവസ്ഥാപിത-മധ്യകാല അബ്രഹാമിക് മതങ്ങളും ഫ്യൂഡൽ അധിഷ്ഠിതം മാത്രമാണ്, അവ ആധുനികമല്ല.

ആധുനിക ഭരണങ്ങളിൽപോലും സോഷ്യലിസത്തിന്റെ പേരിലാണ് ഹിറ്റ്ലർ, സ്റ്റാലിൻ, ലെനിനൊക്കെ ഫാഷിസ്റ്റ്ഭരണം നടത്തിയതും. ഫാസിസം എന്ന വിമർശനം ഉണ്ടാക്കിയ ആൾക്കാർ ലെനിനിസ്റ്റുകളാണ്, കാരണം അന്ന് ലെനിനിസമാണ് മാർക്സിസമെന്നും, മാർക്സിസമാണ് ആധുനികമെന്നും, മനുഷ്യൻ കരുതിയിരുന്ന ഒരു ഘട്ടമായിരുന്നു. നാഷണലിസം, നാഷണലിസ്റ്റ് സിണ്ടിക്കലിസമെന്നൊക്കെ, ഫാസിസത്തിന്റെ കൂടെ പറയപ്പെടുന്ന വാക്കുകൾ തന്നെയാണ്. പാട്രിയോട്ടിസം വരെ

ഫാസിസത്തിന്റെ അളവുകോലായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഞാനതിനെ ഇങ്ങനെയാണ് കാണുന്നത്. ഫാഷിസം എന്നാൽ പൗരനെ നിഷേധിക്കുന്ന ഭരണങ്ങളാണ്. പുരോഹിത ഭരണങ്ങളെല്ലാം ഫാഷിസമാണ് എന്നാണ് ഞാൻ ചർച്ചയിൽ കാര്യമായെടുക്കുന്നത്.

പ്രജ, ജനം

ആധുനികപൂർവ്വ (pre-modern ) ഭരണ വ്യവസ്ഥകളിൽ ജനം എന്നത് 'പ്രജ' ആയിരുന്നു. ആധുനിക വ്യവസ്ഥയിൽ ഈ പ്രജ 'ജന'മാകുന്നു. എവിടെ 'ജന'മായി 'ജനത'യെ കാണാതിരിക്കുന്നുവോ അതിനെയാണ് 'ഫാഷിസ'മെന്നു, ഞാൻ അടയാളപ്പെടുത്തുന്നത്. അതുകൊണ്ട് എല്ലാ രാജവാഴ്ചയും, ഫ്യൂഡൽഭരണമാണ്, അവ എല്ലാം 'ആധുനികപൂർവ്വ' വ്യവസ്ഥകളാണ്. അതിനെയെല്ലാം ജനാധിപത്യമെന്ന് വിളിക്കാറില്ല, നാം. കാരണം ആധുനികമല്ല ആ വ്യവസ്ഥ, അത് തന്നെ. ആധുനിക വ്യവസ്ഥകൾക്കു മുന്നുപാധിയാണ് ജനാധിപത്യം. അതില്ലാത്തവ ഫാഷിസമാണ്. എല്ലാ വ്യവസ്ഥാപിത മതങ്ങളും അതുകൊണ്ട് ഫാഷിസം എന്ന ഗണത്തിൽപെടുന്നു.

Fascist ideas were nothing but a declaration of war against the 'ideas of 1789' of french revolution, according to me. അതുകൊണ്ടുതന്നെ, ഫാഷിസത്തിന് ചുമപ്പോ വെളുപ്പോ നിറമോ ഇല്ല. ജനങ്ങളെ അവരുടെ ദേശത്തിന്റെ അവകാശികളല്ലെന്ന നിലക്ക് മാറ്റിനിർത്തുന്ന ഏത് സംഹിതകളും, ഫാഷിസമാണ്. മതം അത് ചെയ്യുന്നുണ്ട്, ദേശസ്നേഹത്തിന്റെ പേരിൽ ചിലർ അധികാരം നിലനിർത്തുന്നു, അങ്ങനെ ഫാഷിസം നിലനിർത്താൻ മനുഷ്യന്റെ ഗോത്രീയതയെപ്പോലും പലരും, പല വിധത്തിൽ ഉപയോഗിക്കുന്നു.

പ്രത്യയ ശാസ്ത്രപരമായ സമഗ്രത ഇല്ലായ്ക

മുതലാളിത്ത വ്യവസ്ഥയിൽ പ്രതിസന്ധി നിലനില്ക്കുന്നുണ്ട് എന്ന് ആദ്യ ലേഖനത്തിൽ നമ്മൾ കണ്ടു. ജനകീയ വിമോചന സമരങ്ങളിന്ന് നിലനില്ക്കുന്നില്ല. ആ ശക്തികൾക്ക് പ്രത്യയശാസ്ത്ര പരമായ ഒരു സമഗ്രതയുമില്ല. വെറുതെ കുരുടന്മാരെ പോലെ തട്ടി തടഞ്ഞു നടക്കുന്നു. സോഷ്യലിസം എന്ന ഒരു ലോക വ്യവസ്ഥ പ്രായോഗികമായി ചൂണ്ടിക്കാണിക്കാനുമില്ല, അവരുടെ വെറും ആഗ്രഹചിന്ത ആയിരിക്കുന്നു അത്. ഉത്പാദനശക്തികളും,

ഉൽപാദനബന്ധവും തമ്മിലുള്ള, മാർക്സ് ചൂണ്ടിപറഞ്ഞ, വൈരുദ്ധ്യം മൂർച്ഛിക്കുന്നില്ല. Militarisation of economy and armsഉം സാമ്പത്തിക കേന്ദ്രീകരണവും ശരി തന്നെ, രണ്ടു വ്യവസ്ഥക ളിലും. കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിലും സാമ്പത്തിക കേന്ദ്രീകരണമാ ണ് ഉണ്ടാകുന്നത്. രാഷ്ട്രീയകേന്ദ്രീകരണം, ഭരണകൂടത്തിലും ഭരണത്തിലും, പാർട്ടിയിലും, പാർട്ടി കമ്മിറ്റികളിലും നിക്ഷിപ്ത മാകുന്നു, അങ്ങനെ സാംസ്കാരികസൈനികവത്കരണമാണ് ഉണ്ടാകുന്നത്. ഇതിനുവേണ്ടി ഏതു ജനം ഇനി ത്യാഗം ചെയ്യും ?

കമ്മ്യൂണിസ്റ്റ് പൗരോഹിത്യം എങ്ങനെ ഇല്ലാതാകും ?

ബൂർഷ്വാ ഫാഷിസത്തിന്റെ ഒരു രൂപം എന്ന് പറയുന്നത് പുരോഗമന സോഷ്യലിസ്റ്റ് വിപ്ലവത്തെ തടയുക എന്നത് ശരി. എന്നാലെന്താണ് സോഷ്യലിസ്റ്റ് വിപ്ലവം? കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കുത്തകയോ? ജനങ്ങളുടെ പൊതുപ്രശ്നങ്ങൾ എങ്ങനെയാണ് കമ്മ്യൂ ണിസ്റ്റുകൾ അവരുടെ ആഗ്രഹ ചിന്ത കൊണ്ട് പരിഹരിക്കുക? എങ്ങനെ അവർ ഈ ലോകത്ത് തൊഴിൽ ദാതാക്കളാകും? എങ്ങനെ കമ്മ്യൂണിസ്റ്റ് പൗരോഹിത്യം ഇല്ലാതാക്കും?

ജനങ്ങളിൽ ഏതു വ്യവസ്ഥിതിയിലും അതൃപ്തിയുണ്ടായിരി ക്കും. എങ്ങനെ, പാർട്ടി കമ്മിറ്റി ഭരണം ഇതിന് പരിഹാരം ഉണ്ടാക്കും? കമ്മ്യൂണിസ്റ്റുകളും ഉപയോഗിക്കുന്നത് വൃത്തികെട്ട അധികാരമാണ്, ജനങ്ങൾക്ക് മുമ്പിലും. ഇതിനു ഈ നൂറ്റാണ്ടിലെ ജനം തെയ്യാറാകുമോ? അവരുടെ നേതാക്കളെക്കുറിച്ച് 40 വയസ്സിൽ താഴെയുള്ള എവർക്കും ഇന്നറിയാം.

മാർക്കറ്റ്

മാർക്കറ്റ് എന്നാൽ മുതലാളിത്തം. അവർ മാർക്കറ്റ് വികസി പ്പിക്കാൻ ജനത്തിന്റെ ക്രയശേഷി വർദ്ധിപ്പിക്കണമെന്നെങ്കിലും കണ്ടെത്തുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയായ ചൈന തന്നെ പിടിച്ചു നില്ക്കുന്നത് അമേരിക്കയിലേക്ക് കയറ്റുമതി നടത്തി, ട്രേഡ്കൊണ്ടാണ്, അഭ്യന്തര മാർക്കറ്റ് വികസിപ്പിച്ചല്ല അത് ചെയ്യുന്നത്. അഭ്യന്തര മാർക്കറ്റ് വികസിപ്പിക്കാനത് കാപിറ്റലി സ്റ്റിക് ആകണം, അത് ട്രൈ ചെയ്തുകൊണ്ടിരിക്കുന്നു.

മാർക്കറ്റില്ലാതെ എന്ത് സിസ്റ്റം കൊണ്ടാണ് കമ്മ്യൂണിസം ഓരോ പൗരന്റെയും വിഷയം പരിഹരിക്കുക? നിലവിലുള്ള സിസ്റ്റം

മാറണം എന്നാഗ്രഹിച്ചിട്ട് എന്തുകാര്യമാണ് നടക്കുക ? നിങ്ങൾക്ക് എന്തെങ്കിലും സെക്കുലർ രീതിയുണ്ടോ ഇതിനെല്ലാം? കൂടാതെ, പാർട്ടി ബ്യൂരോക്രസി ഒഴിവാക്കാൻ ഏന്തെങ്കിലും പദ്ധതിയുണ്ടോ?

There is only economic centralization, in a communist regime. Maximum concentration of political power is in the state, rigid firmness in administration in party and its committees. All this leading to more and more identification of the interest of the monopolists with that of the state. And cultural regimentation is the end result.

### Critical philosophy

The concept of critical philosophy and social science is a socially situated one, but not socially determined as our present Marxists are saying. It maintains a space, the possibility for objective critique to motivate social change, with the ultimate end being a promotion of 'human freedom'. The term 'dialectical materialism' was not used by Marx in any of his works, I think. And the Dialectical Marxism is not properly dialectical as Hagel or Lenin says. The actual presence of 'dialectical materialism' within his thought remains the subject of significant controversies. (see the works of Bertell Ollman, Roger Albritton, and Roy Bhaskar)

### സാമൂഹിക രൂപീകരണങ്ങൾ


മനുഷ്യചരിത്രത്തിന്റെ ഒരു വകഭേദം മാത്രമാണ് സാമൂഹിക രൂപീകരണങ്ങൾ. എന്താണ് ഇതുകൊണ്ട് മനസ്സിലാക്കേണ്ടത്. മനുഷ്യചരിത്രം എന്ന മുഖ്യ പ്രമേയത്തിന്റെ ഉപപ്രമേയങ്ങളാണ്, ഇന്നുകാണുന്ന ഓരോ സാമൂഹ്യരൂപങ്ങളും. മുതലാളിത്തം, സോഷ്യലിസം, കമ്മ്യൂണിസം, അങ്ങനെ അത് പോകുന്നു. മനുഷ്യന്റെ യഥാർത്ഥ സാമൂഹ്യജീവിതം ആരംഭിക്കുന്നത് വർഗരഹിതമായ സമൂഹത്തിലെന്നാണ് മാർക്സ് പറഞ്ഞിരിക്കുന്നത്. അവിടെ നിന്നാണ് മനുഷ്യന്റെ യഥാർത്ഥ ചരിത്രമാരംഭിക്കുന്നത്. ഈ മനുഷ്യചരിത്രത്തിലെ വൈരുദ്ധ്യം സമൂഹവും വ്യക്തിയിലേക്കും എത്തും. മനുഷ്യചരിത്രമെന്ന സാർവത്രികപ്രമേയമാണ് ശാസ്ത്രീയ സോഷ്യലിസം, 'തൊഴിലാളിസർവാധിപത്യം'എന്നതെല്ലാം, കേവലഘട്ടങ്ങൾ മാത്രം. അതിനർത്ഥവും ഇതല്ല. സ്റ്റേറ്റിനെ

negate ചെയ്ത ഒരവസ്ഥ ആയിരുന്നു അത്. അതെല്ലാം 'സവിശേഷ പ്രമേയം' മാത്രം, അതാണ് ഞാൻ ഊന്നുന്നത്. ഇത് വെവ്വേറെ കാര്യങ്ങളല്ല, ഈ ഓരോ വൈരുദ്ധ്യവും എപ്പോഴും സമൂഹത്തിൽ നിലനില്ക്കുന്നു. സാഹോദര്യം, സമത്വം, സ്വാതന്ത്ര്യം, ഒന്ന് കഴിഞ്ഞു മാത്രം പരിണമിക്കുന്നതല്ല ഈ മൂന്നും. അതുകൊണ്ടാണ് ഈ പ്രതി ലോമരാഷ്ട്രീയത്തിന്റെ പരിപ്പ് ഇവിടെ ഇനിയും വേവാത്തത്. വലതുപക്ഷ ആശയവാദത്തിൽ വന്ന ഫ്രെഞ്ച് വിപ്ലവത്തിന്റെ രാഷ്ട്രീയ ദർശനമായിരുന്നു സാദാസോഷ്യലിസ്റ്റ് വീക്ഷണം. മാർക്സ് ശാസ്ത്രീയസോഷ്യലിസമാണ് പകരം പറഞ്ഞത്. എന്നിട്ട് മാർക്സിസം എന്താണ് മനുഷ്യ സമൂഹത്തിനു നൽകിയത്? ഫ്രെഞ്ചു വിപ്ലവത്തെപ്പറ്റി എപ്പോഴും നമുക്ക് ആയിരം നാവാണ്.

Human history's main feature since the bourgeois state being established is the contradiction between community and the state apparatus. From this drives sociological developments of Man. Human individuals are the ends for that history. So do not use man as means to your end. That is a great sin my friends. What is agreeable to reason is only divine according to me. Philosophy is never used as a servant of man, as it is using in religions now. Is China and Cuban societies are superior form of societies than our India? Is the mass liberated there? Are workers exercise controls over their products? Or over the State? Who owns the 'means of production' therein the so called socialist-countries?

വൈരുദ്ധ്യാത്മക തത്ത്വം

ഏതൊരു വാദത്തിനും എതിർപ്രമേയമുണ്ടെന്നും, അവ തമ്മിലുള്ള സമരത്തിലൂടെ പുതിയ വാദം ഉണ്ടാകുന്നു എന്നുമാണ് വൈരുദ്ധ്യാത്മക തത്ത്വം. അതിനേക്കാൾ ഏതു വാദത്തിലും ആ നിശ്ചിത വാദത്തിൽ ഒരു 'സ്ഥിരീകരണ'വും, 'നിഷേധ'വും ഉള്ളട ങ്ങിയിട്ടുണ്ട് എന്ന് നാം മനസ്സിലാകണം. അതായത് ഒരു പ്രസ്താവന പോലും കേവലമായി ശരിയല്ല എന്നു കരുതുന്നവരാണ് മാർക്സിസ്റ്റ്. പുരോഗമ വാദി എന്ന് പറയുന്നതാണ് ശരിയായ പ്രയോഗം. കാരണം മാർക്സ് പോലും താൻ മാർക്സിസ്റ്റ് എന്നു പറഞ്ഞിരുന്നില്ല, അതിനു കാരണമിതാണ്. മാർക്സ് എന്ന വ്യക്തിയെയല്ല നമ്മൾ പിന്തുടരുന്നത്. ആ ചിന്തയുടെ രീതി ശാസ്ത്രീയമാണ്. മുതലാളിത്ത



Louis_Auguste_Blanqui

വ്യവസ്ഥയ്ക്ക് എതിരെയുള്ള മുതലാളിത്തവിരുദ്ധ പ്രവണത അതാണല്ലോ 'സോഷ്യലിസം'. ഈ സോഷ്യലിസമെന്നതും കേവലമായ ഒരു പ്രാതിഭാസികതയല്ല. അതിനും സോഷ്യലിസത്തിന്റേതായ ഒരു 'സ്ഥിരീകരണ'വും, അടുത്ത നിലയായ 'കമ്മ്യൂണിസ'ത്തിലേക്കുള്ള അതിന്റെ 'നിഷേധവും',അതിൽ തന്നെയുണ്ട്. ആ ചരിത്രസത്യത്തെ നിഷേധിക്കുകയാണ് പ്രയോഗത്തിൽ ലെനിനിസ്റ്റ് പാർട്ടികൾ ചെയ്തത്. അവർ മാർക്സിസ്റ്റ രീതിശാസ്ത്രമായിരുന്നില്ല നടപ്പാക്കിയിരുന്നത്. ഹെഗേലിന്റെ ആശയങ്ങൾക്ക് മാറ്റം ഉണ്ടാകുമെന്ന പോലും, മനസ്സിലാക്കാത്ത 'പ്രതിവിപ്ലവത്തിന്റെ'സർവാധിപത്യ'ത്തിലായിരുന്നു, 'തൊഴിലാളിവർഗ സർവാധിപത്യം'. ഇതിനെതിരെയാണ് പൂർവ്വയൂറോപ്പിലും സോവിയറ്റ്യൂനിയനിലും ജനം ഇവരെ ഓടിച്ചതും.

ഉപകരണങ്ങൾ ഉണ്ടാക്കുകയും സമ്പത്ത് ആർജിക്കുകയും ചെയ്യുന്ന പരസ്പരസഹായ സഹകരണ സംവിധാനമാണ് സമൂഹമെന്ന് നാം ആദ്യലേഖനത്തിൽ തന്നെ പറഞ്ഞു വെച്ചിരുന്നതു ഓർക്കുക.

ബ്ലാന്കിസം

ഈ ബ്ലാന്കിസത്തെ എങ്ങനെ തിരിച്ചു മാർക്സിസ്റ്റ് പ്രസ്ഥാനമാക്കാം എന്നതിലാണ് നാം ഊന്നൽ കൊടുക്കേണ്ടത്. സോഷ്യലിസ്റ്റ്

പ്രസ്ഥാനങ്ങളുടലെടുത്തത് മുതലാളിത്തത്തിന്റെ ആരോഹണസ്റ്റേജിലായിരുന്നെങ്കിൽ ഇന്നത് അവരോഹണത്തിലാണ്. അതുകൊണ്ടുതന്നെ സോഷ്യലിസം എന്ന 'പോസ്റ്റ് കാപിറ്റലിസ്റ്റിക് വ്യവസ്ഥയും' പരുങ്ങലിലാണ്. പിന്നെ ആകെ ജനത്തിന് നല്ലാവുന്നത് ആധുനികമായ ഒരു ജനാധിപത്യ മാതൃക മാത്രമാണ്. അക്കാര്യത്തിൽ മാർക്സിസ്റ്റുകൾ മധ്യകാല യുഗത്തിന്റെ തലത്തിലുമാണ്. പിന്നെ എന്ത് ആശ? മാർക്സിസം സാർവലൌകിക വോട്ടവകാശവും, പ്രത്യക്ഷ ജനാധിപത്യ രീതിയുമാണ് ആധുനിക രാഷ്ട്രനിർമിതിയിൽ നല്കുന്നത്. അത് നിങ്ങൾ ലെനിനിസ്റ്റുകൾ കൊടുക്കുന്നില്ല എന്നത് പോട്ടെ പകരം കമ്മ്യൂണിസ്റ്റ പുരോഹിതരുടെ മതഭരണങ്ങളാണ് അവിടങ്ങളിൽ നടപ്പാക്കുന്നത്. പിന്നെ എന്ത് തള്ളിക്കേറ്റമാണ് ബുദ്ധിജീവികളിൽ നിന്നും സാധാരണ ജനങ്ങളിൽ നിന്നും അതിലേക്കു ഉണ്ടാകുക?

അപമാനവീകരണം

ഏതു തിര്യക്കിൽനിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത് അവനിലുള്ള 'ആത്മബോധ'മാണ് എന്നുപറഞ്ഞിരുന്നു. ഇത് ജനിതകമാണ്. ഈ ആത്മബോധം മനുഷ്യനിൽ പ്രവർത്തിക്കുന്നത് അവന്റെ ലിബെർടിയിലൂടെയും, സമൂഹത്തിലത് പൊതുബോധത്തിലൂടെയുമാണ് ഈ പൊതുബോധം മനുഷ്യന്റെ ആത്മബോധത്തിന്റെ ഒരളവു കൂടിയാണ്. നാട്ടുവാഴിത്തത്തിൽ അത് പ്രജ വരെ എത്തിച്ചേർന്നു. എന്നാൽ ബൂർഷ്വാ വ്യവസ്ഥിതിയിലത് പൗരനിലും എത്തി.എന്നാൽകമ്യൂണിസ്റ്റ പാർട്ടി അത് വീണ്ടും പ്രജയിൽ എത്തിച്ചു. ഇതാണവിടെ നടക്കുന്ന 'അപമാനവീകരണം'. ഇതിനെ നിഷേധിച്ചാൽതന്നെ ലിബെർടി ലഭിക്കും. ഇതാണ് ജനാധിപത്യത്തെ കുറിച്ചുള്ള നമ്മുടെ സമൂർത്ത കാഴ്ചപ്പാട്. എന്നാൽ അതിനെ ക്കുറിച്ചുള്ള അമൂർത്ത കാഴ്ചപ്പാടുകൾ, അടിമ-ഉടമ വ്യവസ്ഥയിൽ മനുഷ്യനിലുണ്ടായിരികണം. അന്നാവണം തത്വചിന്തകൾ ഉണ്ടായത്? മാർക്സിസം എന്ന് പറയുമ്പോളദ്ദേഹം പറഞ്ഞ അക്ഷരങ്ങളെ ആണ് ഇവർ ഊന്നുന്നത്, അർത്ഥങ്ങളെ പരിഗണിക്കുന്നില്ല. അതുകൊണ്ട് മാർക്സ് പറയുകയുണ്ടായി എനിക്ക് ആകെ അറിയാവുന്നത് താനൊരു മാർക്സിസ്റ്റ് അല്ല എന്നതാണ്. ഇന്നത്തെ ലെനിനിസ്റ്റുകൾക്ക് ആകെ അറിയാവുന്നത് അവർ ലെനിനിസ്റ്റുകളാണ് എന്നാണ്. ഇതാണ് മാർക്സും ഇവരും തമ്മിലുള്ള വ്യത്യാസം.

മുതലാളിത്തം ആദ്യമായി മനുഷ്യനെ ജനാധിപത്യം എന്ന ചരിത്രപരതയിലേയ്ക്കെത്തിച്ചു. എന്നാൽ അവിടെ ഉദ്യോഗസ്ഥ

വർഗ ദുഷ്പ്പഭുത്വം ഉണ്ടാക്കപ്പെട്ടു. ഈ ദുഷ്പ്പഭുത്വതിനെതിരെയുള്ള കലാപമായിരുന്നു മാർക്സ് തത്ത്വചിന്തകളിലൂടെ തുറന്നത്. ബൂർഷ വ്യവസ്ഥയിൽ നിന്നുള്ള നിഷേധമായി മാർക്സ് അതിനെ കരുതി. അതിനു അദ്ദേഹം കണ്ടത് സാർവർത്രിക വോട്ടവകാശവും. അത് എത്ര മാത്രം ഡയറക്റ്റ് ആകാമോ അതാണ് നിർദേശിച്ചതും. ആ അർത്ഥത്തിലാണ്എല്ലാ 'പരോക്ഷ പ്രാതിനിധ്യരൂപ'ങ്ങളെയും മാർക്സിസം നിരാകരിച്ചതും. അതായതു ബൂർഷ്വാ ജനാധിപത്യ ത്തിലെ 'ബ്യൂറോക്രസി'ക്ക് എതിരെയുള്ള നിഷേധമായിരുന്നു സോഷ്യലിസ്റ്റ് സാമൂഹ്യമാറ്റം, സാംസ്കാരിക തലത്തിൽ. മനുഷ്യന്റെ പ്രാധാന്യം എറ്റെടുത്തുകൊണ്ട് വികസന പ്രശ്നങ്ങളെക്കുറിച്ച് മാർക്സ് തന്റെ നിലപാടുകൾ ലോകത്തിനു മുന്നിൽ വെക്കുന്നത് ഇങ്ങനെ യായിരുന്നു. എന്നാൽ അതിന്റെ മുൻഗണനകളെ വർത്തമാന ലെനിനിസ്റ്റുകൾ അസംബന്ധമാക്കി എന്നതു പറഞ്ഞിരുന്നല്ലോ?

മനുഷ്യൻ

മനുഷ്യന് അവന്റെ ജൈവവ്യപാരങ്ങളും നിലനിൽപ്പിനു വേണ്ടിയുള്ള വ്യാപാരങ്ങളും രണ്ടാണ്. മനുഷ്യന്റെ 'ഇര, ഇണ തേടൽ' എല്ലാം ബോധപൂർവമായ പ്രവർത്തനമാണ്. കാരണം എന്താണ്? മനുഷ്യന്റെ സത്തപോലെതന്നെ അവന്റെ അസ്തിത്വവും കേവലമല്ല, നിശ്ചല യാഥാർഥ്യമല്ല ഇവയൊന്നും. കർമം എന്നത് അവന്റെ ഒരു ശൈലി തന്നെയാണ്, മാനുഷിക പ്രവർത്തനത്തി ലൂടെ അവൻ അവന്റെ അസ്തിത്വം മാനുഷികമാക്കാൻ ശ്രമിക്കുന്നു എപ്പോഴും. അതിനു വേണ്ടി പ്രകൃതിയിലുള്ള പ്രവർത്തനവും, സമൂഹ ത്തിന്റേതു ആയാലും മനുഷ്യന്റെ ആത്മബോധത്തെ ആശ്രയിച്ചാണ് അവൻ കർമം ചെയ്യുന്നത്.

ആത്മബോധം എന്നത് നിശ്ചല യഥാർഥ്യമല്ല. നിലനിൽപ്പിന് വേണ്ടിയുള്ള അവന്റെ അദ്ധ്വാനം അപ്പോഴുള്ള മാനുഷിക സത്ത അനുസരിച്ചാണ് രൂപംകൊള്ളുന്നത്. അതുകൊണ്ട് നിലനിൽപ്പിന് വേണ്ടിയുള്ള ഒരു മൃഗത്തിന്റെ പ്രവർത്തനത്തെ അദ്ധ്വാനം എന്നു വിളിക്കുന്നില്ല. കാരണം അത് ആ മൃഗത്തിന്റെ ജൈവസത്തയുടെ മാത്രം പ്രകാശനമാണ്; വെറും ജൈവ-സ്വയ പ്രവർത്തനം മാത്രമാണത്. മൃഗത്തിന്റെ സത്തയും, അസ്തിത്വവും ഒന്നു തന്നെയാണ്. എന്നാൽ മനുഷ്യന്റെ അദ്ധ്വാനമെന്നത് പ്രകൃതിയുടെ മേലുള്ള അവന്റെ ബോധത്തിന്റെ പ്രവർത്തനമാണ്. ആദ്യം മനസ്സി ലാകേണ്ടത് മനുഷ്യന് ബോധമുണ്ട് എന്നതാണ്.

അതായത് മനുഷ്യൻ പ്രാഥമികമായി ഒരു 'മൃഗം' തന്നെയാണ്. സ്വയം നിലനില്ക്കുന്നതിനും വംശത്തെ നിലനിർത്തുന്നതിനും വേണ്ടിയുള്ള അബോധപ്രവർത്തനമാണ് ഒരു മൃഗം നടത്തുന്നത്, എന്നാൽ മനുഷ്യന്റെ ചരിത്രവും സംസ്കാരവും ജൈവഭിന്നമായ സാമൂഹിക ചലനത്തിന്റെ സൃഷ്ടിയാണ്. ഈ സാമൂഹ്യ ചലനങ്ങൾക്ക് ഒരു കർത്താവ് വേണം, അത് മനുഷ്യനെന്ന 'മൃഗ'മാണ് നിർവഹിക്കുന്നത്. എന്നാൽ മനുഷ്യൻ മൃഗത്തിൽപെടുന്നില്ല. കാരണം സ്വയംവികസിക്കാൻ മനുഷ്യനു കഴിയുന്നുണ്ട്. ഇത്തരം വികസനം മൃഗങ്ങളിൽ നടക്കുന്നില്ല. മനുഷ്യനിൽ ഈ വികസനം സാദ്ധ്യമാകുന്നത് ജൈവപരമായും, സാമൂഹ്യപരമായുമാണ്.

ജീവലോകത്ത് രണ്ടു വർഗങ്ങളേയുള്ളൂ, മൃഗങ്ങളും ചെടികളുമെന്നത് നിങ്ങൾക്കറിയാം. ഇവിടെ മനുഷ്യന്റെ സ്ഥാനമെന്താണ്? മനുഷ്യനെ മറ്റ് ജീവികളിൽനിന്നുമെങ്ങിനെ വേർതിരിക്കാം അല്ലെങ്കിൽ നിർവചിക്കാം? ആത്മബോധത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യനെ മറ്റ് ജീവികളിൽ നിന്നു വേർതിരിക്കാനാവുന്നത്. പ്രകൃതിയിൽ സ്വന്തം നിലനിൽപ്പിനെക്കുറിച്ച് തിരിച്ചറിവുള്ള ഒരു 'മൃഗ'മാണ് മനുഷ്യൻ. ആത്മബോധമുള്ള ജീവിയാണ് മനുഷ്യൻ. താൻ നിലനിൽക്കുന്ന പ്രകൃതിയിൽനിന്നും വ്യത്യസ്തമാണ് തന്റെ നിലനിൽപ്പ് എന്നു തിരിച്ചറിയലാണ് ആത്മബോധമെന്നത്. ഇന്ന് കാണുന്ന തിര്യക്കുകളിൽ മനുഷ്യനേ ഉള്ളൂ ഇത്. അതായത് ഇവിടെയാണ് ഒരു മൃഗവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നത്. ഏത് ജീവിയാണോ താനൊരു മൃഗം ആണെന്ന് തിരിച്ചറിയാത്തത് അവയെ മൃഗം എന്നു പറയാം. തന്റെ നിലനിൽപ്പിനെയപേക്ഷിച്ച് അനന്തമായ പ്രപഞ്ചത്തിൽ നിന്നു ഭിന്നമായാണ് തന്റെനിലനിൽപ്പ് എന്നു തിരിച്ചറിയുന്നവൻ മനുഷ്യനെന്ന് ചുരുക്കം, തിരിച്ചറിയാത്തത് മൃഗം. അതുകൊണ്ടു മൃഗം പ്രകൃതിയെ തന്നെ തിരിച്ചറിയുന്നില്ല, മനുഷ്യനത് തിരിച്ചറിയുന്നു. തന്റെ നിലനിൽപ്പിനെയും, അതിനനുസരിച്ച് പ്രകൃതിയെയും തിരിച്ചറിയുന്നു. ഈ തിരിച്ചറിവു സ്വഭാവത്തെയാണ് ആത്മബോധം എന്നു പറയുന്നത്. ഈ ആത്മബോധത്തിലൂടെ പ്രകൃതിയെയും, തന്നെയും വസ്തുനിഷ്ഠമായി ഗ്രഹിക്കുന്ന മനുഷ്യൻ.അപ്പോൾ ആത്മബോധം പ്രകടിപ്പിക്കുന്ന മൃഗത്തെയാണ് മനുഷ്യനെന്നു നിർവചിക്കുന്നത്. മൃഗത്തിൽനിന്നും മനുഷ്യനായി വിച്ഛേദിക്കുന്നത് അങ്ങനെയാണ്.

ആത്മ ബോധത്തിന്റെ രൂപീകരണത്തോടെ രണ്ടു ഘടകങ്ങൾ അനിവാര്യമാകുന്നു, ഒന്ന് വസ്തു പ്രകൃതിയും, രണ്ട് ആത്മ പ്രകൃതിയും.

ബാഹ്യ പ്രകൃതിയിൽനിന്നും വ്യത്യസ്തനാണ് താനെന്നു തിരിച്ചറിയണമെങ്കിൽ വസ്തു പ്രകൃതിയിൽനിന്നു ഭിന്നമായ ഒരു സത്ത വേണം. അതായത് മറ്റ് മൃഗങ്ങളെപ്പോലെ സ്വയം വർദ്ധിക്കുന്നതായ ഒരു പദാർത്ഥ സംയുക്ത അവസ്ഥയല്ല മനുഷ്യനെന്ന് തിരിച്ചറിയണം. കേവലം ജൈവ വ്യാപാരങ്ങളുടെ ആകത്തുക ആയി നിൽക്കുന്ന മൃഗം പ്രകൃതിയുടെ അടിമ മാത്രമാണ്, അല്ലെങ്കിൽ പ്രകൃതിയുടെ ഭാഗം മാത്രമാണ്. മനുഷ്യൻ തന്റെ ഇച്ഛാപരമായി ചലിക്കാനാഗ്രഹിക്കുന്നു, എന്നാൽ മൃഗം അനൈച്ഛികമായി ചലിക്കുന്നു. അങ്ങനെ പ്രകൃതിയുടെ സാധാരണ ചലനനിയമങ്ങളിൽനിന്നും മോചനം നേടിയ ആ പദാർത്ഥ സംയുക്തത്തെയാണ് മനുഷ്യനെന്നു നിർവചികുന്നത്. അതായത് പ്രകൃതിയെ സ്വാധീനിക്കാവുന്ന മറ്റൊരു ശക്തിയായി മുക്തിപ്രാപിച്ച മൃഗം എന്നും പറയാം. ഒരു വശത്ത് പ്രകൃതിയുടെ ഭാഗം ആയിരിക്കുകയും, മറുവശത്ത് പ്രകൃതിക്കെതിരെ ആയിരിക്കുകയും ചെയ്യുക ഇതാണ് പ്രകൃതിയുമായി മനുഷ്യനുള്ള വൈരുദ്ധ്യാത്മകത!

മനുഷ്യൻ പ്രകൃതിയിൽനിന്നും അദ്ധ്വാനത്തിലൂടെ വിഘടിക്കുന്നു. അതിലൂടെ അവന്റെ ഒറിജിനൽ സത്തയിൽനിന്നും ഭൗതിക പ്രകൃതിയിൽനിന്നും അകന്നുപോകുന്നു. അത് എങ്ങനെ പരിഹരിക്കുമെന്നതിന് എനിക്ക് ഉത്തരമില്ല. അവിടെയാണ് എന്റെ 'ബ്രഹ്മം' എന്ന സങ്കല്പനം വരുന്നത്. പ്രകൃതിക്കെതിരെയുള്ള പ്രവർത്തനമാണ് അദ്ധ്വാനത്തിലൂടെ മനുഷ്യൻ നടത്തുന്നത്. അതുകൊണ്ടാണ് അവന് ആത്മബോധം ഉണ്ടെന്ന് പറഞ്ഞതും. ഈ ആത്മബോധത്തിലൂടെ മനുഷ്യൻ സ്വയം മറ്റൊരു വസ്തു ആവുന്നു. അങ്ങനെ അവന്റെ അസ്തിത്വം തന്നെ അവന്റെ സത്തയ്ക്ക് എതിരാവുന്നു. ഇങ്ങനെ തന്നെ സാമൂഹ്യജീവിതവും അവനെ യഥാർത്ഥ പ്രകൃതിയിൽനിന്നകറ്റുന്നു. ഇത് തിരിച്ചു പിടിക്കാൻ അവൻ തത്വചിന്തയിലൂടെയാണ് ശ്രമിക്കുന്നത്. വേറെ ഒരു വഴിയുമില്ല.

റാഷനലിസം—അനുഭവികത

ഡെകാർത്തെയുടെ കേവലയുക്തിവാദത്തോടു (rationalism) അനുഭിവികതയും (empiricism) ചേർന്നാണ് 'യഥാർത്ഥ അറിവ്'ണ്ടാകുന്നത് എന്നു കണ്ടെത്തുന്നത് Kant ആണ്. മാർക്സ് തന്റെ ചിന്തയുടെ 'പൂർവപക്ഷം'ആയി പരിഗണിക്കുന്നതും കാൻറിനെയാണ്. എന്നാൽ ഇന്നത്തെ ലെനിനിസം അനുഭൈവകതയിലേയ്ക്ക് മനുഷ്യന്റെ അറിവിനെ ന്യൂനീകരിച്ചു, എന്നതാണു എന്റെ പ്രമേയം. അതിനെയാണ് ഞാനീ 'വർത്തമാന

ലെനിനിസ്റ്റ്'കളെന്നു വിവക്ഷിക്കുന്നത്! ഇവിടെ sophistry യല്ല ഞാനാഗ്രഹിക്കുന്നത്, സംവാദമാണ്. 'പുരോഗമനവാദികൾ' എന്നു പറയുന്നത് empiricist കളായി, ന്യൂനികരിച്ചിരിക്കുന്നു. പൂർവ നിശ്ചിതമായ ഒരു സൈദ്ധാന്തിക ചട്ടക്കൂടിനകത്ത്, "from axioms to phenomenon' എന്ന രീതിയിലുള്ള കേവലയുക്തി പ്രയോഗമാണ്, മാർക്സിസ്റ്റുകൾ (ലെനിനിസ്റ്റുകളും മാവോയിസ്റ്റുകളും എല്ലാം) നടത്തുന്നത് എന്നു പറയുന്നതാണ് കൂടുതൽശരി! മൃഗങ്ങളിൽ കാണുന്ന 'സ്വയാർജിത സ്വഭാവങ്ങൾ'പോലും മനുഷ്യനിലില്ല എന്നാണ്, ഇവർ പറയുന്നത്?

വിശ്വാസം

ഇവിടെ ഏകശരിയേയുള്ളൂ, ഏക ദൈവമേയുള്ളൂ എന്നൊന്നും എത്തിച്ചേരാൻ, എന്റെ ജനാധിപത്യബോധം സമ്മതിക്കുന്നില്ല. ഞാനതുകൊണ്ട് വിശാസത്തിന്റെ കാര്യത്തിൽ, ലിബറൽ നിലപാട് പുലർത്തുന്നു. അന്യവൽക്കരണത്തിൽ നിന്നുമാണ് മനുഷ്യനിങ്ങിനെ വിശ്വാസത്തിലേയ്ക്ക് വരുന്നത് എന്നത്കൊണ്ട്, അതൊരു പാതകമായി ഞാൻ ഗൌനിക്കുന്നില്ല എന്ന് മാത്രം!

'മൗലിക വാദം'

നമ്മൾ കാണുന്ന സത്യത്തെക്കാൾ വലിയ സത്യങ്ങൾ പുറത്തുണ്ടെന്നു കാണാതിരിക്കലിനെയാണ് നമ്മൾ 'മൗലിക വാദം' എന്നു പറയുന്നത്; ഈ മതത്തിൽ ജനിച്ച് മരിച്ചാൽ മാത്രമേ പരലോകത്ത് സ്വർഗ്ഗം കിട്ടുവെന്നുമൊക്കെയുള്ള നിലപാട്. ഈ വർഗ്ഗരഹിത കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയെ വിഭാവനംചെയ്യുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ലെനിനിസ്റ്റ് സംഘടനാരീതി, ജനാധിപത്യ സംവിധാനത്തിന് വിരുദ്ധമാണ്. ഇതാണ് ലെനിനിസത്തിലെ മൗലികവാദം. ചരിത്രത്തിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ പതനത്തിലേക്ക് നയിച്ച സംഭവങ്ങളിലേക്ക് നോക്കുന്ന ആർക്കും, ഇക്കാര്യം ബോധ്യമാകും. ഇത്തരം ഒരു സാഹചര്യത്തിലാണ് ലോകത്തിലെ പല കമ്മ്യൂണിസ്റ്റ് പാർട്ടികളും സോഷ്യൽഡമോക്രാറ്റുകളായതും, മറ്റ് ചിലവ മാർക്സിസത്തെ പുനർവായനക്ക് വിധേയമാക്കുന്നതും. എന്നാൽ അത്തരം നിയമാവലിക്ക് പുറത്ത് മനുഷ്യനെ മുന്നോട്ട് നയിക്കാൻകഴിയുന്ന എന്ത് സന്ദേശമാണ് നിങ്ങൾക്ക് നൽകാൻ കഴിയുക, എന്ന ഗൗരവമാർന്ന ചോദ്യവും ഉയരുന്നുണ്ട്.

തീർച്ചയായും മനുഷ്യന്റെ അഭയകേന്ദ്രമായി കാണുന്ന എല്ലാറ്റിനേയും പാടേനിരാകരിക്കുകയല്ല, മറിച്ച് ഇത്തരം

സംഘടനാ സംവിധാനങ്ങൾ ജനാധിപത്യവത്കരിക്കുക യാണ് പ്രഥമികമായി ചെയ്യേണ്ടത്. അതായത് ഏതൊരാൾക്കും അവന്റെ'മത'ത്തിനു പുറത്ത് കടക്കാനും, മറ്റൊരു മതത്തിൽ ചേരാനും, ചേരാതിരിക്കാനും, നിർഭയമായി അഭിപ്രായം പറയാനും, അങ്ങനെ 'വിയോജിക്കാനുമുള്ള സ്വാതന്ത്ര്യം' അംഗീ കരിക്കുന്ന, സംഘടനാ സംവിധാനങ്ങൾക്ക് മാത്രമെ, ചരിത്രത്തെ മുന്നോട്ട് നയിക്കാനാവൂ. പിന്നെയുള്ള ചോദ്യം നിയമാവലി അനുസ രിച്ചുള്ള സംഘടനാ സംവിധാനങ്ങൾ ഏത്രനാൾ നിലനിൽക്കുമെ ന്നതാണ്. അത് പൂർണ്ണമായും, മനുഷ്യബോദ്ധ്യത്തെ ആശ്രയിച്ച കാണേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യസമൂഹത്തിന്റെ മുമ്പിലുള്ള ദർശനധാരകൾ ഒന്ന് ആശയവാദത്തിലും മറ്റൊന്ന് ഭൗതികവാദത്തിലുമാണ്.

ആശയവാദം

ആശയവാദം പൂർണ്ണമായും പ്രപഞ്ചോൽപത്തി മുതൽ അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന എല്ലാറ്റിനും കാരണഭൂതമായി പറയുന്നത് 'ദൈവ'മെന്ന അദൃശ്യശക്തിപ്രവാഹത്തെയാണ്. അതു കൊണ്ട് മനുഷ്യന് ഉത്തരം കണ്ടെത്താൻ കഴിയാത്ത സമസ്യകൾ നിലനിൽക്കുന്ന കാലത്തോളം മതദർശനങ്ങളും അതിന്റെ സംഘട നാസംവിധാനങ്ങളും പല രൂപത്തിലും നിലനിൽക്കും. കാരണം ഇത് വിശ്വാസമാണ്. വിശ്വാസത്തിൽ യുക്തിചിന്തക്ക് സ്ഥാനമില്ല.

വളരെ കുറഞ്ഞതോതിൽ ഊർജം ഉൾക്കൊള്ളുന്നതും എന്നാൽ വളരെ ഊർജമുള്ള പ്രപഞ്ചമായി മാറാൻ തക്ക ശേഷി ഉള്ള 'വിർച്വൽ പാർട്ടിക്ക്ൾ' ആണ് ഈ 'ഹിന്ദു ബ്രഹ്മം' എന്ന് അവർ പറയുന്നത്. 'ആന്റി പോസിറ്റിവിസം' ആണെങ്കിലും എങ്ങനെ എതിർക്കാനാകും ? പോസിറ്റിവിസ്റ്റുകൾ എമ്പിരിസിസ്റ്റ് ആയിരിക്കുന്ന അവസ്ഥയിൽ.

ഭൗതികവാദം

എന്താണ് ഭൗതികവാദം? ഭൗതികവാദം ആശയവാദത്തെ തീർത്തും നിരാകരിക്കുകയാണ്. പ്രപഞ്ചമടക്കമുള്ള എല്ലാ 'നിഗൂഢത'കളും ശാസ്ത്രത്തിന് മുമ്പിൽ തെളിഞ്ഞുവരുമെന്നും ഇത്തരം നിഗൂഢതയ്ക്ക് പിന്നിൽ പ്രത്യേകിച്ച് ഒരു ബാഹ്യശക്തി യുടെ ഇടം ഭൗതികവാദികൾ അംഗീകരിക്കുന്നില്ല. അതുകൊ ണ്ടുതന്നെ മാർക്സിസമടക്കമുള്ള ഭൗതികവാദ ദർശനങ്ങൾക്ക്

കൂടുതൽ തെളിമയാർന്ന ശാസ്ത്രസത്യങ്ങൾ മാത്രമേ അംഗീകരിക്കാനാവൂ എന്നതുകൊണ്ട് വിശ്വാസത്തിൽ ജനാധിപത്യത്തിന്റെ ഇടപെടലുകളെ പൂർണ്ണമായും തള്ളിക്കളയാനാകില്ല.

തീർച്ചയായും മാർക്സിസം വിശ്വാസത്തിൽ ജനാധിപത്യത്തിന്റെ സാധ്യതകളെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. സിൻക്രെറ്റോ മാർക്സിസം (synchreto Marxism) എന്ന ഒരു ധാര മാർക്സിസത്തിന് ഉണ്ട്.

### ജനാധിപത്യം മാർക്സിസത്തിൽ

പത്തൊമ്പതാം നൂറ്റാണ്ടിൽ മാർക്സിസം അഭിമുഖീകരിച്ച സാഹചര്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പുതിയ ലോകക്രമം എന്നതുകൊണ്ടും സിവിൽ സമൂഹത്തേയും അവരുടെ ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള ഇടപെടലുകളേയും, കാണാതെ മുന്നോട്ടു പോകാൻ ആർക്കും കഴിയില്ല. വിധി വിശ്വാസത്തെ മാത്രം ആശ്രയിച്ചുള്ള ആശയവാദത്തിൽനിന്നും തികച്ചും വ്യത്യസ്തമായ, ഭൗതിക യാഥാർത്ഥ്യങ്ങളെയും, ശാസ്ത്രത്തെയും, യുക്തിയെയും മുന്നിൽ വസ്തുനിഷ്ഠ സാഹചര്യങ്ങളെ പരിശോധിക്കുന്ന ഭൗതിക വാദദർശനത്തിന് നിലനിൽക്കണമെങ്കിൽ സ്വതന്ത്ര ചിന്തയും ജനാധിപത്യ ബോധവുമുള്ള ഒരു ജനതയുടെ പിൻബലം, അവശ്യം ആവശ്യമാണ്. എന്നാൽ അതില്ലാതാക്കാൻ ഉള്ള ശ്രമമാണ് അതിനുള്ളിൽതന്നെ നേതാക്കൾ നടത്തുന്നതും. ശരിയല്ലേ?

### ചരിത്രപരമായ ഭൗതിക വാദം

എന്താണ് 'ചരിത്രപരമായ ഭൗതിക വാദം' എന്ന് ഞാൻ പറഞ്ഞു നിർത്തിയത് ഓർക്കുന്നുവല്ലോ? അതായത് ഉത്പാദനശക്തികളും ബന്ധങ്ങളിലും ഉണ്ടാകുന്ന അസന്തുലനം വ്യവസ്ഥയിലുണ്ടാക്കുന്ന ഭൗതിക പ്രശ്നങ്ങളിൽ പുതിയ ഒരു വ്യവസ്ഥ മാറ്റത്തിനുള്ള കാരണങ്ങൾക്ക് വിത്ത് വിതയ്ക്കുന്നു. ഉല്പാദനത്തിൽ സമൂഹത്തിൽ demand -supply ചലനങ്ങളാണ് വ്യവസ്ഥ മാറ്റത്തിനു വേണ്ട പ്രസവവേദന ഉണ്ടാക്കുന്നത്. എന്നാൽ മുതലാളിത്തം ഈ വിഷയങ്ങളെ 'യന്ത്രവല്ക്കരണം' കൊണ്ടും, 'ക്ഷേമപ്രവർത്തനങ്ങൾ കൊണ്ടും മറികടക്കുന്നു. അതിലൂടെ കാപിറ്റലിസ്റ്റിക് ശക്തികൾക്ക് തൊഴിലാളി -രാഷ്ട്രീയ ശക്തികളെ മറികടക്കാനാകുന്നു. കൂടാതെ സംസ്കാരം എന്നത് ബൂർഷ്വാസികളുടെ കുത്തക ആകുന്നതു കൊണ്ടും ഇന്നത്തെ തൊഴിൽ ശക്തികൾ സ്വേച്ഛാധിപത്യ സാംസ്കാരിക

ഫാഷിസ്റ്റ് സ്വഭാവമുള്ള പാർട്ടികളായി നിലകൊള്ളുന്നതുകൊണ്ടും ഭൗതികമായും, ആത്മീയമായും, തൊഴിൽ ശക്തികൾ ബൂർഷ്വാ ശക്തികളുടെ നിലവാരത്തിനേക്കാൾ മോശമായി നിലനില്ക്കുന്നു. അത് അങ്ങനെ നിലനിർത്താൻ പാർട്ടികളിലെ പെറ്റിബൂർഷ്വാ വർഗം വളരെ ശ്രമിക്കുന്നുമുണ്ട്. അതുകൊണ്ട് ജനങ്ങളിലും, തൊഴിലാളികളിലും നിലവിലുള്ള വ്യവസ്ഥ മാറണമെന്ന ആഗ്രഹം ആശയരൂപത്തിൽപ്പോലും നിലവിലില്ലെന്ന് ഞാൻ കരുതുന്നു. കമ്മ്യൂണിസ്റ്റു രാഷ്ട്രീയ പ്രവർത്തകർക്ക് ഭരണം ഉണ്ടായാൽ കൊള്ളാമോയെന്ന തോന്നലുമുണ്ട്. നിലവിൽ ഉള്ളതിനെക്കാൾ നല്ല ഒരു ജനാധിപത്യ മാതൃക തൊഴിലാളി ശക്തികൾ നല്കുമെന്ന്, ജനത്തിനും വിശ്വാസമില്ലാതാകാൻ അതിലെ കാഡർമാർ മാക്സിമം ശ്രമിക്കുന്നുണ്ടെന്നാണ് എന്റെ നിരീക്ഷണം. തൊഴിലാളി നേതാക്കൾക്കും അതറിയാം. ഒരു മധ്യകാലഘട്ടത്തിലെ മതഭരണ മാതൃകയാണ് ഇവർ ലോകത്തിനു നൽകിയത്, ലെനിനിസത്തിന്റെ പേരിൽ? അതായതു മാർക്സ് ചരിത്രത്തിന്റെ മൂലഹേതു വർഗസർവ്വാധിപത്യത്തിൽ അവസാനിക്കുമെന്നു പറഞ്ഞു. അതിന്റെ സാംസ്കാരിക ആശയതലം പോലും സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ, വർത്തമാന മാർക്സിസ്റ്റു പ്രസ്ഥാനങ്ങൾക്ക് ആത്മീയതലത്തിലെങ്കിലും ആകുന്നില്ല. അതിനു കാരണം കഴിഞ്ഞ നൂറ്റാണ്ടിൽ നമുക്ക് മാതൃകയായി അവതരിപ്പിച്ച മൂന്നാം (third) ഇന്റർനാഷണൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ വളരെ അധമമായ ഭരണമാതൃകകളാണ് സംഭാവന ചെയ്തത് എന്നതാണ്.

എന്ത് വേണം ?

ജനാധിപത്യത്തിന്റെയും സഹോദര്യത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും ആധുനികഘട്ടത്തിൽ വ്യക്തിയുടെ ലിബെർടെറിയൻ കാഴ്ചപ്പാടുകളാണ് എക്കാലത്തെയും കേന്ദ്രപ്രശ്നം. ഇതിനെ കേന്ദ്രീകരിച്ചു കൊണ്ടാണ് 'തത്ത്വചിന്താപരമായ വർഗസമരം' ഉണ്ടാകുന്നത്. അതിനോടൊപ്പം ചേർന്ന് 'രാഷ്ട്രീയപരമായ വർഗസമര'ങ്ങളും ആശയങ്ങളും ഉണ്ടാകുന്നു. എന്നാൽ ഏതു രാഷ്ട്രീയ സമരങ്ങളും കേന്ദ്രമാക്കുന്നത് 'സാമ്പത്തിക മേഖലയിലെ വർഗസമര'ത്തെയുമാണ്. ഇതാണ് മാർക്സിസ്റ്റ്പ്രമേയം.

ആധുനിക മനുഷ്യൻ എന്തായിരിക്കണം എന്ന ഉൾവെളിച്ചമില്ലാതെ സാമ്പത്തിക മേഖലയിലെ വർഗസമരത്തിലൂടെ നേതാവാകുന്നവരും, അതിലൂടെ CC, PB അംഗങ്ങൾ ആകുന്നവരും, അതിലൂടെ

ഫീഡർ category promotions വഴി നേതാവ് ആകുന്നതും ബ്യൂറോക്രാറ്റിക് ഘടന ആണുണ്ടാക്കുന്നത്. ഇത് അമാർക്സിസ്മാണ്, ഒരു സൈനിക രീതിയാണത്. ഇതാണ് ബോൾഷെവിക് എന്നു പറഞ്ഞ് നമ്മെ പീഡിപ്പിക്കുന്ന സംവിധാനം. ഇതഴിച്ചു പണിയാതെ ഒരു നല്ല പ്രസ്ഥാനം ഉണ്ടാകില്ല. കാലിന്നടിയിലെ എല്ലാ മണ്ണും ഒലിച്ചു പോയാലും മണൽതിട്ടയിലുറച്ച കപ്പലിനെപ്പോലെ അവിടെ തന്നെ തുടരുന്ന 'ആദർശ' വാദികളെന്നാണ് ഇക്കൂട്ടർ അവകാശപ്പെടുന്നത്. മാർക്സിസം ഒരു നിർദ്ദിഷ്ട ആദർശാത്മകത പറയുന്നില്ലെങ്കിലും. ഒരിക്കലും സാമൂഹ്യപരമായും, രാഷ്ട്രീയപരമായും പിന്നോട്ടല്ല പ്രസ്ഥാനം പൊകേണ്ടത്, മുന്നോട്ടാണ്. എന്നാൽ ബൂർഷ്വാ സമൂഹത്തിൽനിന്നും ഒസ്യത്ത് ആയി കിട്ടിയ അവകാശങ്ങൾ പൗരന് നഷ്ടപ്പെടുത്തുകയുമരുത്.

അങ്ങനെ രോഗി ഇച്ഛിച്ചതും വൈദ്യനാഗ്രഹിച്ചതും മൂലം ഒരു പുരോഗമന ചിന്തതന്നെ നശിപ്പിക്കപ്പെട്ടു. ഇതാണ് മാർക്സ് പറഞ്ഞ ചരിത്രപരമായ ഭൗതികത്തിന് ഇപ്പോഴുള്ള കമ്മ്യൂണിസ്റ്റുകളിൽ നിന്നും, തൊഴിൽ ശക്തികളിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതും വെച്ച് എങ്ങനെയൊരു പ്രസവവേദന ഉണ്ടാകും? ഗർഭം ഉണ്ടായാലല്ലെ അത് പ്രതീക്ഷിക്കാൻ ആവൂ? ഗർഭം ഇല്ലെങ്കിൽപ്പിന്നെ എന്ത് പ്രസവവേദന, എന്ന് ഉണ്ടാകാനാണ് ?

### ബോധം വികസിക്കുന്നത്

എങ്ങനെയാണ് നമ്മുടെ മനുഷ്യബോധം പ്രവർത്തിക്കുന്നതെന്ന് നോക്കാം. മനുഷ്യശരീരത്തിലെ ബോധം വികസിക്കുന്നത് എങ്ങനെയാണ്? എന്തെല്ലാം കാര്യങ്ങളാണ് നമ്മുടെ ചിന്തയെ ഉദ്ദീപിപ്പിയ്ക്കുന്നത്? ശരീരത്തിലെ ഓരോ ഇന്ദ്രിയങ്ങളും തലച്ചോറിലേയ്ക്ക് സന്ദേശങ്ങളയക്കുന്നു.'തലച്ചോറിലവയെ സ്വാംശീകരിച്ചു ഒരു'പ്രോടോടൈപ്പ്' ചിന്ത ഉണ്ടാകുന്നു. ഇതാണ് 'മെറ്റാപ്രോഡക്ട്' എന്ന് പറയുന്നത്. ഈ ഉല്പന്നങ്ങൾ വീണ്ടും മനസ്സിൽ പ്രവർത്തിച്ച് 'സിന്തസിസ്' വഴി നമ്മുടെ ബോധത്തെ വികസിപ്പിക്കുന്നു. ഇതാണ് തലച്ചോറിൽ നടക്കുന്നത്. ആ ചിന്തകളുമായി ആദ്യം അവന്റെ മനസ്സിൽ തന്നെ, സംവാദം നടക്കുന്നു. അതാണ് internal speech. അതവിടെ ചിന്തിച്ചു ഉറപ്പാക്കിയ ശേഷം externalലായി സ്പീച്ച് ചെയ്യുന്നു. ഈ സ്പീച്ച് internalസ്പീച്ച് പോലെയല്ല, ബുദ്ധിയുള്ളതാകണം. ഇങ്ങനെയാണ് തലച്ചോറിൽ 'മെറ്റാ പ്രോഡക്ട്' ഉണ്ടാകുന്നത്. അത് ജനിതക കഴിവാണ്. ബ്രെയിനിലെ ഭാഷ ജന്മജമാണ്. ഈ പ്രോഡക്ടുകൾ വീണ്ടും സിന്തസിസ് വഴി നമ്മുടെ ബോധത്തെ

വികസിപ്പിക്കുന്നു. കാഴ്ച, കേൾവി, ഗന്ധം, രുചി, സ്പർശന ശക്തി ഇവയിലൂടെയാണ് ബ്രെയിൻ 'മനസ്സിലാക്കൽ' എന്ന പ്രക്രിയ നടത്തുന്നത്. ഹരിതകത്തിന്റെ സഹായത്താൽ ചെടി ആഹാരം പാകം ചെയ്യുന്നതു പോലെയാണിത്. ഇവയിലൂടെ മനുഷ്യന് അനുഭവങ്ങൾ ഉണ്ടാവുകയും, അവ മനസ്സിൽ പതിയുകയും, അവിടെ വീണ്ടും ഒരുധാരണ ഉണ്ടാക്കുവാനുള്ള ശ്രമം നടക്കുകയും ചെയ്യുന്നു.

ഈ പുതിയ അനുഭവങ്ങൾ അനുസരിച്ച് ബോധം വീണ്ടും നമ്മുടെ അവയവങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു. 'ബോധം' അങ്ങനെ ശരീരത്തെ നിർദ്ദേശങ്ങളിലൂടെ സംരക്ഷിക്കുന്നു. അപകട ങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ, എന്തെങ്കിലും നിരസിക്കാനുള്ള നിർദ്ദേശങ്ങൾ, സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവയെല്ലാം ബോധം നൽകുന്നുണ്ട്. ബോധം വളരുന്നതിനനുസരിച്ച് ആ മനുഷ്യനു 'monistic' ആകുവാനും കഴിയുന്നു. ബോധം ഇങ്ങനെ മെറ്റാ ചിന്തകളോടെ തുടർന്നും വളരുന്നു. ഇങ്ങനെയാണ് നന്മയും തിന്മയും ഉള്ള സമരം തലച്ചോറിൽ നടക്കുന്നതും. ഇത് മനുഷ്യന്റെ ജനിതകമായ സവിശേഷതയാണ്. തലച്ചോറിനെ ഒരു പ്രവർത്തന ത്തിന്, ഒരു ലക്ഷ്യമായി പ്രവർത്തിക്കുന്നവരിൽ, ആദ്യം വേണ്ടത് ഈ 'ജൈവ സമുച്ചയ ചിന്ത'യാണ്. എന്നാൽ ഈ ചിന്തയെ തന്നെ ലെനിനിസ്റ്റുകളുടെ കേവല ഭൗതികം നിഷേധിക്കുന്നു. ഇങ്ങനെ'മെറ്റ പൊളിറ്റിക്സ്'' അല്ലെങ്കിൽ 'Meta-Thoughts' ഉള്ളവർക്കേ ജനത്തെ നയിക്കാനാവൂ. ഇവർക്കു മാത്രമേ പ്രത്യേക ലക്ഷ്യം നേടിയെടുക്കു വാനുള്ള കഴിവുള്ള ഒരു സംഘത്തെ നയിക്കുവാൻ പ്രാപ്തി ഉണ്ടാകു. തുടർന്ന് ആ വ്യക്തിയെ സംരക്ഷിക്കേണ്ടതും പരിപോഷിപ്പിക്കേ ണ്ടതും സമൂഹത്തിന്റെ ചുമതലയാണ്. അങ്ങനെ ആ പ്രസ്ഥാനം മുഴുവനും അതിലെ ഓരോഘടകവും ഈ രീതിയിലുള്ള ഒരു ജൈവ സമുച്ചയമായി മാറുമ്പോൾ അവരുടെ ബോധ നിലവാരവും സമൂഹത്തിന്റെ സംസ്കാരവും വളരുന്നു, ഐക്യം വളരുന്നു. മനുഷ്യന് തികച്ചും സാമൂഹ്യ നിയമങ്ങളോട് ഒത്തൊരുമിച്ചു പോകാൻ തയ്യാറുള്ള ഒരു അവസ്ഥ വന്നു ചേരുന്നു.

### വിവിധ മനുഷ്യ അറിവുകൾ

മനുഷ്യ അറിവ് പല രൂപത്തിലുണ്ട്. പ്രകൃതിയെ, സമൂഹത്തെ, പരിസരത്തെ, മനുഷ്യനെ, അവനവനെക്കുറിച്ച് എല്ലാം മനുഷ്യൻ ഗ്രഹിക്കുന്നു, മനസ്സിലാക്കുന്നു, അറിവുകൾ രേഖപ്പെടുത്തി വെക്കുന്നു. ഇവിടെ നാം ഉപയോഗിക്കുന്നത് ഭൗതിക വാദത്തെയാണ്.

അതുകൊണ്ട് ആ വാദം തന്നെ പല വിധം ഉണ്ട്. എമ്പിരിസിസം, പോസിറ്റീവിസം, എന്ന രീതിയിൽ കേവല ഭൗതികമുണ്ട്. അതല്ല മെറ്റീരിയൽ ഫിലോസഫിയുണ്ട്. സയൻസ് കാര്യങ്ങളിൽ എല്ലാം സവിശേഷ മേഖലകളിലെ വസ്തുനിഷ്ഠ അറിവുകൾ ആയതു കൊണ്ട് അവയെ 'എമ്പിരിക്കൽ സയൻസ്' എന്നുപറയും. എന്നാലിവയെ എല്ലാം ഉപയോഗ്യമാക്കുവാൻ മനുഷ്യൻ ഒരു അറിയൽ പ്രക്രിയ–രീതി–വികസിപ്പിച്ചെടുക്കുന്നു. അവിടെ ഈ വിഷയമെല്ലാം മനുഷ്യൻ സാമാന്യവത്കരിച്ച് തത്ത്വചിന്തകളാക്കി, അതായത് ആശയരൂപത്തിൽ, ആക്കുന്നു. ഇവിടെ മനുഷ്യൻ രണ്ട് രീതികൾ അവലംബിക്കുന്നു. ഒന്ന് ആശയവാദപരമായി എല്ലാത്തിനേയും സാമാന്യവൽകരിക്കുന്നു, അത്തരം സാമാന്യവൽകരണത്തിന് ഏകപക്ഷീയത നൽകുന്ന ഒരു രീതി, വികസിപ്പിക്കുന്നു. ഇതാണ് തത്ത്വചിന്തയുടെ രീതി. എന്നാൽ ഇതിന്റെ പോരായ്മ തന്നെയാണ് ഈ 'സാമാന്യവൽകരണം'. അതിൽ 'പ്രത്യേകത്വ'ത്തിന് ശരിയായ രീതിയിൽ പ്രധാന്യമില്ലാതെ പോകുന്നു. അതുകൊണ്ടാണ് ആശയങ്ങൾക്കു വികാസമുണ്ടാകുന്നു എന്നറിയാതെ പോകുന്നത്. നാം ഇങ്ങനെ സാമാന്യവത്കരിക്കുന്ന ഏതു തത്ത്വവും രണ്ട് ഘടകങ്ങളെ ഉൾക്കൊള്ളുന്നു.ഒരു 'തെസീസും, ഒരു 'ആന്റിതെസീസും', ഒരു 'സ്ഥിരീകരണവും', ഒരു 'നിഷേധവും'. അതായത് ഒരു പ്രതിഭാസം അതായിരിക്കുമ്പോൾ തന്നെ, അത് മറ്റൊന്നു കൂടി ആയി മാറിക്കൊണ്ടിരിക്കുന്നു. ഇതാണ് അറിവിലെ വൈരുദ്ധ്യത്മകത, അതായത് പൂർണമായ ഒരു 'അതെ' ഇല്ല. 'Third International' communist party കൾ ഉണ്ടായതോടെ ഈ രീതിതന്നെ മാറി. അവിടെ മനുഷ്യൻ നേടുന്ന അറിവ്, പരിസരത്തു നിന്നാണ്, സാഹചര്യങ്ങളിൽനിന്നാണ് എന്നൊക്കെ പറയുന്നത് എത്ര ഭോഷ്കൻ ചിന്തയാണ് എന്ന് തോന്നുന്നില്ലേ ഇപ്പോൾ?

## സാമാന്യവല്ക്കരണത്തിന്റെ ന്യൂനത

ഇത്തരം സാമാന്യവൽകരണം, അടിസ്ഥാനപരമായി തെറ്റാണ്. ഈ പറച്ചിലിൽതന്നെ ഇത്തരം സാമാന്യവൽകരണ നിലപാടിന് കാരണമായ, ഒരു പ്രേത്യേകത്വവും ഇല്ല. അവർ അങ്ങനെ കരുതുന്നു. മാർക്സ് അതാണ് ഉദ്ദേശിച്ചത് എന്ന്തെറ്റായി ധരിക്കുന്നു, അല്ലെങ്കിൽ ധരിച്ചുവെച്ചിരിക്കുന്നു, അത്രമാത്രം. ഇത്തരം മാർക്സിസ്റ്റുകളെ ആണ് നാം നമ്മുടെ പരിസരത്ത് ഇന്ന് കാണുന്നതും.

### മനുഷ്യൻ ഒരിസത്തേയും വേൾക്കുന്നില്ല

മനുഷ്യൻ ജ്ഞാനോദായ കാലഘട്ടത്തിൽ (enlightened) എത്തിയ ശേഷമുള്ള വളർച്ചയാണ് മാർക്സിസം. ഈ പ്രപഞ്ചത്തെ ഓരോ വ്യക്തിയും അറിയുന്ന ആ വെളിച്ചമാണ്, നമ്മുടെ ബോധം. ഈ ബോധം എന്നത് ഫലത്തിൽ ഇന്ന് metaphysics ആണ്. നാളെ അതിന്റെ ശാസ്ത്രീയവശം മനുഷ്യൻ മനസ്സിലാക്കി എന്നുവരും. ഓരോ വ്യക്തിയുടേയും അകത്തും പുറത്തും നിറഞ്ഞിരിക്കുന്നത്, ഈ ബോധമാണ്. ഈ ബോധത്തിൽ നിന്നാണ്, അവർ തന്റെ ഭൗതിക ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നത്. അങ്ങനെ ആണ് മനുഷ്യന് ജനാധിപത്യം എന്ന ലക്ഷ്യം ഉണ്ടാകുന്നതും. അതിനു ഏറ്റവും നല്ല മാർഗത്തിലേക്കാണ് മനുഷ്യന്റെ ദാർശനികത വളർത്തുന്നത്. അതിന് 'ശാസ്ത്രീയ സോഷ്യലിസം ഒരു മാർഗം ആയി കാണുന്നു. സോഷ്യലിസം എന്ന് പേരിട്ടത് അതിന്റെ ആന്തരിക പൊരുത്തം കൊണ്ടാണ്; being and thinking ആയി പൊരുത്തമുള്ളത് കൊണ്ടാണ്. എന്ന് ഈ മാർഗം പൊരുത്തമില്ലാതെ ആകുന്നുവോ അന്ന് മനുഷ്യൻ അതിനെയും എതിർക്കും. അത്രമാത്രം! അങ്ങനെയാണ് മനുഷ്യ ചരിത്രവും, സാമൂഹ്യ ചരിത്രവും തമ്മിലുള്ള 'വൈരുദ്ധ്യാത്മക ബന്ധം' വളരുക. അല്ലാതെ മനുഷ്യനൊരു 'ഇസ'ത്തെയും കല്യാണം കഴിക്കുന്നില്ല; എല്ലാം ചരിത്രപരമാണ്.

മനുഷ്യൻ ഇമോഷനലായ, ജീവിയാണ്. Biological ആസ്പെക്ട്സാണ് മനുഷ്യപരമായ ആന്തരിക കഴിവുകൾ നമ്മ ളിലുണ്ടാക്കുന്നത്. സാമൂഹ്യപരമായി, സമൂഹത്തിൽ നിന്നും അറിവ് ആർജ്ജിക്കുന്നു അത് ഒരു നിശ്ചിതശതമാനം മാത്രം. എങ്കിൽപോലും അവ തലച്ചോറിൽ ഹരിച്ചും, ഗുണിച്ചും മൊക്കെയാണ് അറിവായി, നാം പരിഗണിക്കുന്നത്.

### അറിയൽ പ്രക്രിയ/രീതി

മനുഷ്യൻ ലോകത്തെ 'എംപിരിക്കൽ' ആയി മനസ്സിലാക്കുന്നു. ശാസ്ത്രംവഴി. എന്നാൽ മനുഷ്യന് മനസ്സ് എന്ന കാൻവാസ് ഉള്ളതു കൊണ്ട് അവയെ പരസ്പരം കൂട്ടി കെട്ടിയാണ് മനസ്സിലാക്കുന്നത്. അതിന് അവൻ ഒരു 'അറിയൽ പ്രക്രിയ/രീതി'' വികസിപ്പിക്കുന്നു. അവിടെ ഈ വിഷയങ്ങൾ മനുഷ്യൻ സാമാന്യവല്കരിച്ച് തത്ത്വചിന്തകളാക്കുന്നു, അതായത് ആശയരൂപത്തിലാക്കുന്നു. ഇതിനെ 'epistemology' എന്ന് പറയുന്നു. മാർക്സിയൻ epistemology

എന്നു പൊതുവേ അറിയുന്നു. ഇതെല്ലാം ചേർന്നതാണ് സാമൂഹ്യ പരിണാമത്തെ പറ്റിയുള്ള മാർക്സിസ്റ്റ് വീക്ഷണം. ഈ വീക്ഷണം സ്വയംഭൂവല്ല. ഉല്പാദനബന്ധത്തിലെ വികാസം, അതിന് അനുസൃതമായി ധൈഷണിക മേഖലയിൽ ഉണ്ടാകുന്ന വിപ്ലവം, അത് മൂലം സാമൂഹ്യരാഷ്ട്രീയ രംഗത്ത് ഉണ്ടാകുന്ന ചലനം, ഇവയെല്ലാം സംയോജിതമായി നിർദ്ധാരണം ചെയ്യപ്പെടുന്നു. ഇതിലൂടെ ഉണ്ടാകുന്ന ദർശനം മനുഷ്യനെ തന്നെ, മാറ്റി തീർക്കുന്നു. ഇതാണ് ഞാൻപറയുന്ന 'നാച്ചറൽ വൈരുദ്ധ്യവാദം.'

അറിയൽ എന്നത് ഒരു പ്രക്രിയയാണ്, മനുഷ്യനും അവന്റെ ബാഹ്യ പ്രകൃതിയുമാണ് അവിടെ വരുന്നത്. ബോധവും ശരീരവും ആണ് മനുഷ്യന്റെ മേഖല. അതിൽ, മനസ്സിൽ മാത്രമേ പരികല്പനകൾ ഉണ്ടാകൂ. ഇത്തരം ബോധത്തിന്റെ വികാസം ജീവികളിൽ മനുഷ്യനിലേ ഉള്ളൂ. നാം ലോകത്തെ മനുഷ്യ സഹായത്താൽ, അതായതു അവന്റെ യുക്തിയാൽ ആണ് ഗ്രഹിക്കുന്നത്. അതുകൊണ്ടു തന്നെ യുക്തി പ്രധാനമാണ്. യുക്തിതന്നെ രണ്ടു വിധത്തിൽ ഉണ്ട്. പിന്നെ സമൂഹത്തെ തന്നെ രണ്ട് രീതിയിൽ കാണുന്നവരുണ്ട് ഒന്നു വർഗ സമൂഹം,രണ്ടു വർഗേതര സമൂഹം. 'വർഗ സമൂഹം' എന്നത് 'അനിത്യ'മാണു. 'നിത്യ'മെന്നത് 'വർഗേതര മനുഷ്യൻ'.

## മാർക്സിസം ശാസ്ത്രമോ ദർശനമോ?

ഇനി മാർക്സിസം ശാസ്ത്രമോ ദർശനമോ എന്ന ചോദ്യം വരാം? അതിന്റെ ഫിലോസഫിക്കൽ തലം നമുക്ക് അനുദൈവികമായി തെളിയിക്കാനാകില്ല. പരിമിത മേഖല മാത്രമാണ് ശാസ്ത്രത്തിനു വിധേയമാകുന്നത്. അത് പലപ്പോഴും നിശ്ചിതമാണ്, സ്ഥൂലത്തിലെങ്കിലും. എന്നാൽ തത്ത്വശാസ്ത്രം പൊതുനിയമങ്ങളെയാണ് ആവിഷ്കരിക്കുന്നത്. അത് മനുഷ്യന്റെ അറിയൽപ്രക്രിയയിൽ ആത്മനിഷ്ഠമായി വരുന്ന ഒന്നാണ് താനും. അത് കൊണ്ട് ഓരോ മനുഷ്യനും ഒരു തത്ത്വചിന്തകൻ കൂടിയാണ്. അതുകൊണ്ടാണ് മനുഷ്യനു തന്റെ ബോധം കൊണ്ട് അസ്തിത്വത്തെ മാറ്റി മറിക്കാൻ ആവുന്നതും. ദാർശനിക ധാരണകൾ അനുഭവിക ശാസ്ത്രത്തിൽ നിന്നും വിഭിന്നമാണ്. ദാർശനികതയിൽ മനുഷ്യനൊരു സാമൂഹ്യജീവിയായാണ് പ്രവർത്തിക്കുന്നത് ശാസ്ത്രീയതയിൽ ഒരു 'സ്പെഷീസ് ബിംയിഗ്' തലം മതി. മാർക്സിസ്റ്റുകൾ പലപ്പോഴും ഈ ശാസ്ത്ര മാത്ര വാദത്തിന്റെ ഏകപക്ഷീയതകളിൽ കുടുങ്ങുന്നത് കൊണ്ടാണ് അവർക്ക് ഈ വർഗന്യൂനീകരണങ്ങൾ ഏറെയുണ്ടാകുന്നതും.

ശാസ്ത്രത്തിന്റെയും ഈ ദർശനത്തിന്റെയും രണ്ടു തലത്തിലുള്ള പ്രവർത്തനം, പ്രതി പ്രവർത്തനമാണു ഒരാളെ വൈരുദ്ധ്യവാദി ആക്കുന്നത്. അതുകൊണ്ടാണ് മനുഷ്യന്റെ ആത്മനിഷ്ഠതയെ നിഷേധിക്കാൻ മനുഷ്യന് ഏക മാർഗം അവന്റെ കേവല ചിന്തയല്ല, പ്രയോഗമാണെന്ന് മാർക്സ് ശഠിച്ചതും. അതായത് ഏത് അറിവെന്നപോലെ മാർക്സിസവും നിഗൂഢതകൾ നിറഞ്ഞതാണ്. ആ നിഗൂഢതകൾ ഏതെങ്കിലും ആചാര്യനേ മറി കടക്കാനാകു. ചരിത്രത്തിലെ പുരോഗമനകാരിയായ വർഗം, തൊഴിലാളി വർഗം എന്നു മാർക്സ് പറഞ്ഞിട്ടുണ്ട്, എന്ന് വെച്ച് അത്തരം പ്രസ്താവനകൾ പോലും കേവല-മാർക്സിസത്തിൽ പെടില്ല എന്നറിയേണ്ടതുണ്ട്. സ്വകാര്യ സ്വത്തില്ലാതാക്കാനുള്ള ശ്രമത്തിൽ സഖ്യപ്പെടാവുന്ന ഒരു വർഗമായിരുന്നു, മാർക്സിന്റെ ഘട്ടത്തിൽ തൊഴിലാളി വർഗം എന്നേ അതിനു അർത്ഥമുള്ളൂ. പ്രമാണത്തിന് ഏപ്പോഴും വെളിയിലാണ് ദർശനം. ദർശനത്തെ വസ്തുവൽകരിക്കപ്പെടാൻ ആകില്ല മനുഷ്യന്. കാരണം മനുഷ്യന്റെ ബോധവും യാഥാർത്ഥ്യവും, എന്നും വൈരുദ്ധ്യത്തിലാണ്. നിയമങ്ങളുടെ ആവർത്തനം ബോധത്തിൽ പ്രതിഫലിക്കപ്പെടുന്നതല്ല. വ്യക്തിയുടെ ബോധത്തിന്റെ സ്വതന്ത്രാവിഷ്കാരമാണ് പുരോഗമന ചിന്ത എന്ന് സ്ഥൂലത്തിൽ പറയാം. ഓരോ നിർദ്ദിഷ്ട മനുഷ്യനിലും കേവല വ്യക്തിയും ചരിത്രവ്യക്തിയും ഉള്ളടങ്ങിയിട്ടുണ്ട്. വർഗസമൂഹത്തിനു മുമ്പും ജീവ ശാസ്ത്രപരമായ കാരണങ്ങളാലും വർഗ വിഭജനമുണ്ട്. സ്ത്രീ -പുരുഷ പ്രശ്നം അത്തരത്തിലുള്ളത് ആണ്. മനുഷ്യനെ സംബന്ധിച്ച് ബോധംതന്നെയാണ് പ്രധാനം. ഭൗതിക വാദത്തിനു ചരിത്രപരമായ ഒരു മേൽകൈ എന്നും ഉണ്ടായിരുന്നില്ല എന്ന് മാർക്സ് തന്നെ സമ്മതിച്ചിട്ടുണ്ട്.

സമൂഹത്തിന്റെ രാഷ്ട്രീയഘടന ജനത്തിന് അന്യമായി തോന്നാൻ പാടില്ലാത്തതാണ്. ഇവിടെ ലെനിനിസ്റ്റ് പാർട്ടികളെന്നു അവകാശപ്പെടുന്നവർ കുറെ എണ്ണമുണ്ട്? സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി, വിപ്ലവം ജയിച്ച ചീനയിലെ, ക്യൂബയിലെ 'സ്വാതന്ത്ര്യം' എന്നാലെന്താണ് എന്നറിയുമോ നിങ്ങൾക്ക്? രാഷ്ട്രീയപരമായി എതിരഭിപ്രായം പറയാൻകഴിയില്ല, ഈയിടങ്ങളിൽ. ആ ഭരണവും മുന്നോട്ടുള്ള പ്രയാണത്തിന്റെ ഭാഗമാണ് എന്ന വൈരുദ്ധ്യത്മകത മാനിക്കപ്പെടുന്നുണ്ടോ?


Kant and transcendal philosophy

എങ്ങനെയാണ് ചെടികൾ ആഹാരം പാകം ചെയ്യുന്നതെന്ന് നമുക്കറിയാം. 'ഫോട്ടോസിന്തസിസ്' വഴി ചെടികൾ ആഹാരം

പാകം ചെയ്യുന്നതുപോലെ മനുഷ്യന്റെ തലച്ചോറാണ് നമ്മുടെ അറിവ് ഉണ്ടാക്കിത്തരുന്നത്. A priori knowledge' (ആദി ധാരണകൾ) and 'A posteriori knowledge'എന്ന എമ്പിരിക്കൽ അറിവുകൾ എന്ന് മാർക്സിനു മുന്നേ ഒരു സങ്കല്പനം ഉണ്ടായിരുന്നു. Kant, 'a priori knowledge'ഇൽ വിശ്വസിച്ചിരുന്നു. എല്ലാം A posteriori knowledge/empirical അറിവ് ആണ് നൽകുന്നത് എന്നു മാർക്സ് സിദ്ധാന്തിച്ചു. ഇവിടെതന്നെ പ്രതികരിക്കുന്ന നമ്മൾ ഓരോരുത്തരും നമ്മുടെ സവിശേഷകഴിവുകൾ ഉപയോഗിച്ചാണ് ഓരോ വാദത്തെയും സ്വാംശീകരിക്കുന്നത്. അതായത് ഓരോ വ്യക്തിയും വ്യത്യസ്ത 'ട്രൈറ്റ്' പുലർത്തുന്നു എന്നതല്ലേ സത്യം? അത് ജനിതകമാകുന്നത് കൊണ്ടല്ലേ? മനുഷ്യനെ രണ്ടു രീതിയിൽ കാണണം, ഒന്ന് ജൈവ മനുഷ്യൻ, രണ്ട് സാമൂഹ്യമനുഷ്യൻ. സാമൂഹ്യകാര്യങ്ങൾ മനുഷ്യൻ ഗ്രഹിക്കുന്നതു സമഗ്രസാഹചര്യത്തിലാണ്. എന്നാലത് എങ്ങനെയാണ് ഉണ്ടാകുന്നത്? ഈ മെറ്റാ ചിന്തകൾ സമന്വയിപ്പിച്ചാണ്. അത് ജനിതകപരമാണ്. വളർത്തു മൃഗങ്ങൾ, പക്ഷികൾ എന്നിവയെ ശ്രദ്ധിച്ചാൽ അത് മനസ്സിലാകും.

മനുഷ്യ ശിശുവിന്റെ വളർച്ച

മനുഷ്യന്റെ കണ്ണിന്റെ വളർച്ച അതിന്റെ പൂർണ്ണാവസ്ഥയിൽ എത്തുന്നത് മൂന്നുവയസ്സിനും അഞ്ചുവയസ്സിനും ഇടയിലാണ്. അതേ സമയം കാഴ്ചശക്തിയുടെ വളർച്ചയുടെ വേഗത പന്ത്രണ്ടാം മാസത്തോടെ ആയിരിക്കും. ജനിച്ചു അല്പദിവസത്തോടെ തന്നെ വെളിച്ചവും ചലനങ്ങളും ശിശുവിനു കാണാൻ സാധിക്കുന്നു. കുട്ടിയ്ക്ക് ചുരുങ്ങിയത് നാലാഴ്ച പ്രായമാകുന്നതോടെ മുപ്പതു സെന്റിമീറ്റർ അകലത്തിലുള്ള വസ്തുക്കളിലേക്ക് ദൃഷ്ടി പതിപ്പിക്കാൻ(ഫോക്കസ്) സാധിക്കുന്നു. അതോടെ ഏകദേശം ഒരു മീറ്റർ വരെയുള്ള വസ്തുക്കളെ കാണാനും ഫോക്കസ് ചെയ്യാനും കുട്ടിയ്ക്ക് സാധിക്കുന്നു. സ്പർശന ശക്തി ഗർഭത്തിലുള്ളപ്പോൾ തന്നെ കുട്ടി നേടുന്നു. ആറാമത്തെ മാസത്തോടെ അമ്മയുടെ ഹൃദയമിടിപ്പ് അറിയാൻ സാധിക്കുംവിധം, കേൾവി ശക്തിയും ശിശുവിൽ വളരുന്നു. എങ്കിലും ജനിച്ച കഴിഞ്ഞു രണ്ട്മാസം കഴിയുമ്പോൾ മാത്രമാണ്, ശബ്ദങ്ങളോടുള്ള പ്രതികരണം സാദ്ധ്യമാകും വിധം, ചലനങ്ങളുണ്ടാകുന്നത്. തലച്ചോറിന്റെ വളർച്ച, അതായത് ഗർഭാവസ്ഥയിൽ മൂന്നാമത്തെ ആഴ്ചയോടുകൂടിതന്നെ തുടങ്ങുമെങ്കിലും, ജനനത്തോടെ പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ തലച്ചോറുമായി തുലനം ചെയ്യുമ്പോൾ നാലിലൊന്ന് മാത്രമേ വളർന്നിട്ടുണ്ടാകു.എൺപത്



Immanuel Kant

ശതമാനം വളർച്ചയിൽ എത്തുന്നത്, മൂന്നോ നാലോ വർഷം പ്രായമാകുമ്പോഴും, തൊണ്ണൂറു ശതമാനം വളരുന്നത് അഞ്ചാംവർഷത്തിലുമാണ്. ഓരോ വ്യക്തിയുടെയും ന്യൂറോൺ വ്യതിയാനം അനുസരിച്ച് മാറ്റങ്ങളുണ്ടാകാം. ഒരു ശിശുവിന്റെ തലച്ചോറിന്റെ സ്വീകരണ ശക്തിയും പ്രതികരണ ശക്തിയും പ്രായപൂർത്തി ആയവരുമായി തുലനംചെയ്യുമ്പോൾ പതിനാറിലൊന്നാണ്. ഈ സ്വീകരണ പ്രതികരണ ശക്തി, വർദ്ധിതമായ രീതിയിൽ വളർന്നു പൂർണ്ണമാകുന്നത് പതിനഞ്ചാം വയസ്സോടു കൂടിയാണ്.

ആദ്യ രണ്ടുവർഷങ്ങളിൽ, ദ്രുതഗതിയിലാണെങ്കിലും, ചിലപ്പോൾ മുപ്പതു വയസ്സ് വരെ നിലനിൽക്കാം, എന്നുകൂടി പറയപ്പെടുന്നു. അതോടൊപ്പം നമ്മുടെ തലച്ചോറ്,ബാഹ്യമായ സാഹചര്യങ്ങൾക്കനുസരിച്ചും ഘടന വ്യത്യാസത്തിനു

വിധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. അതു പലപ്പോഴായി യൗവ്വന കാലയളവിലും, തുടർന്നു കൊണ്ടേയിരിക്കും. ബോധം, അതൊരു ജീവിതകാലം മുഴുവനായുള്ള പ്രവർത്തനമാണ്, ചിന്തയുടെ വളർച്ച പ്രവർത്തനസാധ്യമായ അറിവുകൾ ശേഖരിക്കും തോറും അവയെ കൂടുതൽ നവീകരിക്കുവാനും പുതിയ മേഖലകളിലേക്ക്, ബോധത്തെ കൊണ്ട്ചെന്നെത്തിക്കുവാനും സാധിക്കുന്നു. ജനിതകമായ കൈമാറൽ ശാരീരികമായ ഗുണങ്ങളിൽ മാത്രമല്ല ആന്തരിക ഗുണങ്ങളെയാണ് അത് കൂടുതൾ സാധിപ്പിക്കുന്നത്. ഒരു കുഞ്ഞു ജനിക്കുമ്പോൾ മനസ്സ് എന്നകാര്യം വെറും ഒഴിഞ്ഞ ഒന്നായിരികും. മനുഷ്യന്റെ ഈഗോ വളരുന്ന സവിശേഷരീതിയാണിത്. അല്ലാതെ empirical ആണ്അറിവ് എന്നല്ല മനസ്സിലാകേണ്ടത്. ബ്രെയിനിൽ ഉണ്ടാകുന്ന ഓരോ ലോക്കകളും നിശ്ചിത പ്രായത്തിൽ തുറക്കുന്നു. ഒരു പ്യൂപ്പ ചിത്രശലഭം ആകുന്നത് പോലെ. തുടർന്നുള്ള അനുഭവങ്ങളും ആ വ്യക്തിനടത്തുന്ന ശ്രമങ്ങളും അറിവിൽ/ഇൻഫോർമേഷനിൽ കൂട്ടി ചേർക്കൽ ചെയ്യുന്നുണ്ട്. എങ്കിലും ആ വ്യക്തിയുടെ വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത് ജീൻ ആണ് അല്ലെങ്കിൽ DNAതന്നെ. ഇത്രയും നിങ്ങൾ മനസ്സിലാക്കുക.

മനുഷ്യ വികാസത്തിന്റെ ചരിത്രം.

വസ്തുനിഷ്ഠപ്രപഞ്ചത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അന്വേഷണമാണ് മനുഷ്യൻ ശാസ്ത്രമായി പഠിക്കുന്നത്. തത്ത്വശാസ്ത്രമെന്നാൽ മറ്റൊന്നാണ്. അവന്റെചിന്തയും, അസ്തിത്വവും തമ്മിലുള്ള ബന്ധമാണ് 'തത്ത്വചിന്ത'. 'അറിയൽ പ്രക്രിയ'യാണ് തത്ത്വചിന്തയുടെ പ്രാധാനഭാഗം. അവിടെയാണ് വൈരുദ്ധ്യാധിഷ്ഠിതം എന്ന ചിന്താരീതി വരുന്നത്. നമുക്ക് നിദാനമായ വിഷയം, വിഷയിയുടെ മനസ്സിൽ പ്രതിഫലിക്കപ്പെടുന്നു. ഈ വിഷയത്തെ 'വിഷയി' സ്വാംശീകരിക്കുന്നു. അങ്ങനെ സംഹിത ആക്കിയ വിഷയത്തിൽ വീണ്ടും വിഷയി പ്രയോഗം നടത്തുന്നു. അത് ശരിയാണോ, എന്നത് പരിശോധിക്കുന്നു. അങ്ങനെയാണ് തന്റെ ബോധം കൊണ്ട് അസ്തിത്വത്തെ മാറ്റിമറിക്കാനാവുമെന്നു മനുഷ്യൻ മനസ്സിലാക്കുന്നത്. അങ്ങനെ മനുഷ്യന് അവന്റെ ചരിത്രം ഉണ്ടാക്കാനാകുമെന്ന് തിരിച്ചറിഞ്ഞു. ഇതവന് സാധിക്കുന്നത് ജന്മം കൊണ്ടുള്ള കഴിവു കൊണ്ടാണ്. മനുഷ്യൻ ജീവിക്കുന്ന ചുറ്റുപാടിലെ വസ്തുക്കളും അവന്റെ ബോധവുമായും ഉണ്ടായിവരുന്ന പരസ്പര സംഘട്ടനമാണ്, മനുഷ്യനിലെ പുതിയ അന്വേഷണത്തെ വളരാൻ സഹായിക്കുന്നത്. ഭൗതിക വസ്തുക്കളെ തലച്ചോറിൽ പ്രതിഫലിപ്പിക്കാനാകുന്ന

എന്നതാണ് മനുഷ്യവർഗ്ഗത്തിന്റെ ഒരു പ്രത്യേകത. പ്രപഞ്ചത്തിലുള്ള ഓരോ വസ്തുവും ബോധത്തിലേക്ക് ഇന്ദ്രിയങ്ങളിലൂടെ പകർന്നു കിട്ടുകയും, അവിടെ പ്രതിപ്രവർത്തിക്കുകയും, തുടർന്ന് വിവർത്തനം ചെയ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ തലച്ചോറിലൂടെ ജനിതകമായ കഴിവിലൂടെ, മെറ്റാ ചിന്തകളും വളർത്തിയെടുക്കുവാൻ കഴിയുന്നു. വ്യക്തിഗത ചിന്ത എന്നൊക്കെ പറയുന്നത് ഇതാണ്. സ്വാംശീകരണശേഷി ഉണ്ട് ഓരോ വ്യക്തികളിലും. പക്ഷെ ഓരോ വ്യക്തിയുടെയും നൈസർഗ്ഗികമായ ജനിതക കഴിവായ അവന്റെ ബോധമനുസരിച്ചാണ് വസ്തുക്കളുടെ രൂപം പകർന്നു കിട്ടുന്നത്, ഒരേ പോലെയാണെങ്കിലും വിവർത്തനം ചെയ്യുന്നതിൽ, ആ വ്യക്തിയുടെ ബോധനിലവാരമനുസരിച്ച് വ്യത്യസ്തത ഉണ്ടാകാം.അതായത് വസ്തുനിഷ്ഠം എന്നത് ആപേക്ഷികമാണ്. ഒരു മാർക്സിസ്റ്റിനു പാർട്ടി അച്ചടക്കം എന്നത് ജനാധിപത്യമെന്നു തോന്നാം. അത് എനിക്ക് വിധേയത്വം എന്നേ തോന്നൂ. അല്ലെങ്കിൽ പാർട്ടി ഫാഷിസം എന്നെ തോന്നൂ. എന്നാൽ സമാന വീക്ഷണക്കാർക്ക് ഒരു സംശയമുണ്ടാകില്ല. പരീക്ഷണ നിരീക്ഷണങ്ങളെ സഹായിക്കും വിധം ഒരു അളവുകോൽ ആ വ്യക്തി പിന്തുടരുന്നില്ലായെങ്കിൽ ഇങ്ങനെ ഒക്കെയാകും. ഓരോ വ്യക്തിയിലും അവ വ്യത്യസ്ത രീതിയിലായിരിക്കും പ്രതിഫലിക്കുക. എന്നുമാത്രമല്ല തികച്ചും വ്യക്തിനിഷ്ഠമായി ഒതുങ്ങി അവസാനിക്കുകയും ചെയ്യും. എന്നാൽ പ്രയോഗത്തിലൂടെ നമ്മുടെ അമൂർത്തതകൾ തിരിച്ചറിയും. എന്നിട്ട് സമൂർത്ത ധാരണകൾ ഉണ്ടാക്കപ്പെടുന്നു. ഇനിയിപ്പോൾ സ്റ്റാലിനെ എടുക്കാം. പല കമ്മ്യൂണിസ്റ്റുകൾ പല വിധത്തിൽ കാണുന്നു അദ്ദേഹത്തെ. എന്ത് കൊണ്ട്? ഓരോരുത്തർക്കും സ്റ്റാലിനെന്ന രൂപകം, ഉണ്ടാക്കുന്ന മെറ്റാ ചിന്തകൾ വ്യത്യസ്തമാണ്. ജനാധിപത്യത്തെക്കുറിച്ചും ഇത് തന്നെ. മാർക്സിസത്തെ ഞാൻ ഫാഷിസം എന്ന് കാണുന്നു. നിങ്ങൾ എന്നെ ഫാഷിസ്റ്റ് എന്ന് കാണുന്നു. എങ്ങനെയാണ് ശരി മനസ്സിലാകുക? അറിവ് നേടണം അതിന്. ജനിതകമായി കാര്യങ്ങളെ ഗ്രഹിക്കാനുള്ള കഴിവ് നേടണം. അല്ലാതെ എമ്പിരിക്കൽ ആയി മനസ്സിലാക്കാനാകുമോ?

ഓരോ ഭൗതിക പ്രതിഭാസത്തിനും വസ്തുവിനും അതിന്റെതായ ആന്തരിക നിയമമുണ്ട്. നാം അതിനെ എങ്ങനെ നോക്കികാണുന്നു എന്നത് വേറെ പ്രശ്നം. മുൻ ധാരണകൾ ഓരോരുത്തരിലും ജഡം ആയി കിടക്കുന്നു. ജനിതകത്തിന്റെ 'ആദി ധാരണകൾ' എന്നതും സാമൂഹ്യ മനുഷ്യന്റെ മുൻ ധാരണകളും രണ്ടാണ്.. അതുപോലെ

മനുഷ്യബോധത്തെ സ്വാധീനിക്കുകയും, അവയെ മനസ്സിലാക്കുവാനും ആന്തരിക നിയമങ്ങളുണ്ട്. ഈ ആന്തരികമായ കഴിവ് ഉപയോഗിച്ച്, വിഷയത്തെ പുതിയൊരു തലത്തിലേക്ക് എത്തിക്കുവാനും, പ്രയോഗിക്കുവാനും മനുഷ്യന് സാധിക്കുന്നു. അഥവാ തനിക്കനുകൂലമായ വിധത്തിൽ മാറ്റുവാൻ മനുഷ്യ ബോധത്തിന് കഴിയുന്നു. കൂടാതെ താൻ ചെയ്യുന്ന പ്രവർത്തനത്തിന്റെ ദോഷഫലങ്ങൾ മുൻകൂട്ടി കാണുവാനും ഭാവികാര്യങ്ങൾ ക്രമമായി ചിട്ടപ്പെടുത്തുവാനും, ഒരു ഉദ്ദേശത്തോടുകൂടിയ പ്രത്യേക ലക്ഷ്യത്തിലേക്കെത്തുവാൻ മനുഷ്യബോധത്തിനു സാധിക്കുന്നു.പുരോഗതിയും വികാസവും മനുഷ്യതലമുറ ആർജിച്ചതിങ്ങിനേയാണ്. ഓരോ കാലഘട്ടത്തിലും മനുഷ്യന്റെസാമൂഹ്യ വളർച്ച അവന്റെ സാമൂഹ്യ ബോധത്തിൽ തന്നെ പുതിയൊരു ആവശ്യകതയെ സൃഷ്ടിക്കുകയും ചെയ്യുന്നു. പുതിയ ആവശ്യകത മുന്നിൽ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽ അവയുമായി മനുഷ്യബോധം പ്രതികരിക്കുകയും, അവയ്ക്ക് പരിഹാരം കാണുവാൻ തുടങ്ങുകയും ചെയ്യുന്നു. ഈ നിരന്തര വികാസ പ്രക്രിയയാണ് മനുഷ്യ വികാസത്തിന്റെ ചരിത്രം.

### വൈരുദ്ധ്യാത്മകം—അതിന്റെ നിയമങ്ങൾ

എന്താണ് 'വൈരുദ്ധ്യാത്മകം' എന്ന് നോക്കാം? ലോകത്ത് നടക്കുന്ന എല്ലാ ആശയങ്ങളും മാറ്റത്തിനു വിധേയം ആണെന്നു ഹെഗേലെന്ന ആശയവാദി മനസ്സിലാക്കി. ആശയവാദം പോലെ ഭൗതികത്തിലും ഈ മാറ്റം നടന്നു കൊണ്ടിരിക്കുന്നുവെന്ന് മാർക്സും ഗ്രഹിച്ചു. ഇതാണ് മാർക്സിസത്തിന്റെ മർമ്മം. ആശയങ്ങളുടെ നിയതരീതിയിൽ തന്നെ ആകണമെന്നില്ല, ഭൗതികത്തിലെ മാറ്റങ്ങൾ. എല്ലാ ഭൗതികവസ്തുകളും ചലനത്തിലാണ്. അതിനെക്കാളുപരി പറയേണ്ടത്, എല്ലാ വസ്തുക്കളും വികസിക്കുന്നു എന്നതാണ്. അതിനെല്ലാം കാരണമാകുന്നത് പൊതുവേ അതിലെ ആന്തരിക ചലനമാണ്. എന്നാൽ പലപ്പോഴും ബാഹ്യകാര്യങ്ങളും ഒരു ഘടകമാകുന്നുണ്ട്. അതുകൊണ്ട്തന്നെ മാറ്റം അവയ്ക്ക് അനിവാര്യമാണ് എന്നു നാം മനസ്സിലാക്കുന്നു. അവയുടെ മാറ്റം, ചലനം, വികാസം ഇവ അതിന്റെ സവിശേഷ പഠനങ്ങൾ നമ്മെ വെളിവാക്കി തരുന്നു. അതിനു നിശ്ചിതമായ ഒരു രീതി ഉണ്ടെന്നു നമുക്ക് പറയാൻ കഴിയില്ല. അതായതു ആശയങ്ങളുടെ വികാസ ചലനനിയമങ്ങളിലല്ല, ഭൗതികവസ്തു മാറുന്നത്. അതുകൊണ്ട് ആശയങ്ങളുടെ തലത്തിൽ ഹെഗേൽ പറഞ്ഞ പോലെ

മൂന്നതത്ത്വങ്ങൾ ശരിയാണ്. എന്നാൽ അത് അതേപടി യാന്ത്രിക മായല്ല 'ഭൗതിക'ത്തിൽ നടക്കുന്നത്.

## പ്രകൃത്യാധിഷ്ഠിത വൈരുദ്ധ്യാത്മക ഭൗതികവാദം

ഇമ്മാനുവൽ കാന്റ് പറഞ്ഞത് എന്താണ്? കേവലമായ ആശയ മാറ്റത്തിന്, ജീവിതമാറ്റം തന്നെ ഉണ്ടാക്കാനാകും. ഈ ജീവിത മാറ്റം സാമൂഹ്യമാറ്റത്തിനു കാരണമാകും. അതായത് വ്യത്യസ്ത ആശയങ്ങളുടെ പോരാട്ടമാണ് സാമൂഹ്യമാറ്റത്തിന് ഉതകുന്ന, പുതിയ ആശയം രൂപപ്പെടുത്തുക. അതിനെയാണ് 'natural dialectism'എന്ന് നാം പറയുന്നതും.വാദ-പ്രതിവാദ-സമന്വയം വഴി വൈരുദ്ധ്യാധിഷ്ഠിത ആശയവാദം വഴി നാം വസ്തുനിഷ്ട യാഥാർഥ്യത്തെ അതിന്റെ 'ഭൗതികത'യെ പ്രപഞ്ച സത്യത്തിന്റെ അടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നു. ഈ ചിന്ത ഉപയോഗിച്ച് മനുഷ്യൻ അവന്റെ അസ്തിത്വത്തെ മാറ്റുന്നതിനുള്ള ബോധപൂർവ മായ പ്രവർത്തനം നടത്തുന്നു. വ്യത്യസ്ത ആശയങ്ങളുടെ ഈ പോരാട്ടമാണ് സാമൂഹ്യ മാറ്റത്തിനുള്ള നൂതന ആശയം മനുഷ്യന് നൽകുന്നത്. ഇതാണ് natural dialectism. ഇനി മനുഷ്യനെ കുറിച്ച് നോക്കാം. ഏതു തിര്യക്കിൽനിന്നും മനുഷ്യനെ വ്യത്യസ്ഥനാക്കു ന്നത് അവനിലുള്ള "ആത്മബോധം" ആണ്. ഇത് ജനിതകമാണ്. ഈ ആത്മബോധം ആണ് മനുഷ്യനിൽ പൗര ബോധം ഉണ്ടാക്കു ന്നതു. എന്നാൽ സമൂഹത്തിലത് പൊതു'ബോധ'ത്തിലൂടെയും പ്രവർ ത്തിക്കുന്നു. ഈ പൊതുബോധം മനുഷ്യന്റെ ആത്മബോധത്തി ന്റെ ഒരളവു തന്നെയാണ് എന്ന് നമ്മൾ മനസ്സിലാകണം. അത് മനുഷ്യനിൽ, സമൂഹത്തിൽ അഭിവ്യക്തമാക്കപെടുന്നത് ചരിത്രപ രമായാണ്. അതായതു നിങ്ങളുടെ അരിപ്പെട്ടിയിൽ അല്ല അത് കാണുക. നിങ്ങളുടെ മനസ്സിന്റെ വെളിച്ചത്തിലാണ് എന്ന് ചുരുക്കം

നാട്ടുവാഴിത്വത്തിൽ അത് 'പ്രജ' വരെ എത്തിച്ചേർന്നു. എന്നാൽ ബൂർഷ്വാ വ്യവസ്ഥിതിയിൽ അത് പൗരനിൽ എത്തി നിൽക്കുന്നു. ലെനിനിസ്റ്റ് പാർട്ടിയിൽ അത് വീണ്ടും അടിയിലേക്ക് പോന്നു, 'പ്രജ'യിലേക്ക് ന്യൂനീകരിച്ചു. ഇത് നാം മുകളിൽ ചർച്ച ചെയ്തിട്ടുള്ള താണ്. അടിമ -ഉടമ വ്യവസ്ഥയിയിൽ അമൂർത്തമായ കാഴ്ചപ്പാടുകൾ മെറ്റാ ചിന്തകളായി, ഉടമകളിലെ ബുദ്ധിജീവികളിൽ ഉണ്ടായിരി ന്നിരിക്കണം.അന്നാവണം മനുഷ്യതത്ത്വചിന്തകൾ ഉണ്ടായത്, മാർക്സിസം എന്ന് പറയുന്നതിനേക്കാൾ 'പുരോഗമന ചിന്ത' എന്ന് വിശേഷിപ്പിക്കുന്നതാണ് മാർക്സ് എന്ന ആ ചരിത്ര പുരുഷനോട്

നമുക്ക് ചെയ്യാവുന്ന യഥാർത്ഥമര്യാദ. മാർക്സിസം എന്ന് പറഞ്ഞാൽ അദ്ദേഹം പറഞ്ഞ 'അക്ഷരങ്ങളെ'യാണ് ഇവരെല്ലാം ഊന്നുന്നത്, 'അർത്ഥങ്ങളെ' പരിഗണിക്കുന്നതിനു പകരം. ഇതിന് സ്റ്റാലിന്റെ ഒരു ഉദ്ധരണിതന്നെ ഞാൻ പറയാം. "We are not the prisoners of the letters of Marxism, but its essence."

ജർമൻ ദർശനം

മാർക്സിസത്തെ, ആ പേരിൽ അതിന്റെ യഥാർത്ഥ എതിരാളികൾ മിത്രങ്ങൾ എന്ന വ്യാജേന സ്ഥാപനവൽക്കരിച്ച പ്രതിലോമപരമാക്കി മാറ്റിയിരിക്കുന്നു. ഇന്നത്തെ മാർക്സിസ്റ്റു ലെനിനിസ്റ്റുകൾക്ക് ആകെ അറിയാവുന്നത് അവർ ലെനിനിസ്റ്റുകളാണെന്നതാണ്. അതാണ് ഇന്നത്തെ ഫിലിസ്റ്റിനുകളും മാർക്സും തമ്മിലുള്ള വ്യത്യാസം, നാം കണ്ടതാണിത്.

മുതലാളിത്തം ആദ്യമായി മനുഷ്യനെ പൗരൻ എന്ന ചരിത്രപരതയിലേക്ക് എത്തിച്ചു. എന്നാൽ മുതലാളിത്തത്തിന്റെ ഉദ്യോഗസ്ഥവർഗംമൂലം അതിന്റെയൊരു പാർശ്വഫലത്താൽ ദുഷ്ഭൂതത്വം ഉണ്ടാക്കപെട്ടു. ഈ ദുഷ്ഭൂതത്വത്തിനെതിരെ ഉള്ള കലാപം ആയിരുന്നു മാർക്സ് അദ്ദേഹത്തിന്റെ തത്ത്വചിന്തകളിലൂടെ ലോകത്തിലേക്കു സത്യത്തിൽ നൽകിയത്, അതാണ് ജർമൻദർശനം എന്ന മാർക്സിസത്തിന്റെ ആ ചിന്താ ധാരയ്ക്ക്, അത്തരം ഒരു അടയാളം ഇടാമെങ്കിൽ, അതിന്റെആദ്യസ്രോതസ്സ്. അതു മാർക്സിസത്തിന്റെ സാംസ്കാരിക തലത്തെ പ്രതിനിധീകരിക്കുന്നു. ആ ബൂർഷ്വാ ഉദ്യോഗസ്ഥവ്യവസ്ഥയിൽ നിന്നുള്ള നിഷേധം ആയിരുന്നു, യഥാർത്ഥത്തിൽ മാർക്സിസം. അതിന് അദ്ദേഹം നിർദ്ദേശിച്ചത് 'സാർവത്രികവോട്ടവകാശവും', അത് എത്ര മാത്രം പ്രത്യക്ഷം ആകാമോ അതാണ് നിർദേശിച്ചതും. ആ അർത്ഥത്തിലാണ് എല്ലാ പരോക്ഷ പ്രാതിനിധ്യ രൂപങ്ങളെയും മാർക്സിസം നിരാകരിച്ചത്. അങ്ങനെയാണ് പാർലമെന്ററി രീതിയെ എതിർത്തത്. മാർക്സ് പൗരന്റെ പ്രാതിനിധ്യം അങ്ഗീകരിച്ചിരുന്നില്ല. അതായതു ബൂർഷ്വ ജനാധിപത്യത്തിലെ ഉദ്യോഗസ്ഥ ബ്യൂറോക്രസിക്കെതിരെയുള്ള 'നിഷേധ'മായിരുന്നു, സോഷ്യലിസ്റ്റ് സാമൂഹ്യമാറ്റം, രാഷ്ട്രീയതലത്തിൽ. മനുഷ്യന്റെ അല്ലെങ്കിൽ പൗരബോധത്തെ മുഖ്യകണ്ണി ആക്കിയെടുത്തു കൊണ്ട് സാമൂഹ്യവികാസ പ്രശ്നങ്ങളെ കുറിച്ചാണ് മാർക്സ് തന്റെ നിലപാടുകളായി ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത്. എന്നാൽ അതിന്റെ മുൻഗണനകളെ വർത്തമാന മാർക്സിസ്റ്റു ലെനിനിസ്റ്റുകൾ മാറ്റിമറിച്ചു. അതിനെ

അസംബന്ധമാക്കി. വസ്തുതകളിൾനിന്നുമാണ് സത്യം കണ്ടെത്തേണ്ടത്. എന്താണോ വസ്തുനിഷ്ഠമായി നിലനിൽക്കുന്നത് അല്ലെങ്കിൽ തോന്നുന്നത്, ആ പ്രതിഭാസങ്ങളല്ല മനുഷ്യനെ സംബന്ധിക്കുന്ന യഥാർത്ഥ സത്യങ്ങൾ. സത്യം എന്നത് ആ വസ്തുതകളെ നിയന്ത്രിക്കുന്ന ആന്തരിക ബന്ധങ്ങളാണ്. ആ അന്തരിക ബന്ധങ്ങൾ കണ്ടെത്തണം അതിനു ഉപയോഗിക്കുന്ന മാർഗങ്ങളെ നാം സ്വായത്തമാക്കുന്നു. മാർക്സിസത്തിന്റെ ഗണതന്ത്രം ഉപയോഗിച്ച് നാം വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളുടെ ആന്തരികബന്ധം മനസ്സിലാക്കി എടുക്കണം.നിങ്ങൾ ഇതൊക്കെ ചെയ്യുന്നുണ്ടോ?

ആധുനിക ഘട്ടത്തിൽ ഘനവ്യവസായങ്ങൾ ഉടലെടുത്തതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് സ്വത്ത് മുഴുവൻ സാമൂഹ്യ സ്വത്ത് ആക്കുവാനുള്ള സാദ്ധ്യതകൾ കുറവ് ആണുള്ളത്. അതുകൊണ്ട് രാഷ്ട്രീയപരമായ സുതാര്യത കൊണ്ട് മാത്രമേ 'സ്റ്റേറ്റു സ്വത്ത്' എന്ന സംഹിതയെ, മറികടക്കാനാകൂ. അതിനു വേണ്ടത് എക്സിക്യൂട്ടീവ്, ജുഡിഷ്യറി, ലെജിസ്ലേടിവ് ഇവയെ വേർതിരിക്കുകയെന്നതും സാർവത്രിക വോട്ട് അവകാശം നടപ്പാക്കലും, നേതാക്കളെ തിരിച്ചു വിളിക്കാനുള്ള അവകാശം നൽകലും, അതിലൂടെ രാഷ്ട്രീയ നേതൃത്വത്തെ മാറ്റാനുള്ള അവകാശം ജനത്തിന് നൽകുക എന്നതുമാണ് ശാസ്ത്രീയ സോഷ്യലിസം. നിങ്ങളുടെ ലെനിനിസ്റ്റ് പാർട്ടി ഘടന ഒരു പിന്തിരിപ്പനായ പാർലിമെന്ററി ബോഡി അല്ലേ ?പിന്നെ നിങ്ങൾ എന്ത് മാർക്സിസ്റ്റ്?

## യുക്തിയിലെ വൈരുദ്ധ്യം

ചർച്ചയിൽ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട് എന്തെങ്കിലും നാം ബോധപൂർവ്വം പറയുമ്പോൾ നമ്മുടെ സോമാറ്റിക് നാഡിയാണ് പ്രവർത്തിക്കുക. അബോധപൂർവ്വം നാം പറയുന്ന കാര്യങ്ങൾ automatic നാഡിയിൽ നിന്നുമാണ് വരുക. ഉദാഹരണമായി ഒരു യുക്തിവാദി 'ദൈവമില്ല' എന്ന് പറയുന്നത് അവന്റെ somatic-nervous systemത്തിൽ നിന്നുമാണ്. അതുപോലെ ഒരു വിപ്ലവകാരി താൻ മാർക്സിസ്റ്റ് ആണെന്ന് പറയുന്നതും, അവനിലെ പ്രതിവിപ്ലവകാരിതയും അതേ സമയം തന്നെ ദൈവം ഇല്ലെന്നും, അഥവാ ദൈവമുണ്ട്എന്നു പറയുന്നത്, അവന്റെautomatic nervous system ത്തിലും കിടപ്പുണ്ട്. ഭക്തൻ ദൈവമുണ്ടെന്ന് പറയുന്നത് അവന്റെ somatic-nervous സിസ്റ്റത്തിൽ നിന്നുമാണ്.

എന്നാൽ അവന്റെautomatic നാഡിയിൽ ദൈവമില്ല എന്നും, രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ് യുക്തിയിലെ വൈരുദ്ധ്യം. Somatic, automaticആയ ഈ പ്രതിഭാസങ്ങൾക്ക് നടുവിലായി, ശക്തമായ മറ്റൊരു പ്രതിഭാസമുണ്ട്. അതാണ്'‘മീം’(meme)കൂടുതൽ കാര്യങ്ങൾ നിങ്ങൾക്കു ഗൂഗിൾ ചെയ്തു മനസ്സിലാക്കാനാകും. കൂടാതെ മനുഷ്യനിൽ പ്രവർത്തിക്കുന്ന ‘world view’ എന്നതിനെക്കുറിച്ചും മനുഷ്യമനസ്സിലെ ‘filters’നെ കുറിച്ചും നാം പഠിക്കേണ്ടതുണ്ട്. ഇനി നാം മനസ്സിലാക്കേണ്ടത് ഒരു സ്വതന്ത്ര ചിന്തകനുവേണ്ട യോഗ്യത എന്ത് എന്നതാണ്? മുൻവിധികളില്ലാതെ ചിന്തിക്കുകയെന്നത് ആണ്, ഒരു കാര്യം. ഇത് മാർക്സ് പറഞ്ഞിട്ടുണ്ട്. സ്വതന്ത്രചിന്ത യോടും സ്വതന്ത്രമായും ചിന്തിക്കുന്ന വ്യക്തി ആയിരിക്കണം ഒരാൾ.

ജ്ഞാനോദയ വീക്ഷണം

ചരിത്രമപ്പാടെ ‘വർഗങ്ങൾ തമ്മിലുള്ള സംഘട്ടനമായും മറ്റും കാണുന്ന ഒരു collectivist ധാരണയാണ് മാർക്സിസമെന്നു ലെനിനി സ്റ്റുകൾ പറയുന്നു. അത് അനിവാര്യമെന്നു തോന്നുന്ന ഒരു നിയമം മാത്രമാണ്. മനുഷ്യനാണ് അവന്റെ ചരിത്രം ഉണ്ടാക്കുന്നത്. അവന്റെ തലച്ചോറിനുമാത്രമേ ചരിത്രപരമായി കാര്യങ്ങളെ മനസ്സി ലാക്കാനുള്ള വിവേകമുള്ളൂ.” Ultimate value of the political realm is the individual human being” എന്ന ജ്ഞാനോദയ വീക്ഷണവും നിങ്ങളുടെ fake മാർക്സിസ്റ്റ്-ലെനിനിസ്റ്റ് philistine -രാഷ്ട്രീയവീക്ഷണവും ഒരിക്കലും പൊരുത്തപ്പെടുന്നതല്ല

Free activity (for the Communists) is the creative manifestation of life arising from the free development of all abilities of the whole–Indivudal person –Karl Marx & Frederick Engels (The German Ideology).ഇതാണ് മാർക്സ് ഇക്കാര്യത്തിൽ പറഞ്ഞതും..

ഗോത്രീയ രാഷ്ട്രീയം

ഒരു പുത്തൻഗോത്രീയ രാഷ്ട്രീയം വിഭാവനം ചെയ്യുന്ന, ഒരു ‘ആദിമ മനുഷ്യന്റെ’ ചിത്രമാണ്, ‘പാർട്ടി’യാണ് അയാളുടെ ജീവനെന്നു പറയുന്നത്, ലെനിനിസ്റ്റു ബോൾഷെവിക് പാർട്ടി യിലുള്ള തന്റെവിശ്വാസം ഇളക്കം തട്ടാത്തതാണ്, എന്ന് പറയുന്നത് മതം മാത്രമാണ്. മാർക്സിസമല്ല. ഇതാണ് യഥാർത്ഥ

ബോൾഷെവിക്ക ഗുണങ്ങളെന്നു പറയുന്നത് തറ മതബോധം മാത്രം ആണ്. മാർക്സിസമല്ല അത്. ജീവിതത്തിലൊരിക്കലും പാർട്ടിയുടെ അഭിപ്രായത്തിനെതിരായി താൻ അഭിപ്രായം കൊണ്ടുവന്നിട്ടില്ല, ജീവിതത്തിലൊരിക്കലും അദ്ദേഹം പാർട്ടിയുടെ അഭിപ്രായത്തിനു എതിരായി പാർട്ടിക്കെതിരായ ഒരു വ്യക്തിയുടെ നിലപാടെടുത്തിട്ടില്ല, എന്നുപറയുന്നത്, ഒരു ഭോഷ്കൻ ലെനിനിസ്റ്റു ചിന്താരൂപം മാത്രമാണ്. അതിന്റെ ദുരന്തഫലമാണ്, നിങ്ങൾ മാർക്സിസ്റ്റ് എന്നു വിശ്വസിക്കുന്നെങ്കിൽ ഇന്ന് അനുഭവിക്കുന്നത്; നിങ്ങളുടെ ഈ യഥാർത്ഥലോകവും. ‘സ്വന്തമായി ചിന്തിക്കാൻ ധൈര്യപ്പെടുക’ എന്ന ജ്ഞാനോദയ സന്ദേശത്തിന്റെ രാഷ്ട്രീയ ആവിഷ്കാരമാണ് നിങ്ങൾ പുലർത്തേണ്ടത്. മനുഷ്യനിലാണ് ‘വിവേകം’ ഉള്ളത്. അതുപയോഗിച്ചു മാത്രമേ ലോകത്തെ മനസ്സിലാക്കാനാകു. ആരുടെയെങ്കിലും ‘വിവേകം’ ഉപയോഗിച്ച് ലോകത്തെ ഗ്രഹിച്ചാൽ ജീവിതം കട്ടപ്പൊകയാകും. അതാണ് മതങ്ങൾക്കും, മാർക്സിസത്തിനും പറ്റിയതും, ഒരുപക്ഷെ നിങ്ങൾക്കും.

ലെനിന്റെ വിജയം എന്നത് യാദൃച്ഛികവും ചരിത്ര സാഹചര്യങ്ങൾകൊണ്ടും ആയിരുന്നു, അതുകൊണ്ട് റഷ്യൻഫലങ്ങൾ മറ്റൊരു രാജ്യത്ത്, മറ്റൊരു ചരിത്രസാഹചര്യത്തിൽ, കിട്ടണമെന്നില്ല. ലെനിൻ, മാർക്സിസത്തിന് ഈ പ്രായോഗിക application അല്ലാതെ വേറെയൊന്നും നൽകിയിട്ടില്ലെന്ന്, മനസ്സിലാക്കിയാൽ നല്ലത്. ഒരു പിന്നോക്ക രാജ്യത്തു മാർക്സിയൻ തൊഴിലാളി വർഗസർവ്വാധിപത്യം സാധിപ്പിച്ചെടുത്തു എന്ന മേന്മ മാത്രമാണ് ലെനിന് അവകാശപ്പെടാവുന്നത്. കൂടുതൽ കാര്യങ്ങൾ ലെനിനുവേണ്ടി മാർക്സിസ്റ്റ് എന്ന നിലയ്ക്ക് നിങ്ങൾ വാദിക്കുന്നു എങ്കിൽ,നിങ്ങള് ഒരു വിഡ്ഢി മാർക്സിസ്റ്റു മാത്രമാണ് എന്ന് ഞാൻ പറയും. അതുപോലെ ലെനിനും, സ്റ്റാലിനും തമ്മിൽ ഈ പറയുന്ന വ്യത്യാസമൊന്നുമില്ല. ഇക്കാര്യത്തിൽ ട്രോട്സ്കിയുമായിപ്പോലും ഇവർക്കൊരു വ്യത്യാസവും ഇല്ല. അയഥാർത്ഥമായ ചില വ്യക്തിനിഷ്ഠകാര്യങ്ങളിലാണ് അവർ തമ്മിലുള്ള വ്യത്യാസം. കൌട്സ്കിയും ലെനിനും തമ്മിൽപ്പോലും ഒരു വ്യത്യാസവുമില്ല. രണ്ട് പേരും സാമാന്യമായി പാർട്ടിക്കാർ ആയിരുന്നു.

കമ്മ്യൂണിസം, അതിന്റെ വീക്ഷണങ്ങൾ തൊഴിലാളി വർഗത്തിന്റെ തൊഴിലാളീകരണം, അതായത് മാർക്സിസ്റ്റുകൾ ആകുക എന്നത് ‘പാർട്ടി’ എന്ന ബാഹ്യ ഉപകരണത്തിലൂടെ

എന്നാണ ലെനിനും, കൌടസ്കിയും മനസ്സിലാക്കിയിരുന്നത്. അതായത്ു മാർക്സിസം സത്തയിൽ 'ചിന്ത' ആണെന്നും, അതിന്റെ ഭൗതികആയുധം ആയ തൊഴിലാളി വർഗത്തെ ആശയവല്കരിക്കാൻ ബാഹ്യമായ ഒരു സംഘടന/പാർട്ടി തന്നെ വേണം എന്നും കൌട്സ്കി ആണ് ലെനിനെ പഠിപ്പിച്ചത്. (What is to be done).

കേവല തൊഴിലാളി വർഗത്തിന് ഒരു ട്രേഡ് യൂണിയൻ ആക്ടിവിസമേ ഉണ്ടാക്കാനാകു, ചരിത്രം ഉണ്ടാക്കാൻ തൊഴിലാളികൾക്ക് അവരുടെ കേവല തൊഴിലാളിത്തം കൊണ്ട് കഴിയില്ല. അതിനു മഹാന്മാരായ വലിയ മനുഷ്യർ വേണം. ചരിത്രം എന്നത് അവസാന വിശകലനത്തിൽ ഏതെങ്കിലും വർഗം ഉണ്ടാക്കുന്നതല്ല, ജനങ്ങളും ഉണ്ടാക്കുന്നതല്ല, അന്തിമമായി മഹദ്വ്യക്തികളുടെ സഹായത്താൽ ജനങ്ങൾ ഉണ്ടാക്കുന്നതാണ്.

സോവിയറ്റ്പരാജയം ലെനിന്റെ പ്രാപ്തിയില്ലായ്മ ആയിരുന്നു. എന്ന് വെച്ചാൽ മാർക്സിസ്റ്റു അണികളുടെ പരാജയം എന്നർത്ഥം. ജനങ്ങളുടെ ജനാധിപത്യപരമായ മുദ്രാവാക്യങ്ങൾ തൊഴിലാളിത്തംകൊണ്ട് മായ്ച്ചുകളയാൻ ശ്രമിക്കുന്നവർ വെറുംവിഡ്ഡികളാണ്. വിക്രിയകൾ കൊണ്ട് ജനങ്ങളെ മെരുക്കുന്നവർ, ഫാഷിസ്റ്റുകളാണ്. ചരിത്രമുണ്ടാകുന്നത് ടീച്ചർ കുട്ടികളെ സ്കൂളിൽ പഠിപ്പിച്ചു പരീക്ഷ എഴുതിപ്പിക്കുന്നത് പോലെയല്ല. പാർട്ടിയെന്നത് തൊഴിലാളികളെ കമ്മ്യൂണിസം പഠിപ്പിക്കുന്ന ഉപകരണം മാത്രം ആണ്, വിദ്യാലയമാണ് എന്ന് സമ്മതിക്കാം. എന്നാൽ ടീച്ചർ ഏകപക്ഷീയമാവരുത്, തന്നേക്കാൾ കഴിവുള്ള വിദ്യാർത്ഥികൾ ഈ ക്ലാസ്സിൽതന്നെ ഉണ്ടെന്ന് ടീച്ചർ മനസ്സിലാക്കണം. അതുകൊണ്ട് ടീച്ചറല്ല ആചാര്യൻ. ഏറ്റവും ലളിതമായി പാർട്ടിയല്ല, ചരിത്രം എന്നതും. ചരിത്രത്തിന്റെ ഒരു നിർദ്ദിഷ്ടഭാഗം മാത്രമാണ് വിപ്ലവം. അതുകൊണ്ട് ടീച്ചറല്ല വിപ്ലവമെന്നും, വിപ്ലവമല്ല ചരിത്രമെന്നും അറിഞ്ഞാൽ നല്ലത്. ഒരു പ്രത്യയശാസ്ത്രമില്ലാത്ത ലോകം സൃഷ്ടിക്കുക എന്നത് ഒരു തൊഴിലാളി വർഗത്തിനു സാധ്യമല്ല. അത് മഹദ്വ്യക്തികൾക്ക്, നിലവിലുള്ള ചരിത്രപരമായി പുരോഗമന വിഭാഗങ്ങളുടെ സഹായത്താൽ മാത്രം സാധിക്കാവുന്ന ഒന്നാണ്. തൊഴിലാളി വർഗം തന്നെ തെറ്റായ അവബോധത്തിൽ നിലനിൽക്കുന്ന ഒരു വർഗമാണ്. അവർ എങ്ങനെയാണ് പുരോഗമനവർഗമാകുന്നത്? എങ്ങനെയാണ് ചരിത്രപരമായി മികവുള്ള വർഗമാവുന്നത്? സാമൂഹ്യ അസ്തിത്വമാണ് സാമൂഹ്യ ബോധത്തെ നിശ്ചയിക്കുന്നത് എന്നതാണ് മാർക്സിസ്റ്റ് ബോധം എന്നത് ഒരു വശം

ശരി, അതാണ് ഭൗതികതയുടെ അസ്ഥിവാരം. അതായത് ബോധം എന്നത് മനുഷ്യഅസ്തിത്വത്തിന്റെ ഉല്പന്നമല്ല, സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ ഉപോല്പന്നമാണ് എന്നതാണ് കൂടുതൽ ശരി.

### നേതൃത്വത്തിന്റെ വിവരമില്ലായ്മ

1919-ന് ശേഷം ലെനിൻ സോഷ്യലിസത്തിന്റെ പുരോഗമനപരത മറിച്ചിട്ടു, അതാണുണ്ടായത്.അതിനവിടെയുള്ള പ്രതിവിപ്ലവങ്ങൾ ഒരു കാരണമായിരിക്കാം, സമ്മതിച്ചു. എന്നാൽ മറ്റുലോക രാഷ്ട്രങ്ങളിലെന്തായിരുന്നു ഇതിനു കാരണം? അവർ യാന്ത്രികമായി ലെനിനേയും സ്റ്റാലിനെയും, കോപ്പി ചെയ്തു. റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ മാനിക്കാത്തവർക്കാർക്കും ഈ ഇന്റർനാഷണലിൽ രജിസ്ട്രേഷൻ നിരോധിച്ചിരുന്നു. എന്നിട്ട് തെറ്റായ ബോധം അണികളിലുണ്ടാക്കിയെടുത്തു. അണികൾ അതനുസരിച്ച് പ്രവർത്തിച്ച് 'പൊന്മുട്ടയിടുന്ന താറാവിനെ കൊന്നു'. ഇതിനെല്ലാം കാരണമോ നേതൃത്വത്തിന്റെ വിവരമില്ലായ്മ. പ്രത്യയശാസ്ത്രത്തിന്റെ രൂപങ്ങൾ എങ്ങനെയാണ് ഉണ്ടാക്കുന്നത്? അത് ഉണ്ടാകുന്നത് സമൂഹത്തിൽനിന്നും, സാമ്പത്തിക മേഖലയിൽനിന്നുമാണ്. Maientics എന്ന സങ്കേതമാണ് ലെനിൻ പാർട്ടി എന്ന സംഹിതയിലുപയോഗിച്ചത്. പാർട്ടിയെന്നത് വയറ്റാട്ടി എന്ന് ലെനിൻ സൂചിപ്പിച്ചിരുന്നു. ഈ maientics എന്ന പദം ഗ്രീക്കിൽ നിന്നും ഉണ്ടായതാണ്, അർഥം വയറ്റാട്ടി എന്നും. അത് പ്ലാറ്റോ നാലാം ശതകം മുതൽ പ്രയോഗിക്കുന്നതാണ്. പ്ലാറ്റോ, സോക്രട്ടീസിന്റെ ശിഷ്യനായിരുന്നു.

### മനുഷ്യന്റെ ലക്ഷ്യം

വിരുദ്ധ വീക്ഷണങ്ങളോട് സഹിഷ്ണുത കാണിക്കാതിരിക്കുകയും നേതാവ് തന്റെ ആത്മനിഷ്ഠ ധാരണകൾ പ്രത്യയശാസ്ത്രമായി കരുതുകയും അത് അണികളിലും സമൂഹത്തിലും അടിച്ചേല്പിക്കുകയും ചെയ്യുന്ന രീതിയായിരിക്കുന്നു, ഇന്ന് ബോൾഷെവിസം. കോൺസെപ്റ്റ് പ്രകാരം അറിവ് എന്നത് തൈര് കടഞ്ഞു വെണ്ണ എടുക്കുന്നതുപോലെയുള്ളയൊന്നാണ്. മാർക്സിസ്റ്റ് തത്ത്വ ചിന്ത എന്നത് ഇതിനെ സഹായിക്കുന്നതായിരിക്കണം. 'വർഗശത്രു' എന്നത് അകത്താണുള്ളത്. വ്യാസമുനി അതാണ് പറയുന്നത്. മനുഷ്യനിലെ പാപബോധത്തെയും അപകർഷതാബോധത്തെയും ഇല്ലായ്മചെയ്ത്, ഒരു മാതൃകാ മാനവകുലം ഉണ്ടാക്കുകയാണ് മനുഷ്യന്റെ ലക്ഷ്യം. അതിന് ഇന്നുള്ള വർഗങ്ങൾ ഇല്ലാതെയാകണം. ആ 'വർഗരഹിത സാമൂഹ്യ സങ്കല്പന'മാണ്

'പുരോഗമനവാദം' എന്നുപറയുന്നത്. അങ്ങനെ നിക്ഷിപ്തതാല്പ ര്യങ്ങളില്ലാത്ത, അതുപോലെ അധികാരികളെന്ന വർഗമില്ലാത്ത സമൂഹസൃഷ്ടിയാകണം മനുഷ്യന്റെ ലക്ഷ്യം. അദ്ധ്വാനിക്കാതെ മനുഷ്യന് ജീവിക്കാനാവില്ല. അതുകൊണ്ട് അത്തരമൊരു മനുഷ്യ സമൂഹമാണ് നാം മനസ്സിൽ കാണുന്ന ലോകം.

ഈ ലോകം പഴയ മാർക്സിസത്തിൽനിന്നും എങ്ങനെ വ്യത്യാ സപ്പെടുന്നു? 'സാമൂഹ്യസ്വത്ത്' എന്നാൽ 'സ്റ്റേറ്റ്' മുതലാളിത്തവും അതിൽ ഉൾപ്പെടും. 'സ്റ്റേറ്റ്' എന്ന ഘടനയെ 'മറികടക്കുക' മാത്രമാണ് ചെയ്യുന്നത്; സ്റ്റേറ്റ് കൊഴിഞ്ഞു പോകലല്ല. മാർക്സ് ഒരു ആദർശ സമൂഹത്തെ പറഞ്ഞിട്ടില്ല. എന്നാൽ നാം 'മെറ്റാഫിസിക്സ്' കൂടി ഉപയോഗിച്ചാണ് മാനവസമൂഹം കെട്ടിപ്പൊക്കുന്നത്. അങ്ങനെയാണ് നാം സ്റ്റേറ്റ് കൊഴിഞ്ഞു പോകുന്നത് പ്രയോഗവ ൽകരിക്കുന്നത്. ശാസ്ത്രം വെറും സൈദ്ധാന്തിക തലത്തിൽമാത്രം സത്യമായി നിലനിൽക്കുന്ന ഒന്നല്ല. പ്രായോഗികതലത്തിൽ പ്രാ വർത്തികമാക്കാൻ കഴിയാത്ത അറിവ്, പ്രായോഗികരംഗത്തു പരാജയപ്പെടുന്ന ഒന്നിനെ, നമുക്കു 'ശാസ്ത്രീയ'മെന്നു വിളിക്കാൻ കഴിയില്ല. മാർക്സിസം ചിന്തയുടെ ഒരു രീതിശാസ്ത്രം മാത്രമാണ്. നമ്മുടെ പല സുഹൃത്തുക്കളും ധരിച്ചു വെച്ചിരിക്കുന്നത്, Marxism ഒരു ശാസ്ത്രമാണെന്നാണ്. ശാസ്ത്രം ആണെങ്കിലത് വികാസം നേരിടണം. അപ്പോൾ പല പഴയ പ്രമാണങ്ങളും മാറ്റേണ്ടതുമുണ്ട്. മാർക്സി സംതന്നെ ഡോഗ്മാറ്റിസത്തിന് എതിരെ ഉണ്ടായ ചിന്തയാണ്. ഒന്നാമത്തെ കാര്യം Marx പ്രവർത്തിച്ചിരുന്നത് Social-science എന്ന ഒരു മേഖലയിലാണ്. സാമ്പത്തികശാസ്ത്രം, ചരിത്രം, ദർശനം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന മേഖലകളിൽ, Social scienceതു ഒന്നും നിയതമായ അർത്ഥത്തിൽ–natural science പോലെ പ്രവർത്തിക്കാനാവില്ല. അവയൊന്നും Physics or Mathematics or Biology പോലെ എമ്പിരിക്കലെന്ന ഗണത്തി ൽപ്പെടുത്താവുന്നവയല്ല. എന്നിരുന്നാലും SocialSciencesഉം ശാസ്ത്രവും മേൽപ്പറഞ്ഞ രീതിശാസ്ത്രങ്ങൾ പഠനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു.' മനുഷ്യൻ-സമൂഹം-പ്രകൃതി' എല്ലാമട ങ്ങുന്ന ഭൗതികലോകത്തിൽ അവയുടെ സങ്കീർണമായ പ്രതിപ്ര വർത്തനങ്ങളുടെയും പാരസ്പര്യത്തിന്റെയും, മനുഷ്യജീവിതത്തിലവ ചെലുത്തുന്ന സ്വാധീനങ്ങളുടെയും, എല്ലാം ഫലങ്ങൾ ചില രീതി ശാസ്ത്രങ്ങളുപയോഗിച്ചു പഠിച്ചെടുക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങളാണ് സാമൂഹ്യശാസ്ത്ര പഠനങ്ങൾ. ഈ പഠനത്തിന്റെ കേന്ദ്രബിന്ദു

എപ്പോഴും മനുഷ്യനാണ്. അതിലൂടെ സാമൂഹ്യ വികാസത്തിന്റെ മുന്നോട്ടുള്ള ഗതിവിഗതികൾ തിരിച്ചറിയാനുള്ളൊരു ശ്രമം, മനുഷ്യൻ നടത്തുന്നു. പക്ഷെ വിഷയം മനുഷ്യനും, സമൂഹവുമായതു കൊണ്ട് സോഷ്യൽ സയൻസ് എപ്പോഴും ഒരു അമൂർത്ത വിഷയം ആയിട്ടാണ് നിലകൊള്ളുന്നത്. മനുഷ്യനെന്ന subjective-element, socialscience നെ നിരന്തരം മാറുന്ന ഒരു ശാസ്ത്രമാക്കി മാറ്റിയിരിക്കുന്നു എന്നു ചുരുക്കിപറയാം. പലവിധ വ്യാഖ്യാനങ്ങൾക്ക് വിധേയമാണത്. മനുഷ്യന്റെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഭൗതികാവശ്യങ്ങൾ, innovations, aspirations, ambitions, കാഴ്ച്ചപ്പാടുകളൊക്കെ social science എന്ന വിഷയത്തെ, എക്കാലത്തും പുതിയ അന്വേഷണങ്ങൾക്ക് ധാരാളം സാദ്ധ്യത ബാക്കിവെയ്ക്കുന്ന ഒരു വിഷയമാക്കി നിലനിർത്തുന്നു. അതുപോലെ പഴയ രീതിശാസ്ത്രങ്ങൾ നിരന്തരം അപ്രസക്തമാകുന്ന ഒരു മേഖലയാണിത്.

Karl Marx 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, സാമൂഹ്യശാസ്ത്ര മേഖലയിൽ കനപ്പെട്ട സംഭാവനകൾ നല്കിയ ഒരു വലിയ social scientist എന്ന രീതിയിൽ ലോകം വിലയിരുത്തുന്നുണ്ട്. പക്ഷെ Marx-ൽ സാമൂഹ്യശാസ്ത്രപഠനം അവസാനിച്ചു എന്നുകരുതുന്നതും, അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ കാലാതീതമാണ്, മാറ്റമില്ലാത്ത എന്നത്തെയും ഒറ്റമൂലികളാണെന്ന ചിലരുടെ നിലപാടുകൾ തികച്ചും അശാസ്ത്രീയമാണ്. അത്തരം നിലപാടുകൾ Marx എന്ന പ്രതിഭാശാലിയായ സാമൂഹ്യശാസ്ത്രജ്ഞനോടുള്ള, അവഹേളനം കൂടിയാണ്. അദ്ദേഹത്തിന്റെതന്നെ സുപ്രസിദ്ധമായ വാക്കുകൾ ഓർക്കുക. സമൂഹത്തിൽ മാറ്റമില്ലാത്തതായി ഒന്നേയുള്ളൂ, എല്ലാം മാറികൊണ്ടിരിക്കുന്നു എന്ന നിയമം മാത്രം. അദ്ദേഹത്തിന്റെ പുസ്തകങ്ങളെ വേദപുസ്തകം (holy books) ആക്കിമാറ്റി, അതിലെ വാക്കുകളെയും പുസ്തകത്തെ തന്നെയും ആരാധിക്കുന്നവർ, യഥാർത്ഥത്തിൽ അദ്ദേഹം എന്നും ഉയർത്തിപിടിച്ച scientific-reasoning എന്ന ആശയത്തിനു പകരം മാർക്സിസത്തെ ഒരു മതമാക്കി മാറ്റുന്നവരാണ്. അദ്ദേഹം സാമൂഹ്യശാസ്ത്ര പഠനശാഖയിലേയ്ക്ക് നല്കിയ സംഭാവനകൾ അംഗീകരിക്കുമ്പോൾതന്നെ, താൻജീവിച്ച 19-ാം നൂറ്റാണ്ടിൽ നിന്ന് സമൂഹവും സാമൂഹ്യശാസ്ത്ര അറിവുകളും ബഹുദൂരം മുന്നോട്ടുപോയിക്കഴിഞ്ഞെന്നും, ഈ പുതിയ അറിവുകളുടെ കൂടി വെളിച്ചത്തിലായിരിക്കണം നാം പുതിയ ലോകത്തെ നോക്കിക്കാണേണ്ടതെന്നുമുള്ള യാഥാർത്ഥ്യബോധം ആണ് ഇന്നത്തെ മാർക്സിസ്റ്റുകൾക്ക് ഇപ്പോഴുമില്ലാത്തത്.

ഇടതുപക്ഷം

'ഇടതുപക്ഷം' എന്നു പറയുന്നവർ അല്ല,സോഷ്യലിസ്റ്റ് ശക്തികൾ എന്ന് നിങ്ങൾ മനസ്സിലാക്കണം. കാപിറ്റലിസത്തിൽ തന്നെ രണ്ടുവിഭാഗങ്ങളുണ്ട്, അതാണ് അതിലെ തന്നെ 'ഇടതുപക്ഷ'വും 'വലതു പക്ഷ'വും. ഇടതുപക്ഷമെന്നത് വെറും മായികമായ പദമാണ്. 'വർഗ സഹകരണം'എന്ന പദമാണ് മാർക്സിസത്തില തിനു ഉപയോഗിക്കുന്നതും. production/capital/ wage labour, relation of production എന്നീ പരിഷ്കരണപരമായ പദങ്ങൾ ഇവരുപയോഗിക്കുന്നു എന്ന് മാത്രം. സമൂഹത്തിലെ അടിസ്ഥാന സാമ്പത്തിക ഘടനയിലെ മാറ്റമാണ്, ഉണ്ടാകേണ്ടത്. 'wage labour ഇല്ലാതാകുക'യെന്നതാണ്, മാർക്സ് അതിനു പറഞ്ഞത്. ഇടതുപക്ഷങ്ങളെന്ന് പറയുന്നവർ എല്ലാം വെറും പ്രായോഗിക രാഷ്ട്രീയം മാത്രമാണ് കൊണ്ടുനടക്കുന്നത്. അവർക്ക് എങ്ങനെ യെങ്കിലും അധികാരം കിട്ടണം. പിന്നെ കൂട്ടിനു ബോൾഷെവിക് മതവുമുണ്ട്, മാറാത്ത നിയമമായി. അങ്ങനെ 'പൗരാവകാശ'ത്തെ പാർട്ടി ഒഴിവാക്കുന്നു. അവരിൽ ആയുധശക്തി കേന്ദ്രീകരിക്കു ന്നു. ലോകം കണ്ട ഏറ്റവും വലിയ ശ്രേണീകരിക്കപ്പെട്ടൊരു സ്റ്റേറ്റ് അവർ ഉണ്ടാക്കുന്നു. അങ്ങനെ അവർക്ക് കിട്ടിയ സ്റ്റാറ്റസ് തുടർന്നും നിലനിർത്തുന്നു. 'കാര്യ-കാരണ'ത്തിന്റെ യഥാർത്ഥ 'കാര്യം' ഒരിക്കലും സോൾവ് ചെയ്യപ്പെടുന്നില്ല. പാർട്ടി ശക്തി ഉപയോഗിച്ച് ചരിത്രമനുഷ്യനെ, 'മത മനുഷ്യ'നാക്കി ന്യൂനീക രിക്കുന്ന 'തൊഴിലാളിവർഗ സർവാധിപത്യം' വഴി, മധ്യകാല യുഗംപോലെ ചരിത്രമനുഷ്യനു തിരഞ്ഞെടുക്കാനുള്ള ബൂർഷ്വാ സ്വാതന്ത്ര്യംപോലും അച്ചടക്കം കൊണ്ട് മരവിപ്പിക്കുന്നു. അതാണ് ലെനിനിസ്റ്റു പാർട്ടികളിലും ഭരണകൂടത്തിലും നാം കാണുന്നത്.

ആശയങ്ങൾ വ്യക്തിയിൽ രണ്ടു രീതിയിലും ഉണ്ടാകാം. വാസനകളിൽനിന്നും യഥാർത്ഥ ഭൗതികത്തിൽ നിന്നും. ഭൗതി കത്തിൽനിന്നും ഉണ്ടാകുന്ന ആശയങ്ങളിൽ, ഭൗതികത്തിനാണ് പ്രഥമസ്ഥാനം എന്നാൽ ചിന്തിക്കുന്ന മനുഷ്യനെപ്പോലുള്ള ജീവികളിൽ, ഈ നിയമം മേൽപറഞ്ഞ പ്രമാണത്തെ ഖണ്ഡിക്കു ന്നു. ഈ വാസനകളും മറിഞ്ഞു തിരിഞ്ഞു ഭൗതികത്തിൽ നിന്ന് തന്നെയാണ് ഉണ്ടാകുന്നത് എന്നത് മറ്റൊരുവശം.

‘സ്ഥിരീകരണ’വും 'നിഷേധവും'

മുതലാളിത്ത വിരുദ്ധ പ്രവണതകൾ–അതാണല്ലോ സോഷ്യലിസം എന്ന പേരിൽ അറിയുന്നത്–അതും കേവലം അല്ല. സോഷ്യലിസ്റ്റ് വ്യവസ്ഥക്ക് വേണ്ട ഒരു ‘സ്ഥിരീകരണ’വും, അതോടൊപ്പം കമ്മ്യൂണിസത്തിലേക്കുള്ള അതിന്റെ ‘പ്രയാണവും’( Superseding) അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. സോഷ്യലിസത്തിന്റെതന്നെ ഈ നിഷേധ അംശത്തെ, ഭരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികൾ കണ്ടില്ല എന്നതാണ് ഒരു പ്രധാന വിഷയം. സോഷ്യലിസം എന്നത് മുതലാളിത്തത്തിന്റെ ഒരു എക്സ്ടെൻഷൻമാത്രമാണ്. ആ ചരിത്ര സത്യത്തെ നിഷേധിക്കുകയാണ് ലെനിനിസ്റ്റുപാർട്ടികൾ ഫലത്തിൽ ചെയ്തത്. അവർ ആന്തരികമായി മാർക്സിസ്റ്റുകളായിരുന്നില്ല. ഹെഗേലിന്റെ –ആശയങ്ങൾക്ക് മാറ്റം ഉണ്ടാകും–എന്നതുപോലും മനസ്സിലാക്കാത്ത ‘പ്രതിവിപ്ലവത്തിന്റെ സർവാധിപത്യ’ത്തിലായിരുന്നു ലെനിനിസ്റ്റുകൾ വിശ്വസിച്ചിരുന്നത്. ഈ ജനതയിൽ സർഗാത്മകമായി ഒന്നുമുണ്ടായിരുനില്ല, വിലങ്ങുകളല്ലാതെ. അതുകൊണ്ട് പോസ്റ്റ്ലെനിനിസ്റ്റ് രാഷ്ട്രങ്ങൾ പട്ടിണിയിലാണ് എന്നത് വേറെ കാര്യം.

# 10.Polemics

So called Marxists in the world as well as India are in darkness theoretically. They are under humiliating defeat in the world in all aspects and in back foot under pressure. We had at length discussed the bleak position of Marxism so far. During the course, I have avoided quotations of the stellar personalities of that school for your simple reading. Here I am giving some of their quotations to substantiate my positions for your witty interactions to this book and think some think tanks of Marxism will reciprocate to my frank discourse.

Marxist theorist Louis Althusser, defined philosophy as a 'class struggle in theory', thus radically separating himself from those who claimed philosophers. However, other Marxists, especially influenced by Louis Althusser, are strongly anti-humanist. Anti-humanist Marxists believed that ideas like 'humanity', 'freedom' and 'human potential' are pure ideology, or theoretical versions of the bourgeois economic order. They felt that such concepts can only condemn Marxism to theoretical self-contradictions and thought it will hurt Marxism politically.

Balibar's remark is intended to explain the significance of the final line of Karl Marx's 'Eleven Theses on Feuerbach' (1845), which can be read as an epitaph for philosophy: This

is the substance. “The philosophers have only interpreted the world, in various ways; the point is to change it”. Theodor Adorno, another leading philosopher of the Frankfurt School, who was strongly influenced by Hegel, tried to take a middle path between these extremes: Adorno contradicted Hegel’s motto ‘the true is the whole’ with his new version, ‘the whole is the false.’ But he wished to preserve critical theory as a negative, oppositional version of the utopia described by Hegel’s ‘spirit.’ Adorno believed in totality and human potential as ends to be striven for, but not as certainties.

“When we consider and reflect upon nature at large or the history of mankind or our own intellectual activity, at first we see the picture of an endless entanglement of relations and reactions, permutations and combinations, in which nothing remains what, where, and as it was, but everything moves, changes, comes into being, and passes away,” Engels. He added, “We see, therefore, at first the picture as a whole, with its individual parts still more or less kept in the background; we observe the movements, transitions, connections rather than the things that move, combine and are connected. This primitive, naive but intrinsically correct conception of the world is that of ancient Greek philosophy, and was at first clearly formulated by Heraclitus: everything is and is not, for everything is fluid, is constantly changing, constantly coming into being and passing away.” That is why, Indians termed the universe as ‘jagath.’

Dictatorship of the Proletariat-

“Between capitalist and communist society there lies the period of the revolutionary transformation of the one into the other. There corresponds to this also a political transition period in which the state can be nothing but the revolutionary dictatorship of the proletariat.”–Marx, Critique of the Gotha Programme, 1875. “Of late, the Social-Democratic philistine has once more been filled with wholesome terror


Rosa Luxemberg

at the words: Dictatorship of the Proletariat. Well and good, gentlemen, do you want to know what this dictatorship looks like? Look at the Paris Commune. That was the Dictatorship of the Proletariat." - Frederick Engels, London, on the 20th anniversary of the Paris Commune, March 18, 1891. Rosa Luxemburg, a Marxist theorist, emphasized the role of the dictatorship of the proletariat as the rule of the whole class, representing the majority, and not a single party, characterizing the dictatorship of the proletariat as a concept meant to expand democracy rather than reduce it, as opposed to minority rule in the dictatorship of the bourgeoisie, the only other class state power can reside in according to Marxist theory.

Rosa Luxemburg wrote: "This dictatorship consists in the manner of applying democracy, not in its elimination, but in energetic, resolute attacks upon the well-entrenched rights and economic relationships of bourgeois society, without which a socialist transformation cannot be accomplished. This dictatorship must be the work of the class, and not of a little leading minority in the name of the class–that is, it must proceed step by step out of the active participation of

the masses; it must be under their direct influence, subjected to the control of complete public activity; it must arise out of the growing political training of the mass of the people."– The Russian Revolution (her book). "Democracy nowadays is communism. Any other democracy can only still, exist in the heads of theoretical visionaries who are not concerned with real events, in whose view it is not the men and the circumstances that develop the principles but the principles develop of themselves. Democracy has become the proletarian principle, the principle of the mass. The mass may be more or less clear about this, the only correct meaning of democracy, but all have at least an obscure feeling that social equality of rights is implicit in democracy. The democratic masses can be safely included in any calculation of the strength of the communist forces. And if the proletarian parties of the different nations unite they will be quite right to inscribe the word 'Democracy' on their banners"– Engels, The Festival of Nations, CW VI, p. 5. To win the battle of democracy–Marx-Engels, Manifesto, p.58

### Rakrism

'Rakrism,' my way of thinking, is truism which says that only one material world exists. Our idea of 'reality' is monistic, philosophical so very true. But to reach there we want to travel through ideas and facts by stages. It is done by our brain with its potential genetic structure. The universe always existed and is not the creation of any supernatural being. It is in the process of a constant flux. Human beings are a part of nature, and it evolved from lower forms of life. It is said that its origin sprung from a lifeless planet some 3.6 billion or so years ago approximately.

With the evolution of life, development of animals attained a nervous system, eventually human beings evolved with a large brain. 'Human thought' and 'consciousness' developed through an advanced nervous system with our

genetic peculiarities. The human brain alone is able to produce 'ideas', i.e. human thinking configure them as ideas and can store them in metaphorical languages. But this language, since it is made up of metaphors, every statement bears a thesis in one part and in another part its anti-thesis. That is why we say a sentence or statement is not at all one and the same thing during the course of time.

'Rakrism' does not deny the fact that mind, consciousness, thought, will, feeling or sensation are real, but may be falsified. What is denied by the materialists is mind is not distinct from the body. Thinking is the 'meta-product' of our brain. Human beings are always related to their surroundings. In turn, the environment reacts back upon humans also. Human beings thus generalise and think in creative ways. They in turn change their material surroundings. Materialism understands that human beings not only perceive the real world, but can change it, and in doing so, can change themselves. How does it act? ...answer is by special abilities of their brain, that is nothing but with their genetic configurations. So they have 'innate ideas' too as 'a priori' as Kant said. This innate ideas and his experiences with the environment make his epistemology 'dualistic' in letters, but ultimately one universe hence our thinking is monistic–dialectic in spirit that is why, we are terming this dialectic as 'natural dialectic', not as 'dialectical materialism.' This DM is the innovation of Stalin and not of Marx.

### Is Lenin or communist partisan a Marxist?

It is assumed Marxism as a Materialist philosophy by its followers and party members in which brand they belong! Are you a materialist? If so please grasp this. If 'capital' is there in any society, capitalism will be there. To 'abolish capitalism', 'commodity production' has to be stopped. Such a system has never emerged in the world; and I am sceptical about such a Marxist system too. The phenomena

of ‘selling and buying’ could be found anywhere if there is a ‘commodity production’. There exist ‘trade, commerce and banking’, where labour is there ‘to sell’ and some (other) class to ‘purchase’ it. So there will be ‘surplus value’ and ‘exploitation of man by man.’

What we can make is a median line giving proper democracy to its ‘mass’ that is practical, by which we can make a paradigm of a good ‘society’. Any other arguments are false, rather fake or falsified and used as leverage by the ‘communist priests’ to achieve ‘power’. I would see those who go to mosque, church or temple are more concrete than these Marxists and now the epoch is of a crony one that capitalism is a ‘friendly’ phenomenon to which we oblige. The state and its mechanism are very fragile and our system totally is in ad-hocism. Don’t sell abstract theories to thwart our poor mass.

Therefore, stories about socialism in old USSR and other Leninist states are nothing but fabricated intentional political propaganda, and are false, bogus and lies, which make them myth and certainly not history. Answer it if you can?

It is the main characteristic feature of the neo-fascist culture in the world to go on spreading evil ideas, like the theory of absolutism about the nature of the state, the principle of class-collaboration and cooperation between mutually conflicting classes instead of class struggle in philosophy. This is because blind obedience, sense of mechanical discipline and prejudices of all sorts are the foundation of Marxism now. In all controversial issues–either a boastful arrogance and big-power chauvinism or the same old theory of belief is being harped on. The leaders and the rank and file of the left political parties are also displaying notable lack of philosophical ‘tolerance’ due to their ignorance. The attitude for a patient appraisal of opposite views and criticisms is almost disappearing hence.

Blind party fanaticism and dogmatism are emerging. It also appears that many of them do not even feel any prick of conscience in making continuous slanders and fabricating fanciful stories in order to vilify opponents. All these acts only remind us Goebbels and Mussolini. They are perhaps not aware of the fact, that it is these attitudes which help in spreading fascist mental make-up in every field of our life.

For Marx, dialectics is not a formula for generating predetermined outcome, but is a method for the empirical study of social processes in terms of inter-relations, development, and transformation. In his introduction to the Penguin edition of Marx's Capital, Ernest Mandel writes, "When the dialectical method is applied to the study of economic problems, economic phenomena are not viewed separately from each other, by bits and pieces, but in their inner connection as an integrated totality, structured around, and by, a basic predominant mode of production."

Marx's own writings are almost exclusively concerned with understanding human history in terms of systemic processes, based on modes of production (broadly speaking, the ways in which societies are organized to employ their technological powers to interact with their material surroundings). This is called historical materialism. More narrowly, within the framework of this general theory of history, most of Marx's writing is devoted to an analysis of the specific structure and development of the capitalist economy.

Marx wrote "to do one thing today and another tomorrow, to hunt in the morning, fish in the afternoon, and rear cattle in the evening, criticize after dinner, without ever becoming hunter, fisherman, herdsman or critic." In that way, communism is based on the total opposite of uniformity: tremendous diversity, not just among people, but even within a single person's 'occupation.'(German ideology-1845).

# ഉപസംഹാരം

'വൈരുദ്ധ്യാത്മക ഭൗതികവാദികൾ' എന്ന് അവകാശപ്പെടുന്നവരെല്ലാം ഉള്ളടക്കപരമായി 'കേവലഭൗതികവാദി'കൾ മാത്രമാണ്, അതായത് 'യാന്ത്രികഭൗതികം' ആണ് ആ പേരിൽ എടുത്തണിഞ്ഞിരിയ്ക്കുന്നത്. ഭൗതികത്തിന്റെ പ്രാഥമികത എന്നത്, ചിന്തിക്കാത്ത പദാർത്ഥത്തെ സംബന്ധിച്ച മാത്രം എന്ന തിരിച്ചറിവ് ഇല്ലാത്തവരാണ്, ഇത്തരം ആളുകൾ.

നമുക്ക് ഈ പുസ്തകം അവസാനിപ്പിക്കണ്ടേ വായനക്കാരെ!? എന്താവണം ഇതിന്റെ ക്ലൈമാക്സ്? ഇങ്ങനെ ഉപസംഹരിക്കാം, നമുക്കിതിനെ. സോഷ്യലിസം എന്നാൽ മുതലാളിത്തത്തിന്റെ തന്നെ ഒരു ഉയർന്നരൂപം മാത്രമാണ്. 'സാമൂഹ്യ ഉടമയിലൂടെ ഉല്പാദനം നടത്തുന്ന ഒരു രീതിയെ 19-ാം നൂറ്റാണ്ടിലും, അതിനു മുമ്പും മനുഷ്യൻ സങ്കൽപ്പിച്ചു, അതാണ് സോഷ്യലിസം. പൗരന്റെ എന്നല്ല കമ്മ്യൂണിസം എല്ലാ മനുഷ്യനും മുകളിലുള്ള, 'സമൂഹം'/'ഭരണകൂടം'എന്ന രണ്ട് പർവ്വതങ്ങൾ നീക്കംചെയ്ത വ്യവസ്ഥ എന്നാണ് ഇതിന്റെ അർത്ഥം. അത് കമ്മ്യൂണിസ്റ്റ് പൗരോഹിത്യമാക്കി ലെനിനിസ്റ്റുപാർട്ടി എന്നതാണ്, മാർക്സിസ്റ്റ് കമ്മ്യൂണിസം എന്ന സംഹിത നേരിട്ടവിഷയം. ഇന്ന ലെനിനിസ്റ്റുകൾ എന്ന രാഷ്ട്രീയകാരൻ, അധികാരമോഹം മാത്രമുള്ളവനായി രാഷ്ട്രീയ അധികാരത്തിന്റെ മുന്നിൽ പായവിരിച്ച സ്ഥലം പിടിച്ചിരിക്കുന്നു. അതുകൊണ്ട് അവരുടെ പിന്നിൽ അണിനിരക്കാൻ വിവരമുള്ള ജനം തയ്യാറല്ല. ഇതാണ് ലോകത്ത് സംഭവിച്ചിരിക്കുന്നത്. ഓരോ ഉൽപാദന രീതിയേയും അതതുകാലഘട്ടമാണ് നിശ്ചയിക്കുന്നത്. അസ്തിത്വമാണ് ബോധത്തെ നിശ്ചയിക്കുന്നത്. അല്ലാതെ മനുഷ്യന്റെ ശുദ്ധബോധം അല്ല. മനുഷ്യൻ ചരിത്രത്തിന്റെ സൃഷ്ടിമാത്രമാണ് എന്നാണ്, മാർക്സ് അഭിപ്രായപ്പെട്ടത്. അതുകൊണ്ട് നാം കാലഘട്ടത്തിനു വിധേയർ മാത്രമാണ്. അതാണ് മാർക്സിന്റെ ഭൗതികം. സോഷ്യലിസംവരെ ideology അധിഷ്ഠിതമാണ്, എന്നാൽ കമ്മ്യൂണിസം non-ideology പരവും.

"മുതലാളിത്ത-കോർപ്പറേറ്റുപാത വെടിഞ്ഞു സോഷ്യലിസത്തിലേക്കുള്ള ലാറ്റിനമേരിക്കൻ മടക്കം ഒന്നുശ്രദ്ധിക്കുക"എന്നുപറയുന്നു, ചിലർ. ഭരണാധികാരികൾ അഡ്രസ് ചെയ്യേണ്ട വിഭാഗമാണ് 'ദേശയുവത'. അവർക്ക് തൊഴിൽ നൽകാൻ ഭരണാധികാരികൾ

കാണുന്ന ഏക സെക്കുലർമാർഗം നിക്ഷേപകരാണ്. അതവർ ചെയ്യുന്നു. അത്രമാത്രം, തികച്ചും സ്വാഭാവികം.

'മുതലാളിത്തത്തിന്റെ പുതുരൂപമാണല്ലോ നിക്ഷേപകർ. ആ ഓമനപ്പേരിൽ വരുന്നവർക്ക് അസ്തിത്വവും, വ്യക്തിത്വവും പണയപ്പെടുത്തി കൂട്ടിക്കൊടുത്തല്ല യുവതയെ അഭിസംബോധന ചെയ്യേണ്ടത്.... സ്വദേശിപ്രസ്ഥാനത്തിനു വീറോടെ വാദിക്കുകയും, സായിപ്പ് ആസനം തുടച്ചിട്ട് വലിച്ചെറിയുന്ന ടിഷ്യൂപേപ്പർ ഒരുളുപ്പു മില്ലാതെ തുവാലയായി ഉപയോഗിക്കുന്ന വിധേയത്വം, അതാണ് ഇൻഡ്യൻഭരണകൂടം. ഇൻഡ്യ ഇന്ന് ഒരു തുറന്ന കമ്പോളമാണ്, അതിനർത്ഥം ഒരു തുറന്ന കക്കൂസ്എന്നല്ല... അങ്ങനെ ആക്കുകയാണ് ഭരണാധികാരികൾ..'എന്നു വീറുള്ള മറ്റൊരു അഭിപ്രായം എന്റെ ടൈം ലൈനിൽ കാണുകയുണ്ടായി.

ഇവയ്ക്കെല്ലാം എനിക്കുള്ള മറുപടി: ഇതെല്ലാം ഒരു ജനത ചെയ്യേണ്ട കാര്യങ്ങളാണ്, അധികാരികളല്ല ചെയ്യേണ്ടത്, ഭരണാധികാരിക ളുടേത് management ആണ്, അല്ലാതെ mismanagement അല്ല.

'കെജ്രിവാൾ ഭരണം മുന്നോട്ട് കൊണ്ടുവന്ന പല നയങ്ങളിലും സോഷ്യലിസത്തിന്റെ ആത്മാംശം ഉണ്ട്. മാനുഷികമുഖം ഇല്ലാത്തതാണ് കോർപ്പറേറ്റിസം. AAPയുടെ ഇപ്പോഴത്തെ പോരാട്ടം കോർപ്പറേറ്റുകൾക്ക് എതിരെയല്ലേ? ഒട്ടക്കം സന്ധി ചെയ്യാതിരുന്നാൽ മതി. ഇൻഡ്യയിൽ എപ്പോഴും സംഭവിക്കുന്നത് അതാണ്.'

ചർച്ചയിലുണ്ടായ ഒരു നല്ല പ്രതികരണമാണിത്. ഒരു ഭരണാധി കാരിക്കു സന്ധി അത്യാവശ്യമാണ്. യുദ്ധത്തിൽ ഒരുപടയാളിക്കു പിൻവാങ്ങേണ്ടിയും വരും. കളിക്കാരനു മൈനസ് പാസ് പോലും നല്കേണ്ടിവരും, ഞാൻ അവരോടു വാദിച്ചു.

സോഷ്യലിസം, മുതലാളിത്തമല്ലാതെ പിന്നെ എന്താണ്, എന്റെ വായനക്കാരെ? സാമൂഹ്യ ഉടമസ്ഥത ഉപരിപ്ലവമായി നടപ്പാക്കിയ തുകൊണ്ട് മാറുന്നതാണോ ഈ രോഗം? വെള്ളം എങ്ങനെ മഞ്ഞു കട്ടിയാകുന്നു? അത് പോലെ ഘനീഭവിച്ചല്ലേ സോഷ്യലിസ്റ്റ് വ്യവ സ്ഥിതികളും, അതിലെ മുതലാളിത്ത പാതക്കാരും പ്രതിവിപ്ലവ ത്തിൽ എത്തിച്ചേരുന്നത് ?

ഇനിയും നിങ്ങൾക്ക് എവിടം കൊണ്ടാണ് അറിവ് ഉണ്ടാകുന്നത്? ഗബ്രിൽ മാലാഖ വന്നു പറയണോ? 'ന്യൂട്ടോണിയൻ ശാസ്ത്രീ യത'യുടെ ഒരു കാലഘട്ടത്തിന്റെ, പ്രബലധാരയിൽനിന്നാണ്,

മാർക്സ് അദ്ദേഹത്തിന്റെ സോഷ്യലിസത്തിന്റെ ഗോപുരം പടുത്തുയർത്തിയത്. ലോകചരിത്രത്തിന്റെ ഗതി ശാസ്ത്രീയമായ തീർപ്പുകളോടെ പ്രവചിക്കാവുന്നതാണെന്ന് അദ്ദേഹവും ചിന്തിച്ചുപോയി, എന്ന് നമുക്ക് സമാശ്വസിക്കാം. നാം പലപ്പോഴും പല പ്രത്യക്ഷ പ്രമാണത്തിന്റെ വക്താക്കളാണ്. എന്നാൽ അവയെല്ലാം വസ്തുതകളുടെ നേരിയ പിൻബലമില്ലെങ്കിൽ നമ്മുടെ അനുമാനത്തിന് നിലനില്പില്ല എന്ന് സമ്മതിക്കേണ്ടി വരില്ലേ? ഭൗതികവാദികൾ എന്ന് പറയുന്ന മിക്കവരും ഇത്തരം philistines ആയിരിക്കുന്നു എന്നതാണ് ലോകവും 'മാർക്സിസ'വും നേരിടുന്ന വലിയ വിഷയം. കമ്മ്യൂണിസത്തെക്കുറിച്ച് അവരെത്തിച്ചേർന്നിരിക്കുന്ന സാമാന്യനിയമം ഇവരുടെ ബുദ്ധിവൈകൃതത്തെ തെല്ലും അലട്ടുന്നില്ല എന്നതാണ് സമകാലീന ലോകം നേരിടുന്ന ഏറ്റവും വലിയ ദുരവസ്ഥ.കളങ്കരഹിതവും പരിമിതികളില്ലാത്തതുമായ ചരിത്രഘട്ടങ്ങളില്ല എന്ന് തിരിച്ചറിയുക. മനുഷ്യചരിത്രത്തിൽ കേവലമായ ഒരു സുവർണ കാലഘട്ടം ഇല്ല.

ഇങ്ങനെയൊക്കെ ആണെങ്കിലും ലോക സമ്പത്തിന്റെ പകുതി ഒരു ശതമാനം അതിസമ്പന്നരുടെ പിടിയിലാണ് എന്ന്, ഞെട്ടിപ്പിക്കുന്ന കണക്ക് 'ഒക്സ്ഫാം' എന്ന ഒരു ആഗോള ഏജൻസി പുറത്തുവിട്ടിരിക്കുന്നത്, നിങ്ങൾ വായിച്ചിരിക്കും. ലോകജനസംഖ്യ ഏകദേശം 730 കോടി കണക്കാക്കാമെങ്കിൽ, 350 കോടി പേരുടെ സമ്പത്ത് കയ്യടക്കിയിരിക്കുന്നത് ലോകത്തിലെ കേവലം 80 അതിസമ്പന്നന്മാരാണ്. 2016-ൽ പുതിയ കണക്ക് വന്നിട്ടുണ്ട്, 62 പേരായി മാറിയിരിക്കുന്നു.

1970-കളിൽ സാമ്രാജ്യത്വ പ്രതിസന്ധി, 'സ്റ്റാഗ്ഫ്ലാഷനി'ലൂടെ ലോകത്ത് രൂക്ഷമായി അനുഭവപ്പെട്ടു തുടങ്ങി. അവിടെ നിന്നുമാണ് 'ആഗോളീകരണം' മറുമരുന്നായി 'ദേശരാഷ്ട്രങ്ങൾ' തെരഞ്ഞെടുക്കുന്നത്. ഇതിൻ ഫലമായി, താഴ്ന്നവരുമാനമുള്ള ദരിദ്രരുടെ എണ്ണം ലോകത്ത് വർദ്ധിച്ചു കൊണ്ടിരിക്കുന്നു. 'മുതലാളിത്തത്തിനെതിരായ ഒരു മുതലാളിത്ത വെല്ലുവിളി' എന്നാണു ഈ പ്രതിഭാസത്തെ നാം കാണേണ്ടത്.

ഈ ചർച്ച ഒരു വളർച്ചയുടെ ഭ്രൂണം ആണ് പേറുന്നത്. സത്യത്തിന്റെ ഒരു ജൈവ ഐക്യത്തെ ആണ് ഈ പുസ്തകം ലക്ഷ്യമാക്കുന്നത് എന്ന് നിങ്ങൾ കാണാതെ പോകരുത്. അത് കൊണ്ടാണ് "പ്രകാശം പരത്തുന്ന പുസ്തകം" എന്ന നാമധേയം. മനുഷ്യരായി ജീവിക്കാനുള്ള അടിച്ചമർത്തപ്പെട്ട ജനതയുടെ

പ്രാഥമികാവശ്യങ്ങൾക്കു നടത്തിയ സമരങ്ങൾ ആണ് യഥാർത്ഥ്യ സ്വാതന്ത്ര്യ സമരങ്ങൾ. ജാതിയുടെ പേരിൽ അടികൊണ്ട മനുഷ്യനായിരുന്നു ആശാൻ, എന്നാൽ അത് കണ്ടു നിന്നവൻ മാത്രമാണ് വള്ളത്തോൾ. ഇവരുടെ സ്വാതന്ത്ര്യം രണ്ടു രീതിയിലാണ് നാം നോക്കിക്കാണേണ്ടത്. എന്നാൽ അവ വേണ്ടവിധം ഇന്ത്യാ ചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നില്ല എന്നതാണ് പ്രധാന വിഷയം. ഈ സമരങ്ങൾ ബ്രിട്ടീഷുകാരിൽനിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം നേടാൻ നടത്തേണ്ടിവന്ന സഹനസമരങ്ങളേക്കാൾ വളരെ ഭീകരമായിരുന്നു. സ്വന്തം നാട്ടിൽ മനുഷ്യരെപ്പോലെ ജീവിക്കാൻ അവർണസമൂഹം നടത്തിയ പോരാട്ടങ്ങൾ വളരെ തീക്ഷ്ണമായിരുന്നു. അതിനു ഒരു തർക്കവും ഇല്ല.

എന്താണ് രാഷ്ട്രം എന്താണ് പൗരൻ എന്നറിയണം, അടുത്തത്. മനുഷ്യന് ജീവിക്കാൻ ഉണ്ടാക്കപ്പെട്ട ചരിത്രപരമായ ഒരു യൂനിറ്റ് മാത്രം ആണ് സ്വന്തം രാഷ്ട്രം. ജീവിക്കണമെങ്കിൽ ധനം ഉണ്ടാകണം. അതിനു ഉത്പാദനം നടത്തണം. അതിന്റെ സമാഹാരണത്തിനും, ഉപഭോഗത്തിനും വിപണനത്തിനും പരസ്പര സഹായ സഹകരണ സംവിധാനം വേണം. ഈ organisation ആണ് ഒരുവന്റെ രാഷ്ട്രം. ഇത് ഒരു dialectical ബന്ധത്തിൽ ആണ് നിലനില്ക്കുന്നത്. രാഷ്ട്രം ഇല്ലാതെ മനുഷ്യന് ജീവിക്കാനും കഴിയില്ല എന്ന് നാം മനസ്സിലാക്കിയിരുന്നു. എങ്കിലും മനുഷ്യൻ ആണ് അതിന്റെ എല്ലാം അച്ചുതണ്ട്. രാഷ്ട്രം എന്നത് ഒരു 'പൊതു സമ്മതം' (consensus) ആണ്. ഇപ്പോൾതന്നെ എന്തായിരിക്കണം ജനാധിപത്യം എന്ന് നിങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. യഥാർത്ഥ ജനാധിപത്യം എന്നത് ഒരു സംഹിതയാണ്, ആശയവാദത്തിലധിഷ്ഠിതമാണത്. കാരണം ഉല്പാദനശക്തികളും ഉലപാദനബന്ധങ്ങളും തമ്മിൽ സമൂഹത്തിൽ ഉണ്ടാകുന്ന വൈരുദ്ധ്യം അനിവാര്യതയുടെ മണ്ഡലം എന്ന് പറയുന്നു. എന്നാൽ സ്വാതന്ത്ര്യം എന്നത് അനിവാര്യതകൾക്ക് അപ്പുറം ഉള്ള മണ്ഡലമാണ്. അതുകൊണ്ട് വർഗസമരം മൂലമാണ് സോഷ്യോളജിക്കൽ പരിണാമം നടക്കുന്നത്, എന്നാൽ അതല്ല മനുഷ്യചരിത്രത്തിന്റെ സ്ഥിതി. ജനാധിപത്യത്തിന് ഒരു മുഖമേയുള്ളൂ. അതിനു ചരിത്രമില്ല, അത് മനുഷ്യന്റെ പ്രത്യയശാസ്ത്രമാണ്. അത് മനുഷ്യ സ്വതന്ത്രത്തിന്റെ പ്രത്യേകത്വം (particularity) ആണ്. അതോടൊപ്പം സ്വാതന്ത്ര്യത്തിലേയ്ക്കുള്ള മാർഗവുമാണ്. അവ പരസ്പരം സ്ഥാനമാറ്റത്തിനും വിധേയമാകുന്നു. കാരണം ജനാധിപത്യം എന്നത് മനുഷ്യൻ ഉണ്ടാക്കുന്ന ലോകത്തിന്റെ ഒരു വാതായനം ആണ്, 'മെറ്റാ ഫിസിക്സ്'. എന്നാൽ അവൻ വളരുന്നത്

സോഷോളജിക്കൽ നിയമങ്ങളിലൂടെ ആണ്. ജനാധിപത്യം എന്ന ആശയത്തിന് അതിന്റെ പ്രേത്യകത്ത്വവും (particularity), സാർവത്രികത്വവും (universality) ഉണ്ട്. അത് എല്ലായ്പ്പോഴും തുടരുന്ന പ്രക്രിയ (process) യാണ്. ഞാൻ നിങ്ങളെ അഭിസംബോധന ചെയ്യുന്ന ഈ മുഹൂർത്തത്തിലും അതുണ്ട്. സാമൂഹ്യസ്ഥിതം ആണത്.

നാം മനുഷ്യചരിത്രമാണ് രാഷ്ട്രനിർമ്മിതിയിലൂടെ ഉണ്ടാക്കുന്നത്. അതുകൊണ്ടുതന്നെ. മനുഷ്യചരിത്രം എന്നത് ഒരു ഫോർമൽ ലോജിക്കിൽ രേഖീയ (Linear) മായാണ് നിർമിതി ചെയ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ മെറ്റാഫിസിക്സ് (ഭൗതികേതരം) ആണ്, മനുഷ്യചരിത്രതിന്റെ നിയമങ്ങൾ. ലക്ഷ്യം എപ്പോഴും അപരിമിത തലത്തിലുള്ളതാണ്. മാർഗം എപ്പോഴും ഭൗതികവും ആണ്, അല്ലാതെ വേറെ മാർഗമില്ല. ജനാധിപത്യം ഒരു ബൂർഷ്വാ ഉല്പന്നം ആയാണ് മനുഷ്യനു ലഭിച്ചത് എന്നെല്ലാം നാം ചർച്ച ചെയ്തു കഴിഞ്ഞു. എന്നാൽ അതിനെ ബൂർഷ്വാ-തൊഴിലാളി ബ്യൂറോക്രസിയിൽ നിന്നും supersede ചെയുകയാണ് വേണ്ടത്. അല്ലാതെ സോഷ്യലിസ്റ്റ് ഡെമൊക്രസി എന്നതൊന്നില്ല. ഉള്ളത് ഡെമോക്രസി മാത്രം! അതുകൊണ്ട് അത് മനുഷ്യ ചരിത്രത്തിന്റെ ഭാഗമാണ്, .

ശാസ്ത്രീയസോഷ്യലിസമല്ല അവിടെ നടപ്പാക്കിയത്. ഒരു നിർവ്വഹണവും അവിടെ ഉണ്ടായില്ല. ഇത് തടയുന്നതിനാണ് ജനകീയസൈന്യം എന്ന പരികല്പന, മാർക്സ് പറഞ്ഞത്. എന്നാൽ അത്തരം ജനകീയ സൈന്യത്തെ പിരിച്ചുവിട്ടുകൊണ്ട്, റെഗുലർആർമിയാണ് ലെനിനിസ്റ്റു രാജ്യങ്ങളിൽ ഉള്ളതും, ഉണ്ടായിരുന്നതും. രണ്ടാണ് ഇവ. വസ്തുതകളിൽ നിന്നും നമ്മുടെ തലച്ചോറ് അതിന്റെ ആന്തരിക ബന്ധങ്ങൾ കണ്ടെത്തുന്നു. ആ മെറ്റാചിന്തകൾ ഉപയോഗിച്ച് ബ്രെയ്നിൽതന്നെ വാദ-പ്രതിവാദ-സമന്വയം നടത്തി ധാരണകൾ ഉണ്ടാകുന്നു. അതുകൊണ്ടാണ് അങ്ങനെ പറയുന്നത്. സംശയം തീർന്നില്ലേ?

ടാഗോറിന്റെ രണ്ടുവരി കവിത ചെറുതായി തിരുത്തി ചൊല്ലി നിർത്താം നമുക്ക്. .

"എവിടെ മനസ്സ് നിർഭയമായിരിക്കുന്നുവോ
എവിടെ ജ്ഞാനം സ്വതന്ത്രമായിരിക്കുന്നുവോ....
ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗത്തിലേക്ക് ജനം ഉണരട്ടെ! "